# സാർവത്രിക സൂനഹദോസുകൾ



ജോൺ കച്ചിറമറ്റം

www.malankaralibrary.com

# സാർവത്രിക സൂനഹദോസുകൾ

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
വിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ 04822 260434, 261102, 260071
Mob: 9447662076

www.malankaralibrary.com

(Malayalam)

# SARVATHRIKA SUNAHADOSUKAL

By
JOHN KACHIRAMATTAM

First Edition
18-10-2013

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation
DTP setting
C-CAD Graphics, Erattupetta Ph: 272852
Cover design
Joseph Francies Pala Ph:9447137342
Printed at
Penta offset, Kottayam
Price Rs. 125 /-
Distributor
Dr. Kachiramattam Foundation
Pizhak P.O.
686655

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| 1. | സാർവ്വത്രിക സൂനഹദോസുകൾ | - | ജോൺ കച്ചിറമറ്റം |
| 2. | ബാരിസ്റ്റർ ജോർജ്ജ് ജോസഫ് | - | ജോൺ കച്ചിറമറ്റം |
| 3. | സത്യത്തിന് നേരെ കണ്ണടയ്ക്കരുത് | - | ജോൺ കച്ചിറമറ്റം |
| 4. | സമുദായ സ്നേഹികളേ ഉണരൂ | - | ജോൺ കച്ചിറമറ്റം |
| 5. | എം.ഒ. ജോസഫ് നെടുങ്കുന്നം (ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 6. | കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം | - | ജോൺ കച്ചിറമറ്റം |
| 7. | കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം | - | ജോൺ കച്ചിറമറ്റം |
| 8. | കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം | - | ജോൺ കച്ചിറമറ്റം |
| 9. | ഷെവ.കുഞ്ഞിത്തൊമ്മൻ (ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 10. | തച്ചിൽ മാത്തുത്തരകൻ(ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 11. | ബി. വെല്ലിംഗ്ടൺ (ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 12. | വലിയകപ്പിത്താനും ദേവസഹായം പിള്ളയും | - | ജോൺ കച്ചിറമറ്റം |
| 13. | ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും | - | ജോൺ കച്ചിറമറ്റം |
| 14. | അണികളെ ആവശ്യമുണ്ട് | - | ജോൺ കച്ചിറമറ്റം |
| 15. | കേരളം ചുവന്നതെങ്ങനെ? | - | ജോൺ കച്ചിറമറ്റം |
| 16. | വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും | - | ജോൺ കച്ചിറമറ്റം |
| 17. | തടവറയിലെ വടക്കനച്ചൻ | - | ജോൺ കച്ചിറമറ്റം |
| 18. | കാത്തലിക് ഗ്രിവൻസസ് | - | ജോൺ കച്ചിറമറ്റം |
| 19. | ജാത്യൈക്യസംഘം | - | ജോൺ കച്ചിറമറ്റം |
| 20. | പ്രസിഡന്റിന്റെ കത്തുകൾ | - | ജോൺ കച്ചിറമറ്റം |
| 21. | തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ | - | ജോൺ കച്ചിറമറ്റം |
| 22. | നായർ ഈഴവ ഐക്യം | - | ജോൺ കച്ചിറമറ്റം |
| 23. | പാപ്പായുടെ നാട്ടിൽ (യാത്രാവിവരണം) | - | ജോൺ കച്ചിറമറ്റം |
| 24. | ഇടിമുഴക്കം കേട്ടതെപ്പോൾ | - | ജോൺ കച്ചിറമറ്റം |
| 25. | ഓശാന ഗവേഷണങ്ങളുടെ തനിനിറം | - | ജോൺ കച്ചിറമറ്റം |
| 26. | വിമോചനസമരം ഒരു ആമുഖം | - | ജോൺ കച്ചിറമറ്റം |
| 27. | യേശുക്രിസ്തുമോസ്കോവിലോ? | - | ജോൺ കച്ചിറമറ്റം |
| 28. | അൽമായരും കാലികപ്രശ്നങ്ങളും | - | ജോൺ കച്ചിറമറ്റം |
| 29. | പനമ്പള്ളി പദ്ധതി - സത്യമെന്ത്? | - | ജോൺ കച്ചിറമറ്റം |
| 30. | ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും | - | ജോൺ കച്ചിറമറ്റം |
| 31. | എം.എം. വർക്കി (ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 32. | അവിസ്മരണീയ വ്യക്തികളും സംഭവങ്ങളും | - | ജോൺ കച്ചിറമറ്റം |
| 33. | ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ | - | ജോൺ കച്ചിറമറ്റം |
| 34. | അവിസ്മരണീയ വ്യക്തികൾ രണ്ടാം ഭാഗം | - | ജോൺ കച്ചിറമറ്റം |
| 35. | ഹെന്ദോ – ഇന്ത്യയിലെ സഭ | - | ജോൺ കച്ചിറമറ്റം |
| 36. | വചനപ്രകാശം | - | ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ |
| 37. | കുരിശിന്റെ വഴി | - | ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ |
| 38. | Homilies and Reflections (Part I) | - | Rev.Dr.A.Kachiramattam |
| 39. | Homilies and Reflections (Part II) | - | Rev.Dr.A.Kachiramattam |
| 40 | Why American youth Turn to Budha | - | Rev.Dr.A.Kachiramattam |
| 41. | Evolution in the human concept of God | - | Rev.Dr.A.Kachiramattam |
| 42. | Re-discovery of India | - | Rev.Dr.A.Kachiramattam |
| 43. | Catholic Eastern Churches | - | Rev.Dr.A.Kachiramattam |
| 44. | Prepare the way of the Lord | - | Rev.Dr.A.Kachiramattam |

## കച്ചിറമറ്റത്തിന്റെ ലഘുലേഖകൾ

| | | | |
|---|---|---|---|
| 1. | ദീപിക സുഹൃത്തുക്കളെ ഉണരുക (1966) | - | 70000 കോപ്പികൾ |
| 2. | നീതിക്കുവേണ്ടിയുള്ള പോരാട്ടം (1979) | - | 2000 കോപ്പികൾ |
| 3. | വിമോചനസമരം – കനകജൂബിലി (2008) | - | 1500 കോപ്പികൾ |
| 4. | ന്യൂമാൻ കോളേജ് പ്രശ്നം – 4 ലേഖനങ്ങൾ (2010) | - | 1000 കോപ്പികൾ |
| 5. | വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും | - | 1000 കോപ്പികൾ |

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.


1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്‌ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ. എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ഉൾപ്പെടെ 20 അവാർഡുകൾ കച്ചിറമറ്റത്തിന് ലഭിക്കുകയുണ്ടായി. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ൽ കച്ചിറമറ്റത്തിന് ലഭിച്ചു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

www.malankaralibrary.com

# സമർപ്പണം



കേരള കത്തോലിക്കാസഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ് പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ സ്ഥാപനം. മൂന്നു റീത്തുകളിലായി വിഭജിച്ചുകിടന്ന കേരള കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ സഭയെ ആധുനികവൽക്കരിക്കാനും പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ നൽകിയ നേതൃത്വം അഭിമാനകരമാണ്. ബ്രസ്സൽസിലെ "ലൂമൻവീത്ത" യിൽ പാസ്റ്ററൽ കാറ്റ് കെറ്റിക്കസ്കോഴ്സിൽ പങ്കെടുത്തുകൊണ്ട് ഫാ. ജോസഫ് കണ്ണത്ത് എന്ന വൈദീകൻ തയ്യാറാക്കിയ പ്രബന്ധമാണ് പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ ഇൻ കേരള. ആ പഠനവിഷയം കേരളത്തിൽ നടപ്പാക്കാൻ ശ്രമിച്ച ഫാ. കണ്ണത്ത് പാസ്റ്ററൽ ഓറിയന്റേഷൻസെന്ററിന്റെ സ്ഥാപക ഡയറക്ടറും 1968- ലെ റീജയണൽ സെമിനാറിന്റെ മുഖ്യസംഘാടകനും ആയിരുന്നു. ആ മഹാ പ്രതിഭ 2013 ജൂലായ് 20-ാം തീയതി ശതാഭിഷിക്തനായി. ഇന്ന് വിശ്രമജീവിതം നയിക്കുന്ന അദ്ദേഹത്തിന്റെ ശതാഭിഷേകസ്മാരകമായി ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം

പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ

ഗ്രന്ഥസൂചിക

അവതാരിക: റവ. ഡോ. സ്റ്റീഫൻ ആലത്തറ

ആമുഖം

1. സൂനഹദോസുകൾ ..... 17
2. സാർവ്വത്രിക സൂനഹദോസുകൾ ചരിത്രത്തിൽ ..... 26
3. രണ്ടാംവത്തിക്കാൻ കൗൺസിൽ ..... 51
4. കേരള റീജണൽ സെമിനാർ-ശുപാർശകളും വിലയിരുത്തലുകളും ..... 62
   1. ആദ്ധ്യാത്മിക ജീവിതം ..... 65
   2. ആരാധനാക്രമവും മതബോധനവും ..... 66
   3. സുവിശേഷ പ്രചരണം ..... 67
   4. ഇതരമതങ്ങളോടുള്ള സംഭാഷണം ..... 71
   5. സംസ്കാരം ..... 75
   6. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ..... 78
   7. സാമൂഹ്യസാമ്പത്തിക പ്രവർത്തനങ്ങൾ ..... 81
   8. പൗര രാഷ്ട്രീയ ജീവിതം ..... 86
   9. വാർത്താവിനിമയോപാധികൾ ..... 95
   10. നേതൃത്വം ..... 107
   11. കുടുംബം ..... 112
   12. തൊഴിൽ ..... 115
   13. എക്യുമിനിസം ..... 119
5. ഉപസംഹാരം ..... 123

അനുബന്ധം 1 ..... 125

കേരള റീജയണൽ സെമിനാർ കമ്മറ്റികളും ഡലഗേറ്റുകളും


അനുബന്ധം 2

സെമിനാറിലെ അനുഭവങ്ങൾ ..... 140

1. ഷെവ. ജോർജ്ജ് വർഗീസ് കണ്ണന്താനം
2. ഫാ. വടക്കൻ
3. മിസ് ഷേർളി പോൾ

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.


ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 44 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. നാലെണ്ണം ഒരേ സമയത്താണ് പ്രകാശനം ചെയ്യുന്നത്. സാർവത്രിക സൂനഹദോസുകൾ എന്ന ഗ്രന്ഥം 44-ാമത്തെയാണ്. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

www.malankaralibrary.com

# അവതാരിക



റവ. ഡോ. സ്റ്റീഫൻ ആലത്തറ

രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു ചേർത്തതിന്റെ സുവർണജൂബിലി ആഘോഷത്തോടനുബന്ധിച്ചാണ് സാർവത്രിക സൂനഹദോസുകളെക്കുറിച്ചുള്ള പുസ്തകം ശ്രീ ജോൺ കച്ചിറമറ്റം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിലെ മതപരമായ ഏറ്റവും വലിയ സംഭവമായിട്ടാണ് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പാ രണ്ടാം വത്തിക്കാൻ കൗൺസിലിനെ വിശേഷിപ്പിച്ചത്. ക്രൈസ്തവ വിശ്വാസത്തിന്റെ പാവനനിക്ഷേപം സുഭദ്രമായി സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുകയെന്നതാണ് സാർവത്രിക സൂനഹദോസിന്റെ പരമപ്രധാനമായ ധർമ്മം. പരമ്പരാഗതമായി കുറവുകൂടാതെ സംരക്ഷിക്കപ്പെട്ട വിശ്വാസസത്യങ്ങൾ ക്രിസ്തീയതയുടെ പൊതുപൈതൃകമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പൊതുവിൽ അജപാലന സൂനഹദോസ് എന്നാണ് അറിയപ്പെടുന്നത്. കൗൺസിൽ ഒരു പുത്തൻ ഉണർവ് സഭയിലെങ്ങും പ്രദാനം ചെയ്തു. സഭയുടെ അജപാലനശുശ്രൂഷയ്ക്ക് ഉചിതമായ ഊന്നൽ കൊടുക്കാനും കൗൺസിൽ കാരണമായി. രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടുവച്ച നവീനങ്ങളായ ആശയങ്ങൾ എത്രമാത്രം നടപ്പിലാക്കാൻ കേരളസഭയ്ക്ക് സാധിച്ചുവെന്നതിനെക്കുറിച്ചുള്ള വിമർശനാത്മകമായ അവതരണം ശ്രീ കച്ചിറമറ്റത്തിന്റെ ഈ പുസ്തകത്തെ ഏറെ ശ്രദ്ധേയമാക്കുന്നു.

www.malankaralibrary.com

സൂനഹദോസുകളെക്കുറിച്ചുള്ള പൊതു ധാരണ നല്കുന്നതോടൊപ്പം ഇതുവരെ സഭയിൽ നടന്ന എല്ലാ സൂനഹദോസുകളെക്കുറിച്ചും ചരിത്രപരമായും വസ്തുനിഷ്ഠമായും പ്രതിപാദിച്ചിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ചും സൂനഹദോസിന്റെ പതിനാറ് പ്രമാണരേഖകളെക്കുറിച്ചും വിശദമായ വിവരണമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങൾ കേരള കത്തോലിക്കാസഭയിൽ നടപ്പിലാക്കുന്നതിന് 1968-ൽ ആലുവയിൽ നടന്ന റീജനൽ സെമിനാർ മുന്നോട്ടുവച്ച ആശയങ്ങൾ എങ്ങനെയാണ് കേരളസഭ സ്വീകരിച്ചത് എന്ന വിലയിരുത്തൽ പുസ്തകത്തിലുണ്ട്. പുസ്തകം വായിക്കുമ്പോൾ 1968-ലെ റീജിനൽ സെമിനാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾക്ക് ഇന്നും ഏറെ പ്രത്യേകതയുണ്ടെന്ന് മനസ്സിലാകും. സെമിനാറിന്റെ പല നിർദ്ദേശങ്ങളും കേരളസഭയിൽ നടപ്പിലാക്കാൻ സാധിച്ചുവെന്ന് ഗ്രന്ഥകാരൻ സമ്മതിക്കുന്നു. എങ്കിലും രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു ചേർത്തതിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ 45 വർഷങ്ങൾക്കു മുമ്പ് ആലുവ മംഗലപ്പുഴ സെമിനാരിയിൽ വച്ച് "ഇന്നത്തെ ഇന്ത്യയിലെ സഭ" എന്ന വിഷയത്തെക്കുറിച്ച് നടത്തിയ സെമിനാറിന്റെ നിർദ്ദേശങ്ങൾ വേണ്ടവിധം കേരളസഭയിൽ നടപ്പിലാക്കാൻ സാധിച്ചോ എന്ന് വിലയിരുത്തണമെന്ന് അതിശക്തമായി ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണചൈതന്യം വളരെ ഏറെ ഉൾക്കൊള്ളാൻ കേരള സഭയ്ക്ക് സാധിച്ചിട്ടുണ്ട്. കേരളസഭയിൽ ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് ശരിയായി മനസ്സിലാക്കണമെങ്കിൽ കൗൺസിലിന് മുമ്പുള്ള സഭയെ നാം മനസ്സിലാക്കണം. രണ്ടാം വത്തിക്കാൻ കൗൺസിൽ അജപാലനപരമായ ഊന്നൽ നല്കിയതുകൊണ്ട് അജപാലനപരമായ വലിയ മാറ്റങ്ങളാണ് കൗൺസിലിനെത്തുടർന്ന് സഭയിലുണ്ടായത്. കൗൺസിലിന്റെ നവീകരണം കേരളസഭയിൽ നടപ്പിലാക്കാൻ ആ കാലഘട്ടത്തിലെ ആധ്യാത്മികനേതൃത്വവും അല്മായനേതൃത്വവും ഒരുമിച്ച് പ്രവർത്തിച്ചിരുന്നുവെന്നത് ഏറെ അഭിമാനത്തിന് വക നല്കുന്ന കാര്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ച് ചില ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം 1965-ൽ കൗൺസിൽ സമാപിച്ചുവെങ്കിലും കൗൺസിലിന്റെ പ്രമാണരേഖകൾ സാവധാനത്തിലാണ് സഭ മനസ്സിലാക്കുന്നതും നടപ്പിലാക്കുന്നതും എന്നതാണ്. അതുകൊണ്ട് കൗൺസിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു ചേർത്തതിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ കൗൺസിൽ മുന്നോട്ടുവച്ച ആശയങ്ങളും റീജനൽ സെമിനാറിന്റെ നിർദ്ദേശങ്ങളും പലതും കേരളസഭയ്ക്ക്

www.malankaralibrary.com

നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിമർശനത്തിന് പ്രസക്തിയുണ്ട്. ഈ വിമർശനത്തെക്കുറിച്ച് കേരളസഭയിലെ ആധ്യാത്മികനേതൃത്വത്തിന് അവബോധം ഉള്ളതുകൊണ്ടാണ് 2012 ജൂൺ മാസത്തിൽ പി.ഒ.സി. യിൽ കൂടിയ കെസിബിസിയുടെ വർഷകാല സമ്മേളനത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ എത്രമാത്രം കേരളസഭ നടപ്പിലാക്കി എന്നതിനെക്കുറിച്ച് ശാസ്ത്രീയമായ സർവേ നടത്താനും അതിലേക്കായി മൂന്നംഗ മെത്രാൻ സമിതിയെ നിയോഗിക്കാനും തയ്യാറായത്. അതീവ പ്രാധാന്യത്തോടെയാണ് മെത്രാൻ സമിതി ഈ വിഷയത്തെ പരിഗണിച്ചു എന്നതിന് ഉത്തമ ഉദാഹരണമാണ് ബിഷപ്സ് കൗൺസിലിന്റെ ഈ തീരുമാനം.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ കേരളത്തിൽ നിന്ന് പങ്കെടുത്ത മെത്രാന്മാർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്നു. തലമുറകളുടെ വ്യത്യാസം അല്മായനേതൃത്വരംഗത്തും ആധ്യാത്മികനേതൃത്വരംഗത്തും ഉണ്ടായിരിക്കുന്നു. കൗൺസിലിന്റെ ആശയങ്ങളും റീജനൽ സെമിനാറിന്റെ നിർദ്ദേശങ്ങളും പുതിയ തലമുറയിലെ പലർക്കും എന്താണെന്നറിയില്ല. റീജനൽ സെമിനാറിന്റെ നിർദ്ദേശങ്ങൾ വിമർശനാത്മകമായും വിശദമായും അവതരിപ്പിച്ചിരിക്കുന്ന ഈ പുസ്തകം അതുകൊണ്ടുതന്നെ ഏറെ ശ്രദ്ധേയമാണ്. വർഷങ്ങൾ കഴിഞ്ഞിട്ടാണെങ്കിലും കൗൺസിലിന്റെ ആശയങ്ങൾ കേരളസഭയിൽ നടപ്പിലാക്കുന്നതിൽ ഈ പുസ്തകം സഹായകമാകുമെന്നതിൽ സംശയമില്ല.

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ ആഴത്തിലുള്ള പഠനം കേരളസഭയിൽ നടന്നാൽ മാത്രമേ റീജനൽ സെമിനാറിന്റെ നിർദ്ദേശങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ സാധിക്കൂ. കൗൺസിൽ പ്രമാണരേഖകളുടെ പഠനം കൂടുതൽ കേരളസഭയിൽ നടക്കണമെന്ന ബോധ്യത്തോടുകൂടിയാണ് കേരള മെത്രാൻ സമിതി കൗൺസിൽ പ്രമാണരേഖകളുടെ മലയാള തർജ്ജുമ കൗൺസിൽ വിളിച്ചുചേർത്തതിന്റെ സുവർണജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രമാണരേഖകളുടെ ശാസ്ത്രീയവും ആഴത്തിലുള്ളതുമായ പഠനം ഇനിയും കേരളസഭയിൽ നടക്കേണ്ടിയിരിക്കുന്നു. എന്നാൽ മാത്രമേ റീജനൽ സെമിനാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ കൃത്യതയോടെ പ്രാബല്യത്തിൽ വരുത്താൻ നമുക്ക് സാധിക്കുകയുള്ളൂ.

"സാർവത്രിക സൂനഹദോസുകൾ" ജോൺ കച്ചിറമറ്റത്തിന്റെ മുപ്പത്തിയഞ്ചാമത്തെ പുസ്തകമാണ്. സഭയോട് ചേർന്നുനിന്നുകൊണ്ട് സഭയ്ക്കുവേണ്ടി ജീവിതം അർപ്പിച്ചിട്ടുള്ള ജോൺ കച്ചിറമറ്റത്തിന്റെ എല്ലാ പുസ്തകങ്ങളും തീക്ഷ്ണമായ സഭാസ്നേഹത്തിൽ നിന്ന് ഉരുത്തിരിഞ്ഞിട്ടുള്ളവയാണ്. കേരളത്തിലെ കത്തോലിക്കാസഭയ്ക്ക് ചോരയും നീരും

www.malankaralibrary.com

നല്കി ജീവിതം തന്നെ ഹോമിച്ച മൺമറഞ്ഞ അല്മായനേതാക്കളെക്കുറിച്ച് പുസ്തകങ്ങളുടെ നീണ്ടനിര ശ്രീ ജോൺ കച്ചിറമറ്റം രചിച്ചിട്ടുണ്ട്. ശക്തമായ വിമർശനങ്ങൾ 'സാർവത്രിക സൂനഹദോസു'കളിൽ കാണാൻ സാധിക്കുമെങ്കിലും സഭാസ്നേഹത്തിന്റെ ചൈതന്യത്തിൽ വായിക്കാനും മനസ്സിലാക്കാനും സാധിച്ചാൽ ഗ്രന്ഥകാരന്റെ ലക്ഷ്യം പൂർണമായും ഉൾക്കൊള്ളാൻ സാധിക്കും. വിശ്വാസവർഷത്തിന്റെയും രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു ചേർത്തതിന്റെ ജൂബിലിയുടെയും പശ്ചാത്തലത്തിൽ ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ ശ്രമം കേരളത്തിലെ കത്തോലിക്കാസഭയ്ക്ക് ഉത്തേജനം നല്കുമെന്നതിൽ സംശയമില്ല. സഭയോടുള്ള സ്നേഹവും വിശ്വസ്തതയും വർധിപ്പിച്ച് കേരളസഭയെ ആത്മാർത്ഥമായി ശുശ്രൂഷിക്കാൻ അനേകരെ ഈ പുസ്തകം സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ
കെ.സി.ബി.സി./പി.ഒ.സി.,
ഡയറക്ടർ, പി.ഒ.സി.

കൊച്ചി-25
2013 ജൂൺ 2

www.malankaralibrary.com

# ആമുഖം

രണ്ടാം വത്തിക്കാൻ സുന്നഹദോസ് ആരംഭിച്ചിട്ട് 50 വർഷം പൂർത്തിയായി കനക ജൂബിലിയാഘോഷിക്കുകയാണിപ്പോൾ. ഈ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് സാർവത്രികസുന്നഹദോസുകളെപ്പറ്റി ഒരു പഠനം നടത്തണമെന്ന് ഒരു ആഗ്രഹം ഉണ്ടായി. 21-ാമത്തെ സാർവ്വത്രിക സുന്നഹദോസാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. ഇതിന് മുൻപുനടന്ന 20 സാർവത്രിക സുന്നഹദോസുകളെപ്പറ്റിയും അതിനു മുൻപ് നടന്ന ജറുസലേം സമ്മേളനത്തെപ്പറ്റിയും ഒരു അറിവ് ഇന്നത്തെ തലമുറക്ക് നൽകണമെന്ന ഉദ്ദേശത്തോടെയാണ് ഈ ഗ്രന്ഥരചനക്ക് ഞാൻ മുതിർന്നത് ഇതിന് എനിക്ക് സഹായകരമായി തീർന്നത് തിരുസഭാചരിത്രഗ്രന്ഥങ്ങളാണ് അതിൽ പ്രധാനപ്പെട്ടത് റവ.ഡോ സേവ്യർ കുടപ്പുഴ രചിച്ച തിരുസഭാ ചരിത്രവും ഫാ. ഹോർമിസു പെരുമാലിൽ എഡിറ്റ് ചെയ്ത് പ്രകാശനം ചെയ്ത "ക്രിസ്തുമതവും ഭാരതവും" എന്ന ഗ്രന്ഥവും എസ്.എച്ച്. ലീഗ് സാർവത്രിക സുന്നഹദോസിനെപ്പറ്റി മാത്രമായി തയ്യാറാക്കി പ്രസിദ്ധീകരിച്ച ഒരു ലക്കവും ആണ്. അവയിലെ ഏതാനും ഭാഗങ്ങൾ ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

ആദ്യത്തെ 20-സുന്നഹദോസിൽ നിന്നും വ്യത്യസ്തമാണ് രണ്ടാം വത്തിക്കാൻ സുന്നഹദോസ്. അതിനുമുമ്പുള്ള ഓരോ സുന്നഹദോസും അതതുകാലത്തുള്ള സഭ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയാണ് ചർച്ച ചെയ്തത് ആര്യനിസം, പരിശുദ്ധകന്യകയുടെ ദൈവമാതൃത്വം, നരകത്തിന്റെ നിത്യത്വം, സ്വരൂപവണക്കം തുടങ്ങിയ പ്രശ്നം ചർച്ച ചെയ്തു ഓരോ കാലത്ത് തെറ്റിനെ ശപിക്കുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സഭാചരിത്രം ശരിയായ പഠനം നടത്തുമ്പോൾ ഒരിക്കലും സംഭവിക്കരുതാത്ത പലതും നടന്നിരുന്നുവെന്നും അതിന് ഉത്തരവാദിയായവർ മെത്രാൻമാരും കർദ്ദനാളന്മാരുമാണെന്നും രാജാധികാരത്തെ പ്രീണിപ്പിക്കുവാൻ സഭാധികാരികൾ നടത്തിയ നീക്കങ്ങൾ സഭക്ക് ഒരുപാട് ക്ഷീണം പകർന്നുവെന്നും മനസ്സിലാക്കാം. അതിനെപ്പറ്റി വിശദമായ ഒരു പഠനം നടത്തിയതുകൊണ്ട് വലിയ പ്രയോജനമില്ലെന്നുള്ളത് ഒരുയാഥാർത്ഥമാണ്. എങ്കിലും കാലഘട്ടത്തിന്റെ ഒഴുക്ക് എങ്ങനെയായിരുന്നുവെന്ന് ഗ്രഹിക്കേണ്ടതാണല്ലോ.

ഒന്നാം വത്തിക്കാൻ സൂനഹദോസ് ആണ് മാർപാപ്പയുടെ അപ്രമാദിത്യം അംഗീകരിച്ചത്. അതിനുവേണ്ടി വളരെയധികം ക്ലേശിക്കേണ്ടിവന്നു

www.malankaralibrary.com

എങ്കിലും 533 പേർ അനുകൂലിച്ചു. രണ്ടു പേർ എതിർക്കുകയും ചെയ്തു. ഒന്നാം വത്തിക്കാൻ സൂനഹദോസിൽ മറിയത്തിന്റെ സ്വർഗ്ഗാരോഹണത്തെ പ്പറ്റി ചർച്ചകളൊന്നും നടന്നില്ല പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ കാലത്ത് സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിക്കുകയും ചെയ്തു.

ചക്രവർത്തിമാരുടെ ഇടപെടലുകൾ കൂടാതെ നടന്ന ആദ്യത്തെ സൂന ഹദോസാണ് ഒന്നാം വത്തിക്കാൻ കൗൺസിൽ

ഒന്നാം വത്തിക്കാൻ സൂനഹദോസ് പിരിച്ചുവിട്ട് ഏതാണ്ട് 90 വർഷ ങ്ങൾക്കുശേഷമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിക്കുന്നത്. കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ സഭാതലത്തിൽ ഏറ്റം ചർച്ച ചെയ്യപ്പെട്ട വിഷയവും രണ്ടാം വത്തിക്കാൻ സൂനഹദോസാണ്. കഴിഞ്ഞ 20 സൂനഹ ദോസുകളിൽ നിന്നും വ്യത്യസ്തമായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. സഭയ്ക്ക് ഒരു നവജീവൻ പ്രദാനം ചെയ്യുകയെന്നതായിരുന്നു ഈ കൗൺസിലിന്റെ പരമപ്രധാനമായ ലക്ഷ്യം. കൗൺസിലിന്റെ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള ശ്രമവും നടന്നു. വിവിധ ഭാഷകളിൽ പ്രമാണരേഖകൾ പ്രസിദ്ധീകരിച്ചു. വിവിധ കേന്ദ്രങ്ങളിൽ നിര വധി ചർച്ചാസമ്മേളനങ്ങൾ നടന്നു.

ഭാരതത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളുടെ വെളി ച്ചത്തിൽ സഭയെ പുനരുജ്ജീവിപ്പിക്കാൻ എന്തു നടപടികൾ സ്വീകരിക്ക ണമെന്ന കാര്യത്തെപ്പറ്റി സി.ബി.സി.ഐ. ചർച്ച ചെയ്തു. ആധുനിക ലോക ത്തിൽ സഭയെക്കുറിച്ചുള്ള എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്ത വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ ഭാരതസഭയിൽ മാറ്റത്തിനുവേണ്ടി എന്തു ചെയ്യണമെന്ന് തീരുമാനിക്കാൻ ദേശീയതലത്തിൽ ഒരു സെമിനാർ സംഘ ടിപ്പിക്കുന്നതിനും അതിന് മുൻപ് റീജയണൽ അടിസ്ഥാനത്തിലും രൂപതാ ടിസ്ഥാനത്തിലും ഇടവകതലങ്ങളിലും സമ്മേളനങ്ങൾ വിളിച്ചുകൂട്ടി അതിന്റെ റിപ്പോർട്ടും ശുപാർശകളും സി.ബി.സി.ഐ.കേന്ദ്രത്തിൽ എത്തിക്കണമെന്നു മായിരുന്നു തീരുമാനം.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇടവകതലത്തിൽ കാര്യമായ ചർച്ച കളൊന്നും നടന്നില്ല. രൂപതാതലത്തിൽ ചർച്ചകൾ നടന്നുവെന്ന് പറയാം. കേരള റീജയണൽ സെമിനാറിൽ ചർച്ച ചെയ്യപ്പെടുന്ന 13 വിഷയങ്ങളിൽ മൂന്നോ നാലോ വിഷയങ്ങളെപ്പറ്റി മാത്രം പല രൂപതകളും ചർച്ച നടത്തി റീജയണൽ സെമിനാറിന് കളമൊരുക്കി.

റീജയണൽ സെമിനാർ 13 വിഷയങ്ങളെപ്പറ്റിയാണ് ചർച്ച ചെയ്തത്. ആ പതിമൂന്ന് വിഷയങ്ങളെപ്പറ്റിയും പഠനം നടത്തി വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി റീജയണൽ സെമിനാറിന് സമർപ്പിക്കുന്നതിന് പ്രത്യേകം പ്രത്യേകം ഓരോ കമ്മറ്റിയെയും ചുമതലപ്പെടുത്തുകയുണ്ടായി. ആ കമ്മ റ്റികൾ ഓരോന്നും പല പ്രാവശ്യം സമ്മേളിച്ച് വിദഗ്ദ്ധരുമായി ചർച്ച ചെയ്ത്

www.malankaralibrary.com

റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റീജയണൽ സെമിനാറിന്റെ ചുമതല വഹിക്കുവാൻ നിയോഗിച്ചത് പി.ഒ.സി.യെ ആയിരുന്നു.

റീജയണൽ സെമിനാറിൽ ആകെ 248 പേർ പങ്കെടുത്തിരുന്നു. വിവിധ സഭാവിഭാഗങ്ങളിൽപ്പെട്ടവരെയും വിവിധ മതവിഭാഗത്തിൽപ്പെട്ടവരെയും റീജയണൽ സെമിനാറിലേക്ക് പ്രത്യേകം ക്ഷണിച്ചിരുന്നു. പി.ഒ.സി.ഡയറക്ടർ ഫാ.ജോസഫ് കണ്ണാത്ത് സെമിനാർ നൂറു ശതമാനം വിജയിപ്പിക്കുവാൻ ശ്രമിച്ചുവെന്ന് തറപ്പിച്ചു പറയുവാൻ സാധിക്കും.

സെമിനാർ 1968 ഡിസംബർ അവസാനവാരത്തിൽ മംഗലപ്പുഴ സെന്റ്ജോസഫ് സെമിനാരിയിൽ ആണ് ചേർന്നത്. ഓരോവിഷയത്തെപ്പറ്റിയും വിദഗ്ദ്ധ സമിതിതയ്യാറാക്കിയ റിപ്പോർട്ട് സെമിനാറിൽ പങ്കെടുത്ത ഒരു ഗ്രൂപ്പു ചർച്ച ചെയ്യുകയും ഏതാനും നിർദ്ദേശങ്ങൾ പ്ലീനറിസമ്മേളനത്തിൽ അവതരിപ്പിക്കുകയും ചെയ്തു. സെമിനാർ അതിന്റെ വെളിച്ചത്തിൽ എടുത്തനിർദ്ദേശങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കിയെന്നുള്ളതിനെപ്പറ്റി ഒന്നു ചിന്തിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യ ലക്ഷ്യം. റീജയണൽ സെമിനാർ ചർച്ച ചെയ്ത തീരുമാനങ്ങൾ ഈ ഗ്രന്ഥത്തിൽ ഏതാണ്ട് പൂർണ്ണമായും ചേർത്തിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ ശ്രമിക്കുമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് സെമിനാറിന്റെ സമാപനത്തിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു.

രണ്ടാംവത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ കനകജൂബിലിയോടനുബന്ധിച്ച് നിരവധി പരിപാടികൾ സഭ ആസൂത്രണം ചെയ്തിട്ടുണ്ട്. കത്തോലിക്കാ കോൺഗ്രസ്സ് പാലാ രൂപതാ സംഘം നടത്തിയ മെഗാക്വിസ് അതിൽ ഏറ്റം പ്രാധാന്യം അർഹിക്കുന്നതാണ്. അതുപോലെ മറ്റു രൂപതകളിലും വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വത്തിക്കാൻ കൗൺസിലിനെപ്പറ്റിയുള്ള പഠനങ്ങളും കാര്യമായി നടക്കുന്നു. വളരെയധികം പ്രതീക്ഷകളോടെയാണ് വത്തിക്കാൻ കൗൺസിലിനെ സഭ സ്വാഗതം ചെയ്തത്. സെമിനാറിന്റെ ചൈതന്യം സഭയുടെ വിവിധ ഘടകങ്ങളിലേക്ക് എന്തുമാത്രം കടന്നു ചെന്നുവെന്ന് ഒരു അവലോകനം നടത്തുകയാണ് ഇന്നത്തെ അടിയന്തിരമായ ആവശ്യം. പഠനം തുടരുന്നതോടൊപ്പം അനുദിന ജീവിതത്തിൽ സഭയിൽ എന്തു ചലനം സൃഷ്ടിക്കാൻ വത്തിക്കാൻ കൗൺസിലിന് സാധിച്ചുവെന്നതാണ് അടിയന്തിരമായി ചർച്ച ചെയ്യേണ്ടത്.

സെമിനാറിൽ പങ്കെടുത്തവരും സെമിനാറിനെ ആകാംഷപൂർവ്വം കാത്തിരുന്നവരും സെമിനാറിനുശേഷം ജനിച്ചവരും റീജയണൽ സെമിനാറിന്റെ തീരുമാനങ്ങൾ എത്രമാത്രം നടപ്പിലാക്കിയെന്നുള്ളതിനെപ്പറ്റി ചിന്തിക്കുന്നതിനുവേണ്ടിയാണ് ഈ ഗ്രന്ഥം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കനക ജൂബിലി വർഷത്തിൽ പ്രസിദ്ധീകരിക്കുന്നത്. എന്റെ ഈ പരിശ്രമത്തിൽ പങ്കുകൊള്ളാൻ സമുദായ സ്നേഹികൾ ഏവരേയും സ്നേഹപൂർവ്വം

www.malankaralibrary.com

ക്ഷണിച്ചു കൊള്ളുന്നു.

1968-ലെ റീജയണൽ സെമിനാറിന്റെ മുഖ്യ സംഘാടകൻ പി.ഒ.സി. ഡയറക്ടർ ഫാ. ജോസഫ് കണ്ണത്ത് ആയിരുന്നു. ഇപ്പോഴത്തെ ഡയറക്ടർ റവ. ഡോ. സ്റ്റീഫൻ ആലത്തറയാണ്. അദ്ദേഹമാണ് ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയിരിക്കുന്നത്. കഠിനാദ്ധ്വാനിയും സേവന തല്പരനും ആയ സ്റ്റീഫനച്ചൻ ഏതു വിഷയത്തെപ്പറ്റിയും ആധികാരികമായി പറയാൻ കഴിവുള്ള യുവ വൈദികനാണ്. ആനുകാലികങ്ങളിൽ നിരവധി ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്ന അദ്ദേഹം നിരവധി ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. വിശ്രമമില്ലാതെ എപ്പോഴും നറുപുഞ്ചിരിയോടെ പ്രവർത്തന നിരത നായിരിക്കുന്ന സ്റ്റീഫനച്ചൻ ഈ ഗ്രന്ഥത്തിന് അവതാരികയെഴുതുവാൻ സമയം കണ്ടെത്തിയെന്നതുതന്നെ സന്തോഷകരമാണു. സ്റ്റീഫനച്ചനു നന്ദി.

രാമപുരം, പിഴക് — ജോൺ കച്ചിറമറ്റം

18-10-2013

www.malankaralibrary.com

# 1. സൂനഹദോസുകൾ

"സഭയുടെ പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്യാനും വിശ്വാസത്തേയും സാന്മാർഗ്ഗത്തേയും സംബന്ധിച്ച കാര്യങ്ങൾ ആധികാരികമായി പഠിപ്പിക്കാനുംവേണ്ടി മാർപാപ്പായുടെ നേതൃത്വത്തിൽ ഔദ്യോഗികമായി ഒരുമിച്ചു ചേരുന്ന എല്ലാ മെത്രാന്മാരുടെയും സമ്മേളനമാണ് സൂനഹദോസ്. കാനൻ നിയമമനുസരിച്ച് സൂനഹദോസ് വിളിച്ചുകൂട്ടാനും അതിന്റെ ഡിക്രികൾ അംഗീകരിച്ച് പരസ്യപ്പെടുത്താനുമുള്ള അധികാരം മാർപ്പാപ്പായ്ക്കാണ്. കത്തോലിക്കാസഭയുടെ ചരിത്രത്തിൽ 21 പൊതുസൂനഹദോസുകൾ നടന്നിട്ടുണ്ട്. ആദ്യകാലസൂനഹദോസുകൾ (കൗൺസിലുകൾ) വിളിച്ചുകൂട്ടിയത് മാർപ്പാപ്പായല്ല ചക്രവർത്തിമാരാണ്.

മെത്രാന്മാരുടെ സംഘാതാത്മകതയും കൂട്ടായ്മയും ഏറ്റം വ്യക്തമായി പ്രകടമാകുന്നതും സഭയുടെ സാർവത്രികതയും ശ്ലൈഹികതയും വ്യക്തമാകുന്നതുമായ വേദിയാണ് സാർവത്രികസുനഹദോസുകൾ" (ദൈവശാസ്ത്ര നിഘണ്ടു പേജ് 637 ചീഫ് എഡിറ്റർ റവ. ഡോ. ജോസഫ് കല്ലറങ്ങാട്).

## സൂനഹദോസുകൾ അഞ്ചുതരം

സഭയിൽ സമ്മേളിക്കാറുള്ള സൂനഹദോസുകളെ അഞ്ചായി തിരിച്ചിരിക്കുന്നു. ഈ തരം തിരിക്കുന്നതിൽ ഭിന്നാഭിപ്രായക്കാരുണ്ടെങ്കിലും പണ്ഡിതന്മാർ സർവ്വസാധാരണമായി താഴെപറയുന്ന വിധമാണ് തരം തിരിച്ചിരിക്കുന്നത്. രൂപതാ കൗൺസിൽ, പ്രൊവിൻഷ്യൽ കൗൺസിൽ, പ്ലീനറി കൗൺസിൽ, ജനറൽ കൗൺസിൽ, എക്യുമിനിക്കൽ കൗൺസിൽ അഥവാ സാർവ്വത്രിക സൂനഹദോസ്.

## രൂപതാ കൗൺസിൽ

മെത്രാനോ വികാരി ജനറാളോ ആണ് രൂപതാ കൗൺസിൽ വിളിച്ച് കൂട്ടുന്നത്. രൂപതാ പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി വൈദികർ മെത്രാന്മാരുടെയോ വികാരി ജനറാളിന്റെയോ അദ്ധ്യക്ഷതയിലാണ് യോഗം ചേരുന്നത്. ഇപ്രകാരം ചേരുന്ന യോഗം രൂപതാ കൗൺസിൽ അഥവാ സിനഡ് എന്ന് പറയും. സിനഡിന്റെ തീരുമാനങ്ങൾ ആ രൂപതയെ മാത്രമാണ് ബാധിക്കുക.

## പ്രൊവിൻഷ്യൽ കൗൺസിൽ

ഒരു പ്രൊവിൻസിന്റെ തലവനായ മെത്രാപ്പോലീത്തായാണ് ഈ കൗൺ

www.malankaralibrary.com

സിൽ വിളിച്ചു കൂട്ടുന്നത്. മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാന്മാരും പങ്കെടുക്കുന്ന സമ്മേളനമാണ് പ്രൊവിൻഷ്യൽ കൗൺസിൽ. കൗൺസിലിന്റെ തീരുമാനങ്ങൾ പ്രൊവിൻസിന് മുഴുവൻ ബാധകമാണ്.

## പ്ലീനറി കൗൺസിൽ

ഒരു രാഷ്ട്രത്തിലെ മെത്രാന്മാരെല്ലാവരുംകൂടി മാർപാപ്പായുടെ പ്രതിനിധിയുടെ കീഴിൽ ചേരുന്ന സമ്മേളനമാണ് പ്ലീനറി കൗൺസിൽ. ഒരു പാത്രിയർക്കീസിന്റെ കീഴിലാണ് മെത്രാന്മാർ സമ്മേളിക്കുന്നതെങ്കിൽ ആ കൗൺസിൽ പാത്രിയർക്കിൽ കൗൺസിൽ എന്നറിയപ്പെടും. രാജ്യം മുഴുവനെയും സ്പർശിക്കുന്ന തീരുമാനങ്ങളാണ് ഈ കൗൺസിൽ സ്വീകരിക്കുന്നത്.

## ജനറൽ കൗൺസിൽ

ലോകത്തിലുള്ള മെത്രാന്മാരെല്ലാവരുടെയും കൂടിയുള്ള സമ്മേളനമാണ് ജനറൽ കൗൺസിൽ. ഈ ദൃശ്യകൗൺസിലുകളിൽ മാർപ്പാപ്പാ എന്ന നിലയിൽ ഒരുവിധത്തിലും ഇടപെടുന്നില്ല. ഈ തീരുമാനങ്ങൾക്ക് അപ്രമാദിത്വമോ മാർപാപ്പായുടെ ഔദ്യോഗികാംഗീകാരമോ ഉണ്ടായിരിക്കുന്നതല്ല.

## എക്യുമേനിക്കൽ കൗൺസിൽ അഥവാ സാർവത്രിക സൂനഹദോസുകൾ

(1961 സെപ്റ്റംബർ ലക്കം എസ്.എച്ച്. ലീഗ് സാർവത്രിക സൂനഹദോസിനെപ്പറ്റിയായിരുന്നു പഠനം നടത്തിയത്. എസ്.എച്ച്. ലീഗ് പ്രസിദ്ധീകരണത്തിലെ ഒരു ഭാഗം (പേജ് 16, 17) താഴെ ചേർക്കുന്നു.

"എന്താണ് എക്യുമിനിക്കൽ കൗൺസിൽ അഥവാ സാർവത്രിക സൂനഹദോസ്? ഗ്രീക്കുഭാഷയിലെ 'ഓയിക്ക് മെന' എന്ന വാക്കിൽ നിന്നാണ് "സാർവ്വഭൗമം" എന്നർത്ഥമുള്ള എക്കുമേനിക്കൽ (Oecumenical) എന്ന ആംഗലപദം ഉത്ഭവിച്ചത്. റോമിലെയും ഗ്രീസിലെയും ജനങ്ങൾക്ക് അന്നറിയപ്പെട്ടിരുന്ന ലോകം മുഴുവനെയും ഉദ്ദേശിച്ചാണ് പ്രസ്തുത ഗ്രീക്കുപദം ഉപയോഗിച്ചിരുന്നത്. കത്തോലിക്കാസഭയുടെ ആദ്യത്തെ എട്ടുസൂനഹദോസുകളെ സാർവ്വത്രികങ്ങളെന്ന് വളിക്കുന്നത് ഈ അർത്ഥത്തിലാണ്. അന്നറിയപ്പെട്ടിരുന്ന ലോകം മുഴുവന്റെയും കൂടിയുള്ള സൂനഹദോസുകളായിരുന്നു അവ.

സൂനഹദോസ് എന്ന വാക്കും ഗ്രീക്കുഭാഷയിൽ നിന്നാണ് വരുന്നത്. 'സുൻ' എന്ന ഗ്രീക്കുപദത്തിന് 'ഒന്നിച്ചു കൂടുക' എന്നർത്ഥമുണ്ട്. ഹോദോസ് എന്ന വാക്കിന് വഴി, അഥവാ, യാത്ര എന്നാണർത്ഥം. അങ്ങനെ 'സുൻഹോദോസ്' എന്ന പദം പലവഴികളിൽ നിന്നുവന്നു ഒരുമിച്ചു കൂടുക എന്നർത്ഥം നൽകി. പിന്നീട് 'സമ്മേളനം' 'യോഗം' എന്ന അർത്ഥങ്ങളിൽ ഈ വാക്ക് ഉപയോഗിക്കുവാൻ തുടങ്ങി. കാലം പുരോഗമിച്ചതോടെ 'സുൻ

www.malankaralibrary.com

ഹോദോസ്' എന്ന പദം സൂനഹദോസ് എന്ന് ഉച്ചരിക്കപ്പെട്ടു പോന്നു. സമ്മേളനം എന്ന അർത്ഥത്തിലാണ് ഇന്ന് സൂനഹദോസ് എന്ന വാക്ക് ഉപയോഗിച്ചു വരുന്നത്.

ഒരു സൂനഹദോസ് സാർവ്വത്രികമാകണമെങ്കിൽ അത് ലോകമാസകലമുള്ള കത്തോലിക്കാസഭയുടെ മുഴുവൻ പ്രാതിനിധ്യം ഉണ്ടായാൽ മാത്രം പോരാ. ലോകത്തിലുള്ള എല്ലാ മെത്രാന്മാരും പങ്കെടുത്താലും ഒരു സൂനഹദോസ് സാർവ്വത്രികമാകണമെന്നില്ല. എന്നാൽ സഭയുടെ മെത്രാന്മാരിൽ പകുതി മാത്രമേ സമ്മേളനത്തിൽ സംബന്ധിക്കുന്നുള്ളുവെങ്കിലും ഒരു സൂനഹദോസ് സാർവ്വത്രികമാകാം. പക്ഷെ എല്ലാ മെത്രാന്മാർക്കും സൂനഹദോസിൽ സന്നിഹിതരാകാൻ സാധിക്കാതെ വന്നാലും എല്ലാവരെയും സൂനഹദോസിലേക്ക് ക്ഷണിക്കുകയും എല്ലാവർക്കും സമ്മേളനത്തിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുകയും വേണം. അപ്പോൾ സൂനഹദോസിനെ താഴെകാണുംവിധം നിർവ്വചിക്കാം. "സഭയുടെ വിശ്വാസ സത്യങ്ങളും സന്മാർഗ്ഗനിയമങ്ങളും ഭരണക്രമവും ചർച്ച ചെയ്യുന്നതിനും അവയെപ്പറ്റി തീരുമാനങ്ങളെടുക്കുന്നതിനും...മാർപ്പാപ്പാ നിയമാനുസൃതം വിളിച്ചു കൂട്ടുന്ന ലോകത്തെങ്ങുമുള്ള വൈദികമേലദ്ധ്യക്ഷ്യന്മാരുടെ സമ്മേളനമാണ് സാർവത്രിക സൂനഹദോസ് (കാത്തലിക് എൻസൈക്ലോപീഡിയ)"

## സൂനഹദോസ് വിളിച്ചുകൂട്ടുന്നത് ആര്?

സൂനഹദോസ് വിളിച്ചുകൂട്ടുവാനുള്ള അധികാരം മാർപാപ്പായ്ക്ക് മാത്രമാണ്. കാനൻ നിയമം 222-ൽ റോമാമാർപ്പാപ്പാ വിളിച്ചുകൂട്ടാതെ ഒരു സൂനഹദോസ് സർവ്വത്രികമാകുകയില്ലെന്ന് പറഞ്ഞിട്ടുണ്ട്. ആദ്യത്തെ എട്ടു സൂനഹദോസുകൾ ക്രിസ്ത്യൻ ചക്രവർത്തിമാരാണ് വിളിച്ചുകൂട്ടിയത്. അങ്ങനെ ചക്രവർത്തിമാർ സൂനഹദോസ് വിളിച്ചുകൂട്ടിയത് മാർപാപ്പായുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ അനുവാദത്തോടുകൂടിയായിരുന്നു. അല്ലെങ്കിൽ പിന്നീട് മാർപാപ്പാ അവയെ അംഗീകരിക്കുകയെങ്കിലും ചെയ്തിട്ടുണ്ട്. കോൺസ്റ്റാന്റിലെ സൂനഹദോസ് വിളിച്ചുകൂട്ടിയത് ചക്രവർത്തിയായിരുന്നു. സൂനഹദോസ് ആരംഭിച്ച് കുറേക്കാലം കഴിഞ്ഞാണ് ഗ്രിഗറി പന്ത്രണ്ടാമൻ മാർപ്പാപ്പാ ഔദ്യോഗികമായി അത് വിളിച്ചുകൂട്ടിയത്. മാർപ്പാപ്പാ വിളിച്ചുകൂട്ടുന്നതുവരെ അത് സാർവ്വത്രിക സൂനഹദോസ് ആയിരുന്നില്ല. ഏഴാമത്തെ സാർവത്രിക സൂനഹദോസ് വിളിച്ചു കൂട്ടിയത് കോൺസ്റ്റന്റയിൻ ആറാമൻ ചക്രവർത്തിയും അദ്ദേഹത്തിന്റെ മാതാവ് ഐറിനും കൂടിയായിരുന്നു. അന്ന് സൂനഹദോസിൽ അദ്ധ്യക്ഷ്യം വഹിച്ചത് ഒന്നാം ഹാഡ്രിയൻ മാർപാപ്പായുടെ പ്രതിനിധിയായിരുന്നു.

രാജാക്കന്മാർക്ക് കൂടുതൽ വാർത്താവിനിമയ സൗകര്യങ്ങളുണ്ടായിരുന്നതുകൊണ്ടാണ് സൂനഹദോസ് ചക്രവർത്തിമാർ വിളിച്ചുകൂട്ടിയിരുന്നതെന്നാണ് ഇന്ന് പറയുന്നത്. അത് ശരിയാകണമെന്നില്ല. രാജാക്കന്മാരേയും

www.malankaralibrary.com

പ്രഭുക്കന്മാരെയും അവരുടെ നിലവാരത്തിൽ ഉള്ളവരെയും പ്രീണിപ്പിക്കുവാൻ ഉള്ള ശ്രമമായിരുന്നു ഈ നടപടി. അതിന്റെ അപകടം പിന്നീട് സഭ മനസ്സിലാക്കി. ആദ്യകാലങ്ങളിൽ സൂനഹദോസ് വിളിച്ചുകൂട്ടിയ നടപടിയെ മാർപ്പാപ്പാമാർ അംഗീകരിച്ചതുകൊണ്ടു മാത്രമാണ് അവയ്ക്ക നിയമസാധുത്വം ലഭിച്ചത്.

## ആർക്കൊക്കെ പങ്കെടുക്കാം?

സൂനഹദോസിൽ പങ്കെടുക്കുന്നവർ ഹയരാർക്കിയുടെ അംഗങ്ങളായിരിക്കണം മെത്രാന്മാർ. അവരെ സഹായിക്കുവാൻ ദൈവശാസ്ത്രപണ്ഡിതന്മാരുടെയും കാനൻ നിയമവിദഗ്ദ്ധരുടെയും സഹായം സ്വീകരിക്കാം.

## എന്താണ് ചർച്ച

വിശ്വാസം, സന്മാർഗ്ഗം, സഭാഭരണം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് സൂനഹദോസിൽ ചർച്ച നടത്തുകയും അവസാന തീരുമാനം എടുക്കുകയും ചെയ്യുന്നു. 325-ലെ നിക്യാസൂനഹദോസാണ് ക്രിസ്തുവിന്റെ ദൈവത്വം ഔദ്യോഗികമായും അസിന്നിഗ്ദ്ധമായും പ്രഖ്യാപിച്ചത്. ഈ സൂനഹദോസാണ് ക്രിസ്തുനാഥന്റെ പുനരുത്ഥാനം ആഘോഷിക്കേണ്ട തീയതി നിശ്ചയിച്ചതും ലൂഥറിനെയും മറ്റുനവീകരണക്കാരെയും അവരുടെ അബദ്ധസിദ്ധാന്തങ്ങളെയും ശപിച്ച് ഉറച്ചതീരുമാനം എടുത്തതും തെന്ത്രോസ് സൂനഹദോസാണ്.

## സ്വതന്ത്രമായ ചർച്ച

സൂനഹദോസിൽ പങ്കെടുക്കുന്ന പിതാക്കന്മാർക്ക് സ്വതന്ത്രമായി ചിന്തിക്കാനും ചർച്ച ചെയ്യാനും വ്യക്തിപരമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും സൗകര്യമുണ്ട്. ദീർഘമായ ചർച്ചകളും പഠനങ്ങൾക്കും ശേഷംമാത്രമേ അവസാന തീരുമാനമെടുക്കൂ.

## അവസാന തീരുമാനം - തെറ്റാവരം

സൂനഹദോസിന്റെ അവസാനതീരുമാനങ്ങൾക്കും നിശ്ചയങ്ങൾക്കും സൂനഹദോസ് മുഴുവന്റെയും അധികാരമുണ്ടായിരിക്കും എസ്.എച്ച്.ലീഗ് പ്രസദ്ധീകരണത്തിൽ (പേജ് 20, 21) ഇപ്രകാരം എഴുതിയിരിക്കുന്നു." വിശ്വാസത്തെയും സാന്മാർഗ്ഗത്തെയും സംബന്ധിക്കുന്ന തീരുമാനങ്ങൾക്ക് തെറ്റുവരുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ഒന്നാമത് സഭയ്ക്ക് തെറ്റാവരമുണ്ട്; ക്രിസ്തുനാഥന്റെയും അവിടുത്തെ പാവനാത്മാവിന്റെയും പരിരക്ഷണമുണ്ട്. തന്റെ സ്വർഗ്ഗാരോഹണത്തിന് മുൻപ് ദിവ്യരക്ഷകൻ ശിഷ്യഗണത്തോടുപറഞ്ഞു "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾപോയി സകല

www.malankaralibrary.com

ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ എന്നാൽ, ഇതാ എല്ലാ ദിവസങ്ങളിലും ലോകാവസാനം വരെയും നിങ്ങളോടുകൂടിയുണ്ട് (വി. മത്തായി XX VIII : 18-20) അപ്പസ്തോല സംഘത്തിനും അതിന്റെ തുടർച്ചയായ വൈദിക മേലദ്ധ്യക്ഷ സമൂഹത്തിനും മതാത്മകമായ കാര്യങ്ങൾ പഠിപ്പിക്കുമ്പോൾ തെറ്റുവരികയില്ലെന്ന് ഈശോ വാഗ്ദാനം ചെയ്യുകയായിരുന്നു. "സത്യാത്മാവ് വരുമ്പോൾ എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും. അദ്ദേഹം നിങ്ങളോടുകൂടെ എന്നും വസിക്കും" എന്നരുളിച്ചെയ്തപ്പോഴും ക്രിസ്തുനാഥൻ മുൻവാഗ്ദാനത്തെ സ്ഥിരീകരിക്കുകയായിരുന്നു. മാർപ്പാപ്പായ്ക്ക് വിധേയമായി രൂപതാഭരണം നടത്തുന്ന മെത്രാന്മാർക്കാണ് ഈ വരം നൽകപ്പെട്ടിരിക്കുന്നത്. സാർവ്വത്രിക സൂനഹദോസിൽ ക്രിസ്തുവിന്റെ നാമത്തിൽ എല്ലാ മെത്രാന്മാരും സമ്മേളിച്ച് ഒരു സത്യം പഠിപ്പിക്കുമ്പോൾ സഭയുടെ തെറ്റാവരം കൂടുതൽ പ്രകടമാകുന്നു.

തിരുസഭയുടെ ആദ്യകാലംമുതൽക്കുതന്നെ സഭയുടെ തെറ്റാവരത്തിൽ വിശ്വാസികൾ വിശ്വസിച്ചിരുന്നു. ആകയാലാണ് വി. അത്തനാസിയൂസ്, നിഖ്യാസൂനഹദോസ് വഴി ദൈവം എന്തു സംസാരിച്ചുവോ അത് എന്നേക്കും നിലനിൽക്കുന്നു എന്നെഴുതിയതും മഹാനായ ഗ്രിഗറി മാർപാപ്പാ ആദ്യത്തെ നാലു സൂനഹദോസുകളെ നാലുസുവിശേഷങ്ങളോട് തുലനം ചെയ്തതും.

രണ്ടാമത് മാർപ്പാപ്പാ പ്രമാദരഹിതനാണ്. ക്രിസ്തുനാഥൻ ശെമയോനോട് പറഞ്ഞു "നീ പാറയാകുന്നു ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും. നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല (വി. മത്തായി XVI : 18) പത്രോസിനോട് ദിവ്യരക്ഷകൻ വേറൊരവസരത്തിൽ വീണ്ടും അരുളിച്ചെയ്തു., "പത്രോസെ, ഗോതമ്പുപോലെ നിന്നെ കൊഴിക്കുന്നതിനായി നിന്നെ ലഭിക്കുവാൻ പിശാച് ആഗ്രഹിച്ചു. എന്നാൽ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചു നീയോ എന്നാൽ, ഒരിക്കൽ നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" (വി. ലൂക്കാ XXII : 31-32) സഭയുടെ അടിസ്ഥാനവും തലവനുമാകുവാനിരുന്ന വി. പത്രോസിനുവേണ്ടി മാത്രമുള്ള ഒരു പ്രാർത്ഥനയായിരുന്നു അത്. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും പറ്റിയ കാര്യങ്ങളിൽ തന്റെ സഹോദരന്മാരെ ഉറപ്പിക്കുവാനുള്ള ജോലിയും അധികാരവും പത്രോസിന് ലഭിച്ചു. അതേ അധികാരവും ജോലിയും പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായ്ക്കുണ്ട്. ക്രിസ്തുനാഥൻ തന്റെ ആടുകളെ മേയ്ക്കുവാനുള്ള അധികാരവും ടൈബേറിയസ് കടൽത്തീരത്തുവച്ച് വി. പത്രോസിനാണ് നൽകിയത് (യോഗ XXI, 15-17)

ഈ അധികാരം പത്രോസിന്റെ പിൻഗാമികളായ മാർപാപ്പാമാർക്കുമുണ്ട്. താൻ പഠിപ്പിച്ചിട്ടുള്ളവയെ എല്ലാ ജനങ്ങളെയും പഠിപ്പിക്കു

www.malankaralibrary.com

വാനും സഹോദരന്മാരെ ഉറപ്പിക്കുവാനും സഭയിലെ വിശ്വാസികളായ എല്ലാ ആടുകളെയും മേയ്ക്കുവാനുള്ള അധികാരവും ജോലിയും വി. പത്രോസിനും പിൻഗാമികൾക്കും ഈശോനാഥൻ നൽകിയതുകൊണ്ട് അവർക്ക് അപ്രമാദിത്വവരം കൂടി നല്കിയെന്നത് തീർച്ചയായും യുക്തിക്ക് യോജിച്ചവയാണ്.

സഭയെ കേൾക്കാത്തവന്റെ ആത്മരക്ഷ അപകടത്തിലാണെന്ന് അവിടുന്ന് പഠിപ്പിച്ചു "വിശ്വസിച്ചു സ്നാനപ്പെടുന്നവൻ രക്ഷപ്രാപിക്കും. "സഭയെ കേൾക്കാത്തവൻ അജ്ഞാനിയെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കും"ഈ ലക്ഷ്യത്തോടെയാണ് സുനഹദോസ് വിളിച്ചുകൂട്ടുന്നത്.

## സൂനഹദോസ് എപ്പോൾ, ആർക്കൊക്കെ പങ്കെടുക്കാം

സഭ നിർണ്ണായക ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോഴാണ് സാർവത്രിക സൂനഹദോസുകൾ വിളിച്ചുചേർക്കാറുള്ളത്. വിശ്വാസഭിന്നതയോ മതശീൽമയോ മറ്റുവിപൽസന്ധികളോ ഉണ്ടാകുമ്പോൾ സൂനഹദോസുകൾ മാർപ്പാപ്പാ വിളിച്ചുകൂട്ടുകയാണ് പതിവ്. ഇക്കാലത്തിനിടയിൽ ഇരുപത്തിയൊന്നു സൂനഹദോസുകൾ മാത്രമേ കൂടിയിട്ടുള്ളു. ഇരുപതാമത്തെ സാർവത്രിക സൂനഹദോസ് ഒന്നാംവത്തിക്കാൻ കൗൺസിൽ എന്നാണ് അറിയപ്പെടുക. 1870 ഒക്ടോബറിലാണ് ഒന്നാം വത്തിക്കാൻ സൂനഹദോസ് വിളിച്ചു ചേർത്തത്. അന്ന് ഉണ്ടായ രാഷ്ട്രീയ സ്ഥിതിഗതികളുടെ പ്രതിബന്ധം നിമിത്തം ഒന്നാംവത്തിക്കാൻ കൗൺസിൽ പൊടുന്നനവേ നിറുത്തി വയ്ക്കേണ്ടി വന്നു. അതു കഴിഞ്ഞ് ഏതാണ്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞാണ് രണ്ടാംവത്തിക്കാൻ സൂനഹദോസ് യോഹന്നാൻ മാർപ്പാപ്പാ വിളിച്ചു കൂട്ടിയത്.

## ആർക്കൊക്കെ പങ്കെടുക്കാം

കഴിഞ്ഞ 21 സൂനഹദോസുകളും സഭയുടെ ചരിത്രം തന്നെയാണ്. ഈ സൂനഹദോസിൽ ആർക്കൊക്കെ പങ്കെടുക്കാം. ലത്തീൻ കാനൻ നിയമം 223-ലും പൗരസ്ത്യകാനൻ നിയമം 168-ലും സൂനഹദോസിൽ പങ്കെടുക്കാവുന്നവർ ആരെല്ലാമെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. (1) കർദ്ദനാളന്മാർ, (2) പാത്രിയർക്കീസുമാർ (3) ആബട്ടുമാർ (4) ആബട്ടുപ്രൈമറ്റുമാർ, സന്യാസസഭകളുടെ പൊതുയോഗ ശ്രേഷ്ഠന്മാർ, വൈദിക സന്യാസ സഭകളുടെ ഉന്നതാധികാരികൾ എന്നിവരെ സൂനഹദോസിലേക്ക് ക്ഷണിക്കണം (മറ്റു സന്യാസസഭകളുടെ ജനറാളന്മാരെ പ്രത്യേകം ക്ഷണിച്ചാൽ അവർക്ക് സൂനഹദോസിൽ പങ്കെടുക്കാം) രൂപതാഭരണമില്ലാത്ത മെത്രാന്മാരെയും സൂനഹദോസിലേക്ക് ക്ഷണിക്കാം. അങ്ങനെ ക്ഷണിച്ചാൽ അവർക്കും നിർണ്ണായക വോട്ടവകാശമുണ്ട് (5) ദൈവശാസ്ത്രജ്ഞന്മാർ, കാനൻ നിയമ പണ്ഡിതന്മാർ എന്നിവരെ സൂനഹദോസിലേക്ക് മാർപ്പാപ്പായ്ക്ക് ക്ഷണിക്കാം. എന്നാൽ അവർക്ക് നിർണ്ണായക വോട്ടവകാശമില്ല. ഉപദേശക വോട്ട്

www.malankaralibrary.com

മാത്രം അവർക്ക് ചെയ്യാവുന്നതാണ്. നിർണ്ണായക വോട്ടവകാശമുള്ളവരെ -സൂനഹദോസിലെ പിതാക്കന്മാരെ സഹായിക്കുക മാത്രമാണ് അവരുടെ ജോലി.

നിർണ്ണായക വോട്ടവകാശമുള്ള ഒരംഗത്തിന് തക്ക കാരണമുണ്ടെങ്കിൽ സൂനഹദോസിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ലെങ്കിൽ പകരം ഒരു പ്രതി നിധിയെ അയക്കാം. ആ പ്രതിനിധിക്ക് പൊതു സമ്മേളനത്തിൽ പങ്കെടുക്കാം. വോട്ടവകാശം ഉണ്ടായിരിക്കുകയില്ല.

സാർവ്വത്രിക സൂനഹദോസുകൾ മാർപ്പാപ്പാതന്നെ വിളിച്ചുകൂട്ടണമെന്ന് കാനൻ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അത് മാർപ്പാപ്പായുടെ അവകാ ശങ്ങളിലും ചുമതലകളിലും പെട്ടതാണ്. സൂനഹദോസിൽ അദ്ധ്യക്ഷ്യം വഹിക്കേണ്ടത് മാർപാപ്പായാണ്. വേണ്ടിവന്നാൽ ഒരു പ്രതിനിധിയെ മാർ പ്പാപ്പായ്ക്ക് അതിനായി നിയോഗിക്കാം. ഒന്നാംവത്തിക്കാൻ കൗൺസിലിൽ ആദ്ധ്യക്ഷം വഹിച്ചത് ഒമ്പതാം പീയൂസ് മാർപാപ്പായാണ്. എന്നാൽ 869-ൽ നടന്ന കോൺസ്റ്റാന്റിനേപ്പാളിലെ നാലാം സൂനഹദോസിൽ അദ്ധ്യക്ഷ്യം വഹിച്ചത് ഹാഡ്രിയൻ മാർപാപ്പായുടെ പ്രതിനിധികളാണ്. പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ നടന്ന 12 സൂനഹദോസുകളിൽ മാർപാപ്പായാണ് അദ്ധക്ഷ്യം വഹിച്ചത്.

സൂനഹദോസ് ചർച്ച ചെയ്യേണ്ട കാര്യങ്ങൾ ഏവയെന്ന് നിശ്ചയിക്കേ ണ്ടതും അവയുടെ ക്രമം നിശ്ചയിക്കേണ്ടതും മാർപ്പാപ്പായാണ്. സൂനഹ ദോസ് ഒരു സ്ഥലത്തുനിന്ന് വേറൊരു സ്ഥലത്തേക്ക് മാറ്റുവാനും തൽക്കാല ത്തേക്ക് നിറുത്തിവയ്ക്കാനുമുള്ള അധികാരവും മാർപ്പാപ്പായിൽ നിഷിപ്ത മായിരിക്കുന്നു. ഒന്നാം വത്തിക്കാൻ കൗൺസിലും തെന്ത്രോസ് സൂനഹ ദോസും രണ്ടുപ്രാവശ്യം നിർത്തി വയ്ക്കേണ്ടി വന്നു. പതിനേഴാം സാർവ ത്രിക സൂനഹദോസ് വിളിച്ചു കൂട്ടപ്പെട്ടത് ബാലിലായിരുന്നു. 17 വർഷക്കാലം ദീർഘിച്ച ഈ സൂനഹദോസ് ബാലിലായിരുന്നുവെങ്കിലും പിന്നീട് ഫെറാറ യിലും അനന്തരം ഫ്ളോറൻസിലേക്കും റോമിലേക്കും സമ്മേളനം മാറ്റുക യുണ്ടായി.

സൂനഹദോസിൽ പങ്കെടുക്കുന്ന ഏതെങ്കിലും ഒരു പിതാവിന് പിരിഞ്ഞു പോകണമെങ്കിൽ മാർപാപ്പായുടെ അനുവാദം വേണം. സൂനഹദോസ് നിയമാനുസരണം അവസാനിച്ചെങ്കിൽ മാത്രമേ പിതാക്കന്മാർ പിരിയാവു എന്നാണ് കാനൻ നിയമം 225 അനുശാസിക്കുന്നു. സൂനഹദോസ് തീരു മാനങ്ങൾ മാർപാപ്പാ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയാൽ മാത്രമേ അത് പ്രാബല്യത്തിലാകുകയുള്ളു. മാർപ്പാപ്പായുടെ അംഗീകാരം ലഭിക്കുമ്പോൾ മാത്രമാണ് സൂനഹദോസിന് അപ്രമാദിത്വം ലഭിക്കുന്നത്. സൂനഹദോസ് ആരംഭിച്ചതിനുശേഷം ഒരു പാപ്പാ ദിവംഗതനായാൽ അതിനാൽതന്നെ സൂനഹദോസ് നിർത്തിവയ്ക്കപ്പെടും. പിന്നീട് മാർപ്പാപ്പായെ തിരഞ്ഞെടുത്ത

www.malankaralibrary.com

തിനുശേഷം പുതിയ പാപ്പായാണ് നിർത്തിവയ്ക്കപ്പെട്ട സൂനഹദോസിന്റെ ഭാവി നിശ്ചയിക്കേണ്ടത്. മാർപാപ്പായുടെ തീരുമാനങ്ങൾക്കെതിരായി യാതൊരു കാരണവശാലും അപ്പീൽ കൊടുക്കുവാൻ പാടില്ലെന്ന് മാർട്ടിൻ നാലാമൻ മാർപ്പാപ്പായും 15-ാം നൂറ്റാണ്ടിൽ എവിജീനിയസ് മാർപ്പാപ്പായും 1870-ൽ വത്തിക്കാൻ സൂനഹദോസും അസിന്നിദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്.

## സാർവത്രിക സൂനഹദോസുകൾ എന്തിന്?

എസ്സ്. എച്ച്. ലീഗ് പ്രസിദ്ധീകരണത്തിലെ (പേജ് 27-28-29) ഒരു ഭാഗം താഴെ ചേർക്കുന്നു.

"മാർപ്പാപ്പായ്ക്ക് തെറ്റാവരമുണ്ടെങ്കിൽ എന്തിനാണ് സാർവ്വത്രിക സൂനഹദോസുകൾ? മാർപ്പാപ്പാമാത്രം പോരെ? സാർവത്രിക സൂനഹദോസുകൾ അധികപ്പറ്റല്ലേ? മാർപ്പാപ്പായാണ് സഭാതലവനെങ്കിലും, മറ്റുള്ളവരെ കൂടാതെ അദ്ദേഹത്തിന് തെറ്റാവരത്തോടുകൂടി തീരുമാനങ്ങൾ ചെയ്യാമെങ്കിലും, സഭാഭരണത്തിൽ നിന്ന് മെത്രാന്മാരെ ഒഴിച്ചു നിർത്തുക സാദ്ധ്യമല്ല. കാരണം മെത്രാൻ സ്ഥാനം ദൈവസ്ഥാപിതമാണ്. ദൈവം സ്ഥാപിച്ചത് ഇല്ലാതാക്കുവാൻ ദൈവത്തിനല്ലാതെ മറ്റാർക്കും അധികാരമില്ല. മാർപ്പാപ്പായും മെത്രാന്മാരും കൂടിയാണ് സഭാഭരണം നടത്തുന്നത്. മാർപ്പാപ്പായ്ക്ക് മെത്രാന്മാരെയോ മെത്രാന്മാർക്ക് മാർപ്പാപ്പായെയോ വിട്ടു നിൽക്കുക സാദ്ധ്യമല്ല.

സഭയുടെ പുതിയ പുതിയ പ്രശ്നങ്ങളും വിശ്വാസികൾ അനുഭവിക്കുന്ന നൂതന വൈഷമ്യങ്ങളും മെത്രാന്മാർക്ക് മാത്രമേ നേരിട്ടറിയാവൂ. സഭയുടെ ആഗോളവ്യാപകമായ പ്രശ്നങ്ങൾ ചർച്ചചെയ്ത് ശരിയായ നിഗമനങ്ങളിലെത്തിച്ചേരുവാൻ സാർവത്രിക സൂനഹദോസുകൾ വളരെ സഹായകമാണ്. തന്നെയുമല്ല, വെളിപ്പെടുത്തപ്പെട്ട എല്ലാ സത്യങ്ങളും മാർപ്പാപ്പാ നേരിട്ടറിയണമെന്നില്ല. അപ്രമാദിത്വവരം അങ്ങനെയുള്ള ഒരറിവ്-പൂർണ്ണമായ അറിവ്-പ്രദാനം ചെയ്യുന്നില്ല. ആകയാൽ, മറ്റേതൊരാളും ചെയ്യുന്നതുപോലെ മാർപ്പാപ്പായും വിശ്വാസ സത്യങ്ങളെപ്പറ്റി അവഗാഢം പഠിക്കണം. എവിടെ നിന്നെല്ലാം അറിവ് ലഭിക്കുമോ അവിടെനിന്നെല്ലാം അത് അന്വേഷിച്ചു കണ്ടുപിടിക്കണം.

സഭാസംബന്ധമായ കാര്യങ്ങളിൽ പ്രാഗത്ഭ്യം സമ്പാദിച്ചവരാണ് മെത്രാന്മാർ. സൂനഹദോസിലെ വാദപ്രതിവാദങ്ങളും ചർച്ചകളും സത്യം വ്യക്തമാക്കുന്നതിന് സഹായിക്കുന്നു. മനശാസ്ത്രപരമായി നോക്കിയാലും സാർവത്രിക സൂനഹദോസുകൾ വളരെ നല്ലതാണ്. ഒരാൾ തനിച്ചു ചെയ്യുന്ന തീരുമാനത്തേക്കാൾ കൂടുതൽ ആകർഷകം പലർ ചേർന്നുണ്ടാക്കുന്ന തീരുമാനങ്ങളാണ്. കൂടുതൽ ഉറപ്പും അവയിലാണ് ഒരുവൻ കാണുക. അങ്ങനെ സാധാരണക്കാരന്റെ വിശ്വാസസ്ഥിരതയ്ക്ക് വളരെ സഹായകമാണ് സൂനഹദോസുകൾ.

www.malankaralibrary.com

സഭ നിത്യസത്യങ്ങൾ പഠിപ്പിച്ചാൽ മാത്രം പോര, മറ്റുള്ളവർ അവയെ സ്വീകരിക്കുക കൂടിവേണം. അതിനുപകരിക്കും സൂനഹദോസുകൾ. സഭ ഒരു രാജ്യത്തിന്റെയോ ഒരു വർഗ്ഗത്തിന്റെയോ ഒരു വർണ്ണത്തിന്റെയോ കുത്തകയല്ലെന്ന് പരോക്ഷമായി പ്രഖ്യാപിച്ചുകൊണ്ട്, കത്തോലിക്കാസഭ വൈദേശികമാണെന്നാക്ഷേപിക്കുന്നവരുടെ വാദത്തെ പ്രസ്ഷടമായി ഖണ്ഡിക്കുകയാണ് സൂനഹദോസുകൾ. അവിശ്വാസികളെ സഭയിലേക്ക് ആകർഷിക്കുവാനും സൂനഹദോസുകൾ ഉപകാരപ്രദമാണ്. സഭ എന്താണ് എന്ന് അറിയുന്നതിനുള്ള ആഗ്രഹം മനുഷ്യമനസ്സിലുണ്ടാക്കുവാൻ കൗൺസിലുകൾ പോലെയുള്ള അസാധാരണസംഭവങ്ങൾക്ക് കൂടുതൽ എളുപ്പം കഴിയുന്നു. കത്തോലിക്കാസഭയുടെ ഏകത്വവും സാർവത്രികത്വവും കൂടുതൽ പ്രകടമാക്കുകയും ചെയ്യുന്നു സൂനഹദോസുകൾ.

സൂനഹദോസുകൾ വളരെ നല്ലതും ഉപകാരപ്രദവുമാണെങ്കിലും അവ കത്തോലിക്കാ സഭയ്ക്ക് അത്യന്താപേക്ഷിതമല്ല. സാർവത്രിക സൂനഹദോസുകൾ വിളിച്ചുകൂട്ടുവാൻ ഒരു മാർപാപ്പായും നിർബന്ധിക്കപ്പെടുന്നില്ല. ഇരുപത് വർഷത്തിൽ ഒരിക്കൽ പ്രൊവിൻഷ്യൽ കൗൺസിൽ നടത്തണമെന്ന് ലത്തീൻ കാനൻ നിയമം 283 അനുശാസിക്കുന്നു. എന്നാൽ സാർവത്രിക സൂനഹദോസുകൾ വിളിച്ചുകൂട്ടണമെന്ന ഒരു നിയമവും ഇന്നില്ല. ഒരു സാർവത്രിക സൂനഹദോസും സംഘടിപ്പിക്കപ്പെട്ടില്ലായിരുന്നെങ്കിലും സഭയുടെ അസ്തിത്വം ഇല്ലാതാകുമായിരുന്നില്ല. എന്നാൽ സൂനഹദോസ് വഴിയല്ലാതെ സാധിക്കാൻ പാടില്ലാത്ത പല കാര്യങ്ങളുമുണ്ടാകാം. അല്ലെങ്കിൽ, വളരെ പ്രയാസത്തോടുകൂടി മാത്രം സാധിക്കാവുന്ന പല കാര്യങ്ങളുണ്ട്. ഉദാഹരണമായി മെത്രാന്മാർ തമ്മിലുള്ള അടുത്ത സമ്പർക്കം, ആശയവിനിമയം, മറ്റുള്ളവരുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനുള്ള സാദ്ധ്യത, സഭയുടെ ആഗോളവ്യാപകമായ പ്രശ്നങ്ങളോട് ഉള്ള സമീപനം മുതലായവ. സാർവ്വത്രിക സൂനഹദോസുകൾ സഭയുടെ അസ്തിത്വത്തിന് അത്യാവശ്യമല്ലെങ്കിലും അതൊരു അനാവശ്യമായി ചിത്രീകരിക്കുന്നത് തെറ്റാണ്.

സാന്മാർഗ്ഗിക നിലവാരം താഴുകയും ആദ്ധ്യാത്മികമായ നവോത്ഥാനം ആവശ്യകമാവുകയും ചെയ്യുമ്പോൾ സൂനഹദോസുകൾ വളരെ ഉപകാരപ്രദമാണ്. കഴിഞ്ഞ സാർവത്രിക സൂനഹദോസ് നടന്നതിനുശേഷം ജീവിതരീതികളിൽ വളരെയധികം വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ ധാരാളം പുത്തൻ പ്രശ്നങ്ങൾ-താത്വികമായും സാന്മാർഗ്ഗികമായും സഭാ ഭരണപരമായും മാറ്റം സൃഷ്ടിച്ചിട്ടുണ്ട്."

ഓരോ കാലത്തെയും പരിതസ്ഥിതികളിൽ ഇന്നത്തെ പ്രശ്നങ്ങൾ പരിഹൃതങ്ങളാകുവാൻ സാർവത്രിക സൂനഹദോസുകൾ സഹായകരമാകുമെന്ന് നമ്മെ പഠിപ്പിക്കുന്നു.

www.malankaralibrary.com

# 2. സാർവത്രിക സൂനഹദോസുകൾ ചരിത്രത്തിൽ

സഭാചരിത്രത്തിൽ ഇതുവരെ 21 സാർവത്രിക സൂനഹദോസുകളാണ് ചേർന്നിട്ടുള്ളത്-ഏതാണ്ട് ഒരു നൂറ്റാണ്ടിന് ഒരു സൂനഹദോസ് വീതം. ഇതിൽ കിഴക്കുകൂടിയ നിഖ്യാസൂനഹദോസ് മുതൽ കോൺസ്റ്റാന്റിനോപ്പിളിലെ നാലാംസൂനഹദോസ് വരെയുള്ള എട്ടെണ്ണം വിശ്വാസസത്യങ്ങളെ വ്യക്തമാക്കുന്നതായിരുന്നു. മദ്ധ്യയുഗങ്ങളിൽ പടിഞ്ഞാറുകൂടിയ ഏഴുസൂനഹദോസുകൾ രാഷ്ട്രീയാധികാരത്തിൽ നിന്നും മോചനം നേടി സഭയുടെ ആദ്ധ്യാത്മിക സ്വാതന്ത്ര്യം ഉറപ്പിക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു. ഫ്ളോറൻസിലും ലാടെറനിലും തെന്ത്രോസിലും ചേർന്ന സൂനഹദോസുകൾ സഭാപരിഷ്കരണം ലക്ഷ്യം വച്ചുള്ളതുമായിരുന്നു. 1869-ൽ വത്തിക്കാനിൽ സമ്മേളിച്ച സൂനഹദോസ് മാർപാപ്പായുടെ അപ്രമാദിത്വം ആദ്യവസാനം ചെയ്ത് 20-ാം നൂറ്റാണ്ടിനെ വേണ്ട ഒരുക്കത്തോടെ നേരിടുക എന്ന ലക്ഷ്യത്തോടെയായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ലക്ഷ്യമായി യോഹന്നാൻ മാർപാപ്പാ നടത്തിയ പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞു "വൈദികർ വിശുദ്ധിയുടെ ഒരു പുതുശോഭ ആർജ്ജിക്കണം; അൽമായർ വിശ്വാസസത്യങ്ങളും ക്രൈസ്തവ സന്മാർഗ്ഗവും സംബന്ധിച്ച് പ്രായോഗികവും ഫലപ്രദവുമായപരിജ്ഞാനം സമ്പാദിക്കണം, പുതിയ തലമുറകൾ ശരിയാംവണ്ണം അഭ്യസിപ്പിക്കപ്പെടണം സാമൂഹികപ്രേക്ഷിതപ്രവർത്തനങ്ങൾക്ക് അതിന്റെ സ്ഥാനം ലഭിക്കണം. ക്രൈസ്തവർക്ക് മിഷനറി ഹൃദയം ഉണ്ടാകണം."

ഇന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ മൂന്നിൽ ഒരുഭാഗം ജനങ്ങളെങ്കിലും രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ കാലത്തുള്ളവരാണ്. അന്നത്തെ പത്രമാദ്ധ്യമങ്ങൾ എന്തുമാത്രം പ്രാധാന്യത്തോടെയാണ് ഈ സൂനഹദോസിനെ കണ്ടിരുന്നതെന്ന് ആ തലമുറയിൽപ്പെട്ടവർക്കും അറിയാം.

സഭയുടെ ചരിത്രത്തിൽ നിർണ്ണായകപ്രാധാന്യമുള്ള ഈ ഇരുപത്തിയൊന്ന് സാർവ്വത്രിക സൂനഹദോസുകളെപ്പറ്റിയും നമുക്കൊന്ന് വിശകലനം ചെയ്യാം. സൂനഹദോസുകളുടെ ചരിത്രത്തിലേക്ക് കടക്കുന്നതിന് മുമ്പ് അപ്പസ്തോലന്മാരുടെ നടപടിപുസ്തകത്തിൽ 15-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ജറൂസലേം സമ്മേളനത്തെപ്പറ്റി ചിന്തിക്കുന്നത് സമുചിതമായിരിക്കും. എ.ഡി. 52-ൽ സമ്മേളിച്ച ജറൂസലേം സമ്മേളനമാണ് സൂനഹദോസുകളുടെ ആരംഭം എന്ന് പറഞ്ഞാൽ തെറ്റില്ല.

www.malankaralibrary.com

# ജറൂസലേം സമ്മേളനം

അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 15-ാം അദ്ധ്യായത്തിൽ ജറൂസലേം സമ്മേളനത്തെപ്പറ്റി "ജറൂസലേം സൂനഹദോസ്" എന്ന തലക്കെട്ടിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "യൂദയായിൽ നിന്നും ചിലർ അവിടെ വന്ന് മോശയുടെ നിയമമനുസരിച്ച് പരിച്ഛേദനം ചെയ്യപ്പെടാത്തപക്ഷം രക്ഷപ്രാപിക്കുവാൻ സാദ്ധ്യമല്ല എന്ന് സഹോദരരെ പഠിപ്പിച്ചു. പൗലോസും ബർണബാസും അവരോട് വിയോജിക്കുകയും വിവാദത്തിൽ ഏർപ്പെടുകയും ചെയ്തു. തന്മൂലം ജറൂസലേമിൽച്ചെന്ന് അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരുമായി ഈ പ്രശ്നം ചർച്ചചെയ്യുവാൻ പൗലോസും ബർണബാസും അവരുടെ കൂട്ടത്തിൽപ്പെട്ട മറ്റു ചിലരും നിയോഗിക്കപ്പെട്ടു. സഭയുടെ നിർദ്ദേശമനുസരിച്ച് യാത്ര തിരിച്ച അവർ വിജാതിയരുടെ മാനസാന്തരവാർത്ത വിവരിച്ചുകേൾപ്പിച്ചുകൊണ്ട് ഫിനിഷ്യാ, സമരിയാ എന്നിവിടങ്ങളിലൂടെ കടന്നുപോയി. സഹോദരന്മാർക്കെല്ലാം വലിയ സന്തോഷമുളവായി. ജറൂസലേമിൽ എത്തിയപ്പോൾ സഭയും അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരും അവരെ സ്വീകരിച്ചു. ദൈവം തങ്ങൾ മുഖാന്തിരം പ്രവർത്തിച്ച കാര്യങ്ങൾ അവർ പ്രഖ്യാപിച്ചു. എന്നാൽ ഫരിസേയരുടെ ഗണത്തിൽനിന്ന് വിശ്വാസം സ്വീകരിച്ച ചിലർ എഴുന്നേറ്റു പ്രസ്താവിച്ചു. അവരെ പരിച്ഛേദനം ചെയ്യുകയും മോശയുടെ നിയമം പാലിക്കണമെന്ന് അവരോട് നിർദ്ദേശിക്കുകയും ചെയ്യുക ആവശ്യമാണ്.

ഇക്കാര്യം പരിഗണിക്കാൻ അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരും ഒന്നിച്ചുകൂടി. വലിയ വാദപ്രതിവാദം നടന്നപ്പോൾ പത്രോസ് എഴുന്നേറ്റ് പറഞ്ഞു. "സഹോദരന്മാരെ, വളരെ മുമ്പുതന്നെ ദൈവം നിങ്ങളുടെയിടയിൽ ഒരു തിരഞ്ഞെടുപ്പ് നടത്തുകയും വിജാതിയർ എന്റെ അധരങ്ങളിൽ നിന്ന് സുവിശേഷവചനങ്ങൾ കേട്ട് വിശ്വസിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു എന്ന് നിങ്ങൾക്കറിയാമല്ലോ. ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്കെന്നതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അവരെ അംഗീകരിച്ചു. നമ്മളും അവരും തമ്മിൽ അവിടുന്ന് വ്യത്യാസം കൽപിച്ചില്ല; അവരുടെ ഹൃദയങ്ങളെയും വിശ്വാസം കൊണ്ട് പവിത്രീകരിച്ചു. അതുകൊണ്ട് നമ്മുടെ പിതാക്കന്മാർക്കോ നമുക്കോ താങ്ങാൻ വയ്യാതിരുന്ന ഒരു നുകം ഇപ്പോൾ ശിഷ്യരുടെ ചുമലിൽ വച്ചു കെട്ടി എന്തിന് ദൈവത്തെ നിങ്ങൾ പരീക്ഷിക്കുന്നു. അവരെപ്പോലെ തന്നെ നാമും രക്ഷപ്രാപിക്കുന്നത് കർത്താവായ യേശുവിന്റെ കൃപയാലാണെന്ന് നാം വിശ്വസിക്കുന്നു."

സമൂഹം നിശബ്ദമായിരുന്നു. തങ്ങൾവഴി വിജാതീയരുടെ ഇടയിൽ ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളും അടയാളങ്ങളും ബർണബാസും പൗലോസും വിവരിച്ചത് അവർ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു. അവർ

www.malankaralibrary.com

പറഞ്ഞവസാനിപ്പിച്ചപ്പോൾ യാക്കോബ് പറഞ്ഞു. സഹോദരന്മാരെ ഞാൻ പറയുന്നത് കേൾക്കുവിൻ തന്റെ നാമത്തിനുവേണ്ടി വിജാതീയരിൽ നിന്ന് ഒരു ജനത്തെ തിരഞ്ഞെടുക്കുവാൻ ദൈവം ആദ്യം അവരെ സന്ദർശിച്ച തെങ്ങനെയെന്ന് ശിമയോൻ വിവരിച്ചുവല്ലോ. പ്രവാചകന്മാരുടെ വാക്കുകൾ ഇതിനോട് പൂർണ്ണമായി യോജിക്കുന്നു. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. ഇതിനുശേഷം ഞാൻ തിരിച്ചുവരും; ദാവീദിന്റെ വീണുപോയ കൂടാരം ഞാൻ വീണ്ടും പണിയും. അതിന്റെ നഷ്ടശിഷ്ടങ്ങളിൽ നിന്ന് ഞാൻ അതിനെ പുതുക്കി പണിയും. അതിനെ ഞാൻ വീണ്ടും ഉയർത്തി നിറുത്തും. കർത്താവ് അരുളിച്ചെയ്യുന്നു. ശേഷിക്കുന്ന ജനങ്ങളും എന്റെ നാമത്തിന് പ്രതിഷ്ഠി ക്കപ്പെട്ടിരിക്കുന്ന വിജാതീയരും കർത്താവിനെ അന്വേഷിക്കുന്നതിനുവേണ്ടി യാണിത്. അവിടുന്ന് പുരാതനകാലം മുതൽ ഇതെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ദൈവത്തിലേക്ക് തിരിയുന്ന വിജാതിയരെ നാം വിഷമിപ്പിക്കരുത് എന്നാണ് എന്റെ അഭിപ്രായം. എന്നാൽ, ആ വർഷം വിഗ്രഹാരാധനയെ സംബന്ധിക്കുന്ന മാലിന്യത്തിൽ നിന്നും വ്യഭിചാരത്തിൽ നിന്നും കഴുത്തു ഞെരിച്ചു കൊല്ലപ്പെടുന്നവയിൽ നിന്നും രക്തത്തിൽനിന്നും അകന്നിരിക്കാൻ അവർക്കു എഴുതണം. എന്തെന്നാൽ തലമുറകൾക്ക് മുൻപുതന്നെ എല്ലാ നഗരങ്ങളിലും മോശയുടെ നിയമം പ്രഘോഷിക്കുന്ന ചിലരുണ്ടായിരുന്നു. എല്ലാ സാബത്തിലും സിനഗോഗുകളിൽ അത് വായിക്കുകയും ചെയ്യുന്നുണ്ട്.

## സൂനഹദോസ് തീരുമാനം

തങ്ങളിൽനിന്ന് ചിലരെ തിരഞ്ഞെടുത്ത് ബാർണബാസിനോടും പൗലോസിനോടുമൊപ്പം അന്ത്യോക്യായിലേക്ക് അയക്കുന്നത് നന്നാ യിരിക്കുമെന്ന് അപ്പസ്തോലന്മാർക്കും ശ്രേഷ്ഠന്മാർക്കും സഭയ്ക്കു മുഴുവനും തോന്നി. സഹോദരന്മാരിൽ നേതാക്കന്മാരായിരുന്ന ബാർണബാസ് എന്നു വിളിക്കുന്ന യൂദാസിനെയും സീലാസിനെയും ഒരു എഴുത്തുമായി അവർ അയച്ചു. എഴുത്ത് ഇപ്രകാരമായിരുന്നു അപ്പസ്തോലന്മാരും ശ്രേഷ്ഠ ന്മാരുമായ സഹോദരന്മാർ അന്ത്യോക്യായിലെയും സിറിയായിലെയും കിലിക്യായിലെയും വിജാതീയരിൽനിന്നുള്ള സഹോദരരായ നിങ്ങൾക്ക് അഭിവാദനമർപ്പിക്കുന്നു. ഞങ്ങളിൽ ചിലർ പ്രസംഗങ്ങൾ മുഖേന നിങ്ങൾക്ക് മനശ്ചാഞ്ചല്യം വരുത്തിക്കൊണ്ട് നിങ്ങളെ ബുദ്ധിമുട്ടിച്ചുവെന്ന് ഞങ്ങൾ കേട്ടു. ഞങ്ങൾ അവർക്ക് യാതൊരു നിർദ്ദേശവും നൽകിയിരുന്നില്ല. അതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ചിലരെ നമ്മുടെ പ്രിയപ്പെട്ട ബാർണബാസിനോടും പൗലോസിനോടുമൊപ്പം നിങ്ങളുടെ അടുക്കലേക്ക് അയക്കുന്നത് നന്നായിരിക്കുമെന്ന് ഞങ്ങൾ ഏകകണ്ഠമായി തീരുമാനിച്ചു. അവർ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ പ്രതി സ്വന്തം ജീവനെപ്പോലും പണയപ്പെടുത്തിയിരിക്കുന്നവരാണല്ലോ. അതുകൊണ്ട്

www.malankaralibrary.com

ഞങ്ങൾ യൂദാസിനെയും സീലോസിനെയും അയച്ചിരിക്കുന്നു. ഇക്കാര്യങ്ങൾ തന്നെ അവർ നിങ്ങളോട് നേരിട്ട് സംസാരിക്കുന്നതായിരിക്കും.

താഴെപ്പറയുന്ന അത്യാവശ്യ കാര്യങ്ങളെക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെ മേൽ ചുമത്താതിരിക്കുന്നതാണ് നല്ലതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി. വിഗ്രഹങ്ങൾക്കർപ്പിച്ച വസ്തുക്കൾ രക്തം, കഴുത്തു ഞെരിച്ചുകൊല്ലപ്പെട്ടവ, വ്യഭിചാരം എന്നിവയിൽ നിന്ന് നിങ്ങൾ അകന്നിരിക്കണം. ഇവയിൽ നിന്ന് അകന്നിരുന്നാൽ നിങ്ങൾക്കു നന്ന്. മംഗളാശംസകൾ. അവർ യാത്രതിരിച്ചു. അന്ത്യോഖ്യായിൽ എത്തി ജനങ്ങളെ മുഴുവൻ വിളിച്ചുകൂട്ടി എഴുത്ത് അവരെ ഏല്പിച്ചു. അവർ ആ എഴുത്ത് വായിച്ചുകേട്ട് സന്തുഷ്ടരായി.

യഹൂദമതത്തിൽ നിന്നും പുറംജാതികളിൽ നിന്നും മാനസാന്തരപ്പെട്ട് ക്രിസ്ത്യാനികളുടെ വിശ്വാസാചാരങ്ങളെപ്പറ്റിയുണ്ടായ ഈ ജറൂസലേം സമ്മേളനമാണ് സാർവ്വത്രിക സൂനഹദോസുകളുടെ മുന്നോടി.

## 1. ഒന്നാം നിക്യാ സൂനഹദോസ്

എ.ഡി. 325-ലാണ് ഒന്നാം നിക്യാ സൂനഹദോസ് നടന്നത്. മേയിൽ ആരംഭിച്ച സൂനഹദോസ് ആഗസ്റ്റ് 31-ന് അവസാനിച്ചു. അന്നത്തെ മാർപ്പാപ്പാ സിൽവർസ്റ്റൻ ഒന്നാമനും ചക്രവർത്തി കോൺസ്റ്റന്റയിനും.

കോൺസ്റ്റന്റയിൽ ചക്രവർത്തിയുടെ കാലത്ത് സഭ രാഷ്ട്രമതമായി ഉയർത്തപ്പെട്ടു. അതോടെ സഭ വ്യാപകമായ വളർച്ച നേടുകയും ചെയ്തു. അതോടെ പല സ്വതന്ത്ര ചിന്തകളും അവരെ ചുറ്റിപ്പറ്റി പല വിജ്ഞാന കേദാരങ്ങളും ഉയർന്നു വന്നു. അവയിലൊന്നാണ് അലക്സാണ്ട്രിയായിൽ ആരിയൂസ് എന്ന വൈദീകൻ ഉന്നയിച്ച സിദ്ധാന്തം. ആര്യനിസം എന്നാണ് അത് അറിയപ്പെടുന്നത്. പുത്രന്റെ ദൈവസ്വഭാവവും ദൈവിക വിശേഷണങ്ങളും വിശിഷ്യനിത്യതയും ആരിയൂസ് നിഷേധിച്ചു. പുത്രൻ പിതാവിനെപ്പോലെ-ദൈവികത്വത്തിന്റെ കാര്യത്തിൽ-നിത്യനല്ലാ എന്നായിരുന്നു ആരിയൂസിന്റെ വാദം. പുത്രൻ ദൈവവചനമാണ്. ഈ വചനം ദൈവത്തിന്റെ പ്രഥമസൃഷ്ടിയും മറ്റെല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവുമാകുന്നു. പുത്രന് ദൈവസത്തയില്ല; തന്മൂലം പുത്രൻ ദൈവവുമല്ല. ഫാ. സേവ്യർ കൂടപ്പുഴ രചിച്ച തിരുസഭാചരിത്രത്തിൽ ആരിയൂസിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു (പേജ് 394-395) "ദൈവം ആവശ്യം അസൃഷ്ടനും നീതിമാനുമത്രേ. തന്മൂലം ദൈവത്തിൽനിന്നും ജനിച്ചുവെന്ന് സുവിശേഷത്തിൽ പറയുന്ന വചനം സത്യദൈവമാകാൻ വഴിയില്ല. വചനത്തിന് ദൈവത്തിന്റെയും ദൈവപുത്രന്റെയും സ്ഥാനം ലഭിക്കുന്നത് പ്രസാദവരത്തിലുള്ള ഭാഗഭാഗിത്വം വഴിയും ദത്തുപുത്രസ്ഥാനം വഴിയുമാണ്. മിശിഹാ ശ്രേഷ്ഠസൃഷ്ടിയാകുന്നു. ഇതരസൃഷ്ടികൾക്കെല്ലാം അതീതനും എങ്കിലും അവി

www.malankaralibrary.com

ടുന്ന് നിത്യനല്ല. അവിടുത്തേക്ക് ആരംഭമുണ്ട്. പുത്രനില്ലാതിരുന്ന സമയ മുണ്ടായിരുന്നു. ചുരുങ്ങിയപക്ഷം പിതാവിൽ നിന്നും വിഭിന്നമായ വ്യക്തി യല്ലാതിരുന്ന സമയം. ദൈവമല്ലാത്ത മിശിഹായുടെ ദൈവജ്ഞാനം സമ്പൂർണ്ണമല്ല. വാസ്തവത്തിൽ പുത്രൻ പാപമൊന്നുംചെയ്തിരുന്നില്ലെ ങ്കിലും പ്രകൃത്യാ അദ്ദേഹം പാപവിധേയനായിരുന്നു. തന്റെ സിദ്ധാന്തം തെളിയിക്കുവാനായി ആരിയൂസ് പല ന്യായങ്ങളും കൊണ്ടുവന്നു. "കർത്താവ് എന്നെ സൃഷ്ടിച്ചു. (സുഭാഷിതങ്ങൾ 8:22) പിതാവ് എന്നെക്കാൾ വലിയവനാകുന്നു (യോഹന്നാൻ 14:28) ആദിയായ വേദവാക്യങ്ങൾ ആരി യൂസ് ഉദ്ധരിക്കുന്നു. പരിശുദ്ധാത്മാവ് പിതാവിനും പുത്രനും വിധേയ നായിരിക്കുന്നു ആത്മാവിന്റെ സ്ഥാനം പിതാവിന്റെയും പുത്രന്റെയും സ്ഥാന ത്തേക്കാൾ താഴ്ന്നതാണ്.

ആരിയസ് കുറെനാൾ അലക്സാണ്ട്രിയായിൽ തന്റെ പ്രബോധനം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അവിടുത്തെ മെത്രാനായിരുന്ന അലക്സാണ്ടർ ആരിയസിനെ എതിർത്തപ്പോൾ അദ്ദേഹം പലസ്തീനായിലെ കേസറിയ, ലീഡിയ, ടയർ, നിക്കോസമിയ എന്നിവിടങ്ങളിലെ മെത്രാന്മാരുടെയടുക്കൽ അഭയം പ്രാപിച്ചു. തന്റെ അഭിപ്രായങ്ങൾ സമാഹരിച്ചുകൊണ്ട് താലിയ എന്ന പേരിൽ ആരിയൂസ് ഒരു കൃതി അവിടെ പ്രസിദ്ധീകരിച്ചു. മെത്രാ ന്മാരിൽ പലരും അദ്ദേഹത്തെ അനുകൂലിച്ചു. ആരിയൂസ് അലക്സാ ണ്ട്രിയായിലേക്കു മടങ്ങി. ക്രൈസ്തവസമൂഹം രണ്ടായിപിളർന്നു. കോൺ സ്റ്റന്റയിൻ ചക്രവർത്തി രാജ്യത്തിന്റെ ആന്തരിക സുരക്ഷിതത്വം ഉറപ്പു വരുത്തുവാൻ വേണ്ടി തന്റെ സ്നേഹിതനായിരുന്ന ഹോസിയൂസ് എന്ന മെത്രാനെ മദ്ധ്യവർത്തിയായി നിയമിച്ചുകൊണ്ട് വാദപ്രതിവാദങ്ങൾക്ക് അറുതിവരുത്തുവാൻ ശ്രമിച്ചു. അത് നിഷ്ഫലമാണെന്ന് കണ്ടപ്പോൾ ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടുവാൻ ചക്രവർത്തി തീരുമാനിച്ചു. പിൽക്കാലത്ത് സഭാചരിത്രത്തിൽ വിശ്വാസസത്യങ്ങളുടെ വിശകലനത്തിലും വികാസത്തിലും സർവ്വപ്രാധാന്യമർഹിക്കുന്ന സാർവ്വത്രിക കൗൺസിലു കളുടെ ആരംഭം കുറിച്ചത് ഒരു രാഷ്ട്രീയാധികാരിയായിരുന്നുവെന്നത് ചിന്ത നീയമാണ്. അന്ന് കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്തുമത വിശ്വാസിയാ യിരുന്നുവെന്ന് തോന്നുന്നില്ല. സഭാപരമായ താല്പര്യത്തെക്കാൾ രാഷ്ട്രീയ സുസ്ഥിതിക്കു താല്പര്യമാണ് ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നോർക്കണം.

ബിഥീനിയായിലെ നിക്യായിൽവച്ച് നടന്ന ആദ്യത്തെ സാർവ്വത്രിക സൂനഹദോസിൽ മുന്നൂറോളം മെത്രാന്മാർ സംബന്ധിക്കുകയുണ്ടായി. ഇവരിൽ പാശ്ചാത്യരായി നാലുപേർ മാത്രമേ സന്നിഹിതരായിരുന്നുള്ളു. രണ്ടുറോമൻ വൈദികർ മാർപാപ്പായുടെ പ്രതിധികളായി എത്തിച്ചേർന്നു. കൗൺസിലിന്റെ ആരംഭത്തിൽ 22 മെത്രാന്മാർ ആരിയൂസിനെ അനുകൂ ലിക്കുന്നവരായിരുന്നു. എന്നാൽ താലിയായിൽ നിന്നും കുറെ ഭാഗങ്ങൾ

www.malankaralibrary.com

വായിച്ചുകേട്ടപ്പോൾ കൗൺസിൽ പിതാക്കന്മാർ ഏകകണ്ഠമായി ആര്യൻ സിദ്ധാന്തം നിരാകരിച്ചു. സത്യവിശ്വാസം സംരക്ഷിക്കുവാൻ ഒരു വിശ്വാസപ്രമാണത്തിന് രൂപം കൊടുക്കേണ്ടതാണെന്ന് അവർക്കു ബോദ്ധ്യമായി. കേസറിയായിലെ എവുസേബിയൂസ് സ്വന്തം രൂപതയിൽ ഉപയോഗത്തിലിരിക്കുന്ന വിശ്വാസപ്രമാണം പിതാക്കന്മാരുടെ പരിഗണനയ്ക്ക് സമർപ്പിച്ചുവെങ്കിലും സൂക്ഷ്മവിശകലനത്തിൽ അത് അപര്യാപ്തവും അവ്യക്തവുമാണെന്ന് കാണുകയാൽ തിരസ്കൃതമായി. നിക്യാസൂനഹദോസ് അംഗീകരിച്ച വിശ്വാസ പ്രമാണത്തിൽ ഇപ്രകാരം പറയുന്നു "ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയില്ലാത്തവനും സാരാംശത്തിൽ പിതാവിനോട് തുല്യനും സ്വർഗ്ഗത്തിലേയും ഭൂമിയിലേയും സകലത്തിന്റെയും സ്രഷ്ടാവുമാണ് അവിടുന്ന്." ഈജിപ്തിലെയും പാശ്ചാത്യരാജ്യങ്ങളിലെയും മെത്രാന്മാർക്ക് ഇതേപ്പറ്റി പൂർണ്ണ സംതൃപ്തിയാണുണ്ടായിരുന്നത്. ഗ്രീക്കുപിതാക്കന്മാർക്ക് ഇതിനെപ്പറ്റി പൂർണ്ണതൃപ്തിയാണുണ്ടായിരുന്നതെന്ന് പറഞ്ഞുകൂടാ. "സാരാംശത്തിൽ തുല്യം" എന്നതിന്റെ വിവക്ഷ ലത്തീൻമൂലത്തിൽ വ്യക്തമായിരുന്നു. എന്നാൽ സമാന്തരമായ ഗ്രീക്കുപദത്തിന്റെ വിവക്ഷയെക്കുറിച്ച് വിഭിന്നാഭിപ്രായങ്ങൾ സാദ്ധ്യമായിരുന്നു" പിതാവിന്റെയും പുത്രന്റെയും ഭിന്നവ്യക്തിത്വങ്ങളെ നിഷേധിക്കുന്ന സൂചന അവരതിൽ ദർശിച്ചു.

കൗൺസിലിനുശേഷം കുറേനാൾ അന്തരീക്ഷം സ്വസ്ഥമായിരുന്നു. എന്നാൽ അധികം കഴിയുന്നതിന് മുൻപ് പലരും കൗൺസിൽ തീരുമാനങ്ങൾക്കെതിരെ ശബ്ദമുയർത്താൻ തുടങ്ങി. വിപ്രവാസത്തെ ഭയന്നാണ് ആരിയൂസിനെ അനുകൂലിച്ചിരുന്ന പലരും കൗൺസിൽ തീരുമാനങ്ങളിൽ ഒപ്പുവച്ചിരുന്നതെന്നു പറയാം. ആര്യനിസത്തോട് മമതയുണ്ടായിരുന്ന കോൺസ്റ്റന്റിന്റെ സഹോദരി കോൺസ്റ്റന്റീനായുടെ പ്രേരണയിൽ അദ്ദേഹം നാടുകടത്തപ്പെട്ടവരെ തിരികെ വിളിച്ചു. അവർ നിക്യാ സൂനഹദോസ് അംഗീകരിച്ചിരുന്ന പിതാക്കന്മാർക്ക് എതിരെ പ്രവർത്തനം തുടങ്ങി. അലക്സാണ്ട്രിയായിലെ പാത്രിയർക്കീസായിരുന്ന അത്തനേഷ്യസിനാണ് ഇതുമൂലം വളരെ കഷ്ടത സഹിക്കേണ്ടി വന്നത്. നിരവധി തവണ അദ്ദേഹത്തിന് വിപ്രവാസ ജീവിതം നയിക്കേണ്ടി വന്നു. നിക്കോമേദിയായിലെ എവുസേബിയൂസും അനുയായികളും ചേർന്ന് അന്തോക്യായിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. സാർവ്വത്രിക സൂനഹദോസിന്റെ തീരുമാനങ്ങളിൽ ചില മാറ്റങ്ങൾ വരുത്തി. അവർ തയ്യാറാക്കിയ വിശ്വാസ പ്രമാണത്തെ അന്ത്യോക്യൻ വിശ്വാസപ്രാണമെന്നാണ് പറയുക. ആരിയൂസിന്റെ ചില തത്വങ്ങൾ നിഷേധിക്കുന്നതോടൊപ്പം, പിതാവിൽ നിന്നും ജനിച്ചവനും പിതാവിനോട് സമത്വമുള്ളവനും എന്നിങ്ങനെയുള്ള ചില

www.malankaralibrary.com

നിക്യാ ശൈലികൾ അതിൽ ഉപേക്ഷിക്കുകയാണുണ്ടായത്. ക്രൈസ്തവർക്കിടയിലുണ്ടായിരുന്ന അസ്വസ്ഥതകൾ അവസാനിപ്പിക്കുന്നതിന് പാശ്ചാത്യ-പൗരസ്ത്യ റോമാ സാമ്രാജ്യങ്ങളിലെ ചക്രവർത്തിമാർ (കോൺസ്റ്റാൻസ് 11, കോൺസ്റ്റാൻഷ്യസ് 11) സാർദിക്കായിൽ ഒരു കൗൺസിൽ വിളിച്ചുകൂട്ടി. അത് വിജയകരമായിരുന്നില്ല. അത്തനാഷ്യസിന്റെയും അനുയായികളുടെയും സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തുവാൻ പലരും വിസമ്മതം പ്രകടിപ്പിച്ചു. കോൺസ്റ്റാൻസ് ചക്രവർത്തിയുടെ പരിശ്രമ ഫലമായി സമാധാനം പുനസ്ഥാപിതമായി. അത്തനാഷ്യസിന് അലക്സാണ്ടറിയായിലേക്ക് തിരിച്ചുപോകാൻ അനുവാദം ലഭിച്ചു. കോൺസ്റ്റാൻസ് ചക്രവർത്തിയുടെ മരണത്തിനുശേഷം കോൺസ്റ്റാഷ്യസ് ഏകാധിപതിയായിത്തീർന്നു. അദ്ദേഹം ആരിയൂസിന്റെ അനുഗാമികളുടെ സഹായകനായിരുന്നു. അവർ നിക്യാ വിശ്വാസപ്രമാണം അംഗീകരിച്ചിരുന്നവരെ വീണ്ടും ദ്രോഹിക്കുവാൻ തുടങ്ങി. ചക്രവർത്തിയുടെ ആവശ്യപ്രകാരം ആൾസ്, മിലാൻ എന്നിവിടങ്ങളിൽ രണ്ടു കൗൺസിലുകൾ വിളിച്ചുകൂട്ടി. അത്തനാഷ്യസിനെ ശിക്ഷിക്കുവാനും 6 വർഷത്തേക്ക് നാടുകടത്തുവാനും തീരുമാനിച്ചു, അധികം കഴിയുന്നതിന് മുൻപ് ആര്യനിസം അംഗീകരിച്ചിരുന്നവരുടെയിടയിൽ ഭിന്നിപ്പുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. 350-നും 361-നും ഇടയ്ക്കാണ് ഈ അനൈക്യം പ്രത്യക്ഷപ്പെട്ടത്. വാലെൻസ് ആണ് അവസാനത്തെ ആര്യൻചക്രവർത്തി. തെയഡോഷ്യസ് അധികാരത്തിൽ വന്നപ്പോഴേയ്ക്കും ആര്യനിസം നിഷ്പ്രഭമായിരുന്നു. സത്യവിശ്വാസം പ്രചരിപ്പിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. മൂന്നുവിളംബരങ്ങളിലൂടെ എല്ലാവരും നിക്യാവിശ്വാസപ്രമാണം സ്വീകരിച്ചുകൊള്ളണമെന്ന് അദ്ദേഹം ആജ്ഞ നല്കി. ആരിയൂസിന്റെ അനുഗാമികളായ മെത്രാന്മാർക്കും വൈദികർക്കും സഭാധികാരത്തിൽ തുടരാൻ അനുവാദമില്ലത്രേ. ഗോളിൽ വി. ഹിലരിയും ഇറ്റലിയിൻ വി. അബ്രോസും ആര്യനിസത്തിനെതിരെ ശബ്ദമുയർത്തി. ബേസിൽ, ഗ്രിഗറി, നസ്സിയാൻസൻ, നീസായിലെ ഗ്രിഗറി എന്നിവർ ശരിയായ ദൈവശാസ്ത്ര വിശദീകരണങ്ങൾ ഉൾക്കൊള്ളുന്ന കൃതികൾ രചിക്കുകയും ആര്യനിസത്തെ അധഃപതനത്തിലേക്ക് നയിക്കുകയും ചെയ്തു"

## 2. ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ്

ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് 381 മേയ് - ജൂലായ് കാലഘട്ടത്തിലാണ് നടന്നത്. അന്നത്തെ മാർപാപ്പാ ദാമസൂസ് ഒന്നാമനും ചക്രവർത്തി തെയഡോഷ്യസ് ഒന്നാമനും ആയിരുന്നു. തിയഡോഷ്യസ് ചക്രവർത്തിയാണ് ഈ കൗൺസിൽ വിളിച്ചുകൂട്ടിയത്. പൗരസ്ത്യരായിരുന്ന 150 മെത്രാന്മാർ ഈ സൂനഹദോസിൽ പങ്കെടുത്തു. ആദ്യകാലങ്ങളിൽ

www.malankaralibrary.com

മിശിഹായെക്കുറിച്ചുള്ള ദൈവഭാഷ്യത്തെപ്പോലെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിശ്വാസഭാഷ്യവും വികാസം പ്രാപിച്ചിരുന്നില്ല. മാസിഡോണിയസ് എന്ന സെമി-ആര്യൻ മെത്രാനായിരുന്നു പുതിയ സിദ്ധാന്തത്തിന്റെ പ്രണേതാവ്- സെമി-ആര്യൻസ് പരിശുദ്ധാത്മാവിനെ ഒരു മാലാഖയായി വീക്ഷിച്ചു. അവരുടെ ദൃഷ്ടിയിൽ സ്ഥാനക്രമത്തിൽ മാത്രമേ പരിശുദ്ധാത്മാവിന് മാലാഖമാരിൽ നിന്നും വ്യത്യാസമുള്ളു. ഇതിനെ മാസിഡിയോണിസമെന്നും പറയാറുണ്ട്. ഈ സമ്മേളനത്തിൽ 36 ആര്യൻ മെത്രാന്മാർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു. പിതാക്കന്മാർ മാസി ഡോണിയിസത്തെ ശക്തമായി എതിർത്തു. അദ്ദേഹത്തിന് സ്ഥാനഭ്രഷ്ട് കല്പിച്ചു. പവിത്രാത്മാവിന്റെ ദൈവസ്വഭാവത്തെ നിർവചിച്ചുറപ്പിച്ചു. നിക്യാ വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെപ്പറ്റി ചില കാര്യങ്ങൾകൂട്ടിച്ചേർത്തു. ജീവന്റെ നാഥനും ദാതാവുമായ പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുറപ്പെടുകയും പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുകയും മഹത്വൽക്കരിക്കപ്പെടുകയും ചെയ്യുന്നു" ഇതായിരുന്നു കൂട്ടിച്ചേർക്കപ്പെട്ടത്. ഈ കൂട്ടിച്ചേർക്കലിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് വികസിതമായ ധാരണകൾ ഉണ്ടെങ്കിലും പരിശുദ്ധാത്മാവിനും പുത്രനും തമ്മിലുള്ള ബന്ധം ചർച്ചാവിഷയമായിട്ടില്ല. ഇതേച്ചൊല്ലി പാശ്ചാത്യസഭയും പൗരസ്ത്യ സഭയും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായി. അന്നത്തെ മാർപാപ്പാ ദമാസൂസ് ഈ സൂനഹദോസിലേക്ക് പ്രതിനിധികളെപ്പോലും അയച്ചില്ല. ആറാം നൂറ്റാണ്ടിലെ മാർപാപ്പാമാരുടെ ഡിക്രികളിൽ അംഗീകൃത സൂനഹദോസായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 3. എഫേസൂസ് സൂനഹദോസ്

എഫേസൂസ് സൂനഹദോസ് നടന്നത് 431 ജൂൺ 22 മുതൽ ജൂലൈ 17 വരെയായിരുന്നു. അപ്പോഴത്തെ മാർപ്പാപ്പാ സെലസ്റ്റിൻ ഒന്നാമനും ചക്രവർത്തി തിയഡോഷ്യസ് രണ്ടാമനുമായിരുന്നു.

അപ്പോളിനാരിസവും നെസ്തോരിയനിസവും സഭയിൽ ഉളവാക്കിയ വിവാദങ്ങൾ അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തെയഡോഷ്യസ് ചക്രവർത്തി എഫേസൂസിൽ ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടിയത്. ഈ സൂനഹദോസിനെപ്പറ്റി എസ്.എച്ച്. ലീഗ് പ്രസിദ്ധീകരിച്ച സാർവ്വത്രിക സൂനഹദോസുകൾ എന്ന ഗ്രന്ഥത്തിൽ 35-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന നെസ്തോറിയൂസിന്റെ അബദ്ധോപദേശമാണ് മൂന്നാമത്തെ സാർവ്വത്രിക സൂനഹദോസിന് വഴി തെളിച്ചത്. ക്രിസ്തുവിൽ രണ്ടാളുകളുണ്ട്. അതായത് രണ്ട് വ്യക്തിത്വം-ഒന്ന് മാനുഷികം മറ്റേത് ദൈവികം. ക്രിസ്തുവിൽ മനുഷ്യസ്വഭാവം മാത്രമല്ല, മനുഷ്യ വ്യക്തിത്വവും, അതു

www.malankaralibrary.com

പോലെ, ദൈവസ്വഭാവം മാത്രമല്ല ദൈവവ്യക്തിത്വവുമുണ്ട്. ദൈവം ദേവാലയത്തിൽ എപ്രകാരം വസിക്കുന്നുവോ അപ്രകാരം മനുഷ്യാവതാരം വഴി ദൈവമായ വചനം മനുഷ്യനായ ക്രിസ്തുവിൽ വസിക്കുന്നു. അതുകൊണ്ട് ദൈവം ജനിച്ചെന്നോ പീഡസഹിച്ചെന്നോ മരിച്ചെന്നോ പറയുക ശരിയല്ല. നസ്രസിലെ യേശു മറിയത്തിൽ നിന്നും ജനിച്ചു. പീഢസഹിച്ചു മരിച്ചു. മറിയം ദൈവമാതാവായിരുന്നാൽ ദൈവവചനത്തിന് ഒരിക്കൽ ആരംഭമുണ്ടായിരുന്നുവെന്ന് സമ്മതിക്കേണ്ടിവരും. അതുകൊണ്ട് അവൾ ക്രിസ്തുവിന്റെ മാതാവ് മാത്രമാണ്. ഇവയാണ് നെസ്തോറിയൂസിന്റെ പുതിയ ചിന്താശകലങ്ങൾ.

ദൈവപുത്രനായ ഈശോമിശിഹാ സത്യദൈവവും സത്യമനുഷ്യനുമാണെങ്കിലും അതായത്, ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വസ്തുപരമായ സങ്കലനം കൂടാതെ ക്രിസ്തുവിൽ ഉണ്ടെങ്കിലും, ദൈവികമായ ഒരു വ്യക്തിത്വം മാത്രമേ ക്രിസ്തുവിൽ ഉള്ളുവെന്ന് കത്തോലിക്കാസഭ വ്യക്തമായി പഠിപ്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം ദൈവമായ ക്രിസ്തുവിന്റെ മാതാവാണെന്ന് ആദ്യനൂറ്റാണ്ടുമുതൽ എല്ലാവരും വിശ്വസിക്കുന്നു.

നെസ്തോരിയൂസിനെതിരായി സത്യത്തിന്റെ കാവൽപ്പടയാളിയായി നാം കാണുന്നത്, അലക്സാൺട്രിയായിലെ പാത്രിയർക്കീസായ വി. സിറിലിനെയാണ്. നൂതനതത്വങ്ങൾ ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വി. സിറിൽ നെസ്തോരിയൂസിന് കത്തയച്ചുവെങ്കിലും ഫലമുണ്ടായില്ല. അദ്ദേഹം മാർപ്പാപ്പായെ വിവരം അറിയിച്ചു. സിറിലിന്റെ കത്തുകളിൽ നിന്നും സ്ഥിതിഗതികൾ വേണ്ടവിധത്തിൽ മനസ്സിലാക്കിയ സെലസ്റ്റിൻ പാപ്പാ റോമിന്റെ ഒരു രൂപതാ കൗൺസിൽ വിളിച്ചുകൂട്ടി. പ്രസ്തുത കൗൺസിലിന്റെ ഉപദേശമനുസരിച്ച് പത്തു ദിവസത്തിനകം അബദ്ധോപദേശങ്ങൾ പിൻവലിക്കണമെന്നും അല്ലാത്തപക്ഷം മഹറോൻ ശിക്ഷയിൽ ഉൾപ്പെടുത്തുമെന്നും കാണിച്ച് ഒരു കത്ത് നെസ്തോറിയൂസിന്, മാർപ്പാപ്പാ അയച്ചു. നിശ്ചിത കാലാവധിക്കുള്ളിൽ നെസ്തോരിയൂസ് തന്റെ നിലപാട് മാറ്റുന്നില്ലെങ്കിൽ രൂപതാ കൗൺസിലിന്റെ നിശ്ചയങ്ങൾ പ്രാവർത്തികമാക്കുവാൻ വി. സിറിലിനെ അധികാരപ്പെടുത്തുകയും ചെയ്തു.

നെസ്തോരിയോസ് തന്റെ തത്വങ്ങൾ പിൻവലിയ്ക്കായ്കയിൽ 431-ൽ പെന്തക്കുസ്താതിരുനാൾ ദിവസം എഫേസൂസിൽ സൂനഹദോസ് സമ്മേളിക്കുന്നതിനായി 430 നവംബർ 19-ാം തീയതി തിയഡോഷ്യസ് ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. 431 ജൂൺ 22-ാം തീയതി ദൈവമാതാവിന് പ്രതിഷ്ഠിക്കപ്പെട്ട ദേവാലയത്തിൽവച്ച് വി. സിറിലിന്റെ അദ്ധ്യക്ഷതയിലും 200-ൽപരം മെത്രാന്മാരുടെ സാന്നിദ്ധ്യത്തിലും സൂനഹദോസ് ആരംഭിച്ചു. ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെങ്കിലും രണ്ടാളുകളില്ലെന്നും മറിയം ദൈവത്തിന്റെ അമ്മയാണെന്നും അന്നന്നിദ്ധമായി പ്രഖ്യാപിച്ചുകൊണ്ട്,

www.malankaralibrary.com

നെസ്തോറിയൂസിന്റെ തത്വങ്ങളെ തിരസ്കരിക്കുകയും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ഉത്തമപാപത്തെയും പ്രസാദവരത്തെയും സംബന്ധിച്ച് പെലാജിയൻസ് സ്വീകരിച്ച നിലപാടിനെയും ഈ കൗൺസിൽ അപലപിക്കുകയുണ്ടായി.

തിരുസഭാചരിത്രകാരനായ ഫാ. സേവ്യർ കൂടപ്പുഴ (പേജ് 402) ഇപ്രകാരം എഴുതിയിരിക്കുന്നു. “സിറിലും നെസ്തോറിയോസും റോമിലെ സെലസ്റ്റിൻ പാപ്പായ്ക്ക് എഴുതിയിരുന്നു. സാമാന്യനീതിക്ക് നിരക്കാത്ത ഒരു നടപടിയായിരുന്നു സെലസ്റ്റീൻ പാപ്പായിൽ നിന്നുണ്ടായത്. രണ്ടു പ്രമുഖ പാത്രിയർക്കീസുമാരായ സിറിലും നെസ്തോറിയസും തമ്മിലുണ്ടായ വൈകാരികവും ദൈവശാസ്ത്രപരവുമായ വിവാദത്തിൽ നീതിപൂർവ്വം പ്രവർത്തിക്കുന്ന ഒരു മദ്ധ്യവർത്തിയുടെ സേവനം അഭ്യർത്ഥിക്കുന്നതിനുപകരം സിറിലിനെതന്നെ ന്യായാധിപനായി മാർപാപ്പാ ചുമതലപ്പെടുത്തിയത് നീതീകരിക്കാവുന്നതല്ലെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.”

സൂനഹദോസുകൾ എന്ന ജി. ചേടിയത്തിന്റെ ഗ്രന്ഥത്തിൽ പേജ് 81-82-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു. “ചരിത്രത്തിൽ സംഭവിക്കരുതാത്ത ഒന്ന് സെലസ്റ്റിൻ ചെയ്തു. സാമാന്യ നീതിക്ക് വിരുദ്ധമായിരുന്നു ആ നടപടി. സിറിലും നെസ്തോറിയസും തമ്മിൽ തർക്കമുണ്ടായപ്പോൾ ഒരു കക്ഷിയായ സിറിലിനെ ന്യായാധിപനായി നിയമിച്ചത് ഒരുതരത്തിലും നീതീകരിക്കുവാൻ സാദ്ധ്യമല്ല. സെലസ്റ്റിന്റെ നേതൃത്വത്തിലുള്ള റോമൻസിനഡ് അലക്സാണ്ട്രിയൻ ക്രിസ്തുഭാഷ്യം അംഗീകരിക്കുകയും അത് പത്തുദിവസത്തിനകം നെസ്തോറിയസിനെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ സിറിലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എഫേസൂസ് സിനിഡുമായി ബന്ധപ്പെട്ട ഒന്നാമത്തെ തെറ്റ് അവിടെയാണ്. റോമൻ മാർപ്പാപ്പായുടെ പ്രതിനിധികളാകട്ടെ അന്ത്യോക്യൻ പാത്രിയർക്കീസ് ജോണും കൂടെയുള്ള മെത്രാന്മാരുമാകട്ടെ, രാജകീയ പ്രതിനിധികളാകട്ടെ, എത്തുന്നതിന് മുമ്പായി 431 ജൂൺ 22-ന് സിറിലിന്റെ അദ്ധ്യക്ഷതയിൽ സിനിഡ് തുടങ്ങി. താനുടനെ എത്തുന്നതാണെന്ന് അന്ത്യോക്യായിലെ പാത്രിയർക്കീസ് അറിയിച്ചിട്ടും 68 മെത്രാന്മാർ പ്രതിഷേധിച്ചിട്ടും അതുവകവയ്ക്കാതെ 153 മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ എഫേസൂസിൽവച്ച് സിറിൽ സിനിഡ് ആരംഭിച്ചു. അന്ത്യോക്യൻ പ്രതിനിധികൾ നാലുനാളുകൾക്കകം വരും അതുവരെ കാത്തിരിക്കണം എന്ന് സിനഡിന്റെ നടത്തിപ്പിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചിട്ടും സിറിൽ കാത്തിരുന്നില്ല. സിറിൽ തന്നെയായിരുന്നു കുറ്റാരോപകനും ന്യായാധിപനും റോമൻ മെത്രാന്റെ സ്ഥാനത്തിരുന്നവനും എല്ലാം കൈകാര്യംചെയ്തവനും. തന്റെ ഹിതമനുസരിച്ച് എല്ലാം നിയന്ത്രിച്ചു. കുറ്റാരോപകനും ന്യായാധിപനും ഒരാൾ തന്നെയായിരുന്നത് സ്വാഭാവിക നീതിക്കെതിരാണ്.

www.malankaralibrary.com

## 4. കൽക്കദോനിയ സൂനഹദോസ്

എ.ഡി. 451 ഒക്ടോബർ 8 മുതൽ നവംബർ 1 വരെയാണ് കൽക്കദോനിയാ സൂനഹദോസ് നടന്നത്. അന്നത്തെ മാർപ്പാപ്പാ ലെയോ ഒന്നാമനും ചക്രവർത്തി മാർസിയനും അയിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ആയിരുന്നു എവുത്തിക്കസ്. അദ്ദേഹം നെസ്തോറിയൻ പാഷാണ്ഡതയെ എതിർത്തിരുന്നു. ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു. മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചുപോയി എന്നായിരുന്നു എവുത്തിക്കസിന്റെ സിദ്ധാന്തം. എവുത്തിക്കസിന്റെ സിദ്ധാന്തത്തിനെതിരായി കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായ ഫ്ളാവിയൻ രംഗത്തുവന്നു. അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി ഈ പ്രശ്നം ചർച്ച ചെയ്തു. എവത്തിക്കസ് തന്റെ സിദ്ധാന്തത്തിൽ ഉറച്ചു നിൽക്കുകയാൽ എവുത്തിക്കസിനെ മഹറോൻ ചൊല്ലി. സന്യാസസഭയുടെ സുപ്പീരിയർ സ്ഥാനത്തു നിന്ന് നീക്കം ചെയ്തു.

എവുത്തിക്കസ് മാർപ്പാപ്പായെക്കണ്ട് ഈ നടപടി റദ്ദാക്കണമെന്നും താൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്നും അറിയിച്ചു. സത്യാവസ്ഥ ഫ്ളാവിയായിൽ നിന്നും മനസ്സിലാക്കിയ ലെയോ മാർപാപ്പാ 449 ജൂൺ 13-ാം തീയതി ഒരു വിശ്വാസലേഖനം പ്രസിദ്ധീകരിച്ചു. ക്രിസ്തുവിൽ ദൈവികവും മാനുഷികവും ആയ രണ്ടു സ്വഭാവങ്ങളുണ്ടെന്ന് അദ്ദേഹം ആ ലേഖനത്തിൽ സമർത്ഥിച്ചു.

ഈ ലേഖനം പ്രസിദ്ധീകരിച്ച വിവരം അറിഞ്ഞ എവുത്തിക്കസ് എഫേസൂസിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടുവാൻ രണ്ടാം തെയഡോഷ്യസ് ചക്രവർത്തിയിൽ സമ്മർദ്ദം ചെലുത്തി. എവുത്തിക്കസ് പക്ഷക്കാരനായ ദിയസ്കോറസിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു ഏതാണ്ട് 130 പേർ സംബന്ധിച്ചു. ഫ്ളാവിയന്റെ നേതൃത്വത്തിൽ നടന്ന സമ്മേളന തീരുമാനങ്ങൾ റദ്ദാക്കുകയും ഫ്ളാവിയനെ സ്ഥാനഭ്രഷ്ടനാക്കുകയും എവുത്തിക്കസിനെ സുപ്പീരിയർ സ്ഥാനത്ത് പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ പങ്കെടുത്ത മാർപാപ്പായുടെ പ്രതിനിധികൾ അതിനെ എതിർക്കുകയും മാർപ്പാപ്പായെ വിവരം ധരിപ്പിക്കുകയും ചെയ്തു. ലെയോ മാർപ്പാപ്പാ ഈ സൂനഹദോസിനെ എഫേസൂസിലെ കള്ള സിനിഡ് എന്ന് വിളിച്ചുകൊണ്ട് അതിന്റെ തീരുമാനങ്ങളെ അസ്ഥിരപ്പെടുത്തി.

ചക്രവർത്തിയുടെ പെട്ടെന്നുള്ള മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ സഹോദരി പുൾക്കേറിയ അധികാരത്തിലേറി ചക്രവർത്തിനിയും അവരുടെ ഭർത്താവ് മാർസിയനും ഒരു സാർവത്രിക സൂനഹദോസ് വിളിച്ചുകൂട്ടുവാൻ മാർപ്പാപ്പായോട് അഭ്യർത്ഥിച്ചു. ആദ്യം പാപ്പാ അതിന് വിസമ്മതിച്ചു എങ്കിലും പാപ്പാ അതിന് സമ്മതം നൽകി. കല്ക്കദോനിയായിൽ 451 ഒക്ടോബറിൽ

www.malankaralibrary.com

സമ്മേളനമാരംഭിച്ചു. 600 പേരടങ്ങിയ സൂനഹദോസിൽ ലെയോ മാർപാപ്പാ യുടെ പ്രതിനിധി ആദ്ധ്യക്ഷ്യം വഹിച്ചു. എഫേസൂസിലെ കള്ള സൂനഹ ദോസിന്റെ തീരുമാനങ്ങളെ ത്യജിക്കുകയും ഏകസ്വഭാവ വാദത്തെ ശപിക്കു കയും ചെയ്തു. ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്ന സത്യം അസന്നി ഗ്ദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. സമ്മേളനം എവിത്തിക്കസ്സിന്റെ അഭിപ്രായ ത്തെ പുറന്തള്ളി എവുസേസിയൂസിന്റേത് സ്വീകരിച്ചു.

## 5. രണ്ടാം കോൺസ്റ്റാന്റിനിപ്പോൾ സൂനഹദോസ്

എ.ഡി. 553 മെയ് 5 മുതൽ ജൂൺ 2 വരെ നടത്തപ്പെട്ട സൂനഹദോസിന്റെ കാലത്തെ മാർപാപ്പാ വിജലിയൂസ് ഒന്നാമനും ചക്രവർത്തി ജസ്റ്റീനിയൽ ഒന്നാമനും ആയിരുന്നു. ആര്യൻ പാഷാണ്ഡതയുടെ ചുവടുപിടിച്ച് ഏകസ്വ ഭാവവാദികൾ ഈജിപ്ത് കേന്ദ്രമാക്കി കത്തോലിക്കാ വിശ്വാസത്തിനെ തിരായി ശക്തിയായ ഒരു മുന്നേറ്റത്തിന് തുടക്കം കുറിച്ചു. കൽക്കദോനിയാ സൂനഹദോസിനെ എങ്ങനെയെങ്കിലും അസ്ഥിരപ്പെടുത്തണമെന്ന തായിരുന്നു അവരുടെ ലക്ഷ്യം. നെസ്തോറിയൻ തത്വങ്ങൾ ഉൾക്കൊള്ളുന്ന പല പ്രബന്ധങ്ങളും ഈ കാലയളവിൽരൂപംകൊണ്ടു. മോപ്സു വെസ്തിയായിലെ തെയോഡോർ, സൈറസിലെ തിയോഡോറൈറ്റ്, എദേസ്സായിലെ ഈബാസ് എന്നിവരുടെ കൃതികളിൽ നിന്നുള്ള ചില ഭാഗ ങ്ങളാണ് മൂന്ന് അദ്ധ്യായങ്ങൾ എന്ന പേരിൽ അറിയപ്പെടുക. ഇത് സഭയിൽ ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു. ഈ സാഹചര്യത്തിൽ സഭയിൽ സമാ ധാനം പുനഃസ്ഥാപിക്കുകയെന്നുള്ള ലക്ഷ്യത്തോടെ വിജിലിയൂസ് മാർ പാപ്പാ, ചക്രവർത്തിയുടെ ക്ഷണമനുസരിച്ച് 547 ജനു. 25-ന് കോൺ സ്റ്റാന്റിനോപ്പോളിലെത്തി. മാർപാപ്പായുടെ അനുമതിയോടെ ചക്രവർത്തി വിളിച്ചുകൂടിയ സിനഡിന് ഒരു തീരുമാനത്തിൽ എത്താൻ സാധിച്ചില്ല. 548-ൽ "യൂദിക്കാത്തും" എന്ന ഡിഗ്രിവഴി മൂന്നു അദ്ധ്യായങ്ങൾ ശപിച്ചു. പിന്നീട് ആ ഡിഗ്രി പിൻവലിച്ചു.

551-ൽ കേസറിയായിലെ മെത്രാനായിരുന്ന തെയഡോർ അബ്കി ദാസിന്റെ പ്രേരണയനുസരിച്ച് ജസ്റ്റീനിയൻ മൂന്ന് അദ്ധ്യായങ്ങൾ തിരസ്ക രിച്ചുകൊണ്ടുള്ള വിളംബരം പ്രസിദ്ധപ്പെടുത്തി. മാർപാപ്പായും ചക്രവർ ത്തിയും തമ്മിലുള്ള അഭിപ്രായവ്യത്യാസം അതിന്റെ പാരമ്യത്തിലെത്തി. വിജലിയൂസ് മാർപ്പാപ്പാ കോൺസ്റ്റാന്റിനോപ്പിളിലെ വി. പത്രോസിന്റെ ദേവാലയത്തിലും കാൽസഡണിലെ വി. യുഫേമിയായുടെ ദൈവാ ലയത്തിലും അഭയം പ്രാപിച്ചു. ഒടുവിൽ ചക്രവർത്തി സ്വന്തഇഷ്ടപ്രകാരം ഒരു കൗൺസിൽ വിളിച്ചുകൂട്ടി. കോൺസ്റ്റാന്റിനോപ്പിളിലെ പുതിയ പാത്രിയർ ക്കീസായിരുന്ന എവുറ്റിക്കോസ് അദ്ധ്യക്ഷതവഹിച്ചു. മൂന്ന് അദ്ധ്യായങ്ങൾ നിഷിദ്ധമാണെന്ന് കൗൺസിൽ പ്രഖ്യാപിച്ചു. കോൺസ്ത്തിത്തുത്തും എന്ന രേഖവഴി വിജലിയൂസ് മാർപാപ്പാ ഇതിനെ ശക്തിയായി എതിർത്തു.

www.malankaralibrary.com

ചക്രവർത്തി ഒരു വിധത്തിലും വഴങ്ങിയില്ല. മാർപാപ്പാ 553 ഡിസംബറിൽ കോൺസ്ത്തിത്തുത്തും പിൻവലിക്കുകയും ചെയ്തു, റോമിലേക്ക് മടങ്ങി പോകുമ്പോൾ അദ്ദേഹം മരണമടഞ്ഞു. 50 വർഷങ്ങൾക്കുശേഷം ഗ്രിഗറി ഒന്നാമൻ മാർപാപ്പാ 553-ലെ കൗൺസിൽ അംഗീകരിച്ചു. സഭാവിരുദ്ധമായി അതിലൊന്നുമില്ലെന്നായിരുന്നു മാർപാപ്പായുടെ അഭിപ്രായം. 165 മെത്രാന്മാർ ഈ സമ്മേളനത്തിൽ പങ്കെടുത്തു.

## 6. മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ

ഈ സൂനഹദോസ് നടക്കുമ്പോൾ അഗാത്തോ, ലെയോ രണ്ടാമൻ എന്നിവരായിരുന്നു മാർപാപ്പാമാർ. അന്നത്തെ ചക്രവർത്തി കോൺസ്റ്റന്റയിൽ നാലാമൻ.

680-ൽ നാലാം കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലത്ത് നടന്ന ഈ സൂനഹദോസ് മോണോത്തെലിസത്തിനെതിരായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഏകസ്വഭാവവാദം പുതിയ രൂപമെടുത്തതായിരുന്നു. മോണോത്താലിസം ക്രിസ്തുവിൽ ഒരു ഇച്ഛാശക്തിയും ഒരു പ്രവർത്തനവും മാത്രമേയുള്ളുവെന്ന ഒരു നൂതനസിദ്ധാന്തവുമായി കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായ സെർജിയൂസ് രംഗപ്രവേശം ചെയ്തു. ഇതിനെ പാത്രിയർക്കീസായിരുന്ന സൊഫ്റോണിയൂസ് ശക്തമായി എതിർത്തു. ഇത് സെർജിയൂസിന് സഹിക്കാൻ കഴിഞ്ഞില്ല. ഉടനെ അദ്ദേഹം ഹൊണേറിയൂസ് പാപ്പായെ (625-638) വിവരം ധരിപ്പിച്ചു. യഥാർത്ഥ പ്രശ്നം മനസ്സിലാക്കാതെ സെർജിയൂസിന് അനുകൂലമായ മറുപടി മാർപ്പാപ്പാ നല്കി. ഈ അംഗീകാരത്തിന്റെ ബലത്തിൽ സേർജിയൂസ് തന്റെ തത്വങ്ങൾ പ്രചരിപ്പിച്ചു. കോൺസ്റ്റാന്റിന്റെ പിൻഗാമിയായിരുന്ന കോൺസ്റ്റന്റൈൻ വ്യത്യസ്തമായ ഒരു നയം സ്വീകരിച്ചു ഒരു കൗൺസിൽ വിളിച്ചുകൂട്ടുവാൻ നിശ്ചയിച്ചു. അഗാത്താ പാപ്പായുടെ ലേഖനവും ലത്തീൻഗ്രീക്ക് പിതാക്കന്മാരുടെ നിഗമനങ്ങളും അടിസ്ഥാനപ്പെടുത്തി മിശിഹായ്ക്ക് രണ്ട് പ്രവർത്തനങ്ങളും രണ്ടു മനസ്സും ഉണ്ടെന്ന് കൗൺസിൽ പ്രഖ്യാപിച്ചു. മൊണാത്തലിസിന്റെ അനുഭാവികളെ സ്ഥാനഭ്രഷ്ടരാക്കി. പാപ്പായുടെ അംഗീകാരം മാത്രമേ ഈ സൂനഹദോസിന് ലഭിച്ചുള്ളു. 170-ഓളം മെത്രാന്മാർ പങ്കെടുത്തിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായ സെർജിയൂസ് അയച്ചതായി പറയപ്പെടുന്ന ഒരു കത്തിനെ അടിസ്ഥാനമാക്കി, ഈ കൗൺസിൽ ഹൊണേരിയൂസ് പാപ്പായെ ശാസിക്കുകയുണ്ടായി. സൂനഹദോസിന്റെ നിശ്ചയങ്ങൾ റോമിലെത്തുന്നതിന് മുൻപ് അഗാത്തോ ദിവംഗതനായി. അദ്ദേഹത്തിന്റെ പിൻഗാമി ലെയോ രണ്ടാമൻ അവയ്ക്കംഗീകാരം നല്കി. എങ്കിലും ഹൊണേരിയൂസ് പാപ്പായുടെ വ്യക്തിത്വത്തെ ശപിച്ചുകൊണ്ടുള്ള സൂനഹദോസിന്റെ നടപടി അദ്ദേഹം അംഗീകരിച്ചില്ല. എന്നാൽ ഹൊണേരിയൂസ് കാണിച്ച ഉദാസീനതയെ അങ്ങേയറ്റം അദ്ദേഹം അപലപിച്ചു.

www.malankaralibrary.com

## 7. രണ്ടാം നിക്യാ സൂനഹദോസ്

787-ൽ രണ്ടാം നിക്യാ സൂനഹദോസ് നടക്കുമ്പോൾ അഡ്രിയാൻ ഒന്നാമനായിരുന്നു മാർപ്പാപ്പാ. ചക്രവർത്തിനി ഇറാനെയും. സ്വരൂപ വണക്കത്തിനെതിരായി റോമൻ ഭരണാധികാരികളായ ലിയോ മൂന്നാമനും കോൺസ്റ്റന്റയിൻ അഞ്ചാമനും ചില നിയമങ്ങൾ നടപ്പാക്കി. പരസ്യവണക്കത്തിന് വച്ചിരുന്ന ചില തിരുസ്വരൂപങ്ങൾ തകർത്തു കളയുകയും ഒരു സൂനഹദോസ് വിളിച്ചുകൂട്ടി തിരുസ്വരൂപവണക്കത്തെ ഒരു വിഗ്രഹാരാധനയായി മുദ്രകുത്തുകയും ചെയ്തു. എന്നാൽ ഇവരുടെ പിൻഗാമികളായ നാലാം ലിയോ ചക്രവർത്തിയും ഇറാനെ ചക്രവർത്തിനിയും പ്രതിമാസ വണക്കത്തെ അനുകൂലിച്ചു. ചക്രവർത്തിനി 787-ൽ നിക്യായിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി സ്വരൂപ വണക്കം ഒരു ക്രിസ്തീയ ഭക്തിമുറയായി പ്രഖ്യാപിക്കുകയും ചെയ്തു. 308 മെത്രാന്മാർ പങ്കെടുത്തു. പോപ്പ് ഒന്നാം അഡ്രിയൻ പാപ്പായുടെ അനുമതിയും അംഗീകാരവുമുണ്ടായിരുന്നു. ദൈവത്തിന് അർപ്പിക്കുന്ന സ്തുതി ബഹുമാനങ്ങൾക്ക് ആരാധനയെന്നും, വിശുദ്ധർക്ക് ഇതിനെ വണക്കമെന്നും വ്യവഹരിച്ചു തുടങ്ങിയത് രണ്ടാം നിക്യാസൂനഹദോസ് മുതലാണ്. ഓർത്തഡോക്സുകൾ സാർവത്രിക സൂനഹദോസുകളായി പരിഗണിക്കുന്നതിൽ അവസാനത്തേതാണ് ഈ സൂനഹദോസ്.

## 8. കോൺസ്റ്റാന്റിനോപ്പോളിലെ നാലാം സാർവത്രിക സൂനഹദോസ്

ഈ സൂനഹദോസിലെ മാർപ്പാപ്പാ ആഡ്രിയാൻ നാലാമനും ചക്രവർത്തി ബേസിൽ ഒന്നാമനും ആയിരുന്നു. സഭയിലെ 8-ാമത്തെ സാർവത്രിക സൂനഹദോസാണ് ഇത്. കോൺസ്റ്റാന്റിനിപ്പോൾ പാത്രിയർക്കിസായിരുന്ന ഫോസിയൂസിനെ ഈ കൗൺസിൽ ശപിച്ചു തള്ളി. കാരണം നിഖ്യാ കോൺസ്റ്റാന്റിനോപ്പാൾ വിശ്വാസപ്രഖ്യാപനത്തിൽ പാശ്ചാത്യസഭ ഫീലിയോകൈ (അതായത് പിതാവിൽനിന്നും പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്നതുമാറ്റി പിതാവിൽനിന്നും പുത്രനിൽനിന്നു പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്ന്) കൂടിച്ചേർന്നതിനെ ഫോസിയൂസ് എതിർത്തു.

തെയഡോറരാജ്ഞിയുടെ മകൻ മൈക്കിൾ കുടിയനും ദുർമാർഗിയുമായിരുന്നു. അയാളുടെ ഉപദേശകനും അത്തരക്കാരനായിരുന്നു. ഇവരുടെ പല നീക്കത്തെയും സ്ഥലത്തെ പാട്രിയർക്ക് ഇഗ്നേഷ്യസ് എതിർത്തു. ബാർബാസും മൈക്കളും കോപാക്രാന്തരായി പാട്രിയർക്കിനെ നാനാപ്രകാരത്തിൽ ഉപദ്രവിച്ചു തുടങ്ങി. ഗത്യന്തരമില്ലാതെ വന്ന ഇഗ്നേഷ്യസ് സ്ഥാനം രാജിവച്ചു. ഈ സ്ഥാനത്താണ് ഫോസിയൂസ് അവരോധിക്കപ്പെട്ടത്. ഇത് സഭയിൽ പിളർപ്പിന് കാരണമായി. ഇരുപക്ഷക്കാരും പിളർപ്പ് അവ

www.malankaralibrary.com

സാനിപ്പിച്ച് സഭയിൽ ഐക്യം സ്ഥാപിക്കുന്നതിനായി 870-ൽ കോൺസ്റ്റാന്റിനോപ്പോളിൽ ഒരു പൊതുസൂനഹദോസ് കൂടി. ഫോസിയൂസ് സ്ഥാനം ഉപേക്ഷിക്കണമെന്നും ഇഗ്നേഷ്യസ് രാജിപിൻവലിച്ച് തൽസ്ഥാനത്ത് തുടരണമെന്നും ആവശ്യപ്പെട്ടു. 102 മെത്രാന്മാർ ഇതിൽപങ്കെടുത്തു. പൗരസ്ത്യദേശത്തു നടന്ന അവസാനത്തെ സൂനഹദോസാണിതു.

## 9. ഒന്നാംലാറ്ററൽ സൂനഹദോസ്

കലിസ്റ്റസ് രണ്ടാമൻ മാർപാപ്പായാണ് ഒന്നാം ലാറ്ററൽ കൗൺസിൽ വിളിച്ചുകൂട്ടിയത്. അന്നത്തെ ചക്രവർത്തി ഹെൻഡ്രി എട്ടാമനായിരുന്നു. ലാറ്ററിൻ കൊട്ടാരത്തിൽവച്ച് നടത്തപ്പെട്ട അഞ്ചുകൗൺസിലുകളെയും ലത്തീൻസഭ എക്യുമിനിക്കൽ കൗൺസിലുകളായിട്ടാണ് കരുതുന്നത്. ഇത് ഒമ്പതാമത്തെ എക്യുമിനിക്കൽ കൗൺസിലായി കരുതപ്പെടുന്നു. മെത്രാന്മാരെ വാഴിക്കുന്നതു സംബന്ധിച്ച് സഭയും ചക്രവർത്തിമാരും തമ്മിലുള്ള വിവാദങ്ങൾക്ക് പരിഹാരം കണ്ടത് ഈ കൗൺസിലാണ്. ഈ സൂനഹദോസിനെപ്പറ്റി ക്രിസ്തുമതവും ഭാരതവും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "രാഷ്ട്രീയാധികാരികൾ പലരും ക്രിസ്ത്യനുഗാമികളും സഭാസംരക്ഷകരുമായിത്തീർന്നത്, സഭയുടെ വളർച്ചയ്ക്കെന്നപോലെ തളർച്ചക്കും കാരണമായിട്ടുണ്ട്. മെത്രാന്മാരടക്കം സഭാധികാരികളെ നിയമിക്കുക അക്കാലത്തെ രാഷ്ട്രീയാധികാരികൾക്ക് ഒരു പതിവായിരുന്നു. ഇവരെല്ലാം തന്നെ അനർഹരും അയോഗ്യരുമായിരുന്നതിനും പുറമേ, തങ്ങളെ നിയമിച്ചാക്കിയ രാജാക്കന്മാരുടെ ആജ്ഞാനുവർത്തികളുമായിരുന്നു. ഇതിന് ഒരു അറുതി വരുത്താൻ 1123-ൽ കലസ്റ്റസ് രണ്ടാമൻ ലാറ്ററൽ ദേവാലയത്തിൽ വിളിച്ചുകൂട്ടിയ കൗൺസിൽ സഭാ-രാഷ്ട്രപ്രശ്നം ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു. മുന്നൂറിലേറെ മെത്രാന്മാരും അറുനൂറിലേറെ സഭാശ്രേഷ്ഠന്മാരും സമ്മേളനത്തിൽ പങ്കെടുത്തു."

## 10. രണ്ടാംലാറ്ററൽ സൂനഹദോസ്

ഇന്നസന്റ് രണ്ടാമൻ മാർപാപ്പായുടെ ഭരണകാലത്താണ് ഈ സൂനഹദോസ് നടക്കുന്നത്. അന്നത്തെ ചക്രവർത്തി കൊൺറാഡ് രണ്ടാമൻ ആയിരുന്നു 1139 ഏപ്രിൽ 2-ന് ലാറ്ററനിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. പാത്രിയർക്കീസുമാരും മെത്രാപ്പോലീത്തമാരും മെത്രാന്മാരും, ആബട്ടുമാരും അടക്കം 1000 പേർ സൂനഹദോസിൽ പങ്കെടുത്തു. അതിൽ വോട്ടവകാശം ഉണ്ടായിരുന്നത് 600 പേർക്കായിരുന്നു. കൊൺറാഡ് ചക്രവർത്തി സമ്മേളനത്തിൽ പങ്കെടുത്തു. ഇന്നസെന്റ് പാപ്പാ തന്നെ സൂനഹദോസിൽ അദ്ധ്യക്ഷ്യം വഹിച്ചു. ബ്രൂയിസിലെ പീറ്ററിന്റെ മനിക്കിയൻ സിദ്ധാന്ത സദൃശ്യമായ അബദ്ധോപദേശത്തെ ഈ സൂനഹദോസ് ശപിച്ചു.

ഈ സൂനഹദോസിന് മുൻപുള്ള ചരിത്രം ഒന്നു പരിശോധിക്കണം.

www.malankaralibrary.com

രണ്ടാം ഹൊണോരിയൂസ് പാപ്പായുടെ മരണത്തോടെ കർദ്ദനാൾ തിരുസംഘം കർദ്ദനാൾ ഗ്രിഗറിയെ (ഇന്നസെന്റ് രണ്ടാമൻ) പാപ്പായായി തിരഞ്ഞെടുത്തു. പല പാപ്പാ സ്ഥാനാർത്ഥികളും ഭഗ്നാശരായി. അവരിലൊരാളായ അനാക്ലീറ്റസ് രണ്ടാമൻ എന്നപേരിൽ പാപ്പാസ്ഥാനം ഏറ്റതായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന് വളരെ സ്വാധീനമുണ്ടായിരുന്നതുകൊണ്ട് ഇന്നസെന്റ് മാർപാപ്പാ ഫ്രാൻസിലേക്ക് ഓടി രക്ഷപെട്ടു. അനാക്ലീറ്റസ് പെട്ടെന്ന് മരിക്കുകയാൽ അദ്ദേഹത്തിന്റെ പിൻഗാമിയായി വിക്ടർ നാലാമൻ സ്ഥാനമേറ്റു. എന്നാൽ വിക്ടറും അനുയായികളും ഇന്നസന്റ് മാർപ്പാപ്പായ്ക്ക് കീഴ്വഴങ്ങി അദ്ദേഹത്തെ മാർപ്പാപ്പായായി അംഗീകരിച്ചു. ഭാവിയിൽ ഇമ്മാതിരിയുള്ള ശീശ്മകൾ ഉണ്ടാകാതിരിക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു രണ്ടാംലാറ്ററിൽ സൂനഹദോസ് വിളിച്ചു കൂട്ടിയത്.

## 11. മൂന്നാംലാറ്ററിൻ സൂനഹദോസ്

മൂന്നാം അലക്സാണ്ടർ മാർപ്പാപ്പായുടെ കാലത്താണ് ഈ സൂനഹദോസ് നടന്നത്. ഫ്രെഡറിക് ബർബറോസായിരുന്നു ചക്രവർത്തി. മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച് പ്രമാണരേഖകൾ തയ്യാറാക്കിയതാണ് ഈ സൂനഹദോസ്. ഹാഡ്രിയാൻ മാർപാപ്പാ ദിവംഗതനായപ്പോൾ പാപ്പാസ്ഥാനത്തിനുവേണ്ടി രണ്ടുപേർ തമ്മിൽ മത്സരം നടന്നു. നിയമാനുസരണം പാപ്പാസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത് അലക്സാണ്ടർ മൂന്നാമനായിരുന്നു. ചക്രവർത്തി ബർബറോസായ്ക്ക് അതിഷ്ടമായില്ല. അദ്ദേഹം പാവിയായിൽ സമ്മേളനം ചേർന്ന് വിക്ടർ നാലാമനെ മാർപ്പാപ്പായായി അവരോധിച്ചു. തൻനിമിത്തം പാപ്പായ്ക്ക് 16 കൊല്ലം വളരെ യാതന അനുഭവിക്കേണ്ടി വന്നു. ഈ സമയത്ത് അൽബിജൻസിയൽ പാഷാണ്ഡത ഫ്രാൻസിന്റെ തെക്കുഭാഗത്ത് ശക്തിപ്രാപിച്ചു. സഭാനിയമങ്ങൾ പലപ്പോഴും പലേടത്തും അവഗണിക്കപ്പെട്ടുവന്നു. ഇവയ്ക്കെല്ലാം ഒരു പരിഹാരമുണ്ടാക്കാനാണ് അലക്സാണ്ടർ പാപ്പാ ഒരു സൂനഹദോസ് വിളിച്ചുകൂട്ടിയത്. 300-ൽപരം മെത്രാന്മാർ സൂനഹദോസിൽ പങ്കെടുത്തു. അൽബിജിൻസിയൽ പാഷാണ്ഡത ശപിക്കപ്പെട്ടു. മൂന്നാംലാറ്ററൽ സൂനഹദോസ് നടക്കുന്നതിന് മുൻപുള്ള ചില വസ്തുതകൾ നാം അറിഞ്ഞിരിക്കേണ്ടതാണ്. സഭാരംഭത്തിലെ ലീനസ്, ക്ലീറ്റസ്, ക്ലമന്റ് തുടങ്ങിയ മാർപ്പാപ്പാമാർ നിയമിതരോ തിരഞ്ഞെടുക്കപ്പെട്ടവരോ എന്ന് വ്യക്തമല്ല. ഭരണം നടത്തുന്ന മാർപാപ്പാ തന്റെ പിൻഗാമിയെ നാമനിർദ്ദേശം ചെയ്തിട്ടുള്ള സംഭവങ്ങളുമുണ്ട്. അൽമായ വൈദിക പ്രതിനിധികളുടെ പൊതുഅഭിപ്രായത്തോടുകൂടിയും പാപ്പാ സ്ഥാനത്തേക്ക് ഉയർന്നു വന്നിട്ടുള്ളവരുണ്ട്. രാഷ്ട്രീയാധികാരികളുടെ സ്വാധീനവും നിയമനവും കൊണ്ടുമാത്രം മാർപാപ്പാ ആയിട്ടുള്ളവരുമുണ്ട്. 1059-ൽ രണ്ടാം നിക്കോളാസ് മാർപാപ്പായുടെ കാലത്ത് തെരഞ്ഞെടുപ്പിൽ ചക്രവർത്തിമാരുടെ കൈകടത്തൽ നിലച്ചു. അൽമായരുടെയും വൈദികരു

www.malankaralibrary.com

ടെയും അംഗീകാരത്തോടുകൂടി കർദ്ദനാളന്മാർമാത്രം മാർപാപ്പായെ തിരഞ്ഞെടുക്കുന്ന രീതി പ്രാബല്യത്തിൽ വന്നു. അന്ന് ഭൂരിപക്ഷം കിട്ടുന്ന ആൾ തിരഞ്ഞെടുക്കപ്പെടുകയായിരുന്നു പതിവ്. മൂന്നാംലാറ്ററൽ കോൺഫറൻസാണ് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിയമം കൊണ്ടുവന്നത്.

## 12. ലാറ്ററൻസ് നാല്

ലാറ്ററൽ നാല് സൂനഹദോസ് നടക്കുന്നത് ഇന്നസന്റ് 3-ാമൻ മാർപാപ്പായുടെ കാലത്താണ്. അന്നത്തെ ചക്രവർത്തി ഓട്ടോ നാലാമൻ. 412 മെത്രാന്മാരും 800 സന്യാസാശ്രമാധിപന്മാരുടെയും സാന്നിദ്ധ്യത്തിൽ കൗൺസിൽ ആരംഭിച്ചു. അലക്സാണ്ട്രിയായിലെയും അന്ത്യോക്യായിലെയും പാത്രിയർക്കീസുമാരുടെ പ്രതിനിധികളുമുണ്ടായിരുന്നു. പാശ്ചാത്യസഭയിലെ എല്ലാ ഭാഗത്തുനിന്നും ഉള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു. എന്നാൽ പൗരസ്ത്യ സഭകളിൽ ഗ്രീക്കുസഭ ഉൾപ്പെടെയുള്ള മറ്റു പൗരസ്ത്യസഭകളുടെ പ്രതിനിധികളുണ്ടായിരുന്നില്ല. മൂന്നുസമ്മേളനങ്ങളിലായി 70 കാനോനുകൾ പാസ്സാക്കി റോമിൽ കേന്ദ്രീകൃതമായ ഒരു ഭരണകൂടത്തിന് രൂപം കൊടുക്കുന്നതിനും റോമനാധിപത്യം സ്ഥാപിക്കുന്നതിനും ഉതകുന്നതായിരുന്നു ഇതിലെ കാനോനുകൾ. വി. കുർബ്ബാനയിലെ വസ്തുഭേദം എന്നതിൽ ഔദ്യോഗികാംഗീകാരം നൽകിയത് ഈ കൗൺസിലാണ്. ഇതിലെ 21-ാം കാനോൻ ആണ്ടു കുമ്പസാരത്തിനും കുർബ്ബാന സ്വീകരണത്തിനും എല്ലാവിശ്വാസികളെയും കടപ്പെടുത്തി.

മഹമ്മദീയരുടെ അധീനതയിലായിരുന്ന വിശുദ്ധ സ്ഥലങ്ങൾ വീണ്ടെടുക്കുന്നതിന് ഒരു കുരിശുയുദ്ധം ആരംഭിക്കുന്നതിനു തന്നെ ഇന്നസന്റ് മാർപാപ്പാ നിശ്ചയിച്ചു. അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭരണകാലത്തെ പ്രധാനസംഭവം നാലാംലാറ്ററൽ സൂനഹദോസ് വിളിച്ചുകൂട്ടിയതാണ്. വി. ഫ്രാൻസീസ് അസീസി ഈ സൂനഹദോസിൽ പങ്കെടുത്ത് ഫ്രാൻസിസ്കൻ സഭയുടെ നിയമാവലി അംഗീകരിക്കുകയും ചെയ്തു. റീത്തുകളുടെ ഉച്ചനീചത്വങ്ങൾക്കെതിരായി നിയമങ്ങൾ ഉണ്ടാക്കി. യുദ്ധത്തിൽ പങ്കെടുക്കുന്നവർക്ക് ദണ്ഡവിമോചനങ്ങൾ നല്കുകയും ചെയ്തു.

## 13. ഒന്നാംലിയോൺസ് കൗൺസിൽ

സെലസ്റ്റിൻ മാർപാപ്പാ 115 ദിവസം മാത്രമായിരുന്നു ഭരണം നടത്തിയത്. തുടർന്ന് പുതിയ പാപ്പായെ തിരഞ്ഞെടുക്കുവാൻ ഇരുപതുമാസങ്ങൾ വേണ്ടിവന്നു. ഫ്രെഡറിക് രണ്ടാമൻ ബാർബറോസ്സാ തടവിലാക്കിയിരുന്ന കർദ്ദനാളന്മാരെ ഫ്രാൻസിലെ ലൂയിസ് ഒമ്പതാമന്റെ പ്രേരണയ്ക്കനുസരിച്ച് വിട്ടയക്കുന്നതുവരെ പുതിയ മാർപാപ്പായെ തിരഞ്ഞെടുക്കുവാൻ സാധിച്ചില്ല. ഇന്നസന്റ് നാലാമന്റെ തിരഞ്ഞെടുപ്പ് 1243-ൽ നടന്നു. ചക്രവർത്തിയുമായി

www.malankaralibrary.com

അഭിപ്രായവ്യത്യാസം ഉണ്ടായതിനെ തുടർന്ന് പാപ്പായെ അറസ്റ്റു ചെയ്യുവാൻ നടപടി തുടങ്ങി. മാർപ്പാപ്പാ ആദ്യം ജനീവായിലേക്കും അവിടെ നിന്ന് ഫ്രാൻസിലേക്കും ഓടിരക്ഷപെട്ടു. ഒരു സാർവ്വത്രിക സൂനഹദോസിന് മാർപാപ്പാ മെത്രാന്മാരെ ക്ഷണിച്ചു.

1245 ജൂൺ 26-ന് മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സൂനഹദോസിൽ മൂന്നു പാത്രിയർക്കീസുമാരും ഇരുന്നൂറോളം മെത്രാന്മാരും ആബട്ടുമാരും ഫ്രാൻസിലെ ലൂയീസ് രാജാവും ബാൾഡ്വിൻ രണ്ടാമൻ ചക്രവർത്തിയും സൂനഹദോസിൽ പങ്കെടുത്തു. മാർപാപ്പായുമായി കലഹിച്ച ചക്രവർത്തി ഫെഡറിക്കിനെ സൂനഹദോസ് സഭാഭ്രഷ്ടനാക്കി.

## 14. ലയൺസിലെ രണ്ടാംസൂനഹദോസ്

പോപ്പ് ഗ്രഗറി പത്താമൻ 14-ാമത് സാർവത്രിക സൂനഹദോസ് 1274-ൽ ലയൺസിൽ വിളിച്ചുകൂട്ടി. കോൺസ്റ്റാന്റിനേപ്പാളിലെയും അന്ത്യോക്യായിലെയും പാത്രിയർക്കീസുമാരും 15 കർദ്ദനാളന്മാരും മെത്രാന്മാരും വി. ആൽബർട്ട്, വി. റബാനവെഞ്ചൂർ മുതലായി ആയിരത്തിൽപരം ഉന്നത വ്യക്തികളും ഗ്രീക്കുസഭയുടെ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു. സൂനഹദോസിൽ പങ്കെടുക്കാൻ വി. തോമസ് അകിനാസ് ലയൺസിലേക്ക് വരുന്നവഴി 1274 മാർച്ച് ഹോസ്സോന്നുവായിൽവച്ച് നിര്യാതനായി. വിശുദ്ധനാടുകളിലെ പരിതോവസ്ഥകൾ, വിഘടിതമായ ഗ്രീക്കുസഭ, അച്ചടക്ക നടപടികൾ എന്നിവയാണ് പ്രധാനമായും ചർച്ച ചെയ്തത്. പ്രധാനമായും രണ്ടുതീരുമാനങ്ങളാണ് സമ്മേളനം എടുത്തത്. പേപ്പൽ തിരഞ്ഞെടുപ്പിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ കൊണ്ടുവന്ന നിയമങ്ങളാണ് ഒന്ന്. 34 മാസങ്ങൾ തുടർച്ചയായി പേപ്പൽസിംഹാസനം ഒഴിവായി കിടന്നിട്ടുണ്ട്. അതിന് ഒരു അറുതി വരുത്തുവാനുള്ള നിയമങ്ങൾ ഉണ്ടാക്കി.

പുതിയ സന്യാസസഭകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള നിരോധന കല്പനയാണ് മറ്റൊന്ന്. ഡൊമിനിക്കൻ സഭയും ഫ്രാൻസിസ്കൻ സഭയും കൈവരിച്ച നേട്ടങ്ങൾ നിരവധി സന്യാസസഭകൾ രൂപം കൊള്ളുന്നതിന് ഇടനല്കി. അങ്ങനെ പല ചെറിയ സന്യാസസമൂഹങ്ങളും ഉയർന്നു വന്നു. ഇത് സന്യാസികളും സന്യാസി ഇതരരും തമ്മിൽ ഒരു ശത്രുതയുണ്ടാക്കുന്നതിന് ഇട നല്കി. അതിനാൽ കൗൺസിലിൽ സംബന്ധിച്ച പിതാക്കന്മാർ ഡൊമിനിക്കൻ സഭയും ഫ്രാൻസിസ്കൻ സഭയും ഒഴികെയുള്ള സന്യാസ സഭകൾ നിറുത്തൽ ചെയ്യാൻ തീരുമാനിച്ചു. കൂടുതൽ അന്വേഷണത്തിനു വേണ്ടി അഗസ്റ്റിനിയൻ സഭയേയും കർമ്മലീത്താ സഭയേയും സംബന്ധിച്ച തീരുമാനം മാറ്റി വയ്ക്കുകയും ചെയ്തു.

## 15. വിയെന്ന കൗൺസിൽ

ബനഡിക്ട് പതിനൊന്നാമൻ ദിവംഗതനായി പതിനൊന്നുമാസം കഴി

www.malankaralibrary.com

ഞ്ഞാണ് അഞ്ചാം ക്ലമന്റ് മാർപാപ്പാ തിരഞ്ഞെടുക്കപ്പെട്ടത്. 1311-ൽ തെക്കൻ ഫ്രാൻസിലെ വിയെൻ നഗരത്തിൽ വിളിച്ചു കൂട്ടിയ ഈ കൗൺസിൽ ആണ് നൈറ്റ്സ് ഓഫ് റ്റെംപ്ളാർഡ് എന്ന സന്യാസ സമൂഹത്തെ നിരോധിച്ചത്. സൈനികസേവനം അനുഷ്ഠിക്കുന്ന സന്യാസികളായിരുന്നു ഇവർ. ഫ്രാൻസിലെ രാജാവായിരുന്ന ഫിലിപ്പ് നാലാമന്റെ നിർബന്ധപ്രകാരമാണ് ഈ നിരോധനം ഏർപ്പെടുത്തിയത്. ഈശോയുടെ പാർശ്വത്തിലെ മുറിവിൽ നിന്നാണ് സഭ ജന്മമെടുത്തതെന്ന് പ്രബോധിപ്പിച്ച ഈ കൗൺസിൽ മനുഷ്യാത്മാവിനെ ശരീരത്തിന്റെ സർഗ്ഗശക്തി എന്നും നിർവചിച്ചു. ഫ്രാൻസിലെ ഫിലിപ്പു രാജാവുമായി ലോഹ്യത്തിൽ കഴിയാൻ ശ്രമിച്ചതുകൊണ്ട് മാർപ്പാപ്പാ പല കാര്യങ്ങളിലും വിട്ടുവീഴ്ചകാട്ടി. അതോടെ രാഷ്ട്രീയാധികാരികളുടെ അനാവശ്യമായ കൈകടത്തലുകളും ഉണ്ടായി. രാജാവിന്റെ ആശ്രിതനായിത്തീർന്ന മാർപാപ്പാ ടെംബ്ളേസ് മാടമ്പികളുടെ സഭ നിർത്തലാക്കുവാൻ തീരുമാനിച്ചത് ഈ സാഹചര്യത്തിലാണ്.

ഈ സൂനഹദോസിൽ 20 കർദ്ദിനാൾമാരും പാത്രിയർക്കീസുമാരും 29 മെത്രാപ്പോലീത്താമാരും 79 മെത്രാന്മാരും 38 ആബട്ടുമാരും സംബന്ധിച്ചു. എട്ടാമൻ ബോനിഫസ് മാർപ്പാപ്പാ പാപ്പയാണെന്ന് ഈ കൗൺസിൽ പ്രഖ്യാപിച്ചു സാന്മാർഗ്ഗിക നവീകരണത്തിനായി പല ഡിക്രികളും ഉണ്ടായി.

ഈ കൗൺസിൽ വിളിച്ചുകൂട്ടുന്നതിനുമുൻപ് ഫിലിപ്പ് രാജാവ് മാർപ്പാപ്പായുടെമേൽ പല സമ്മർദ്ദങ്ങളും പ്രയോഗിച്ചു നോക്കി. എല്ലാ വിശ്വാസികളും രാജാവും പ്രജയും - പാപ്പായുടെ പരമാധികാരത്തിന് കീഴിലാണെന്ന് ഡിക്രിയുണ്ടാക്കിയ എട്ടാം ബോനിഫസ് മാർപ്പാപ്പായെ ശപിക്കണമെന്ന് രാജാവ് ആവശ്യപ്പെട്ടു. ജനങ്ങളുടെ സമ്മർദ്ദംകൊണ്ട് ആ ആവശ്യത്തിൽനിന്നും ബനഡിക്ട് മാർപാപ്പാ വിജയപൂർവ്വം പിന്മാറി. വിയെന്നാ സൂനഹദോസിൽ ബോനിഫസ് എട്ടാം മാർപാപ്പാ നിയമാനുസരണം തിരഞ്ഞെടുക്കപ്പെട്ട പാപ്പായാണെന്ന് പ്രഖ്യാപിച്ചത് പാപ്പായുടെ ഒരു വൻവിജയമായിരുന്നു.

ഇടവക വികാരിയുടെ പ്രത്യേകവും പ്രകടവുമായ അനുമതികൂടാതെ സന്യാസ വൈദികർ പൊതുജനങ്ങൾക്ക് അന്ത്യകൂദാശകൾ കൊടുക്കുകയോ അവർക്കുവേണ്ടി മറ്റു തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുകയോ ചെയ്തുകൂടെന്നും ഇടവക ദേവാലയങ്ങളിൽ നടക്കുന്ന യാതൊരു പരിപാടിയും ആശ്രമ ദേവാലയങ്ങളിൽ നടത്തിക്കൂടെന്നും നിയമമുണ്ടാക്കിയതും വൈദിക വിദ്യാർത്ഥികൾക്ക് വിവിധ പട്ടങ്ങൾ സ്വീകരിക്കുന്നതിനുള്ള പ്രായം നിശ്ചയിച്ചതും ഈ സൂനഹദോസാണ്.

## 16. കോൺസ്റ്റൻസ് സൂനഹദോസ്

1414 നവംബർ 5 മുതൽ 1418 ഏപ്രിൽ 22 വരെയാണ് ഈ സൂനഹദോസ് നടന്നത്. ഇക്കാലത്ത് മാർപാപ്പാമാർ ഗ്രിഗറി 12-ാമനും മാർട്ടിൻ 5-ാമനും

www.malankaralibrary.com

ആയിരുന്നു. ചക്രവർത്തി സിജീസ്മൺഡു.

ഏകകാലത്ത് പല മാർപാപ്പാമാരും തന്മൂലമുണ്ടായ സംഘട്ടനങ്ങൾ ആണ് കോൺസ്റ്റൻസ് സൂനഹദോസിന്റെ പശ്ചാത്തലം. ക്രിസ്തുമതവും ഭാരതവും എന്ന ഗ്രന്ഥത്തിൽ (പേജ് 235) ഈ സൂനഹദോസിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. “പതിനഞ്ചാം നൂറ്റാണ്ടിന്റെ പ്രഭാതം സഭാചരിത്രത്തെ സംബന്ധിച്ചിടത്തോളം ഇരുളു നിറഞ്ഞതായിരുന്നു. ഒരു പന്ത്രണ്ടാം ഗ്രിഗറിയും ഒരു ബനഡിക്ട് പതിമൂന്നാമനും മാർപ്പാപ്പാമാരായി പ്രത്യക്ഷപ്പെട്ടു. ഈ സന്നിഗ്ദ്ധാവസ്ഥയ്ക്ക് വിരാമമിടുവാൻ വേണ്ടി കർദ്ദനാളന്മാർ 1409 ൽ പിസായിൽ സമ്മേളിച്ച് മൂന്നാമതൊരാളെ തിരഞ്ഞെടുത്തു. അലക്സാണ്ടർ അഞ്ചാമൻ. പക്ഷേ ആദ്യത്തെ ഇരുവരും മൂന്നാമനെ അംഗീകരിച്ചില്ല. തങ്ങളുടെ സ്ഥാനമൊട്ട് ഉപേക്ഷിച്ചുമില്ല. രണ്ടുമൂന്നു മാസത്തിനകം അലക്സാണ്ടർ മരിക്കുകയും കർദ്ദനാളന്മാർ ജോൺ 23 എന്ന പേരിൽ വേറൊരാളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇപ്പോഴും ഓരോരുത്തരും സ്വന്തം നിലപാട് സാധൂകരിക്കുകയും മറ്റിരുവരും രാജിവയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അതിരൂക്ഷമായ സഭാന്തര കലഹങ്ങൾ എങ്ങനെയെങ്കിലും നീക്കണമെന്ന് കരുതിയ ജർമ്മനിയിലെ സിജീസ് മണ്ടു ചക്രവർത്തി ജോൺ പാപ്പായെ സമീപിച്ചു ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. കോൺസ്റ്റാൻഡിൽ ആരംഭിച്ച ഈ സൂനഹദോസ് 23-ാം യോഹന്നാൻ മാർപാപ്പാതന്നെ ഉദ്ഘാടനം ചെയ്തു. കർദ്ദനാളന്മാർ - മെത്രാന്മാരടക്കം- പല ഉന്നത വ്യക്തികൾ - പങ്കുകൊണ്ട സമ്മേളനത്തിന്റെ ചർച്ച നാലുകൊല്ലം നീണ്ടുനിന്നു. പരസ്പരം മല്ലടിച്ചു നിൽക്കുന്ന മൂന്നുപേരെയും വിട്ട് നാലാമതൊരാളെ മാർട്ടിൻ അഞ്ചാമൻ - തിരഞ്ഞെടുത്തു വാഴിച്ചു. അഞ്ചു വർഷത്തിലൊരിക്കൽ പൊതുസൂനഹദോസ് കൂടണമെന്ന തീരുമാനം ഈ കൗൺസിൽ എടുത്തു.

ഈ കൗൺസിൽ വിക്ലിഫിനെയും ഹസ്സിനെയും ശപിച്ചു. സാർവത്രിക സൂനഹദോസിന് പാപ്പായേക്കാൾ അധികാരമുണ്ടെന്ന് ഒരു തീരുമാനവും എടുത്തു. 1974-ൽ റവ. ഡോ. സേവ്യർ കൂടപ്പുഴ ചീഫ് എഡിറ്ററായി പ്രസിദ്ധീകരിച്ച തിരുസഭാ ചരിത്രത്തിൽ കോൺസ്റ്റൻസിലെ കൗൺസിലിനെപ്പറ്റി (487 പേജ്) ഇപ്രകാരം എഴുതിയിരിക്കുന്നു.

“രൂപത്തിലും ഭാവത്തിലും നേട്ടങ്ങളിലും കോട്ടങ്ങളിലും പ്രത്യേകം എടുത്തു പറയത്തക്ക ഒരു സൂനഹദോസായിരുന്നു കോൺസ്റ്റൻസിലേത്. അതിന്റെ അമ്പത്തിരണ്ടോളം സമ്മേളനങ്ങൾ നടന്നത് മൂന്നര വർഷങ്ങൾകൊണ്ടാണ്. 20 കർദ്ദനാളന്മാരും 186 മെത്രാന്മാരും നൂറോളം സന്യാസസഭാശ്രേഷ്ഠന്മാരും ദൈവശാസ്ത്രപണ്ഡിതന്മാരും നിയമപണ്ഡിതരുംകൂടി ഏകദേശം 300 പേർ ഇതിന്റെ പ്രധാന സമ്മേളനത്തിൽ പങ്കെടുത്തു.

അതൊരു വിപ്ലവകരമായ സമ്മേളനമായിരുന്നതിനാൽ അതിന്റെ നിശ്ച

www.malankaralibrary.com

യങ്ങളുടെ സാധുതയെപ്പറ്റി ചില ചോദ്യങ്ങൾ ഇന്നും അവശേഷിക്കുന്നുണ്ട്. സിജീസ്മുണ്ട്, ഗേർസൺ, ദെഐലി എന്നിവരായിരുന്നു ഇതിൽ നടുനായകത്വം വഹിച്ചിരുന്നത്. ഭിന്നതയ്ക്ക് അന്ത്യം കുറിക്കുക, പാഷാണ്ഡത വേരോടെ പറിച്ചു മാറ്റുക, സഭയെ സമ്പൂർണ്ണമായി നവീകരിക്കുക എന്നീ മൂന്ന് ഉദ്ദേശങ്ങളാണ് കൗൺസിലിന് പ്രത്യക്ഷമായി സാധിക്കേണ്ടിയിരുന്നത്.

വോട്ടെടുപ്പ് നടക്കുമ്പോൾ ഭൂരിപക്ഷത്തെ നിയന്ത്രിക്കുന്നതിനായി തന്നോട് വിശ്വസ്തത കാണിച്ചിരുന്ന ഒരു കൂട്ടം ഇറ്റാലിയൻ മെത്രാന്മാരെ ജോൺ പാപ്പാകൊണ്ടുവന്നിട്ടുണ്ടായിരുന്നു. പീസാ കൗൺസിലിനെ സ്ഥിരീകരിക്കുക എന്നതിലേറെ മുന്ന് പാപ്പാമാരുടെയും മേൽ ഒരുപോലെ നടപടി സ്വീകരിക്കുക എന്നതായിരുന്നു പൊതുവേ പൊന്തിവന്ന അഭിപ്രായം. ഇറ്റാലിയൻ ആധിപത്യം തന്ത്രപരമായി ഉറപ്പിക്കുന്നതിന് പര്യാപ്തമാകത്തക്കവണ്ണം ഒരു പ്രത്യേകവിധ വോട്ടെടുപ്പ് സമ്പ്രദായമാണ് ഇറ്റലിക്കാരായ മെത്രാന്മാർ സ്വീകരിച്ചത്. അതനുസരിച്ച് ഓരോ രാജ്യത്തിനും വേണ്ടി പ്രതി പുരുഷന്മാർ വോട്ടു ചെയ്യുക, ഇംഗ്ലീഷ്, ഫ്രഞ്ച്, ഇറ്റലി എന്നീ രാജ്യങ്ങളിലെ പ്രതിപുരുഷന്മാരായിരിക്കും പ്ലീനറി കൗൺസിലിൽ വോട്ടു രേഖപ്പെടുത്തുക. ഗണ്യമായ ചാഞ്ചല്യത്തിനുശേഷം സമ്മേളനം ശിഥിലമാകുമെന്ന പ്രത്യാശയിൽ പോപ്പ് ജോൺ 23-ാമൻ വേഷപ്രച്ഛന്നനായി രക്ഷപെട്ടു. അദ്ദേഹം ഈ ശ്രമത്തിൽ ഏറെക്കുറെ വിജയിക്കുകയും ചെയ്തു. പാപ്പായ്ക്കെതിരായി ഉയർന്നുവന്ന ശബ്ദമായ കോലാഹലങ്ങളെ അണിനിരത്തിക്കൊണ്ട് കൗൺസിൽ പിതാക്കന്മാർ അഞ്ചു ഡിക്രികൾ പാസ്സാക്കി കൗൺസിലിന് പോപ്പിന്റെ മേലുള്ള മേധാവിത്വത്തെയും അവരുടെ അധികാരത്തെയും നിയമമാക്കിക്കൊണ്ടുള്ള പ്രസ്തുത ഡിക്രികൾ 'കോൺസ്റ്റൻസിന്റെ ആർട്ടിക്കിൾ' എന്ന പേരിൽ അറിയപ്പെടുന്നു. സിജീസ് മുണ്ടിന്റെ സൈന്യം പോപ്പ്ജോണിനെ പിന്തുടരുകയും അദ്ദേഹത്തെ പിടിച്ച് ജയിലിലടക്കുകയും ചെയ്തു. സ്വയം നീതീകരിക്കുവാൻ ശ്രമിക്കാതെ പോപ്പ് ജോൺ കൗൺസിൽ തീരുമാനത്തെ അംഗീകരിച്ചു.

തന്റെ പേരിലൊരു സൂനഹദോസ് വിളിച്ചുകൂട്ടണമെന്ന കാര്യം അംഗീകരിക്കപ്പെട്ടതിനുശേഷം ഗ്രിഗറി പന്ത്രണ്ടാമൻ സ്ഥാനം രാജിവച്ചു. എന്നാൽ ബനഡിക്ട് പതിമൂന്നാമൻ തന്റെ നിലപാടിൽ മാറ്റമൊന്നും വരുത്തിയില്ല. നിരന്തരമായ പലേ പരിശ്രമങ്ങളും നടന്നു. സ്പെയിനിലെ രാജാക്കന്മാർ സഹായവും പിൻവലിച്ചു. ദീർഘമായ പരിചിന്തനത്തിനുശേഷം 1417 ജൂലൈ മാസത്തിൽ കള്ളസത്യം, പാഷാണ്ഡത, സഭാ പിളർപ്പ്, എന്നീ കുറ്റങ്ങൾ ആരോപിച്ചു ബനഡിക്ട് പതിമൂന്നാമനെ പാപ്പാ സ്ഥാനത്തുനിന്നും നീക്കം ചെയ്തു. അതേ വർഷം നവംബറിൽ മാർട്ടിൻ അഞ്ചാമനെ പാപ്പായായി കർദ്ദനാളന്മാർ തിരഞ്ഞെടുത്തു.

www.malankaralibrary.com

## 17. ഫ്ളോറൻസ് സൂനഹദോസ്

ഏഴുവർഷക്കാലം നീണ്ടുനിന്നതും ഫ്ളോറൻസ് സമ്മേളനം എന്ന് അറിയപ്പെടുന്നതുമായ ഈ സമ്മേളനം മൂന്നു കേന്ദ്രങ്ങളിൽ വച്ചാണ് നടന്നത്. 1438-39 വരെ ഫെറാറായിലും 1439-43 വരെ ഫ്ളോറൻസിലും 1443 മുതൽ 45 വരെ റോമിലുമാണ് ഈ കൗൺസിൽ സമ്മേളിച്ചത്.

ഈ കാലഘട്ടത്തിൽ തുർക്കികളുടെ ആക്രമണം ഭയന്ന് ഗ്രീക്കുസഭ റോമിന്റെ സഹായം അഭ്യർത്ഥിച്ചിരുന്നു. ഈ അവസരം ഗ്രീക്ക് സഭയെ ചില കാര്യങ്ങൾ അംഗീകരിപ്പിക്കുവാനുള്ള അവസരമായി റോം കണ്ടു. പക്ഷേ ആ ശ്രമം പരാജയപ്പെട്ടു. 1438 ജനുവരി 8-ാം തീയതി ഫെറാറായിൽ എവുജെനിയൂസ് നാലാമൻ പാപ്പായാണ് കൗൺസിൽ ഔദ്യോഗികമായി ആരംഭിച്ചത്. ഗ്രീസിലെ ചക്രവർത്തിയും കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസുമൊക്കെ സംബന്ധിച്ചിരുന്ന ഈ സമ്മേളനത്തിൽവച്ചാണ് 1439 ജൂലൈ 5-ാം തീയതി റോമുമായുള്ള ഐക്യ ഉടമ്പടി ഒപ്പുവയ്ക്കപ്പെട്ടത്. കൗൺസിൽ സമ്മേളനത്തിനുള്ള ചെലവ് വഹിക്കാൻ മാർപ്പാപ്പാ പ്രയാസപ്പെട്ട അവസരത്തിൽ ഫ്ളോറൻസുകാർ സഹായവാഗ്ദാനം ചെയ്തതിനാൽ 1439 ഫെബ്രുവരി 6-ന് സമ്മേളനം ഫ്ളോറൻസിലേക്ക് മാറ്റി. 1443-ൽ ബാസൽ കൗൺസിലിൽ പങ്കെടുത്തവരെ പാഷാണ്ഡികളായി മുദ്രകുത്തുകയും ഭ്രഷ്ട് കൽപ്പിക്കുകയും ചെയ്തു. ഏപ്രിൽ 20 ന് കൗൺസിലിനു മേൽ പാപ്പായ്ക്കുള്ള അധികാരം അംഗീകരിക്കപ്പെട്ടു. 1442-ൽ എത്യോപ്യൻസുമായും ഈജിപ്തിലെ കോപ്റ്റിക് സഭയുമായും ഐക്യപ്പെട്ടു. 1943 ൽ കൗൺസിൽ സമ്മേളനം റോമിലേക്ക് മാറ്റി. 1444-ൽ സിറിയൻസുമായും കൽദായക്കാരുമായും മാറോനീത്താക്കാരുമായും പുനരൈക്യ ഉടമ്പടിയിൽ ഒപ്പുവയ്ക്കപ്പെട്ടു. സഭയുടെ കൂദാശകൾ ഏഴെണ്ണമാണെന്നും കൂദാശയുടെ കർമ്മസാധനവും കർമ്മരൂപവും കൂദാശ പരികർമ്മ ചെയ്യുന്ന വൈദികന്റെ ലക്ഷ്യവും കൂദാശയുടെ സാധുതയ്ക്ക് ആവശ്യമാണെന്നും തീരുമാനിക്കപ്പെട്ടു. സഭൈക്യ ശ്രമങ്ങൾക്കായുള്ള പ്രമാണവും തത്ത്വവും രൂപീകരിക്കപ്പെട്ടുവെന്നതിനാൽ ഈ കൗൺസിൽ ശ്രദ്ധേയമായിത്തീർന്നു.

പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നുവെന്നും വി. കുർബ്ബാനയ്ക്ക് പുളിച്ചതോ പുളിക്കാത്തതോ ആയ അപ്പവും വീഞ്ഞും മുറയനുസരിച്ച് ഉപയോഗിക്കാമെന്നും ശുദ്ധീകരണ സ്ഥലത്തിൽ പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷ അനുഭവിക്കുന്ന ആത്മാക്കളെ നമ്മുടെ പ്രാർത്ഥനകൊണ്ടും മറ്റും സഹായിക്കാമെന്നും മാരകപാപത്തിന്റെ ശിക്ഷ നിത്യനരകമാണെന്നും റോമാ മാർപ്പാപ്പാ പത്രോസിന്റെ പിൻഗാമിയും സാർവത്രിക സഭയുടെ തലവനും പ്രബോധകനുമാണെന്നും കൗൺസിൽ പ്രഖ്യാപനം ചെയ്തു. പക്ഷെ ചിലർ എതിർത്തു നിന്നു. പുനരൈക്യം ശാശ്വതമായില്ല.

www.malankaralibrary.com

## 18 അഞ്ചാം ലാറ്ററൻ സുന്നഹദോസ്

ജൂലിയസ് രണ്ടാമൻ മാർപാപ്പ ആരംഭിച്ച സുന്നഹദോസ് ലെയോ 10-മന്റെ കാലത്താണ് സമാപിച്ചത്.ചക്രവർത്തി മാക്സ് മില്യൻ ആയിരുന്നു. അഞ്ചുവർഷത്തിലൊരിക്കൽ പൊതുസുന്നഹദോസ് കൂടണമെന്ന കോൺസ്റ്റാൻസ് കൗൺസിലിന്റെ തീരുമാനം 73 വർഷത്തേക്ക് നടക്കാതെ പോയി. സഭാന്തരീക്ഷം ശാന്തമായപ്പോൾ 1512-ൽ ജൂലിയസ് രണ്ടാമൻ മാർപാപ്പ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. മാർപാപ്പയ്ക്കുപരിയാണ് കൗൺസിൽ എന്ന് സ്ഥാപിപ്പാൻ ഉള്ള ശ്രമങ്ങൾ പല തവണ നടന്നിട്ടുണ്ട്. അങ്ങനെയൊരു തീരുമാനം പാസാക്കാൻ റോമിലെ മാക്സ്മില്യൻ ചക്രവർത്തിയും ഫ്രാൻസിലെ 12-ാം ലൂയി രാജാവും ചേർന്ന് വിളിച്ചുകൂട്ടിയ കൗൺസിൽ എടുത്തിരുന്നു. ഈ അനധികൃത കൗൺസിലിനെതിരായി 1512 മേയ് 3-ാംതിയതി മാർപ്പാപ്പ ഒരു സാർവത്രിക സുന്നഹദോസ് വിളിച്ചുകൂട്ടി. പീസാ കൗൺസിലിനെതിരായി മാർപ്പാപ്പ സ്വീകരിച്ച ശിക്ഷണനടപടികൾ സമ്മേളനം അംഗീകരിച്ചു. ഫ്രാൻസിൽ മെത്രാൻമാരെ നിയമിക്കാൻ പാപ്പായ്ക്കവകാശമില്ലെന്ന് വാദിച്ചുകൊണ്ട് 1438-ൽ ഫ്രാൻസിലെ ഏഴാം ചാൾസ് രാജാവ് പ്രസിദ്ധപ്പെടുത്തിയ ഡിക്രിയും തിരസ്കരിക്കപ്പെട്ടു.

ജൂലിയസ് പാപ്പാ 1513 ഫെബ്രുവരി 21-ന് നിര്യാതനായി തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട ലെയോ പത്താമൻ മാർപാപ്പയാണ് പിന്നീട് നടന്ന സമ്മേളനങ്ങൾക്ക് നേതൃത്വം നൽകിയത് .സുന്നഹദോസിൽ മൊത്തം 12 സമ്മേളനങ്ങൾ നടന്നു തീരുമാനങ്ങളിലധികവും ഭരണപരവും സഭാപരവുമാണ്. സഭയിൽ ഉരുണ്ടുകൂടിയ മാലിന്യം കഴുകിക്കളയാൻ ഈ സമ്മേളനത്തിന് സാധിച്ചില്ല.

## 19 ത്രെന്തോസ് സുന്നഹദോസ്

പാശ്ചാത്യ എക്യുമെനിക്കൽ കൗൺസിലുകളിൽ പ്രധാനപ്പെട്ട ഒന്നാണ് തെന്തോസ് സുന്നഹദോസ് . മൂന്നുഘട്ടങ്ങളിലായാണ് ഈ സുന്നഹദോസ് നടന്നത്. ഈ കാലഘട്ടത്തിലെ മാർപാപ്പാമാർ പോൾ മൂന്നാമനും ജൂലിയസ് മൂന്നാമനും പീയൂസ് അഞ്ചാമനും ആയിരുന്നു. ചാൾസ് അഞ്ചാമനും ഫെർഡിനാന്റ് ഒന്നാമനുമായിരുന്ന ചക്രവർത്തിമാർ .ഒന്നാം ഘട്ടം 1445-49 രണ്ടാം ഘട്ടം 1551-52,മൂന്നാം ഘട്ടം 1562-1563

പ്രൊട്ടസ്റ്റന്റ് നവീകരണമുയർത്തിയ വെല്ലുവിളികൾക്കുള്ള പ്രതിനവീകരണമായിരുന്നു ഈ സുന്നഹദോസ് കത്തോലിക്കാ പ്രബോധനങ്ങളെല്ലാം സാമാന്യം സമഗ്രമായിത്തന്നെ ഈ കൗൺസിൽ പരിചിന്തനമാക്കി. വി. ഗ്രന്ഥം,വി.പാരമ്പര്യം, സഭയുടെ പ്രബോധനാധികാരം,ഉത്ഭവപാപം,നീതീകരണം, കൂദാശകൾ പ്രത്യേകിച്ച് കുർബാന തുടങ്ങിയവയെക്കുറിച്ച് വ്യവസ്ഥാപിതമായ ഡിക്രികളും കാനോനകളും കൗൺസിൽ രൂപപ്പെടുത്തി സെമിനാരികൾക്ക് രൂപം കൊടുക്കുവാൻ കും അദൊളെഷൻസിയം,അ

www.malankaralibrary.com

ക്താസ് എന്ന ഡിഗ്രിവഴി കൗൺസിൽ പ്രഖ്യാപിച്ചു.

സുന്നഹദോസിന്റെ ശ്രദ്ധേയമായ ഒരു പ്രഖ്യാപനം ദൈവാവിഷ്കൃത സത്യങ്ങൾ വേദപുസ്കത്തിലും സഭയുടെ പാരമ്പര്യങ്ങളിലും നിഷിപ്തമാക്കണമെന്നായിരുന്നു. നിരീശ്വരപരവും മതവിരുദ്ധവുമായ നിരവധിഗ്രന്ഥങ്ങൾ രൂപം കൊണ്ട സന്ദർഭമായിരുന്നു ഇത് .ഇതിന്റെ പശ്ചാത്തലത്തിൽ ആണ് ഇൻഡെക്സിന്റെ തിരുസംഘം സ്ഥാപിതമായത് . കത്തോലിക്കർക്ക് വായിക്കാൻ അനുവാദമില്ലാത്ത പുസ്തകങ്ങളുടെ ലിസ്റ്റ് ഔദ്യോഗികമായി ഓരോ വർഷവും പ്രസിദ്ധീകരിക്കുകയെന്നതായിരുന്നു ഈ സംഘത്തിന്റെ ചുമതല. പ്രതിമാ വണക്കത്തെപ്പറ്റിയും കൗൺസിൽ ചിന്തിച്ചു. വിഗ്രഹാരാധനയായി പ്രോട്ടസ്റ്റന്റുകൾ ചിത്രീകരിച്ചതായിരുന്നു ഈ കാര്യം.

1545 -ഡിസംബറിൽ വടക്കെ ഇറ്റലിയിൽ ത്രെന്തോസ് എന്ന പട്ടണത്തിൽ വച്ച് സമ്മേളനം ഉൽഘാടനം ചെയ്തു. പ്രാരംഭസമ്മേളനത്തിൽ മെത്രാന്മാരുടെ എണ്ണം 30 മാത്രമായിരുന്നു. പിന്നിടുണ്ടായ സമ്മേളനങ്ങളിൽ 290 പിതാക്കന്മാരും 160 ദൈവശാസ്ത്ര പണ്ഡിതന്മാരും പങ്കെടുത്തു മുടങ്ങിയും വീണ്ടും തുടങ്ങിയും 18 കൊല്ലം നീണ്ടുനിന്ന ഈ സുന്നഹദോസ് ചരിത്രത്തിലെ ഒരു പ്രധാനവഴിത്തിരിവായിരുന്നു.

## 20. ഒന്നാം വത്തിക്കാൻ കൗൺസിൽ

ഒൻപതാം പീയൂസ് മാർപ്പാപ്പയാണ് ഒന്നാം വത്തിക്കാൻ കൗൺസിൽ വിളിച്ചു കൂട്ടിയത്. ട്രെന്റ് സുന്നഹദോസിനുശേഷം മുന്നൂറാണ്ടുകാലത്തേക്ക് എക്യുമെനിക്കൽ കൗൺസിലുകളൊന്നും നടന്നിട്ടില്ല. ഇതിനിടെ മുപ്പത് മാർപ്പാപ്പമാർ സഭയെ ഭരിച്ചു. 1869 ഡിസംബർ 8-ാംതിയതി വി. പത്രോസിന്റെ ബസലിക്കയിൽ വച്ചായിരുന്നു സുന്നഹദോസ് ഔപചാരികമായി ഉൽഘാടനം ചെയ്തത്. 774 പിതാക്കൻമാർ സമ്മേളനത്തിൽ പങ്കുകൊണ്ടു.

മാർപ്പാപ്പായുടെ അപ്രമാദിത്വംകൂടി അജണ്ടയിൽ ഉൾപ്പെടുത്തണമെന്ന് 480 പിതാക്കൻമാർ വാദിച്ചപ്പോൾ ഈ പ്രശ്നം അജണ്ടയിൽ ഉൾപ്പെടുത്തരുതെന്ന് 150 പിതാക്കന്മാരും വാദിച്ചു.സഭയിൽ അധികാരവികേന്ദ്രീകരണം വേണമെന്നും പാപ്പായുടെ അധികാരത്തിന് നിയന്ത്രണമുണ്ടാകണമെന്നും പലരും അഭിപ്രായപ്പെടുകയുണ്ടായി.

അക്കാലസാഹചര്യങ്ങളിൽ അപ്രമാദിത്വം വിശ്വാസസത്യമായി പ്രഖ്യാപിക്കേണ്ട എന്നായിരുന്നു ഒരു വിഭാഗത്തിന്റെ വാദം. ചൂടുപിടിച്ച വാദപ്രതിവാദങ്ങൾക്കുശേഷം വി. പത്രോസിന്റേയും അദ്ദേഹത്തിന്റെ പിൻഗാമിയായ റോമാമാർപാപ്പായുടെയും പരമാധികാരവും, മാർപാപ്പായുടെ അപ്രമാദിത്വവും 1870 ജൂലൈ 18ന് വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടു. ഈ നിർദ്ദേശത്തെ 533 പേർ അനുകൂലിച്ചപ്പോൾ രണ്ടുപേർ എതിർത്തു.ഒന്നാം വത്തിക്കാൻ കൗൺസിലിനെപ്പറ്റി എസ്.എച്ച്. ലീഗ് പ്രസദ്ധീകരിച്ച ഗ്രന്ഥത്തിൽ (പേജ് 61) ഇപ്രകാരം എഴുതിയിരിക്കുന്നു "സഭ മുഴുവന്റയും എല്ലാ പള്ളികളുടെയും

www.malankaralibrary.com

ഓരോ വൈദികന്റെയും വിശ്വാസിയുടെയുമേൽ,വിശ്വാസവും സാൻമാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ മാത്രമല്ല,ശിക്ഷണവും ഭരണക്രമവും സംബന്ധിച്ച കാര്യങ്ങളിലും മാർപാപ്പായ്ക്ക് അധികാരമുണ്ട്. അപ്പസ്തോലാധികാരം ഉള്ളതിനാൽ,ക്രൈസ്തവരുടേയും ഇടയനും അദ്ധ്യാപകനുമെന്ന നിലയിൽ, സാർവ്വത്രികസഭ സ്വീകരിക്കേണ്ടതിന്, വിശ്വാസത്തെയും സാൻമാർഗ്ഗത്തെയും സംബന്ധിക്കുന്ന ഒരു സത്യം ഔദ്യോഗികമായി ആദ്യാവസാനം ചെയ്യുമ്പോൾ മാർപ്പാപ്പായ്ക്ക് വി.പത്രോസിലൂടെ കൈവന്നതും സഭയ്ക്ക് ഉണ്ടായിരിക്കണമെന്ന് ക്രിസ്തു അഭിലഷിച്ചതുമായ അപ്രമാദിത്വവരമുണ്ട്. ഇതത്രെ വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ച പ്രസ്തുത വിശ്വാസസത്യത്തിന്റെ പൊരുൾ".

ഭൗതികമാത്രവാദം, നാസ്തികവാദം, വിശ്വദേവതാവാദം, ഹെർമിസിന്റെയും ഗ്വിന്തരുടെയും അബദ്ധ സിദ്ധാന്തങ്ങൾ എന്നിവയെ ശപിച്ചുകൊണ്ട് ഡിക്രികൾ ഉണ്ടായി. വെളിപാടിനെപ്പറ്റി നാലും എല്ലാത്തിന്റെയും സൃഷ്ടാവായ ദൈവത്തെപ്പറ്റി അഞ്ചും വിശ്വാസത്തെപ്പറ്റി ആറും വിശ്വാസത്തെയും യുക്തിയെയും പറ്റി മൂന്നും കാനനുകൾ ഉണ്ടാക്കപ്പെട്ടു വളരെയേറെ വാദപ്രതിവാദങ്ങൾക്കു ശേഷം മാർപാപ്പായുടെ അപ്രമാദിത്യം ഒരു പ്രകാരത്തിൽ അംഗീകാരം നേടി. മറിയത്തിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ച് ചർച്ചകളൊന്നും നടന്നില്ല. പിന്നീട് പന്ത്രണ്ടാം പീയൂസിന്റെ കാലത്ത് സ്വർഗ്ഗാരോഹണം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടു.

ചക്രവർത്തിമാരുടെ ഇടപെടലുകൾ കൂടാതെ നടന്ന ആദ്യത്തെ സുന്നഹദോസ് ഒന്നാം വത്തിക്കാൻ കൗൺസിൽ ആണ് ജൂലൈ 19-ാംതിയതി ഫ്രാൻസും പ്രഷ്യയും തമ്മിൽ യുദ്ധം ആരംഭിക്കുകയും റോം ആക്രമണ വിധേയമാകുമെന്ന് എല്ലാവരും ശങ്കിക്കുകയും ചെയ്തതിനാൽ സഭാഭരണം സംബന്ധമായ ചർച്ചകൾ പൂർത്തിയാക്കാൻ സാധിക്കാതെ, നാളിതുവരെ നടന്നിട്ടുള്ളതിലേറ്റം വലുതുമായ സുന്നഹദോസ് ഒക്ടോബർ 20-ാംതിയതി പിരിച്ചുവിട്ടു.

www.malankaralibrary.com

# 3. രണ്ടാം വത്തിക്കാൻ കൗൺസിൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയത് 23-ാംജോൺ മാർപ്പാപ്പായാണ്. അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് പോൾ ആറാമൻ അധികാരത്തിലേറി. അദ്ദേഹം വത്തിക്കാൻ കൗൺസിൽ നടപടികൾ തുടർന്നു. സഭാചരിത്രത്തിലെ നാഴികക്കല്ലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ.

ആലപ്പുഴ പ്രകാശം പബ്ളിക്കേഷൻ ഫാ.ഹെർമിസ് പെരുമാലിൽ സിഎം.ഐ. എഡിറ്ററായി പ്രസിദ്ധീകരിച്ച ക്രിസ്തുമതവും ഭാരതവും എന്ന ഗ്രന്ഥത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിനെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൗൺസിലിന്റെ പ്രഖ്യാപനം തുടങ്ങി അവസാനിക്കും വരെയുള്ള നടപടികളെപ്പറ്റി ആ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു.

"ഇതുവരെ കഴിഞ്ഞ കൗൺസിലുകളെ അപേക്ഷിച്ച്,രണ്ടാം വത്തിക്കാൻ, പരാമർശിക്കപ്പെട്ട വിഷയങ്ങളുടെ വൈവിധ്യവും പ്രാധാന്യവും കൊണ്ട് ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ കൗൺസിലായി നിലകൊള്ളുന്നു. ഈ കൗൺസിൽ ആരെയും, 'പാഷണ്ഡികളായിട്ട് പ്രഖ്യാപിച്ചില്ല; മറ്റൊരു മതക്കാരെയും 'ശീശ്മ'ക്കാരായിട്ട് ശപിച്ചു തള്ളിയില്ല; യാതൊരു പുതിയ വിശ്വാസസംഹിതയും കൗൺസിലിന്റേതായിട്ടു പ്രഖ്യാപിച്ചുമില്ല. ഒന്നാം വത്തിക്കാനിലെ മാർപാപ്പായുടെ അപ്രമാദിത്വം അംഗീകരിച്ചു കിട്ടാനുള്ള വ്യഗ്രതയുടെ സ്ഥാനത്ത്, ഇവിടെ മെത്രാൻമാരുടെ 'സംഘാത്മക' (Collegiality) സിദ്ധാന്തത്തിന് അംഗീകാരം ലഭിക്കാനുള്ള ശ്രമമാണു പ്രകടമായിക്കണ്ടത്. സഭ വൈദികവൃത്തങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒരു സംഘടനയാണെന്നോ,സഭാസമ്മേളനങ്ങൾ പുരുഷൻമാരെക്കൊണ്ടുമാത്രമേ നടത്തപ്പെടാനാവൂ എന്നോ ഉള്ള ധാരണകൾക്ക് ഈ കൗൺസിൽ കുറെയൊക്കെ മാറ്റംവരുത്തി. ഇതൊക്കെയാണീ കൗൺസിലിന്റെ പ്രത്യേകതകൾ. ഈ പ്രത്യേകതകളൊക്കെത്തന്നെയാണ് കൗൺസിലിന്റെ വിജയത്തിനു കാരണവും.

## കൗൺസിൽ അണിയറയിൽ

23-ാം യോഹന്നാൻ പാപ്പയാണ് രണ്ടാംവത്തിക്കാന്റെ സംഘാടകനും കാരണഭൂതനും. കാലപ്പഴക്കം കൊണ്ടു ജീർണ്ണിച്ചതും, കാലോചിതമായ വളർച്ചകൂടാതെ മുരടിച്ചതുമായ സഭാതരുവിന് നവജീവനും ഉണർവ്വും കൊടുക്കുക ആവശ്യമാണെന്ന് അദ്ദേഹത്തിനു തോന്നി. നൂറ്റാണ്ടുകളായിട്ടു കൊട്ടി

www.malankaralibrary.com

യടക്കപ്പെട്ടിരുന്നതുമൂലം മലീമസമാക്കപ്പെട്ട സഭാന്തരീക്ഷത്തിൽ കുറച്ചു വെളിച്ചവും ശുദ്ധവായുവും പരത്താൻ അദ്ദേഹം ആഗ്രഹിച്ചു. വേർപെട്ടു നിന്ന ക്രൈസ്തവവിഭാഗങ്ങളുമായി പരസ്പരധാരണയിലും സംസർഗത്തിലും കഴിയാൻ അദ്ദേഹം അഭിലഷിച്ചു. ഇങ്ങനെ ഒരു പുതിയ 'പന്തക്കുസ്ത' ആവർത്തിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനു കണ്ടെത്തിയ മാർഗ്ഗമോ, സാർവ്വത്രികകൗൺസിലും. ഭരണമേറ്റതിന്റെ തൊണ്ണൂറാം ദിവസത്തിൽ (1959 ജനു.25ന്) ഈ ആശയം മാർപാപ്പ കർദ്ദിനാളന്മാരെ അറിയിച്ചു.സുന്നഹദോസ് നടത്തുന്നതനെക്കുറിച്ചും ലക്ഷ്യസാധ്യതയെക്കുറിച്ചും പലരും എതിരുനിന്നെങ്കിലും സുന്നഹദോസ് വിളിച്ചുകൂട്ടണമെന്നുതന്നെ മാർപ്പാപ്പ തീരുമാനിച്ചു.

സുന്നഹദോസിന്റെ ഈ ആശയം തന്നിൽ ഉദയംചെയ്തത് ദൈവനിവേശനത്താലാണെന്ന് 1960ജൂൺ 5-നു പ്രസിദ്ധീകരിച്ച തിരുവെഴുത്തിൽ മാർപ്പാപ്പ പ്രസ്താവിച്ചിട്ടുണ്ട്.

1959 മേയ് 17 ന് പന്തക്കുസ്തദിനത്തിലാണ് കൗൺസിലിന്റെ പ്രഥമസജ്ജീകരണക്കമ്മീഷൻ നിയമിക്കപ്പെട്ടത്. തുടർന്ന് ഒരു കേന്ദ്രകമ്മീഷനും, പത്ത് ഉപകമ്മീഷനുകളും, രണ്ടു കാര്യാലയങ്ങളും രൂപം കൊണ്ടു. (പിൽക്കാലത്ത് കൗൺസിൽ സമ്മേളനങ്ങൾ ചർച്ച ചെയ്തു പ്രസിദ്ധീകരിച്ച നാലു കോൺസ്റ്റിറ്റ്യൂഷനുകളും, ഒൻപതു ഡിക്രികളും, മൂന്നു പ്രഖ്യാപനങ്ങളും (ഡിക്ളറേഷൻസ്) ഉൾപ്പെടെ 16 പ്രമാണരേഖകൾ ഇപ്പറഞ്ഞ കമ്മീഷനുകളുടെ പരിശ്രമഫലങ്ങളാണ്.) കേന്ദ്രകമ്മീഷനാണ്, മറ്റെല്ലാ ഉപകമ്മീഷനുകളെയും ഏകോപിപ്പിച്ച്, സഹകരിപ്പിച്ചു പ്രവർത്തിക്കാൻ സഹായിച്ചിരുന്നത്.

## കൗൺസിൽ ഒറ്റ നോട്ടത്തിൽ

1962 ഒക്ടോബർ 11ന് രണ്ടാം വത്തിക്കാൻ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു, സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ വിവിധരാജ്യങ്ങളിൽനിന്നും ക്രൈസ്തവ വിഭാഗങ്ങളിൽ നിന്നുമായി കർദ്ദിനാളന്മർ ,മെത്രാൻമാർ പാട്രിയാർക്കുമാർ, നിരീക്ഷകർ, പ്രതിനിധികൾ തുടങ്ങി വലിയൊരു സംഖ്യ സാമാജികരായുണ്ടായിരുന്നു. ചില കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിന്നുപോലും പ്രതിനിധികളെത്തിയിരുന്നു. പ്രധാനപ്പെട്ട എല്ലാ ക്രൈസ്തവവിഭാഗങ്ങളും പ്രതിനിധികളെ അയച്ചിരുന്നു. ഇവർക്കെല്ലാം എല്ലാ സമ്മേളനങ്ങളിലും സംബന്ധിക്കാമായിരുന്നു; വോട്ടവകാശം മാത്രം ഇല്ലായിരുന്നു.

ഒന്നാം സെഷൻ 1962 ഒക്ടോബർ 11ന് ആരംഭിച്ച് ഡിസംബർ 8ന് സമാപിച്ചു. (ഇതിൽ അല്മായരുടെ പ്രതിനിധി ഒന്നു മാത്രമായിരുന്നു; മറ്റു സെഷനുകളിൽ എണ്ണം വർദ്ധിപ്പിച്ചു.)1963 ജൂൺ 3ന് ഭാഗ്യസ്മരണാർഹനായ യോഹന്നാൻ പാപ്പ അന്തരിച്ചു.അതേസമയം 21-ന് തെരഞ്ഞെടുക്കപ്പെട്ട

www.malankaralibrary.com

പൗലോസ് ആറാമൻ പാപ്പ സുനഹദോസ് തുടരാനും തീരുമാനിച്ചു.തന്മൂലം സെപ്റ്റംബർ 29ന് (1963)രണ്ടാം സെഷൻ സാഘോഷം ആരംഭിച്ച് ഡിസംബർ 4ന് സമാപിച്ചു. പിന്നീട് 1964 സെപ്റ്റംബർ 14ന് മൂന്നാം സെഷൻ തുടങ്ങി. അതേ വർഷം നവംബർ 21ന് അവസാനിച്ചു. നാലാമത്തേതും അവസാനത്തേതുമായ ഘട്ടം 1965 സെപ്തംബർ 14ന് ആരംഭിച്ചു. ഡിസംബർ 8-ന് സമംഗളം പിരിഞ്ഞു.

എല്ലാഘട്ടങ്ങളിലെയും സമ്മേളനാംഗങ്ങളുടെ എണ്ണം നോക്കുമ്പോൾ, ഏറ്റക്കുറച്ചിലുകളോടുകൂടിയാണെങ്കിലും, മൊത്തത്തിൽ 2100നും 2300നും ഇടയ്ക്കാണെന്നു കാണുന്നു. ആദ്യഘട്ടത്തിന്റെ സമാപനത്തിൽ പ്രമാണരേഖകളൊന്നും പൂർത്തിയായിക്കഴിഞ്ഞിരുന്നുല്ല. രണ്ടാം ഘട്ടത്തിലെ ചർച്ചകളിലധികവും അജപാലന (pastral) സ്വഭാവത്തോടുകുടിയതായിരുന്നു. 'സഭ'യെന്ന ആശയത്തിന് ആക്കം കൊടുത്തു ചർച്ചകൾ പുരോഗമിച്ചു. മെത്രാൻമാരുടെ സ്ഥാനം 'സംഘാത്മകസിദ്ധാന്തം (collegiality)ഡീക്കൻസ്ഥാനം, നവീകരണം, പുനരൈക്യം എന്നിവയൊക്കെ പരാമർശിക്കപ്പെട്ടു.തിരുക്കർമ്മാനുഷ്ഠാനത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനും,സമ്പർക്കമാദ്ധ്യമങ്ങളെ ആസ്പദിച്ചുള്ള ഡിക്രിയും രണ്ടാം ഘട്ടത്തിന്റെ സമാപനത്തിൽ പുറത്തുവന്നു.

മൂന്നാം ഘട്ടത്തിൽ സഭയെക്കുറിച്ചുള്ള കോൺസ്റ്ററിറ്റ്യൂഷനും,എക്യുമെനിസം,പൗരസ്ത്യ സഭകൾ എന്നീ ഡിക്രികളും പ്രസിദ്ധീകരിച്ചു. ഇക്കാലത്തു തന്നെയാണ് മാർപാപ്പ പരിശുദ്ധ കന്യകയെ സഭാമാതാവായി പ്രഖ്യാപിച്ചത്. അവസാനഘട്ടത്തിന്റെ ആദ്യസമ്മേളനങ്ങളിൽ 'മെത്രാൻമാരുടെ അജപാലനോദ്യോഗം' 'സന്യാസജീവിതനവീകരണം' 'വൈദീകപരിശീലനം,' ക്രിസ്തീയ വിദ്യാഭ്യാസം' എന്നീഡിക്രികളും, 'അക്രൈസ്തവമതങ്ങൾ' എന്ന ഡിക്ളറേഷനും ആവിഷ്കൃതമായി. തുടർന്നുണ്ടായ സമ്മേളനങ്ങളിൽ,'ദൈവാവിഷ്കരണ'മെന്ന കോൺസ്റ്റിറ്റ്യൂഷനും, അല്മായപ്രേഷിതത്വ'മെന്ന ഡിക്രിയും പ്രസിദ്ധീകൃതമായി. റോമൻകൂരിയ പരിഷ്ക്കരിക്കാനും, അതിന് അന്തർദേശീയ സ്വഭാവം നല്കാനും എടുത്ത തീരുമാനം, പ്രത്യേക വിളംബരം മൂലം മാർപാപ്പ അറിയിച്ചത് ഈ ഘട്ടത്തിലാണ്. കൗൺസിൽ സാഘോഷം ഉപസംഹരിച്ചതിന്റെ തലേദിവസം ചരിത്രപ്രസിദ്ധമായ 'മതസ്വാതന്ത്ര്യപ്രഖ്യാപനവും,'സഭആധുനികയുഗത്തിൽ'എന്ന പ്രമാണത്തിന്റെ അവതരണവും 'പൗരോഹിത്യജീവിതം,' 'പ്രേഷിതവൃത്തി' എന്നീ ഡിക്രികളുടെ പ്രസിദ്ധീകരണവും നടന്നു.

## പ്രമാണരേഖകൾ : നിത്യസ്മാരകങ്ങൾ

വിവിധവിഷയങ്ങൾ സംബന്ധിച്ചു ചർച്ചചെയ്ത് തീരുമാനിച്ച കാര്യങ്ങളും, നവീകരണവും അനുരൂപണവും സംബന്ധിച്ചു പാസാക്കിയ നിയമങ്ങളും, നിർദ്ദേശങ്ങളുമാണ് പ്രമാണരേഖകളുടെ ഉള്ളടക്കം.

www.malankaralibrary.com

**i കോൺസ്റ്റിറ്റ്യൂഷൻസ്**

പ്രമാണരേഖകളിൽ ചിലതു സഭയുടെ ഘടനയും ആന്തരിക സ്വഭാവവും പ്രകാശിപ്പിക്കുന്നവയാണ്. അവയാണു കോൺസ്റ്റിറ്റ്യൂഷൻസ്. ഈ സ്വഭാവത്തിൽ നാലെണ്ണമാണുള്ളത്. ഇവയിൽതന്നെ അജപാലനപരമെന്നും വിശ്വാസപരമെന്നും (Dogmatic)വേർതിരിവുണ്ട്. പൊതുവെ പറഞ്ഞാൽ നൈയാമിക പ്രാബല്യംകൊണ്ടെന്നതിനെക്കാൾ സഭാസ്വഭാവത്തിന്റെ അവഗാഹം തേടിപ്പിടിച്ച്, സ്വയം പ്രകാശിപ്പിച്ച്, അതു പഠിപ്പിക്കുകയാണ് കോൺസ്റ്റിറ്റ്യൂഷൻ ചെയ്യുന്നത്.

**ii ഡിക്രികൾ**

രണ്ടാമത്തെയിനത്തിൽപ്പെട്ട പ്രമാണരേഖകൾ ഡിക്രകളാണ്. ഇവ മിക്കവാറും നിർണ്ണയങ്ങളാണെന്നുവേണം പറയാൻ. ഇന്നയിന്ന സാഹചര്യങ്ങളിൽ ഇന്നതു ചെയ്യണമെന്ന് നിയമത്തിന്റെ പ്രാബല്യത്തോടെ നിർദ്ദേശിക്കയാണു ഡിക്രികൾ. ഇത്തരം പ്രമാണരേഖകൾ ഒൻപതെണ്ണമാണുള്ളത്.

**iii ഡിക്ളറേഷൻസ്**

ഇവ ചില പ്രഖ്യാപനങ്ങൾ മാത്രം. ഡോഗ്മയുടെയും നിയമത്തിന്റെയും നിഴൽ തീരെ ഇല്ല. അതേ സമയം,ഇന്നയിന്ന കാര്യങ്ങളിൽ,ഇന്നത്തെ സാഹചര്യത്തിൽ, ഇന്നതൊക്കെയാണു സഭയുടെ നിലപാടെന്ന് വ്യക്തമാക്കുന്നു. ഈ ദൃശപ്രഖ്യാപനങ്ങൾ ആകെ മൂന്നെണ്ണം.

## I കോൺസ്റ്റിറ്റ്യൂഷൻസ്

**1 തിരുസഭ**

'ജനതകളുടെ പ്രകാശം'എന്നു തുടങ്ങുന്ന ഈ പ്രബന്ധം തിരുസഭയെ സംബന്ധിക്കുന്നതാണ്. ദൈവശാസ്ത്രപരമായി നോക്കുമ്പോൾ, സുന്നഹദോസിന്റെ ഏറ്റം കനപ്പെട്ട സംഭാവനയാണിത്. ഇതിനെ ചൂഴ്ന്നാണു മറ്റെല്ലാ രേഖകളും ഉരുത്തിരിഞ്ഞിട്ടുള്ളത്.

ഒന്നാം വത്തിക്കാനിൽ,തിരുസഭാ സംബന്ധമായ ചർച്ചകൾക്കായി തയ്യാറാക്കിയിരുന്ന, സാമാന്യം വിപുലമായ സ്കേമ, ഇന്നാൾവരെ ആസ്ഥിതിയിൽ കിടക്കുകയായിരുന്നു. സാഹചര്യങ്ങളുടെ പ്രാതികൂല്യം നിമിത്തം, മെത്രാൻമാർക്കും മറ്റു സഭാംഗങ്ങൾക്കും സഭയിലുള്ള സ്ഥാനവും പ്രവർത്തനങ്ങളും വേണ്ടവിധം പരാമർശിക്കപ്പെടാതെ, പാപ്പായുടെ അപ്രമാദിത്വം മാത്രം ചർച്ചാ വിഷയമാക്കുകയും നിർണ്ണയിക്കുകയും ചെയ്തുകൊണ്ടു പിരിയുകയായിരുന്നു.

ഈ കോൺസ്റ്റിറ്റ്യൂഷൻ, എട്ട് അദ്ധ്യായങ്ങളിലായി സഭാഘടന,ആന്തരികവും ബാഹ്യവുമായ തലത്തിൽവിശദീകരിക്കുന്നു; വേദപുസ്തകപരമായ സഭാരൂപം, സമ്യക്കായി പ്രതിപാദിക്കുന്നു; സഭയെ ദൈവികരഹസ്യമായും, സഭാംഗങ്ങളെ ദൈവജനമായും ചിത്രീകരിച്ച് സഭയുടെ മൗതികസ്വഭാവത്തെ എടുത്തുകാണിക്കുന്നു. സഭയിലെ അധികാരസ്ഥാനങ്ങളും സിദ്ധികളും

www.malankaralibrary.com

,പാപ്പാസ്ഥാനവുമായുള്ള മെത്രാൻമാരുടെ ബന്ധവും, അല്മായപൗരോഹിത്യവും ഭംഗിയായി വിവരിച്ചിട്ടുണ്ട്. ബ്രഹ്മചര്യത്തോടുകൂടിയോ അല്ലാതെയോ ഡീക്കൻസ്ഥാനം പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്നു. സഭയുടെ പ്രേഷിത കടമ, സാമൂഹ്യ നീതി, വിവിധ ക്രൈസ്തവ വിഭാഗങ്ങൾ, സഭാ രാഷ്ട്രബന്ധങ്ങൾ എന്നീ വിഷയങ്ങളും ആഴമായിത്തന്നെ, സ്പർശിച്ചിട്ടുണ്ട്. മറിയത്തെ പ്രസാദവര മദ്ധ്യസ്ഥയായും സഭാമാതാവായും അവരോധിക്കുന്ന അവസാനാദ്ധ്യായം പ്രമാണരേഖയുടെ വൈശിഷ്ഠ്യത്തെ വർദ്ധിപ്പിക്കുന്നു.

**2 ദൈവാവിഷ്ക്കരണം**

ആറദ്ധ്യായങ്ങളിൽ സമ്യക്കായി ക്രോഡീകരിച്ചിരിക്കുന്ന ഈ പ്രമാണരേഖ ക്രിസ്തീയവിശ്വാസത്തിന്റെ ആധാരമാണ്. ദൈവശാസ്ത്രത്തിന്റെ അന്തഃസത്ത വേദപുസ്തകപരമാണെന്നും പ്രഖ്യാപിച്ചിരിക്കുന്നു.ദൈവത്തിന്റെ വെളിപാട് ലിഖിതമായ വേദഗ്രന്ഥഭാഗങ്ങളിലും ,അലിഖിതമായ പാരമ്പര്യങ്ങളിലും ഉൾക്കൊള്ളുന്നുവെന്ന് സ്ഥാപിച്ചിരിക്കുന്നു.ബൈബിളിന്റെ നിവേശനസ്വഭാവത്തെ സ്ഥാപിക്കയും ക്രിസ്തീയജീവിതത്തിൽ ബൈബിൾ പഠനത്തിന്റെ ആവശ്യകതയെ ഊന്നിപ്പറയുകയും ചെയ്തിരിക്കുന്നു.

**3 ലിറ്റർജി (തിരുക്കർമ്മാനുഷ്ഠാനം)**

ലിറ്റർജിയുടെ വേദപുസ്തകാധാരം,പ്രബോധനമൂല്യം,സംയോജകഘടകം ,ഭാഗഭാഗികത്വം,കാലോചിതവും ദേശീയവുമായ പരിഷ്ക്കരണം, അനുരൂപണം തുടങ്ങി വിവിധ ചർച്ചകളുടെ ഫലമായി രൂപംകൊണ്ട ഈപ്രമാണരേഖ,ക്രിസ്തീയ മതാത്മകജീവിതത്തിന്റെ മാനദണ്ഡമാണ്.

സഭയുടെ സർവ്വതോൻമുഖമായ നവീകണമാണ് ഈ പ്രമാണരേഖയുടെ ലക്ഷ്യം. ആരാധനാക്രമവത്സരം,ദേവാലയസംഗീതം,കല ആരാധനക്രമത്തിൽ എന്നീ വിഷയങ്ങളെപ്പറ്റി ഏഴ് അദ്ധ്യായങ്ങളിലായി കോൺസ്റ്റിറ്റ്യൂഷൻ പ്രതിപാദിക്കുന്നു.

**4 സഭ ആധുനിക യുഗത്തിൽ**

'തിരുസഭ'യെന്ന പ്രമാണരേഖയിൽ,സഭ അവളെക്കുറിച്ചു തന്നെയുള്ള ബോധനമാണു പ്രകാശിപ്പിക്കുന്നതെങ്കിൽ, സഭാസംബന്ധിതന്നെയായ ഇതിൽ, സഭയ്ക്കു ലോകവുമായുള്ള സമ്പർക്കത്തെയാണു പ്രകാശിപ്പിക്കുന്നത്. ലോകത്തിന്റേതല്ലെങ്കിലും 'ലൗകായിക'സ്വഭാവത്തോടുകൂടിയ സഭയ്ക്ക് ലോകവുമായി അഭേദ്യബന്ധമുണ്ടെന്ന് ഇതു തെളിയിക്കുന്നു.

തീർത്തും അജപാലനോന്മുഖവും ദൈവശാസ്ത്രാധിഷ്ഠിതവുമായ ഈ പ്രമാണികപ്രബന്ധത്തിനു രണ്ടു ഭാഗങ്ങളും നാലും അഞ്ചുംവീതം അദ്ധ്യായങ്ങളും ,ഓരോ ഭാഗത്തിനും അതതിന്റെ ആമുഖങ്ങളുണ്ട്. ആധുനിക ലോകത്തിൽ മനുഷ്യന്റെ പരിതോവസ്ഥകൾ പരാമർശിക്കുന്ന പ്രഥമാമുഖം വളരെ ശ്രദ്ധേയമാണ്. സഭയും മനുഷ്യന്റെ ആഹ്വാനവുമാണ് ആദ്യഭാഗ

www.malankaralibrary.com

ത്തിലെ പ്രതിപാദ്യം. അതിൽ വ്യതിയാനവിധേയമായ ലോകം, മനുഷ്യാവബോധം, സാമൂഹ്യാവബോധം, ഈ ലോകത്ത് സഭയുടെ പങ്ക് എന്നിവ ആഴമായി സ്പർശിച്ചിരിക്കുന്നു.

രണ്ടാം ഭാഗത്തിലെ പൊതുചർച്ച ചില അടിയന്തിര പ്രശ്നങ്ങളാണ്: വിവാഹവും കുടുംബവും, സംസ്ക്കാരത്തിന്റെ വളർച്ച, ധനതത്ത്വശാസ്ത്രപരവും സാമൂഹ്യവുമായ ജീവിതം, രാഷ്ട്രീയസമൂഹം, സമാധാനവും ദേശീയസമൂഹങ്ങളും. പല സങ്കീർണ്ണപ്രശ്നങ്ങൾക്ക് ക്രിസ്തീയമായ പ്രതിവിധികൾ നിർദ്ദേശിക്കുന്നതിൽ ഈ ഭാഗം ബദ്ധശ്രദ്ധമാണ്. അവസാനമായി വളരെ ശ്രദ്ധാർഹമായ ഒരു ഉപസംഹാരത്തോടെ പ്രമാണരേഖ സമാപിക്കുന്നു. സഭാംഗങ്ങൾ തമ്മിലും വേർപെട്ടു നില്ക്കുന്ന മറ്റു ക്രൈസ്തവവിഭാഗങ്ങൾ തമ്മിലും സംഭാഷണത്തിലേർപ്പെടാൻ നിഷ്കർഷിക്കുന്നതോടൊപ്പം, ദൈവവിശ്വാസികളും അല്ലാത്തവരും തമ്മിലും സംഭാഷണത്തിനു തയ്യാറാകണമെന്നും കോൺസ്റ്റിറ്റ്യൂഷൻ നിർദ്ദേശിക്കുന്നു.

# II ഡിക്രികൾ

## 1. മെത്രാൻമാർ

സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ മെത്രാൻമാർക്കുണ്ടായിരുന്ന വിപുലമായ അധികാരങ്ങൾ പുനഃസ്ഥാപിക്കാനുള്ള ചില നീക്കങ്ങൾ ഈ സുന്നഹദോസിൽ നടന്നിട്ടുണ്ട്. ഒന്നാംവത്തിക്കാൻ, മാർപ്പാപ്പായുടെ പരമാധികാരത്തിനാണ് പ്രാധാന്യം കൊടുത്തതെങ്കിൽ, രണ്ടാമത്തേതിൽ മെത്രാൻമാരുടെ സംഘാത്മകത്വത്തിനാണു പ്രാമുഖ്യം നല്കിയിരിക്കുന്നത്.

മെത്രാൻമാർ ശ്ലീഹൻമാരുടെ പിൻഗാമികളും, റോമാമാർപ്പാപ്പായുമായി ഐക്യത്തിൽ കഴിയുന്നവരും ക്രിസ്തുവിന്റെ ദൗത്യം നിർവ്വഹിക്കുന്ന അജപാലകരുമാണത്രേ ഡിക്രിയുടെ സമർത്ഥനം.അതുകൊണ്ടു സാർവ്വത്രികസഭയോടും, സ്വന്തം പ്രാദേശികസഭയോടും,മേഖലയിലെ മറ്റുരൂപതകളോടും മെത്രാനുള്ള കടമകൾ വിവരിച്ചിരിക്കുന്നു. മൂന്നദ്ധ്യായങ്ങളിലായി നിരവധി തത്ത്വങ്ങളും പ്രായോഗികനിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്.

ഒന്നാമദ്ധ്യായത്തിൽ, ഓരോ മെത്രാനും എല്ലാ സഭകളോടുമുള്ള സാർവ്വത്രികബന്ധമാണ് പ്രതിപാദ്യം. ഇതു റോമൻ കൂരിയായുടെ പുനഃസംവിധാനത്തിനും അന്താരാഷ്ട്രവൽക്കരണത്തിനും കളമൊരുക്കി.രണ്ടാമത്തേതിൽ ക്രിസ്തുവിന്റെ സഭ രൂപതയിൽ സന്നിധി ചെയ്യുന്നുവെന്നും പ്രവർത്തിക്കുന്നുവെന്നും വിശദമാക്കുന്നു. മൂന്നാമത്തേതിന്റെ വിഷയം പൊതുനന്മയെ ലക്ഷ്യമാക്കി പല രൂപതകൾ ഏകോപിപ്പിച്ചു പ്രവർത്തിക്കണമെന്നാണ്.

## 2. എക്യുമെനിസം

ദീർഘകാലമായി എല്ലാവരും അഭിലഷിക്കുന്നതാണു സഭകളുടെ ഐക്യം. പ്രോട്ടസ്റ്റന്റുവൃത്തങ്ങളിൽ, നാനാവിഭാഗങ്ങളുടെ ധാരണയ്ക്കും

www.malankaralibrary.com

സഹകരണത്തിനും വേണ്ടി വളരെയേറെ പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. എല്ലാ വിഭാഗങ്ങളെയും റോമൻസഭയിലേക്കടുപ്പിക്കുക എന്ന നയമല്ലേ മുൻകാലങ്ങളിൽ കത്തോലിക്കർക്കുണ്ടായിരുന്നതെന്നു സംശയിക്കണം. ഏതായാലും, രണ്ടാം വത്തിക്കാനോടുകൂടിയാണ് ക്രിസ്തുവിനെ രക്ഷകനായും ദൈവമായും സ്വീകരിക്കുന്ന എല്ലാക്രൈസ്തവരെയും ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ, തുറന്ന ചർച്ചകളുടെ വെളിച്ചത്തിൽ സമാരംഭിച്ചത്. അതിന്റെ സ്മാരകമാണ് എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രി. വിവിധ സഭകൾ തമ്മിൽ ഐകരൂപ്യംസ്ഥാപിക്കുകയെന്നതിനേക്കാൾ ഐക്യമാണ് അനിവാര്യമായിരിക്കുന്നതെന്ന് ഈ പ്രമാണരേഖ സിദ്ധാന്തിക്കുന്നു. മതാനുഷ്ഠാനങ്ങളിൽ സഹകരിച്ചു വർത്തിക്കാനും, ചില കൂദാശകൾ സാധുവായി സ്വീകരിക്കാനും സാധിക്കുമെന്ന വിശാലാവസ്ഥയും ഇതുമൂലം സംജാതമായിട്ടുണ്ട്. എക്യുമെനിസം സൈദ്ധാന്തികവശം, അതിന്റെ പ്രായോഗിക തലം, കത്തോലിക്കാസഭയിൽനിന്നു വേർപെട്ട സഭകളും സഭാസമൂഹങ്ങളും എന്നിങ്ങനെ മുന്നദ്ധ്യായങ്ങളിലായിട്ടാണ് ഈ ഡിക്രി വിവിധതത്ത്വങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്. അപ്പസ്തോല്ന്മാരിൽനിന്നും സഭാപിതാക്കൻമാരിൽനിന്നും ലഭിച്ച വിശ്വാസത്തിൽ ഉറച്ചുനില്ക്കാനും, ഉപരിവിപ്ളവവും വിവേകരഹിതവുമായ തീക്ഷ്ണതയിൽനിന്ന് ഒഴിഞ്ഞുമാറാനും ഡിക്രി കത്തോലിക്കരെ ഉപദേശിക്കുന്നു.

## 3. പൗരസ്ത്യ കത്തോലിക്കാസഭകൾ

സഭാനവീകരണം ലക്ഷ്യമാക്കിയുള്ള പ്രമാണരേഖയാണിത്. പൗരസ്ത്യസഭകളുടെ പൗരാണികത്വത്തെയും വൈശിഷ്ട്യത്തെയും പ്രകാശിപ്പിക്കാൻ ഇതിനു സാധിച്ചിട്ടുണ്ട്. ഒപ്പം വളരെയേറെ തെറ്റിധാരണകൾ ദൂരീകരിക്കാനും പൗരസ്ത്യ. പാശ്ചാത്യ സഭകൾക്കു തുല്യസ്ഥാനമാണു സഭയിലുള്ളതെന്നും സ്ഥാപിച്ചിരിക്കുന്നു.

ഘടനയിലും കൂദാശപരികർമ്മത്തിലും ,ആരാധനാക്രമത്തിലും പൗരസ്ത്യസഭകൾക്കു ചില സവിശേഷതകളെല്ലാമുണ്ട്. അവയെല്ലാം കൗൺസിൽ അംഗീകരിക്കുകയും, പരിപോഷിപ്പിച്ചുകൊണ്ടുപോകാൻ ശുപാർശകൾ ചെയ്യുകയും ചെയ്യുന്നു. വ്യത്യസ്ത റീത്തിൽപ്പെട്ടവർ ഒരുമിച്ചു വസിക്കുന്നിടങ്ങളിൽ പരസ്പരചർച്ചകളും തീരുമാനങ്ങളും വഴി ഏകത പാലിക്കാനും റീത്തുകളെ സംബന്ധിച്ച് അല്മായർക്കു സാമാന്യജ്ഞാനം നല്കാനും ഡിക്രി നിഷ്കർഷിക്കുന്നു. പ്രത്യേകസാഹചര്യങ്ങളിൽ ,പൊതുതത്ത്വങ്ങൾ ബലികഴിക്കാതെ, പൗരസ്ത്യസഭാംഗങ്ങൾക്കു പാപമോചനം, രോഗീലേപനം എന്നീ കൂദാശകൾ അകത്തോലിക്കാ പൗരസ്ത്യവൈദികരിൽനിന്നു സ്വീകരിക്കുവാനും, ആ സഭാംഗങ്ങൾ ഇതേ ആവശ്യങ്ങളിൽ അവ കത്തോലിക്കാ വൈദീകരിൽ നിന്നു സ്വീകരിക്കുവാനും അനുവദിച്ചിട്ടുണ്ട്. ഏതെങ്കിലും റീത്ത് ആരുടെമേലും അടിച്ചേൽപ്പിക്കുന്നതിനെ കൗൺ

www.malankaralibrary.com

സിൽ അപലപിച്ചിരിക്കുന്നു. ലത്തീൻ മേഖലകളിൽ പൗരസ്ത്യരുള്ളിടത്ത്, ഇടവകകളോ, രൂപതതന്നെയോ സ്ഥാപിക്കാനുള്ള തീരുമാനങ്ങൾ ചർച്ചകളിലുണ്ടായി. കൂടാതെ പാരമ്പര്യമനുസരിച്ച് പാത്രിയാർക്കുസ്ഥാനവും ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കാനും പ്രമാണരേഖ ശുപാർശചെയ്യുന്നു.

## 4. വൈദികർ

പൗരോഹിത്യ മാഹാത്മ്യം, വിശുദ്ധി, ക്രിസ്തുവിന്റെ പൗരോഹിത്യവുമായുള്ള ബന്ധം, മെത്രാനോടും അല്മായരോടുമുള്ള ബന്ധം, വൈദികാവശ്യങ്ങൾ, എന്നീ വിഷയങ്ങൾ സംബന്ധിച്ചു നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ രൂപം കൊണ്ടതാണീ ഡിക്രി. തിരുസഭയിൽ പൗരോഹിത്യം, വൈദികശുശ്രൂഷ, വൈദികരുടെ ജീവിതം എന്നീ ശീർഷകങ്ങളിൽ മൂന്നദ്ധ്യായങ്ങളുള്ള ഈ പ്രമാണരേഖ അടിസ്ഥാനപരമായ തത്ത്വങ്ങളാണു ചൂണ്ടിക്കാണിക്കുന്നത്. വൈദികരുടെ ജീവിതം ഒരേ സമയം ക്രിസ്തോന്മുഖവും മനുഷ്യോന്മുഖവുമാണ്. എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ദൈവവചനവും കൂദാശകളും കൈകാര്യം ചെയ്യുകയാണു വൈദികധർമ്മം, ആദ്ധ്യാത്മികോത്ക്കർഷത്തിനുള്ള മാർഗ്ഗവും ഇതു തന്നെ. അവർ കളങ്കരഹിതരും കാലത്തിനൊത്ത സംസ്ക്കാരസമ്പന്നരുമായിരിക്കണം. സാമാന്യം സാമ്പത്തിക ഭദ്രത നല്കാനും, രോഗികളും വൃദ്ധരും, മാർഗ്ഗഭ്രംശം വന്നവരുമായ വൈദികരിൽ പ്രത്യേക ശ്രദ്ധ ചെലുത്താനും ഡിക്രി നിഷ്കർഷിക്കുന്നു.

## 5. വൈദിക പരിശീലനം

നവോത്ഥാനകാലത്തെ സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ പര്യാപ്തമായ വിധത്തിൽ രൂപം കൊണ്ട വൈദികപരിശീലനരീതികൾ,ഇന്നത്തെ മാറിയ സാഹചര്യങ്ങൾക്ക് തീർത്തും നിരക്കാത്തതാണെന്ന ബോധത്തിന്റെ പശ്ചാത്തലത്തിലാണ് ഈ പഠനം രൂപംകൊണ്ടത്. വൈദികബ്രഹ്മചര്യം ചൂടേറിയ ചർച്ചകൾക്കു വിഷയമായി. ഈ ഡിക്രിയുടെ മൗലികാശയങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം. സ്ഥലകാല സാഹചര്യങ്ങൾക്കൊത്ത് യാഥാർത്ഥ്യബോധത്തോടെ പരിപാടികൾ ആസൂത്രണം ചെയ്യണം. പരിശീലനം അജപാലനോന്മുഖമായിരിക്കണം. ക്രിസ്തുരഹസ്യത്തിൽ കേന്ദ്രീകരിച്ചുള്ള,വേദപുസ്തകാഭിമുഖ്യമുള്ള ആദ്ധ്യാത്മികതയും ശിക്ഷണവും ആദ്യംമുതലേ നല്കണം. മാനുഷികവും മാനസികവുമായ പക്വത വൈദികവിദ്യാർത്ഥികൾക്ക് കൈവരണം. പഠനകാലത്തിനിടയ്ക്കു പ്രായോഗികപരിശീലനത്തിനും അവസരമുണ്ടാകണം ഇങ്ങനെ ചില പൊതു തത്വങ്ങൾ ആവിഷ്ക്കരിച്ചിട്ട്, ശേഷകർമ്മപരിപാടികൾ മെത്രാന്മാരുടെയും സന്ന്യാസശ്രേഷ്ഠന്മാരുടെയും നിർവ്വാഹകപദ്ധതികൾക്കു വിട്ടു കൊടുത്തിരിക്കുകയാണ്.

www.malankaralibrary.com

## 6. സന്യാസജീവിതം

വിനീതവും,എന്നാൽ ചലനാത്മകവുമായ അവതരണരീതിയാണിതിന്റേത്. സ്ഥലകാലോചിതമായ പരിഷ്ക്കരണവും അനുരൂപണവുമാണ് മുഖ്യ ലക്ഷ്യം. എല്ലാ അംഗങ്ങളും പങ്കുചേരത്തക്കവിധത്തിൽ പരിഷ്കരണാനുരൂപണങ്ങൾ, സാധിക്കണമെന്ന് ഈ പ്രബോധനത്തിൽ നിഷ്ഠചെയ്തിട്ടുണ്ട്. വ്രതങ്ങളുടെ ദൈവശാസ്ത്രവശവും, ക്രിയാത്മകജീവിതത്തിന്റെ ആദ്ധ്യാത്മികതയും, ധ്യാനപരജീവിതത്തന്റെ സ്ഥാനവും ഡിക്രിയിൽ ഊന്നിപ്പറയുന്നു. സുവിശേഷാധിഷ്ഠിതവും, സഭാസ്ഥാപകപിതാക്കൻമാരുടെ ചൈതന്യമുൾക്കൊള്ളുന്നതുമായിരിക്കണം നവികരണശ്രമങ്ങൾ. 'നവീകരണം' ലക്ഷ്യമാക്കുന്നത്, ആന്തരിക പരിവർത്തനമാണെങ്കിൽ, 'അനുരൂപണം' ലോകബന്ധത്തിലുണ്ടാകേണ്ട വ്യതിയാനങ്ങളാണ് ഉന്നംവയ്ക്കുന്നത്. 'തിരുസഭ' യെന്ന കോൺസ്റ്റിറ്റ്യൂഷന്റെ ആറാമദ്ധ്യായത്തിൽ സന്ന്യാസത്തെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ ഉപരിവിശദീകരണമായിട്ട് ഈ ഡിക്രിയെ പരിഗണിക്കാം.

## 7. പ്രേഷിത പ്രവർത്തനം

മൊത്തം ആറ് അദ്ധ്യായങ്ങളിലായി പ്രേഷിതവൃത്തിയുടെ നാനാവശങ്ങളെ ഇതു സ്പർശിക്കുന്നു. ദൈവശാസ്ത്രാധാരം, അതാതുപ്രദേശത്തിന്റെ സംസ്കാരവുമായി താദാത്മ്യപ്പെടാനുള്ള ആഹ്വാനം, എക്യുമെനിസവുമായുള്ള ബന്ധം, പുതിയ സഭകളുടെ നില, പ്രേഷിത സംഘടനകൾ എന്നീ ആശയങ്ങളാണ് ഇതിന്റെ ഉള്ളടക്കം. സഭ, സ്വഭാവത്തിലേ പ്രേഷിതയാണെന്നും, അനാഗതരുടെ പക്കലേക്ക് അവൾ സദാ അയയ്ക്കപ്പെടുകയാണെന്നും ഡിക്രി ഉറപ്പിച്ചു പറയുന്നു. പുതുസഭകൾ രൂപംകൊള്ളുമ്പോൾ അതാതു പ്രദേശത്തെ സംസ്കാരത്തെയും ആചാരങ്ങളെയും നിഹനിക്കാതെ, അവയുമായി അനുരൂപപ്പെട്ട്, എല്ലാ മാനുഷിക മൂല്യങ്ങളെയും ഉദാത്തീകരിക്കണമെന്നാണു നിർദ്ദേശം. സഭ, മതസ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോഴും, പ്രേഷിതവൃത്തിയുടെ ആവശ്യം കുറയ്ക്കുന്നില്ല.

## 8. അൽമായ പ്രേഷിതത്വം

ഇന്നു സഭയിൽ കാണുന്ന അൽമായ പ്രബുദ്ധതയെ രണ്ടാം വത്തിക്കാൻ അംഗീകരിക്കുന്നു എന്നതിന്റെ അടയാളമാണ് ഈ പ്രമാണം. ഇതിൽ ആറ് അദ്ധ്യായങ്ങളുണ്ട്. പ്രേഷിത പ്രവർത്തനത്തിനുള്ള വിളി, ലക്ഷ്യം, രംഗങ്ങൾ, വൈവിധ്യം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പരിശീലനപദ്ധതി എന്നിങ്ങനെ. ഇന്നത്തെ സഭയുടെ അടിയന്തിരാവശ്യങ്ങൾ പരിഗണിച്ച്, ക്രിസ്തുവിന്റെ ആഹ്വാനം സ്വീകരിച്ച്, ഔദാര്യത്തോടും സന്നദ്ധതയോടുംകൂടി മുന്നോട്ടു വരാൻ എല്ലാ യുവജനങ്ങളേയും ഈ രേഖ ആഹ്വാനം ചെയ്യുന്നു.

www.malankaralibrary.com

## 9. സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ

മാദ്ധ്യമ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുടെ കടമകൾ, മാദ്ധ്യമങ്ങളെ പ്രേഷിതവൃത്തിക്ക് ഉപകരിപ്പിക്കേണ്ടവിധം എന്നിവയെല്ലാം വിവരിക്കുന്നു. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ദേശീയ ഓഫീസുകളും, സാർവ്വത്രികാടിസ്ഥാനത്തിൽ കേന്ദ്രകാര്യാലയങ്ങളും തുറന്ന് എല്ലാവരുമായി സഹകരിച്ചു വർത്തിക്കാനാണു നിർദ്ദേശം. ജനങ്ങളെ പ്രബുദ്ധരാക്കുകയും, സ്വയതീരുമാനത്തിനും അഭിപ്രായ രൂപവത്ക്കരണത്തിനും സഹായിക്കുകയും ചെയ്ക മാദ്ധ്യമങ്ങളുടെ കടമയാണ്.

# III. ഡിക്ലറേഷൻസ്

## 1. മതസ്വാതന്ത്ര്യം

ലോകവുമായി ഡയലോഗിനു പശ്ചാത്തലമൊരുക്കുന്ന സഭയുടെ ഔദ്യോഗികാഹ്വാനങ്ങളിൽ ഒന്നാണീ പ്രഖ്യാപനം. കഴിഞ്ഞ നൂറ്റാണ്ടിൽ ആദർശരാഷ്ട്രത്തിന്റെ ഭാഗമെന്നോണം, മതസ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടപ്പോൾ, കത്തോലിക്കാസഭ അതിനെ തിരസ്കരിച്ചു. പക്ഷേ, ഇന്നത് സഭയുടെ പ്രത്യക്ഷ നയമായിത്തീർന്നിരിക്കുന്നു. മതാത്മക കാര്യങ്ങളിൽ ഓരോരുത്തനും അവനവന്റെ മനസ്സാക്ഷിയെ പിന്തുടരാനുള്ള അനിവാര്യമായ അവകാശമാണു മതസ്വാതന്ത്ര്യത്തിന് ആധാരം. മനുഷ്യവ്യക്തിത്വത്തിന്റെ മഹത്വമാണ് ഇതിനു പ്രേരകമായി നിൽക്കുന്നത്. താത്ത്വികവും ദൈവശാസ്ത്രപരവും, നൈയാമികവുമായ ന്യായങ്ങളും പ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

## 2. അക്രൈസ്തവ മതങ്ങൾ

അക്രൈസ്തവ മതങ്ങളെക്കുറിച്ചു സഭ ചെയ്തിട്ടുള്ള പ്രസ്താവനകളിൽ സൃഷ്ടിപരവും ശ്രദ്ധാർഹവുമായതാണീ പ്രമാണരേഖ. സഭാതിർത്തികളെ വിട്ടും മനുഷ്യപരിത്രാണത്തെ ലക്ഷ്യമാക്കി ദൈവം പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ തുറന്നു സമ്മതിക്കുന്നു. എല്ലാ മതങ്ങളെയും സമാദരിക്കുവാനും, എല്ലാവരുമായി സംഭാഷണത്തിലേർപ്പെടാനും ശുപാർശ ചെയ്യുന്നു. അതേസമയം, ദൈവാവിഷ്കരണം അതിന്റെ പൂർണ്ണതയിൽ ക്രിസ്തുവിൽ മാത്രമാണെന്ന് അധ്യവസാനം ചെയ്യാനും മടിച്ചിട്ടില്ല. യഹൂദ - ഹൈന്ദവ-ബുദ്ധ-ഇസ്ലാം മതങ്ങളെക്കുറിച്ച് സമഗ്രമായി പ്രതിപാദിച്ചുകൊണ്ടു സഭയുമായുള്ള ബന്ധത്തിന്റെ അന്തർധാര വെളിവാക്കാനും ഇതിൽ ശ്രമിച്ചിട്ടുണ്ട്.

## 3. ക്രിസ്തീയ വിദ്യാഭ്യാസം

ക്രിസ്തീയമെന്നു പറയുമ്പോൾ 'കത്തോലിക്ക' മെന്നാണ് ഇവിടെ വിവക്ഷിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ മാത്രമേ ഇതിൽ പ്രകടിപ്പിച്ചിട്ടുള്ളു. പന്ത്രണ്ട് ഖണ്ഡികകളുള്ള ഒരു ചെറിയ പ്രബ

www.malankaralibrary.com

ന്ധമാണിത്. വിദ്യാഭ്യാസാവസരം എല്ലാ മനുഷ്യരുടെയും മൗലികാവകാശമാണെന്നും ഖണ്ഡിതമായി പ്രസ്താവിക്കുന്നു. വിദ്യാഭ്യാസത്തിൽ കുടുംബത്തിന്റെ പങ്കും രാഷ്ട്രത്തിന്റെ ചുമതലകളും പരിമിതികളും, ചർച്ചാവിഷയങ്ങളാണ്. കൂടാതെ, കത്തോലിക്കാവിദ്യാലയങ്ങളുടെ പ്രത്യേക ധർമ്മങ്ങളും, തങ്ങളുടെ കുട്ടികൾക്കു ക്രിസ്തീയ വിദ്യാഭ്യാസം കൊടുക്കാനുള്ള ക്രിസ്തീയമാതാപിതാക്കളുടെ കടമകളും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

## ഉപസംഹാരം

തിരിഞ്ഞുനോക്കുമ്പോൾ - മുൻകൗൺസിലുകളെല്ലാം മതാത്മകസമ്മേളനങ്ങളായിരുന്നു. എന്നാൽ നേരിട്ട് മതാത്മകമല്ലാത്ത ഏറെ കാര്യങ്ങൾ രണ്ടാം വത്തിക്കാനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യനെയും ലോകത്തെയും സാകല്യമായി സ്പർശിച്ച ഒന്നായിരുന്നു അത്. തന്മൂലം വളരെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം ചില പാകപ്പിഴകളും, ഉദാഹരണമായി, പൊതു ചർച്ചാവേളകളിൽ ഇടയ്ക്കിടെയുണ്ടായ മാർപ്പാപ്പായുടെ ഇടപെടൽ, ചർച്ചകളുടെ തന്ത്രപരമായ നീട്ടിവയ്പ്, ഉപജാപപരമായ ചില നീക്കങ്ങൾ - ഇവയൊക്കെ സാർവ്വത്രിക സൂനഹദോസുകളുടെയും തുറന്ന ചർച്ചാമനോഭാവത്തിന്റെയും ചൈതന്യത്തിന് നിരക്കുന്നതല്ലല്ലോ. മെത്രാന്മാരുടെ സംഘാതാത്മകത്വത്തിന് നല്കിയ വിശദീകരണാനുബന്ധം വോട്ടിനോ ചർച്ചയ്ക്കോ വയ്ക്കാതെ ഒരുവിധത്തിൽ തിരുകി ചേർക്കുകയാണത്രേ ഉണ്ടായത്. യഹൂദമതത്തെ പരാമർശിച്ചപ്പോൾ ശുഭോദർക്കമല്ലാത്ത ചില പ്രസ്താവനകളുണ്ടായി. എക്യുമെനിസത്തിന്റെ ചർച്ചകളുടെ അവസാന നിമിഷത്തിൽ വരുത്തിയ വ്യതിയാനങ്ങൾ കത്തോലിക്കർക്ക് അസഹ്യത ജനിപ്പിക്കുന്നതായിരുന്നു... എങ്കിലും സൂനഹദോസ് ശുഭമായി തന്നെ പര്യവസാനിച്ചു. ഇനി കൗൺസിൽ തീരുമാനങ്ങളും നിശ്ചയങ്ങളും ക്രിസ്തീയ ജീവിതത്തിൽ പ്രായോഗികമാക്കണം.

www.malankaralibrary.com

# 4. കേരള റീജണൽ സെമിനാർ

## ശുപാർശകളും വിലയിരുത്തലുകളും

കത്തോലിക്കാസഭയിൽ വലുതായ പരിവർത്തനത്തിന് നാന്ദി കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ 1962 മുതൽ 65 വരെ കാലയളവിലാണ് റോമിൽ സമ്മേളിച്ചത്. കൗൺസിൽ പ്രധാനമായി 16 രേഖകൾ പുറപ്പെടുവിച്ചു. അവയ്ക്ക് ആകെ 103,014 വാക്കുകളുണ്ട്. അതിൽ ആധുനിക ലോകത്തിൽ സഭയെക്കുറിച്ചുള്ള എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്തു. ഒരു പ്രശ്നവും മറന്നില്ല. ഒരു രംഗവും അവഗണിച്ചില്ല.കൗൺസിൽ ചില സമീപനങ്ങൾ തിരുത്തി. ചിലതിന് മുൻഗണന നല്കി 1965 ഡിസംബർ 8-ാം തിയതി കൗൺസിൽ സമാപിച്ചെങ്കിലും അന്ന് കൗൺസിൽ ആരംഭിക്കുകയാണ് ചെയ്തത്. കാരണം കൗൺസിൽ തീരുമാനങ്ങൾ പ്രായോഗിക തലത്തിലേക്ക് വരേണ്ട സന്ദർഭമായിരിക്കുന്നു.

വത്തിക്കാൻ കൗൺസിലിന്റെ രേഖകൾ പുറത്ത് വന്നതോടുകൂടി ഓരോ രാജ്യത്തിലും അതാത് സാഹചര്യങ്ങളിൽ അവ പ്രാവർത്തികമാക്കുവാനുള്ള ശ്രമം ആരംഭിച്ചു. ഓരോ രാജ്യവും രൂപതയും ഇടവകയും അതിനോട് സഹകരിക്കാൻ മുന്നോട്ടുവന്നു. ആ തയ്യാറെടുപ്പ് ഭാരതസഭയിലും ഉണ്ടായി. വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങളുടെ വെളിച്ചത്തിൽ സഭയുടെ ഇന്നുവരെയുള്ള പുരോഗതി വിലയിരുത്തുക,കുറ്റങ്ങളും കുറവുകളും ചികഞ്ഞ് പരിശോധിക്കുക, ഭാരത സഭയുടെ പ്രതിരൂപം കഴുകി വൃത്തിയാക്കുക എന്നിവ അടിയന്തിരമായി നിർവ്വഹിക്കുവാൻ ഭാരതസഭ മുന്നോട്ടുവന്നു.

ഈ ലക്ഷ്യപ്രാപ്തിക്കായി ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന വിഷയത്തെ ആസ്പദമാക്കി അഖിലേന്ത്യാടിസ്ഥാനത്തിൽ 1969മേയ് മാസത്തിൽ ബാംഗ്ലൂരിൽ ഒരു നാഷണൽ സെമിനാർ നടന്നു. അതിന് പ്രാരംഭമായി 1968 ഡിസംബർ അവസാനം കേരള റീജണൽ സെമിനാറും സംഘടിപ്പിക്കപ്പെട്ടു. കേരള റീജണൽ സെമിനാറിൽ മൊത്തം 248 പ്രതിനിധികളും ബാംഗ്ലൂർ നാഷണൽസെമിനാറിൽ 600-ഓളം പ്രതിനിധികളും പങ്കെടുത്തു.

സെമിനാറിനുശേഷം പുറപ്പെടുവിച്ച സെമിനാർ ഡൈജസ്റ്റിൽ ഇപ്രകാരം പത്രാധിപസമിതി എഴുതിയിരിക്കുന്നു. "അനേകം നാളുകളായി അടച്ചു കെട്ടിയിരുന്ന കേരളസഭയിലെ നിരവധി ജനലുകളും വാതിലുകളും വഴികളും ഇനി തുറക്കപ്പെടുവാൻ പോവുകയാണ്. സഭയ്ക്കുള്ളിലും പുറത്തും ഉയർന്നു വരുന്ന പൊതുജനാഭിപ്രായത്തിന്റെയും വിമർശനങ്ങളുടെയും സ്വര

www.malankaralibrary.com

ങ്ങളെ അവഗണിക്കുവാൻ സഭാധികാരികൾക്ക് ഇനിയും കഴിയുമെന്ന് തോന്നുന്നില്ല. അൽമേനികളും അധികാരികളും തമ്മിലുള്ള ബന്ധം മുൻകാലങ്ങളിലേതുപോലെ കല്പനകളിലും അനുശാസനങ്ങളിലും ഇടയലേഖനങ്ങളിലും മാത്രം അധിഷ്ഠിതവും ഔദ്യോഗികവും മാത്രമായി തുടരുക ഇനിയും സാദ്ധ്യമല്ല.”

രണ്ടാംവത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ ഭാരതസഭയിൽ എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെപ്പറ്റിയാണ് 1968-ൽ ആലുവായിൽ നടന്ന റീജയണൽ സെമിനാറും 1969-ൽ ബാംഗ്ലൂൾ നടന്ന ദേശീയ സെമിനാറും ചർച്ച ചെയ്തത്. ഇന്നത്തെ ഇന്ത്യയിലെ സഭ എന്നതായിരുന്നു മുഖ്യ ചർച്ചാവിഷയം. കേരളസഭയുടെ വിവിധ പ്രവർത്തനമേഖലകളെ പതിമൂന്നായി തിരിച്ച് ഓരോ മേഖലയ്ക്കും ഓരോ വർക്ക് ഷോപ്പ് വീതം രൂപീകരിച്ച് പഠനം നടത്തിയതിന്റെ ഫലമായി ഉരുത്തിരിഞ്ഞ ശുപാർശകളെ സെമിനാർ അവലോകനം ചെയ്ത് അംഗീകരിക്കുകയാണ് ചെയ്തത്.

ദേശീയ സെമിനാറിന് പ്രാരംഭമായിട്ടാണ് റീജയണൽ സെമിനാറുകൾ നടന്നത്. റീജയണൽ സെമിനാറിന് മുൻപായി രൂപതാ തലത്തിലും അതിന് മുൻപായി ഇടവക തലത്തിലും ചർച്ചകൾ നടത്തി ചർച്ചകളുടെ നിഗമനങ്ങൾ അറിയിക്കണമെന്നായിരുന്നു സെമിനാറിന് നേതൃത്വം വഹിച്ച പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ നിർദ്ദേശിച്ചിരുന്നത്. അതനുസരിച്ച് ഇടവകകളിൽ കാര്യമായ ചർച്ചകൾ ഒന്നും തന്നെ നടന്നിട്ടില്ല. രൂപതാ തലത്തിൽ കുറെയൊക്കെ നടന്നു. പക്ഷെ 13 വിഷയങ്ങളെയും കേന്ദ്രീകരിച്ച് ഒരു ചർച്ചയും ഒരു രൂപതയിലും നടന്നിട്ടില്ലായിരുന്നു. 13 വിഷയങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട മൂന്നോ നാലോ വിഷയങ്ങളെപ്പറ്റി മാത്രമാണ് ചർച്ച നടത്തിയത്.

എങ്കിലും റീജയണൽ സെമിനാറിന്റെ ഒരുക്കങ്ങളും ക്രമീകരണങ്ങളും കുറ്റമറ്റതായിരുന്നുവെന്നു തന്നെ പറയാം. റീജയണൽ സെമിനാറിൽ ചർച്ച ചെയ്യപ്പെടേണ്ട 13 വിഷയങ്ങളെപ്പറ്റിയും സമഗ്രമായ ഒരു പഠനം നടത്താൻ ഓരോ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. ആ വിദഗ്ദ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ടാണ് സെമിനാറിൽ ഓരോ ഗ്രൂപ്പുകൾ ചർച്ച ചെയ്തത്. ആ ഗ്രൂപ്പ് ചർച്ചയുടെ നിർദ്ദേശങ്ങൾ പ്ലീനറി സമ്മേളനത്തിൽ അവതരിപ്പിച്ചു പ്ലീനറി സമ്മേളനത്തിൽ എടുത്ത നിർദ്ദേശങ്ങളാണ് സെമിനാർ തീരുമാനങ്ങളായി റിജയണൽ സെമിനാർ സുവനീറിൽക്കൂടി പുറത്തുവന്നത്.

റീജയണൽ സെമിനാറിന്റെ തീരുമാനങ്ങൾ എന്തുമാത്രം പ്രായോഗിക തലത്തിൽ കൊണ്ടുവന്നു എന്നതിനെപ്പറ്റി ആകാംഷയോടെയാണ് സഭ കാത്തിരുന്നത്. അതിനെപ്പറ്റി വത്തിക്കാൻ കൗൺസിലിന്റെ കനകജൂബിലി വർഷത്തിൽ ഒരു തുറന്ന ചർച്ച നടത്തുന്നത് സമുചിതമായിരിക്കും. കേരള റീജയണൽ സെമിനാറിൽ ആകെ 248 പ്രതിനിധികളാണ് പങ്കെടുത്തത്.

www.malankaralibrary.com

ആ 248 പേരുടെ അഭിപ്രായങ്ങൾ ശേഖരിക്കുക എളുപ്പമല്ല. അതിൽ പകുതിയിലധികം ആളുകൾ ഇഹലോകവാസം വെടിഞ്ഞിട്ടുണ്ടാകും. ഒരു 25 ശതമാനം ആളുകൾ വാർദ്ധക്യത്തിൽ എത്തി യാത്ര ചെയ്യുവാൻ സാധിക്കാത്ത നിലയിൽ എത്തിയിട്ടുണ്ടാകും. അന്ന് സെമിനാറിൽ പങ്കെടുത്ത പ്രായം കുറഞ്ഞ ആൾക്കുപോലും ഇന്ന് 70 വയസ്സ് കഴിഞ്ഞിരിക്കും. അതിൽ ഒരു ചെറിയശതമാനം ആളുകൾ നല്ല ആരോഗ്യവാന്മാരായിരിക്കും. അങ്ങനെയുള്ളവരെ കണ്ടെത്തി അവരുടെ ഒരു വിലയിരുത്തൽ ശേഖരിക്കുന്നത് കൂടുതൽ സമുചിതമായിരിക്കും. അന്നത്തെ സെമിനാറിൽ പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ച് ചർച്ച ചെയ്യുന്നത് കൂടുതൽ ഫലപ്രദമായിരിക്കും. അതിന് നേതൃത്വം വഹിക്കുവാൻ പി.ഒ.സി. സന്നദ്ധമാകണം. അല്ലെങ്കിൽ അതിന് മറ്റൊരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തണം.

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ 20-ാം വാർഷികാവസരത്തിൽ വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ ഓരോ പ്രദേശത്തും എന്തുമാത്രം പ്രാവർത്തികമാക്കി എന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ റോമിൽ ഒരു സിനിഡ് വിളിച്ചു കൂട്ടുകയുണ്ടായി. ആ സിനഡിന് മുൻപായി ഇടവക-രൂപത-റീജയൻ-ദേശീയതലത്തിൽ ചർച്ചകൾ നടത്തി അതിന്റെ റിപ്പോർട്ട് റോമിലേക്ക് അയച്ചു കൊടുക്കണമെന്ന് ഒരു നിർദ്ദേശമുണ്ടായിരുന്നു. കേരളാ റീജയണൽ സെമിനാറിന്റെ തീരുമാനങ്ങൾ എന്തുമാത്രം പ്രാവർത്തികമാക്കാൻ ശ്രമിച്ചുവെന്ന് ഒരു പഠനം ഇടവക-രൂപതാ തലത്തിലും കേരളാ തലത്തിലും നടത്തിയാൽ മതിയായിരുന്നു. അതിന് ആരും ശ്രമിച്ചില്ല. ഒരു രൂപതയും. ഈ വിഷയത്തെപ്പറ്റി ചർച്ച നടത്തിയത് ആളൂർ ബറ്റർ ലൈഫ് മൂവ്മെന്റ് മാത്രമാണ്. ഇങ്ങനെയൊരു ചർച്ച കേരളത്തിൽ നടത്തിയ ബി.എൽ.എം. ഡയറക്ടർ ഫാ. ജോസ് അക്കരക്കാരനെ എല്ലാവരും അഭിനന്ദിക്കുകയുണ്ടായി.

## എന്തുമാത്രം പ്രാവർത്തികമാക്കി?

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ സഭയിൽ എന്തുമാത്രം പ്രാവർത്തികമാക്കിയെന്നറിയാൻ സഭാംഗങ്ങൾക്ക് ആഗ്രഹമുണ്ട്. റീജയണൽ സെമിനാറിന്റെ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് പ്രഖ്യാപിച്ചുവെങ്കിലും സെമിനാറിൽ പങ്കെടുത്തവർ അത് പൂർണ്ണമായി വിശ്വസിച്ചില്ല. നടപ്പിലാക്കിയ കാര്യങ്ങൾ സഭാംഗങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ സഭാധികാരികൾ കാര്യമായി ശ്രദ്ധിച്ചുമില്ല.

ഈ പശ്ചാത്തലത്തിൽ സെമിനാർ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ വേണ്ടത്ര ശ്രമങ്ങൾ തുടരുമെന്ന പ്രതീക്ഷയിലാണ് സെമിനാർ അംഗങ്ങൾ പിരിഞ്ഞത്. സെമിനാർ സംഘടിപ്പിക്കുന്നതിൽ വൈദിക മേലദ്ധ്യക്ഷൻമാർ

www.malankaralibrary.com

കാണിച്ച താല്പര്യം സെമിനാർ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ സഹായകരമാകുമെന്നുതന്നെ വിശ്വസിച്ചു. എന്നുതന്നെയുമല്ല സെമിനാർ തീരുമാനങ്ങൾ ബിഷപ്പ്സ് കോൺഫറൻസ് പരിഗണിക്കുമെന്ന് കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി അസന്നിഗ്ദ്ധമായി സമാപനസമ്മേളനത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു. താഴെപ്പറയുന്ന വിഷയങ്ങളെപ്പറ്റിയാണ് സെമിനാർ പ്രത്യേക പഠനം നടത്തിയത്. ഓരോ വിഷയത്തെപ്പറ്റിയും ഒരു വിദഗ്ദ്ധസമിതി തയ്യാറാക്കിയ റിപ്പോർട്ട് സെമിനാറിൽ ഒരു ഗ്രൂപ്പ് ചർച്ച ചെയ്യുകയും ഏതാനും നിർദ്ദേശങ്ങൾ പ്ളീനറി സമ്മേളനത്തിൽ അവതരിപ്പിക്കുകയും ചെയ്തു. പ്ലീനറി സമ്മേളനം അതിന്റെ വെളിച്ചത്തിൽ എടുത്ത നിർദ്ദേശങ്ങളാണ് സെമിനാർ തീരുമാനങ്ങളായി പുറത്തു വന്നത്. സെമിനാർ തീരുമാനങ്ങളും അവ എന്തുമാത്രം പ്രായോഗികമാക്കിയെന്ന വിലയിരുത്തലും താഴെ ചേർക്കുന്നു.

## I - ആദ്ധ്യാത്മിക ജീവിതം

### ശുപാർശകൾ

ഈ വിഷയത്തെപ്പറ്റി ഫാ. ഫിലിപ്പ് ഒ.സി.ഡി. ലീഡറായി നിയമിച്ച കമ്മിറ്റിയാണ് പ്രബന്ധം തയ്യാറാക്കിയത് സെമിനാറിലെ ഒരു ഗ്രൂപ്പ് ഈ വിഷയത്തെപ്പറ്റി പ്രത്യേകമായി പഠിച്ച് ഏതാനും നിർദ്ദേശങ്ങൾ സമർപ്പിച്ചു. അവ താഴെ ചേർക്കുന്നു.

(എ) അൽമായർക്കുവേണ്ടി ഒരുനല്ല ആദ്ധ്യാത്മിക നടപടി പുസ്തകം തയ്യാറാക്കുക. (ബി) ആദ്ധ്യാത്മിക ജീവിതത്തിൽ അൽമായർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് സ്ഥാപനം ഏർപ്പെടുത്തുക. (സി) പ്രേക്ഷിത വേലയ്ക്കനുയോജ്യമായ ആത്മീയസത്തിന് പ്രത്യേക ഊന്നൽ നൽകുന്ന വിധം അൽമായർ,സന്യാസികൾ, വൈദികർ എന്നിവർക്കുവേണ്ടി സെമിനാറുകളും ധ്യാനങ്ങളും സംഘടിപ്പിക്കുക. (ഡി) നമ്മുടെ രാജ്യത്തെ ഇതര മതങ്ങളിൽ ഉള്ള നല്ല കാര്യങ്ങൾ സ്വീകരിക്കുന്നതിനുവേണ്ട മാർഗ്ഗങ്ങളും ഉപാധികളും ആരായുന്നതിനു ഗവേഷണം നടത്തുക. വർക്കുഷോപ്പിന്റെ ഈ നിർദ്ദേശങ്ങൾ പ്ലീനറി സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ചു.

### വിലയിരുത്തൽ

ആദ്ധ്യാത്മിക ജീവിതത്തെ സംബന്ധിച്ച് എടുത്ത തീരുമാനങ്ങളിൽ പലതും കേരളസഭയിൽ നടപ്പാക്കിയിട്ടുണ്ട്. സെമിനാറിൽ പങ്കെടുത്തവർ അത് പി.ഒ.സി.യുടെ നേതൃത്വത്തിൽ നടപ്പാക്കുമെന്നാണ് വിചാരിച്ചത്. അങ്ങനെയല്ല ഓരോ വ്യക്തിസഭകളും അവരുടെ ഉത്തരവാദിത്വത്തിൽ പല പരിപാടികളും നടപ്പിലാക്കുകയാണ് ചെയ്തത്. ശരിയായാലും തെറ്റായാലും കേരള സഭയെ ഒന്നായി കാണുന്നതിനുപകരം മൂന്നായി (റീത്തുകൾ)

www.malankaralibrary.com

കാണുന്നതിനാണ് ശ്രമിച്ചത്. അൽമായർക്കുവേണ്ടി ഒരു നല്ല ആദ്ധ്യാത്മിക നടപടി പുസ്തകം തയ്യാക്കുവാൻ പി.ഒ.സി.ക്ക് സാധിച്ചിട്ടില്ല. ആദ്ധ്യാത്മിക ജീവിതത്തിൽ അൽമായർക്ക് മെച്ചപ്പെട്ട പരിശീലനം നല്കുന്നതിന് ഒരു സ്ഥാപനം ഏർപ്പെടുത്താനുള്ള സെമിനാർ തീരുമാനവും അതേപടി നടപ്പിലാക്കിയില്ല. അതേസമയം രൂപതകളുടെയും റീത്തുകളുടെയും അടിസ്ഥാനത്തിൽ പല സംരഭങ്ങളും നടന്നിട്ടുണ്ട്. സെമിനാറിനുശേഷം സഭകൾ തമ്മിൽ അകലുകയാണോ കൂടുതൽ അടുക്കുകയാണോ ചെയ്തതെന്ന് പരിശോധിക്കണം. പ്രേഷിത വേലക്കനുയോജ്യമായ ആത്മീയസത്തിന് പ്രത്യേക ഊന്നൽ നല്കുന്നവിധം അൽമായർ, സന്യാസികൾ, വൈദികർ എന്നിവർക്കുവേണ്ടി സെമിനാറുകളും ധ്യാനങ്ങളും സംഘടിപ്പിക്കണം എന്നതീരുമാനവും ഭാഗികമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളു. **അനുദിനം ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന കരിസ്മാറ്റിക് ധ്യാനങ്ങളിലും രോഗീസൗഖ്യ സമ്മേളനങ്ങളിലും ഹല്ലേലുയ്യാ സ്തോത്രഗീത ആലാപനങ്ങളിലും കരഘോഷത്തിലും ശ്രദ്ധപതിപ്പിച്ച്, അത് ആഘോഷമാക്കിമാറ്റി, ജനശ്രദ്ധ സെമിനാർ തീരുമാനങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുകയല്ലേ ചെയ്തത്.** ഇത് മനപൂർവ്വം നടത്തിയ ഒരു പ്രക്രിയ ആണെന്ന് പറയുന്നില്ല. ഫലത്തിൽ അതു സംഭവിച്ചു.

## II ആരാധനക്രമവും മതബോധനവും

### ശുപാർശകൾ

ഈ വിഷയം സംബന്ധിച്ച പ്രബന്ധം തയ്യാറാക്കിയത് ഫാ.ജോൺ വള്ളമറ്റം കൺവീനറായുള്ള സർവ്വീസ് ടീം ആയിരുന്നു. ഈ പ്രബന്ധം ഗ്രൂപ്പ് ചർച്ചക്ക് വിധേയമാക്കുകയും താഴെ പറയുന്ന ശുപാർശകൾ പ്ളീനറി സമ്മേളനത്തിന്റെ ചർച്ചക്ക് അവതരിപ്പിക്കുകയും ചെയ്തു. (1)രൂപത കച്ചേരിയിലെ ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നത് വൈദികരോടും അൽമായരോടും കൂടി ആലോചിച്ചിച്ചിട്ടുവേണം. അവരുടെ ഉദ്യോഗ കാലാവധി അഞ്ചു കൊല്ലത്തിൽ കൂടുവാൻ പാടില്ല. കഴിയുമെങ്കിൽ അല്മായരെകൂടി ഉൾപ്പെടുത്തുന്നതു കൊള്ളാം. (2) മെത്രാൻമാരെ തെരഞ്ഞെടുക്കുമ്പോൾ വൈദികരോടും പാസ്റ്ററൽ കൗൺസിലിനോടും കൂടി ആലോചിക്കണം. (3)വൈദികരുടെ സെനറ്റിലും പാസ്റ്ററൽ കൗൺസിലിലും ഭൂരിപക്ഷവും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായിരിക്കണം (4)വൈദികരുടെയും മെത്രാൻമാരുടെയും പിരിഞ്ഞുപോകലിനുള്ള പ്രായം 70 ആയി നിശ്ചയിക്കണം. മെത്രാൻമാരെ സ്ഥലം മാറ്റുന്നതും കൊള്ളാം. (5) റിട്ടയർ ചെയ്ത ബിഷപ്പുമാരെയും വൈദികരെയും രൂപത നന്നായി പരിരക്ഷിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങളിൽ അജപാലനഘടനയെപ്പറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ

www.malankaralibrary.com

സ്വാഗതാർഹങ്ങളായിരുന്നു. അവയുടെ ചുരുക്കം താഴെ ചേർക്കുന്നു. ഒരു പ്രദേശത്ത് ഒരു റീത്തിന്റെ വകയായി പള്ളിയോ സ്ഥാപനമോ ഏർപ്പെടുത്തരുത്. ഒരു പള്ളിയിൽ തന്നെ വിവിധ റീത്തുകളിൽപ്പെട്ടവർക്ക് ആരാധനാസൗകര്യം ഏർപ്പെടുത്തണം. പള്ളിയില്ലാത്ത സ്ഥലത്ത് വിവിധ റീത്തിൽപ്പെട്ടവർ ഉണ്ടെങ്കിൽ അവർ യോജിച്ച് ഒരു പൊതുപള്ളി സ്ഥാപിക്കണം.

ഇതിൽ പൊതു ആരാധനക്രമത്തെ സംബന്ധിച്ച പരാമർശങ്ങളെപ്പറ്റി പ്ളീനറി സമ്മേളനത്തിൽ വിമർശനവും ഉണ്ടായി.

## വിലയിരുത്തൽ:-

ആരാധനാക്രമവും മതബോധനവും എന്ന വിഷയത്തെപ്പറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരുന്നത് രൂപത കച്ചേരിയിലെ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് വൈദികരോടും അൽമായരോടുംകൂടി ആലോചിച്ചു വേണമെന്നാണ്. ആ ആലോചന എവിടെയെങ്കിലും നടന്നിട്ടുണ്ടോ? കഴിയുമെങ്കിൽ അൽമായരെ കൂടി ഉൾപ്പെടുത്തുന്നത് കൊള്ളാമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആ നിർദ്ദേശം ഒരിടത്തും പ്രാവർത്തികമാക്കിയിട്ടില്ല. കൗൺസിൽ വിഭാവന ചെയ്ത വിധത്തിൽ പാസ്റ്ററൽ കൗൺസിൽ പ്രവർത്തനം നടക്കുന്നുണ്ടോ? ഉണ്ടെന്ന് പറഞ്ഞ് നമുക്ക് സമാധാനപ്പെടാം. ഫലത്തിൽ ആ തീരുമാനത്തിന്റെ സ്പിരിറ്റ് നാം പ്രായോഗിക തലത്തിൽ ഉൾക്കൊണ്ടിട്ടുണ്ടോ? പള്ളിയില്ലാത്ത സ്ഥലത്ത് വിവിധ റീത്തിൽപ്പെട്ടവർ യോജിച്ച് പൊതുപള്ളി സ്ഥാപിക്കണമെന്ന നിർദ്ദേശവും ഒരു പള്ളിയിൽ തന്നെ വിവിധ റീത്തുകളിൽപ്പെട്ടവർക്ക് ആരാധനാസൗകര്യം ഏർപ്പെടുത്തണമെന്ന തീരുമാനവും പ്രാവർത്തികമാക്കിയിട്ടില്ല. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുക പിന്നീടു വന്ന സാഹചര്യത്തിൽ സാദ്ധ്യമല്ലാതായിത്തീർന്നു. സെമിനാറിന്റെ തീരുമാനങ്ങൾ പ്രാവർത്തികമാക്കിയില്ലാ എന്നു ചുരുക്കം.

# III സുവിശേഷപ്രചരണം

## ശുപാർശകൾ

ഫാ.സേവ്യർ കൂടപ്പുഴ, ഫാ.ഫ്രാൻസിസ് ഗ്രിഗറി എന്നിവർ ലീഡർമാരായുള്ള സുവിശേഷപ്രചാരണം എന്ന വിഷയത്തെപ്പറ്റി നിയുക്തമായ സർവ്വീസ് ടീം തയ്യാറാക്കിയ പ്രബന്ധത്തെപ്പറ്റി ഗ്രൂപ്പ് ചർച്ച നടന്നു. അംഗീകരിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

### 1 വ്യക്തി

ഈ വിഷയത്തെ സംബന്ധിച്ച് എല്ലാവരെയും പ്രബുദ്ധരാക്കുന്നതിന് അത്മായ പ്രേഷിതത്വവും മിഷനുകളും സംബന്ധിച്ച കല്പനകൾ, സഭയുടെ ഭരണഘടന, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കല്പനകളെ സംബന്ധിച്ച വ്യാഖ്യാനങ്ങൾ എന്നിവയെപ്പറ്റി ലഘുലേഖകളും ലഘുഗ്രന്ഥങ്ങളും

www.malankaralibrary.com

പ്രസിദ്ധപ്പെടുത്തുകയും എല്ലാവർക്കും അവ ലഭ്യമാക്കാൻ വേണ്ടതു ചെയ്യുകയും വേണം.

### 2 വ്യക്തികളുടെ പരിശീലനം

അൽമായരെ അഭ്യസിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ദൈവശാസ്ത്രസ്ഥാപനങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. സെമിനാരികളിലും സന്യാസികളുടെ പരിശീലന കേന്ദ്രങ്ങളിലും പ്രേഷിതശാസ്ത്രം പഠനത്തിന്റെ ഒരു ഭാഗമാക്കണം. പ്രേഷിത പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കുവേണ്ടി രൂപതാടിസ്ഥാനത്തിലോ ഫൊറോനാടിസ്ഥാനത്തിലോ സെമിനാറുകളും കോൺഫറൻസുകളും പുനരുജ്ജീവനത്തിലുള്ള പഠനസൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

### 3 കുടുംബം

ക്രൈസ്തവ സമൂഹത്തിന്റെ അടിസ്ഥാന ഘടകം കുടുംബമാകയാൽ ക്രിസ്തുവിന്റെ സന്ദേശം തങ്ങളുടെ ജീവിതം വഴി അക്രൈസ്തവസഹോദരങ്ങൾക്ക് പ്രസരിപ്പിക്കാൻ കുടുംബാംഗങ്ങൾക്ക് ചുമതലയുണ്ട്.

കുടുംബത്തിൽ പ്രാർത്ഥന, പരിത്യാഗം, ക്രൈസ്തവസാഹോദര്യത്തിന്റെ സത്യസന്ധമായ അനുഷ്ഠാനം എന്നിവവഴി പ്രേഷിത ചൈതന്യം സൃഷ്ടിക്കേണ്ടതാണ്. അക്രൈസ്തവരായ ആളുകളോടും കുടുംബങ്ങളോടും മിഷൻരംഗത്തും നമ്മുടെ ചുറ്റും നാം അനുരൂപപ്പെട്ടു പോകണം.

### 4 ഇടവക

തന്റെ പ്രദേശത്തുള്ള മുഴുവൻ ജനങ്ങളെയും സംബന്ധിച്ച ഉത്തരവാദിത്വത്തെപ്പറ്റി ഇടവക വൈദികൻ ബോധവാനായിരിക്കണം. ഇടവകയുടെ പ്ളാനും ജനസംഖ്യാകണക്കും സൂക്ഷിക്കണം. അക്രൈസ്തവരെയും അകത്തോലിക്കരെയും നീക്കിനിറുത്താതെ ഓരോ കുടുംബത്തിന്റെയും ക്ഷേമത്തിൽ ഇടവക വൈദികന് അഗാധമായ താല്പര്യം ഉണ്ടായിരിക്കണം.

### 5 സംഘടന

വൈദികരും അൽമായരും തമ്മിലുള്ള വിടവ് നികത്തുന്നതിനും സുവിശേഷപ്രചരണം കാര്യക്ഷമമാക്കുന്നതിനും എല്ലാ വിഭാഗങ്ങളേയും പുരുഷൻമാരേയും സ്ത്രീകളെയും സന്യാസികളെയും പ്രതിനിധീകരിച്ചുകൊണ്ട് ഒരു പാരീഷ് കൗൺസിൽ രൂപീകരിക്കണം. എല്ലാ ഇടവകകളിലും ചെറുപുഷ്പ മിഷൻലീഗുപോലുള്ള മിഷൻ സംഘടനകൾ ശുപാർശ ചെയ്യേണ്ടതാണ്.

### 6 രൂപത

പാസ്റ്ററൽ കൗൺസിൽ വിവിധ ഇടവകകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും പ്രേഷിത ചൈതന്യം ഉത്തേജിപ്പിക്കുന്നതിനും എല്ലാ ഇടവകകളേയും സന്യാസ സംഘടനകളേയും സുവിശേഷപ്രചരണ

www.malankaralibrary.com

ത്തിനുള്ള മറ്റ് സംഘടനകളെയും പ്രതിനിധാനം ചെയ്തുകൊണ്ട് ഒരു കമ്മിറ്റി ഏർപ്പെടുത്തേണ്ടതാണ്. ഇടവകകൾ തമ്മിൽ വിഭവങ്ങൾ (resources )വിതരണം ചെയ്യുന്നതിലെ അസമത്വം കുറയ്ക്കുന്നതിന് ഈ കൗൺസിൽ നേതൃത്വം നല്കണം.

മിഷനുകളുടെ ആവശ്യത്തിനും മിഷൻ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ രൂപതയിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു "വൊക്കേഷൻ ബ്യൂറോ" ആവശ്യമാണ്. യഥാർത്ഥ ദൈവവിളിയുള്ള ദരിദ്രരും അനഭ്യസ്തവിദ്യരുമായ പെൺകുട്ടികൾക്കു വേണ്ടി ഈ ബ്യൂറോ ഒരു സ്ഥാപനം ആരംഭിക്കണം. മിഷനുകളിൽ പ്രവേശനം സിദ്ധിക്കാത്തവരെയും ഈ സ്ഥാപനത്തിൽ സ്വീകരിക്കാവുന്നതാണ്.

ഇടവകയിലും രൂപതയിലും കാര്യക്ഷമമായും അനായാസമായും മിഷൻ പ്രവർത്തനം നടത്തുന്നതിന് വിവിധ സംഘടനകളുടെ പ്രതിനിധികൾ ചേർന്ന ഒരു ഏകോപന സമിതി രൂപീകരിക്കുന്നത് കൊള്ളാം.

## 7 സന്യാസി സമൂഹങ്ങളും സംഘടനകളും

സ്ത്രീകളുടെയും പുരുഷൻമാരുടെയും വിവിധ സന്യാസ സമൂഹങ്ങൾ അവയുടേതായ ചൈതന്യവും ലക്ഷ്യവും സംരക്ഷിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിലെ മിഷനറി ആവശ്യങ്ങൾ പഠിക്കുകയും രൂപതയിലേയും ഇടവകയിലേയും പ്രേഷിത പ്രവർത്തനങ്ങളോട് സജീവമായി സഹകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

കത്തോലിക്കാ അദ്ധ്യാപകർക്ക് അവരുടെ സ്ഥാപനങ്ങളിലും ചുറ്റുപാടുകളിലും മിഷൻ പ്രവർത്തനം നടത്താൻ പ്രത്യേക പരിശീലനം നല്കേണ്ടതാണ്.

നമ്മുടെ സ്കൂളുകളിലും കോളേജുകളിലും സുവിശേഷപ്രചരണം സംബന്ധിച്ച ഫിലിമുകൾ, ഡ്രാമകൾ, ലൈബ്രറികൾ, മിഷൻ പ്രദർശനങ്ങൾ എന്നിവ നടത്തുകയും നിലവിലുള്ള കെ. സി. എസ്. എൽ., സി.എസ്.യു, മിഷൻ ലിഗ്, കേരള ടീച്ചേഴ്സ് ഗിൽഡ് എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഹോസ്പിറ്റലിലെ സേവനം സുവിശേഷപ്രചരണത്തിനുള്ള ഉപാധിയായും ക്രിസ്തുവിന്റെ യഥാർത്ഥ പ്രതിബിംബം നല്കുന്നതിനുള്ള മാർഗ്ഗമായും വീക്ഷിക്കേണ്ടതാണ്. 'അനാഥശാല' എന്ന പേരുതന്നെ സുവിശേഷത്തിന് വിരുദ്ധമാണ്. അന്തസുള്ള മറ്റു വല്ല പേരും അതിന് നല്കണം.

ഇന്നുള്ള പ്രസിദ്ധീകരണകേന്ദ്രങ്ങൾ ഒരുമിച്ച് സുവിശേഷഗ്രന്ഥങ്ങളും ലഘുലേഖകളും ലഘുഗ്രന്ഥങ്ങളും വിതരണം ചെയ്യണം.

## 8 ഹരിജനവിഭാഗം

ഹരിജനവർഗ്ഗത്തോടും മറ്റു പിന്നോക്കവിഭാഗത്തിലുള്ള ക്രൈസ്തവ

www.malankaralibrary.com

രോടുമുള്ള വിവേചനാനയം നീക്കണം. പൗരജീവിതം, സാമൂഹ്യ-രാഷ്ട്രീയ-വിദ്യാഭ്യാസരംഗങ്ങൾ മുതലായവയിൽ പട്ടികവർഗ്ഗകാർക്ക് നല്കിയിട്ടുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് പാസ്റ്ററൽ കൗൺസിലിന്റെ സബ്കമ്മിറ്റി നേതൃത്വം നല്കേണ്ടതാണ്. ആ അവകാശങ്ങൾ ക്രിസ്തുമതത്തിലേക്ക് മാനസാന്തരപ്പെട്ടു എന്ന കാരണത്താൽ നിഷേധിക്കപ്പെടാതിരിക്കാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

### 9 പ്രാദേശികതലത്തിൽ

ഫലപ്രദമായും കാര്യക്ഷമമായുമുള്ള സുവിശേഷപ്രചരണത്തിന് കേരളത്തിലെ വിവിധ റീത്തുകൾ തമ്മിൽ ഐക്യപൂർവ്വമുള്ള പ്രവർത്തനം അത്യാവശ്യമാണ്. രൂപതകളെ ഭൂമിശാസ്ത്രപരമായി വിഭജിക്കാനുള്ള സാധ്യതയുണ്ടോ എന്നു നോക്കാൻ ഞങ്ങൾ കേരള ബിഷപ്സ് കോൺഫ്രൻസിനോട് അഭ്യർത്ഥിക്കുന്നു.

ഇതേവരെ സുവിശേഷം പ്രസംഗിക്കപ്പെടാത്തതും ഭൂമിശാസ്ത്രപരമായി വിഭജിക്കപ്പെട്ടിരിക്കുന്നതുമായ പുറത്തുള്ള പ്രദേശങ്ങളിലേക്ക് കേരളത്തിൽനിന്ന് ആളുകളേയും വിഭവങ്ങളേയും ഉചിതമായി അയയ്ക്കുന്നതിന് വിവിധ ഹൈരാർക്കികളും മിഷൻ പ്രവർത്തനത്തിനുള്ള സന്യാസസമൂഹങ്ങളും വേണ്ടത് ചെയ്യേണ്ടതാണ്.

### വിലയിരുത്തൽ:-

സുവിശേഷപ്രചരണം എന്ന വിഷയത്തെപ്പറ്റി ദീർഘമായ നിർദ്ദേശങ്ങളാണ് സെമിനാർ അംഗീകരിച്ചത്. അതിൽ 90 ശതമാനം നിർദ്ദേശങ്ങളും പ്രാവർത്തികമാക്കാൻ ഇടവക-രൂപതാ തലങ്ങളിൽ ശ്രമിച്ചിട്ടുണ്ട്. പാരീഷ് കൗൺസിലുകൾ, പാസ്റ്ററൽ കൗൺസിലുകൾ മുതലായവ ഏർപ്പെടുത്തിയെന്നതും യാഥാർത്ഥ്യമാണ്. ഇന്നത്തേതിൽ നിന്നും കുറേക്കൂടി പാരിഷ് കൗൺസിലുകളുടെയും പാസ്റ്ററൽ കൗൺസിലുകളുടെയും പ്രവർത്തനം സജീവമാക്കാൻ എന്തുമാർഗ്ഗം സ്വീകരിക്കണമെന്ന് ഒരു തുറന്ന ചർച്ച തന്നെ നടത്തേണ്ടതാണ്. വ്യക്തികളുടെ പരിശീലനത്തിനുവേണ്ടി ദൈവശാസ്ത്ര സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന നിർദ്ദേശം ചില രൂപതകളിൽ നടപ്പിലാക്കിയിട്ടുണ്ട്. അത് കൂടുതൽ ജനകീയമാക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ അനാഥശാലകളെപ്പറ്റിയും ഹരിജൻ ക്രിസ്ത്യൻ പ്രശ്നങ്ങളെപ്പറ്റിയും നടത്തുന്ന ചർച്ചകളും മറ്റിതര പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്. ഈ വക കാര്യങ്ങളിൽ സഭയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് അതിന്റെ ഗുണം അനുഭവിക്കുന്നവരെ ബോദ്ധ്യപ്പെടുത്താൻ നാം ശ്രമിക്കണം. ആ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ നാം ഒരുപരിധിവരെ പരാജയപ്പെട്ടില്ലയോ എന്ന് നാം പരിശോധിക്കണം.

www.malankaralibrary.com

# IV ഇതരമതങ്ങളോടുള്ള സംഭാഷണം

## ശുപാർശകൾ

ഫാ.സാമുവൽ രായൻ എസ്.ജെ.യുടെ നേതൃത്വത്തിൽ രൂപം കൊണ്ട സർവ്വീസ് ടീം തയ്യാറാക്കിയ പ്രബന്ധം ഗ്രൂപ്പ് സൂക്ഷ്മചർച്ചക്ക് വിധേയമാക്കുകയും താഴെ കാണുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

1 ഇതരമതങ്ങളോടുള്ള നമ്മുടെ മനോഭാവത്തിൽ അടിയന്തിരമായി മാറ്റം വരുത്തേണ്ടിയിരിക്കുന്നു. അവയെ ആക്രമിക്കുകയും അധിക്ഷേപിക്കുകയും അവഗണിക്കുകയും ചെയ്യുക എന്നുള്ള പതിവുമാറ്റി അവയെ സ്നേഹിക്കുവാനും വിലമതിക്കാനും നാം തയ്യാറാകണം. നമ്മുടെ വിശ്വാസം നമ്മോടാവശ്യപ്പെടുന്ന ഒരു മാനസാന്തരമായി ഇതിനെ നാം പരിഗണിക്കുകയും അനുഭവിക്കുകയും വേണം. രക്ഷാകരചരിത്രം, അതിന്റെ സർവ്വാശ്ലേഷകമായ സ്വഭാവം, അടിസ്ഥാനപരമായ സാർവ്വജനീനത, വി.ഗ്രന്ഥം, സഭാപിതാക്കൻമാർ എന്നിവയുടെ നേർക്കുള്ള വിനീതമായ ആഭിമുഖ്യം, സഭയുടേയും വിശ്വാസത്തിന്റെയും സാർവ്വത്രികത, പ്രത്യേകത എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി കുറെക്കൂടി വ്യക്തവും വിശദവുമായ ധാരണകൾ നമ്മിൽ ഉളവാകേണ്ടതുണ്ട്. ഇടവകപ്പള്ളികളിലെ സുവിശേഷ പ്രസംഗങ്ങൾ, കുടുംബപ്രാർത്ഥനകൾ, വിദ്യാലയങ്ങളിലെ ശിക്ഷണം എന്നിവയിലൂടെ ഇപ്രകാരമുള്ള കാര്യങ്ങളിൽ വേണ്ടത്ര പരിശീലനം നല്കുവാനും ബോധം ഉളവാക്കുവാനും നമുക്ക് സാധിക്കും.

2 രക്ഷാകരചരിത്രം സംഭാഷണം എന്നിവയെപ്പറ്റി പഠിപ്പിക്കുവാൻ ഉടനെ ചില കോഴ്സുകൾ നമ്മുടെ സെമിനാരികളിലും പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിലും ഏർപ്പെടുത്തുന്നത് നന്നായിരിക്കും.നമ്മുടെ വൈദികർക്കും അദ്ധ്യാപകർക്കും ഇവയിൽ സംബന്ധിക്കുവാൻ അവസരം ലഭിക്കുകയും വേണം.

3 ഇതരമതത്തിൽപ്പെട്ടവരുമായി വ്യക്തിപരമായ സമ്പർക്കങ്ങളും സൗഹൃദബന്ധങ്ങളും സ്ഥാപിക്കുവാൻ നമ്മുടെ വൈദികരും അൽമായരും ഇപ്പോൾ മുതൽ പരിശ്രമിക്കുന്നപക്ഷം അസ്തിത്വപരമായ തലത്തിലുള്ള ഒരു സംഭാഷണാന്തരീക്ഷം വളർത്തിയെടുക്കുവാൻ അത് വളരെ ഉപകരിക്കും.

4 മറ്റുമതങ്ങളിൽ പെട്ടവരുടെ കുടുംബങ്ങളുമായി കൂടുതൽ സൗഹൃദബന്ധങ്ങൾ സ്ഥാപിക്കുവാനും ക്രിസ്മസ്,ദീപാവലി,റംസാൻ,തുടങ്ങിയ വിശേഷദിവസങ്ങൾഒരുമിച്ചാഘോഷിക്കുവാനും ശ്രമിക്കേണ്ടതാണ്.

5 സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങൾ,വിദ്യാഭ്യാസം തുടങ്ങിയ മണ്ഡലങ്ങളിൽ ഇതരമതസ്തരുമായി സഹകരിക്കുവാൻ നമ്മുടെ ഇടവകകളും രൂപതകളും മുൻകൈ എടുക്കേണ്ടതാണ്.

www.malankaralibrary.com

6 നമ്മുടെ സ്ഥാപനങ്ങളുടെ നടത്തിപ്പിലും സേവനത്തിന്റെ ഇതര രംഗങ്ങളിലും നിന്ന് സങ്കുചിത മനോഭാവങ്ങളുടേയും കക്ഷിപരിഗണനകളുടേയും എല്ലാ ലാഞ്ചനകളും കഴിയുന്നത്ര ഒഴിവാക്കികൊണ്ട് സേവനം സിദ്ധിക്കുവാൻ അർഹരായവരുടെ ആവശ്യങ്ങൾമാത്രം കണക്കിലെടുത്ത് പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കണം.

കത്തോലിക്കാവിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകം ഹോസ്റ്റലുകൾ സ്ഥാപിക്കുക എന്നത് അർത്ഥശൂന്യവും അപകടകരവുമാണെന്നത്രെ ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം.

7 സാമൂഹ്യോദ്ഗ്രഥനം നമ്മുടെയിടയിൽ വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. പക്ഷേ കൂടുതൽ അർത്ഥവത്തായ ഭാരതീയ പേരുകൾ സ്വീകരിക്കുവാൻ നമുക്ക് സാധിക്കുന്നപക്ഷം നമ്മുടെ സംഭാഷണപരിശ്രമങ്ങൾ ത്വരിതപ്പെടുത്തുവാനും സാമൂഹ്യോദ്ഗ്രഥനത്തിന്റെ ആഴം വർദ്ധിപ്പിക്കുവാനും കഴിഞ്ഞേക്കും.

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന എല്ലാവർക്കും അവരവരുടെ മതത്തെപ്പറ്റി പഠിക്കുവാനുള്ള സൗകര്യം നാം ചെയ്തുകൊടുക്കേണ്ടതാണ്.

8 ക്രൈസ്തവ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന കത്തോലിക്കർക്ക് സംഭാഷണപരമായ ജീവിതവും ദൈവശാസ്ത്രവും സംബന്ധിച്ച പ്രത്യേക പരിശീലനം നല്കേണ്ടതാണ്. ഉന്നതവിദ്യാഭ്യാസയോഗ്യതകളും ആഴത്തിലുള്ള ക്രിസ്തീയ ശിക്ഷണങ്ങളും ലഭിച്ചിട്ടുള്ള കുറേ കന്യാസ്ത്രീകളും വൈദികരും ഇപ്രകാരമുള്ള മണ്ഡലങ്ങളിൽ പ്രവേശനം സിദ്ധിക്കുവാൻ ശ്രമിക്കേണ്ടതാണ്. അക്രൈസ്തവസ്ഥാപനങ്ങളിൽ ക്രിസ്തീയ സാന്നിദ്ധ്യത്തിനും മതപരമായ, സംഭാഷണങ്ങൾക്കുമുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ ഇത് ഉപകരിക്കും.

9 സംഭാഷണമണ്ഡലത്തിൽ കൂടുതൽ പരിചയം സിദ്ധിച്ചിട്ടുള്ള വൈദികരും അത്മായരും അഭ്യസ്തവിദ്യരുമുൾപ്പെട്ട ചെറിയ സംഭാഷണഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിൽ മുൻകൈ എടുക്കേണ്ടതാണ്.ഒരുമിച്ചു പ്രാർത്ഥിക്കുക,ആത്മീയാനുഭൂതികളിൽ പങ്കുചേരുക,എല്ലാ മതങ്ങളുടെയും വിശുദ്ധലിഖിതങ്ങളിൽ നിന്നുള്ള തെരഞ്ഞെടുത്ത ഭാഗങ്ങൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുക തുടങ്ങിയവയായിരിക്കണം ഇത്തരം ഗ്രൂപ്പുകളുടെ പ്രവർത്തനപരിപാടികൾ. സ്വന്തം മനസാക്ഷിയോട് പൂർണ്ണമായുള്ള വിശ്വസ്തത,ദൈവികസത്യങ്ങളുടെ നേർക്ക് തികച്ചും തുറന്ന മനോഭാവം എന്നിവ ഈ ഗ്രൂപ്പുകളിലെ ഓരോ അംഗത്തിനും ഉണ്ടായിരിക്കണം. ഇപ്രകാരമുള്ള ഗ്രൂപ്പുകൾ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററുമായി സമ്പർക്കത്തിൽ കഴിയേണ്ടതും അവരുടെ പ്രവർത്തനറിപ്പോർട്ടുകൾ പി.ഒ.സി.യ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

www.malankaralibrary.com

10. തിരുനാളുകളോ സംഭവങ്ങളോ ആയി ബന്ധപ്പെട്ട പ്രത്യേകാവസരങ്ങളിൽ ഒരേ സ്ഥലത്തുള്ള ഇതര മതസ്ഥരുമായി ഒന്നിച്ച് പ്രാർത്ഥിക്കുവാൻ ഏർപ്പാടുകൾ ചെയ്യുന്നത് നന്നായിരിക്കും.

11. ഹൈന്ദവർ,മുസ്ലീംങ്ങൾ എന്നിവരുടെ വിശുദ്ധഗ്രന്ഥങ്ങൾ,പ്രാർത്ഥനകൾ,ഗീതങ്ങൾ,തുടങ്ങിയവയിൽ അന്തർലീനമായിരിക്കുന്ന ആത്മീയ സമ്പത്തിനെ നമ്മുടെ സ്വന്തമാക്കികൊണ്ട് നമ്മുടെ ആത്മീയവും മതപരവുമായ ജീവിതത്തെയും അനുഭൂതികളേയും അനുഷ്ഠാനങ്ങളേയും കൂടുതൽ ആഴമുള്ളതും സമ്പന്നവുമാക്കാൻ നാം പരിശ്രമിക്കേണ്ടതാണ്.

12. ക്രൈസ്തവരുടെ ആത്മീയഗ്രന്ഥങ്ങൾ നല്ല മലയാളത്തിൽ വിവർത്തനം ചെയ്ത് ഇതരമതസ്ഥർക്ക് അവ സുപ്രാപ്യമാക്കിതീർക്കുവാനും നമുക്ക് സാധിക്കണം.ഇതര മതസ്ഥരുടെ മതഗ്രന്ഥങ്ങളിൽനിന്നുള്ള തെരഞ്ഞെടുത്ത ഭാഗങ്ങളും പ്രാർത്ഥനകളും ഗാനങ്ങളും ഉൾപ്പെട്ട ഒരു സമാഹാരം ക്രൈസ്തവരുടെ ഉപയോഗത്തിനായി പ്രസിദ്ധീകരിക്കുന്നതും നന്നായിരിക്കും.

13. മറ്റു മതക്കാരുടെ വേദഗ്രന്ഥങ്ങൾ, അവയുടെ വ്യാഖ്യാനം,ചരിത്രം തുടങ്ങിയവയും, നമ്മുടെ സെമിനാരികളിൽ പഠിപ്പിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

14. സംഭാഷണപരവും ദൈവശാസ്ത്രപരവുമായ ശിക്ഷണം നമ്മുടെ അൽമായർക്കും കന്യാസ്ത്രീകൾക്കും ലഭിക്കുന്നതിനുവേണ്ടി പൂനായിലേതുപോലെ നമ്മുടെ മേജർ സെമിനാരികളിലും കോഴ്സുകൾ ഏർപ്പെടുത്തേണ്ടതാണ്. പി.ഒ.സി.യിലൂടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ദ്വിവത്സരകോഴ്സും ഉടനെ ആരംഭിക്കണം.ഡയലോഗ് രംഗത്ത് ഇപ്പോൾതന്നെ ജോലിചെയ്തുകൊണ്ടിരിക്കുന്നവർക്കുവേണ്ടി ഹ്രസ്വകാല കോഴ്സുകളും ഏർപ്പെടുത്തേണ്ടതാണ്.

15. ഡയലോഗ് കാര്യങ്ങളിൽ വൈദഗ്ധ്യവും കഴിവുമുണ്ടെന്ന് കാണുന്ന സെമിനാരി വിദ്യാർത്ഥികളെ ഉപരിശിക്ഷണവും പരിശീലനവും ലഭിക്കാൻവേണ്ടി ഇന്ത്യയുടെ ഇതരഭാഗങ്ങളിലേയ്ക്കോ വിദേശരാജ്യങ്ങളിലേക്കോ അയയ്ക്കുവാൻ സെമിനാരി അധികൃതര് മെത്രാൻമാരോട് ശുപാർശ ചെയ്യേണ്ടതാണ്.

16. ഇതരമതങ്ങളിലെ പണ്ഡിതൻമാരേയും ആത്മീയനേതാക്കന്മാരേയും നമ്മുടെ സെമിനാരികളിലേക്ക് വല്ലപ്പോഴുമൊക്കെ ക്ഷണിച്ചു വരുത്തി അവരുടെ മതങ്ങളെപ്പറ്റി പ്രസംഗങ്ങൾ നടത്തുവാൻ ഏർപ്പാട് ചെയ്യണം. വളർന്നുവരുന്ന നമ്മുടെ യുവവൈദികരുടെ പുതിയ തലമുറയ്ക്ക് ഇതരമതങ്ങളിലെ യഥാർത്ഥങ്ങളായ ആത്മീയാനുഭൂതികളുമായി പരിചയപ്പെടുവാൻ ഇങ്ങനെയുള്ള സന്ദർഭങ്ങൾ ഉപകരിക്കും.

അതുപോലെതന്നെ തെരഞ്ഞെടുക്കപ്പെട്ട ചില വൈദികരേയും സെമിനാരി വിദ്യാർത്ഥികളേയും മറ്റ് മതക്കാരുടെ മതസ്ഥാപനങ്ങളിലേക്കും ആശ്രമങ്ങളി

www.malankaralibrary.com

ലേക്കും അയച്ച് ഏതാനും ആഴ്ചകളെങ്കിലും ഇതരമതക്കാരോടുമൊത്ത് ചെല വഴിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. മറ്റു മതങ്ങളിൽപ്പെട്ടവ രുടെ ഈശ്വരസമീപന രീതികളും ഭക്ത്യാചാരങ്ങളും ആത്മീയാനുഭൂതികളും എങ്ങിനെയെന്ന് മനസ്സിലാക്കുവാൻ അത് സഹായിക്കും.

17. രാമകൃഷ്ണാശ്രമം, ഗുരുകുലം, കാലടി ആശ്രമം, ചിന്മയ മിഷൻ തുടങ്ങിയവയിലെ അംഗങ്ങളുമായി ഔദ്യോഗിക സംഭാഷണങ്ങളിലേർപ്പെ ടുവാൻ നമ്മുടെ ക്രിസ്തീയപണ്ഡിതൻമാരും വിദഗ്ധരും ശ്രമിക്കണം. ഇവ രെല്ലാം ഇപ്പോൾ സംഭാഷണത്തിന് തയ്യാറാണെന്നാണ് തോന്നുന്നത്.

18. നിരീശ്വരത്വം, മനസ്സാക്ഷിസ്വാതന്ത്ര്യം, സാമൂഹ്യപ്രശ്നങ്ങൾ, മൗ ലികാവകാശങ്ങൾ തുടങ്ങിയ ധാർമ്മികവും മതപരവുമായ കാര്യങ്ങളിൽ ഇന്നാട്ടിലുള്ള ജനങ്ങൾക്ക് പൊതുവായ നേതൃത്വം നല്കുന്നതിനുവേണ്ടി എല്ലാ മതങ്ങളിലുള്ള നേതാക്കൻമാരുൾപ്പെട്ട ഒരു സ്ഥിരം കമ്മീഷനെ നിയ മിക്കുന്ന കാര്യത്തിൽ നമ്മുടെ മെത്രാൻമാർ മുൻകൈയെടുക്കേണ്ടതാണ്.

19. ഇന്ന് ഇടവകകളിലും മറ്റും നിലവിലിരിക്കുന്ന സംഘടനകൾ, സ്ഥാ പനങ്ങൾ തുടങ്ങിയവയെ സംഭാഷണത്തിനുള്ള ഉപാധികളും കേന്ദ്രങ്ങളു മാക്കികൊണ്ട് ഇതരമതസ്ഥരോട് സമ്പർക്കങ്ങളും സൗഹൃദബന്ധങ്ങളും ചർച്ചകളും ആരംഭിക്കുവാൻ ഉടനടി നാം യത്നിക്കേണ്ടതാണ്.

## വിലയിരുത്തൽ

റീജയണൽ സെമിനാർ കഴിഞ്ഞിട്ട് 45 വർഷം തികയാൻ പോവുകയാണ്. സെമിനാർ നടന്നപ്പോഴത്തെ സാഹചര്യമാണോ ഇന്ന് നിലവിലുള്ളത് എന്ന് നാം പരിശോധിക്കണം. സെമിനാർ നടക്കുന്ന കാലത്ത് ഭാരതത്തിലും കേരളത്തിലും മതങ്ങൾ തമ്മിൽ കൂടുതൽ സാഹോ ദര്യത്തോടെ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് ആ നിലമാറി. ഇന്ന് എല്ലാ മതവിഭാഗങ്ങളിലും തീവ്രവാദം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. മതങ്ങൾ തമ്മിലുള്ള സംഘർഷം നിലനിൽക്കുന്നതിനാൽ സ്വൈര്യജീവിതം തന്നെ തകർന്നുകൊണ്ടിരിക്കുന്നു.

ഭാരതം മതങ്ങളുടെ നാടാണ്. ലോകത്തിലെ എല്ലാ പ്രധാനപ്പെട്ട മതങ്ങളും ഭാരതമണ്ണിൽ ആഴത്തിൽ വേരോടിയിട്ടുണ്ട്. മതസൗ ഹാർദ്ദത്തിന്റെ കേളീരംഗമായി പരിലസിച്ചിരുന്ന ഭാരതത്തിൽ ഇന്ന് എന്താണ് നടക്കുന്നത്. പർണ്ണശാലകളുടെയും തപോവനങ്ങളുടെയും ശാന്തിയിൽ നിന്നുയിർക്കൊണ്ട ആർഷഭാരതസന്ദേശം സ്നേഹത്തിന്റെ ചൈതന്യ മായിരുന്നു പ്രസരിപ്പിച്ചിരുന്നത്. മതസൗഹാർദ്ദത്തിന്റെ ഈ വിളഭൂമിയിൽ വർഗ്ഗീയതയുടെ ചൂടും പുകയും ഉയരുകയാണ്. ഭാരതത്തിൽ ഇന്ന് വർഗ്ഗീയത ഓരോ അണുവിലും നിറഞ്ഞു നിൽക്കുന്ന - പുകയുന്ന അഗ്നിപർവ്വതമാണ്. മനുഷ്യന്റെ മതവികാരങ്ങളെ ഇളക്കിവിട്ട്, അവന്റെ ചിന്താശേഷിയെ നശിപ്പിച്ച്, മൃഗമാക്കി, തങ്ങളുടെ ഇഛാനുസരണം കളിക്കുന്ന പാവകളാക്കി

www.malankaralibrary.com

മാറ്റാനുള്ള, ഈ നാട്ടിലെ സ്വാർത്ഥമോഹികളും അധികാരകൊതിയരുമായ ഏതാനും മത നേതാക്കളുടെയും രാഷ്ട്രീയ ധുരന്ധരന്മാരുടെയും അതിക്രമത്തിന്റെ അനന്തരഫലമാണ് നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള വർഗ്ഗീയ ലഹളകൾ. സാധാരണക്കാരുടെ മതവികാരങ്ങളെ ചൂഷണം ചെയ്ത് രാഷ്ട്രീയലക്ഷ്യം നേടാനുള്ള ശ്രമത്തിന്റെ ഫലമാണ് ഇന്നിവിടെ കാണുന്ന സാമുദായിക ലഹളകൾ.

റീജയണൽ സെമിനാർ നിർദ്ദേശിച്ചതുപോലെ ഇതരമതത്തിൽപ്പെട്ടവരുമായി വ്യക്തിപരമായ സമ്പർക്കങ്ങളും സൗഹൃദബന്ധങ്ങളും സ്ഥാപിക്കാൻ നാം നടത്തിയ ശ്രമങ്ങൾ എല്ലാം ഇന്ന് പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ റീജയണൽ സെമിനാറിന്റെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനുള്ള തന്ത്രത്തിന് രൂപം കൊടുക്കാൻ ഒരു ഉന്നതസമിതിയെ തന്നെ ചുമതലപ്പെടുത്തണം. സെമിനാറിന്റെ നിർദ്ദേശങ്ങൾ വളരെയധികം സ്വാഗതാർഹമായിരുന്നു. എന്നാൽ ഇന്നത്തെ മാറിയ പരിതസ്ഥിതിയിൽ നാം എന്തുനടപടി സ്വീകരിക്കണമെന്ന് ചിന്തിക്കണം.

## V -സംസ്ക്കാരം

ഫാ.സെബാസ്റ്റ്യൻ മങ്കുഴിക്കരിയും ഫാ.ജോസഫ് വെളിയത്തിലും ലീഡർമാരായി രൂപംകൊണ്ട സർവ്വീസ് ടീം തയ്യാറാക്കിയ പ്രബന്ധത്തെപ്പറ്റിയുള്ള ഗ്രൂപ്പ് ചർച്ച താഴെക്കാണുന്ന ശുപാർശകൾ സമർപ്പിച്ചിരിക്കുന്നു.

### ശുപാർശകൾ

1. ക്രിസ്തീയ ദൈവശാസ്ത്രധാരണകൾക്ക് ഭാരതീയമായ അനുരൂപണങ്ങളുണ്ടാകുവാൻ തീക്ഷണമായ പരിശ്രമങ്ങൾ നടത്തേണ്ടതാണ്.ദൈവശാസ്ത്രത്തിന്റെ ഹിന്ദുവൽക്കരണമല്ല ഭാരതീയവത്ക്കരണമാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്. ഭാരതീയസംസ്ക്കാരത്തിലെ ഉത്തമഘടകങ്ങളുപയോഗിച്ച് ക്രിസ്തീയചിന്തയേയും ആരാധനാസമ്പ്രദായങ്ങളെയും സമ്പന്നമാക്കുവാൻ നമുക്കു കഴിയും.

2. ഭാരതീയ ചിന്താഗതിക്ക് അനുരൂപവും പരിചിതവുമായ ഭാഷയിൽ അവതരിപ്പിക്കപ്പെട്ടാൽ ക്രിസ്തീയ സുവിശേഷത്തിന്റെ ആകർഷണീയതയും ശക്തിയും വർദ്ധിക്കുമെന്നുള്ളതിനു സംശയമില്ല. ക്രിസ്തീയ വിശ്വാസത്തിന്റെ മറുപടികൾ സത്യത്തിനുവേണ്ടിയുള്ള ഭാരതീയ ജനതയുടെ ആത്യന്തികങ്ങളായ അന്വേഷണങ്ങളുമായി ബന്ധപ്പെടേണ്ടതുണ്ട്. ഇത് സാധിതമാകണമെങ്കിൽ ഭാരതീയ ദർശനങ്ങളുടെ അഗാധമായ ഉൾക്കാഴ്ചകളെ നാം കണക്കിലെടുത്തേ പറ്റൂ. സുവിശേഷങ്ങൾ ഭാരതീയ ദർശനങ്ങളുമായി ബന്ധപ്പെടുന്നതുവരെയും ക്രിസ്തുമതത്തിന്റെ സ്വാധീനശക്തി ഭാരതീയ മനസ്സിൽ അഗാധമായി പതിയുക പ്രയാസമാണ്.

www.malankaralibrary.com

3. ഭാരതത്തിലെ വിവിധ ദർശനങ്ങൾക്ക് പൊതുവായ ഒരു സാങ്കേതിക പദാവലിയുണ്ട്. വിവിധ ദർശനങ്ങളുടെ അനുയായികൾ ഈ പദങ്ങൾക്ക് അവരുടേതായ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നല്കിയിട്ടുണ്ട്. നമുക്കും അപ്രകാരം ചെയ്യാവുന്നതാണ്.

4. പരിശുദ്ധ കന്യാമറിയത്തിന്റെയോ പഴയ ചില പുണ്യവാൻമാരുടെയോ ജീവിതത്തിലെ ചില ഏടുകൾ വൃത്തത്തിലാക്കിയിട്ട് മഹാകവികളെന്നും കത്തോലിക്കാ സാഹിത്യകാരൻമാരെന്നുമുള്ള ബഹുമാനപദവികൾ നടിച്ചു നടക്കുന്ന ചിലർ ഇന്നാൾവരെയും നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഇത് തികച്ചും ഖേദകരമത്രെ. സർഗ്ഗാത്മകതയും വ്യുല്പനമിതത്വവുമുള്ള ക്രിസ്തീയ സാഹിത്യകാരൻമാരാണ് നമുക്കിന്നാവശ്യം. ക്രിസ്തീയ സമുദായത്തിൽനിന്നുള്ള ഉദാരവും ആത്മാർത്ഥവുമായ പ്രോത്സാഹനം ഇതിനാവശ്യമത്രെ.ക്രിസ്തീയ സാഹിത്യകാരൻമാർ സാഹിത്യപരവും കലാപരവുമായ മൂല്യങ്ങൾക്ക് ഹാനികരമല്ലാത്ത രീതിയിലാണ് തങ്ങളുടെ കൃതികളുടെ ഉള്ളടക്കത്തിനും ഭാവത്തിനും പ്രാധാന്യം നല്കേണ്ടത്.

5. നമ്മുടെ ദൈവാലയങ്ങളുടെ നിർമ്മാണത്തിൽ സ്വീകരിക്കുന്ന വാസ്തുശില്പ രീതികൾ അവയുടെ ആവശ്യങ്ങൾക്ക് അനുയോജ്യവും അനാർഭാടവുമായിരിക്കണം. കഴിയുന്നത്ര ഭാരതീയമായ രീതികൾ സ്വീകരക്കുവാനും ഇക്കാര്യത്തിൽ നാം പരിശ്രമിക്കേണ്ടതുണ്ട്. ഇപ്രകാരം ചെയ്യുന്നപക്ഷം വളരെയേറെ പണം ലാഭിക്കുവാനും സാമൂഹ്യവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾക്കുപയോഗിക്കുവാനും നമുക്ക് കഴിയും

6. അടുത്ത ഭാവിയിലെങ്ങും നമ്മുടെ നാട്ടിൽ ഒരു കത്തോലിക്കാ സർവ്വകലാശാല സ്ഥാപിച്ചുകിട്ടുവാനുള്ള സാദ്ധ്യതകളില്ലാത്തതിനാൽ നമ്മുടെ സർവ്വകലാശാലകളിൽ കത്തോലിക്കാ ദൈവശാസ്ത്രവും തത്വചിന്തയും പഠിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ലഭിക്കുവാൻ വേണ്ടി പരിശ്രമിക്കേണ്ടതാണ്.

7. കഥകളി, തുള്ളൽ തുടങ്ങിയവയിൽവേണ്ട ഭേദഗതികൾ വരുത്തി നമ്മുടെ മതപരമായ വിഷയങ്ങൾ രംഗത്തവതരിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്.

8. ചവിട്ടുനാടകം,മാർഗ്ഗംകളി തുടങ്ങിയവ പുനരുദ്ധീകരിക്കണം.

9. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പേരുകളിടുമ്പോൾ കഴിയുന്നത്ര ഭാരതീയങ്ങളായ പേരുകൾ സ്വികരിക്കുവാൻ ശ്രമിക്കണം.

10. വൈദികർ വള്ളിച്ചെരുപ്പു ധരിച്ചുകൊണ്ട് വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

11. ക്രിസ്തീയ വിശ്വാസവുമായി പൊരുത്തപ്പെടുത്തുവാൻ സാധിക്കാത്ത കർമ്മവിധികളും പ്രതീകങ്ങളും പദങ്ങളും പൊതുവും ഔദ്യോഗികവുമായ തിരുക്കർമ്മങ്ങൾക്ക് ഉപയോഗിക്കരുത്.

12. ജനങ്ങളുമായുള്ള ഐക്യം, അജപാലനപരമായ ആവശ്യങ്ങൾ

www.malankaralibrary.com

കാലാവസ്ഥ,സാമ്പത്തികപരിഗണനകൾ എന്നിവ കണക്കിലെടുത്തു കൊണ്ട് നമ്മുടെ വൈദികരുടെ വേഷത്തിൽ ആവശ്യമായമാറ്റങ്ങൾവരുത്തു ന്നതു കൊള്ളാം. എന്നാൽ അവരെ തിരിച്ചറിയത്തക്ക എന്തെങ്കിലും ഒരു അടയാളം ഉണ്ടായിരിക്കുകയും വേണം.

13. കർണ്ണാടക സംഗീതത്തിൽ നിന്നുള്ള രാഗങ്ങൾ വേണ്ടത്ര ഭേദഗ തികളോടുകൂടി ക്രിസ്തീയമായ ആരാധനയ്ക്കും തിരുക്കർമ്മങ്ങൾക്കും സ്വീകരിക്കാവുന്നതാണ്. ശങ്കരാഭരണം, മോഹന, ഭൈരവി, തുടങ്ങിയ രാഗ ങ്ങൾ ഇപ്രകാരം സ്വീകരിക്കാവുന്നവയത്രെ.

14. ദേവാലയങ്ങളിലും തിരുക്കർമ്മങ്ങളിലും ഉപയോഗിക്കുവാനുള്ള ഗാനങ്ങളടങ്ങിയ ഒരു ഗ്രന്ഥം വൈദികാനുമതിയോടുകൂടി ഔദ്യോഗികമായി പ്രസിദ്ധീകരിക്കേണ്ടതാണ്. സിനിമാട്യൂണുകൾ വിവേചനം കൂടാതെ പള്ളി കളിൽ ഉപയോഗിക്കുന്നതും നിരുത്സാഹപ്പെടുത്തണം.

15. വീണ, തംബുരു തുടങ്ങിയ നാടൻ സംഗീതോപകരണങ്ങൾ ഉപ യോഗിക്കുവാൻ ഇടവകകളിലെ ഗായകസംഘങ്ങൾക്ക് പരിശീലനം നല്കേ ണ്ടതാണ്.

## പ്രമേയം

ഭാരതത്തിന്റെ ആവശ്യങ്ങളേയും പരിതസ്ഥിതികളെയും കണക്കിലെ ടുത്തുകൊണ്ട് ക്രൈസ്തവകല, സാഹിത്യം, തത്വചിന്ത, എന്നിവയ്ക്കു പ്രോത്സാഹനം നല്കുവാൻ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കേണ്ട താണ്. ക്രിസ്തീയ കലാകാരന്മാർക്ക് പ്രോത്സാഹനം നല്കുവാനും ക്രൈസ്തവരായ എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുവാനും ഗവേ ഷണം, ഉപരിപഠനം എന്നിവയെ സഹായിക്കുന്നതിനും ഈ കേന്ദ്രം ഉപക രിക്കണം.

## വിലയിരുത്തൽ:-

സംസ്കാരം എന്ന വിഷയത്തെപ്പറ്റി ചർച്ച ചെയ്ത് അംഗീകരിച്ച നിർദ്ദേശങ്ങൾ സ്വാഗതാർഹങ്ങളായിരുന്നു. ക്രിസ്തീയ ദൈവശാസ്ത്ര ധാരണകൾക്ക് ഭാരതീയമായ അനുരൂപണങ്ങളുണ്ടാകുവാൻ ഭാരതീയ വൽക്കരണം ആവശ്യമാണെന്നാണ് സെമിനാർ അഭിപ്രായപ്പെട്ടത്. പത്തൊൻപത് നൂറ്റാണ്ടിലേറെക്കാലത്തെ പാരമ്പര്യം ഈ മണ്ണിലുണ്ടായിട്ടും ക്രൈസ്തവരെ ഇന്നും ഇവിടെ വിദേശീയരോ വിദേശികളുടെ ഏജന്റുമാരോ ആയിമാത്രം പരിഗണിക്കപ്പെടുന്നത് ഭാരതത്തിന്റെ സാംസ്കാരിക പൈതൃകവുമായി ഇഴുകിച്ചേരാൻ നമുക്ക് സാധിക്കാതെ വന്നതുകൊണ്ടാണ്. കേരളസഭാ സെമിനാറിനുശേഷമാണ് ത്യാഗിബില്ലും തമിഴ്നാട്ടിൽ മതപരി വർത്തനബില്ലും അവതരിപ്പിച്ചത്. പോർട്ടുഗീസ് മിഷനറിമാരുടെ ആഗമ നത്തിന് മുൻപ് ഒരു പരിധിവരെയെങ്കിലും കേരളത്തിലെ ജനതയുമായി

www.malankaralibrary.com

സാംസ്കാരികമായി പൊരുത്തപ്പെടുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ പിന്നീട് നാം ആ രംഗത്തുനിന്നും പിന്നോക്കം പോവുകയാണുണ്ടായത്. സന്ദർഭ വശാൽ നമ്മുടെ തലയിൽ അടിച്ചേൽപ്പിക്കപ്പെട്ട വൈദേശിക മേധാവി ത്വമാണ് അതിനുകാരണം. നമ്മുടെ സഭ സ്വാതന്ത്ര്യം നേടിയിട്ട് ഒരു ശതാ ബ്ദം പിന്നിട്ടിരിക്കുന്നു. ഈ ഘട്ടത്തിലും നാം ആ രംഗത്ത് പ്രാരംഭദശയിൽ തന്നെ നിൽക്കുന്നു. കത്തോലിക്കാ സർവ്വകലാശാലകൾക്കുവേണ്ടിയുള്ള പരിശ്രമവും മറ്റും വിജയത്തിലെത്തിയിട്ടില്ല. സെമിനാർ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനുള്ള പല ശ്രമങ്ങളും നാം നടത്തിയെങ്കിലും അവ പൂർണ്ണമായി വിജയിച്ചിട്ടില്ല. മാറിയ പരിതസ്ഥിതിയിൽ പുതിയ നിർദ്ദേ ശങ്ങൾ നല്കുകതന്നെ വേണം.

## VI വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

വിദ്യാഭ്യാസ പ്രവർത്തനങ്ങളെപ്പറ്റിയുള്ള പ്രബന്ധങ്ങൾ തയ്യാറാക്കി യത് ശ്രീ. ഇ. പി. ആന്റണി, എൽ.എം.പൈലി എന്നിവർ ലീഡർമാരായുള്ള സർവ്വീസ് ടീം ആണ്. ആ കമ്മറ്റി സമർപ്പിച്ച പ്രബന്ധത്തെപ്പറ്റിയുള്ള വർ ക്ക്ഷോപ്പ് റിപ്പോർട്ടിൽ താഴെ കാണുന്ന ശുപാർശകൾ സമർപ്പിച്ചിരിക്കുന്നു.

### ശുപാർശകൾ

1. ക്രിസ്തുവിന്റെ മാതൃക പരത്തുന്നതിൽ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അകത്തോലിക്കാ സ്ഥാപനങ്ങളും നിർവ്വഹിച്ചിട്ടുള്ള പങ്കിനെപ്പറ്റി ഒരു താരതമ്യപഠനം നടത്തുവാൻ വിദഗ്ദ്ധന്മാരടങ്ങിയ ഒരു സമിതിയെ നിയമിക്കേണ്ടതാണ്.
2. സാധുക്കളായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതു സംബന്ധിച്ച് വ്യക്തമായ ഒരു നയം രൂപീകരിക്കുവാൻ സഭാധികാരി കൾ ശ്രമിക്കണം. ഒരു വിദ്യാഭ്യാസ ട്രസ്റ്റ് രൂപീകരിക്കുവാനുള്ള നടപ ടികളെടുക്കണം.
3. വികലാംഗരും അവശരുമായ ആളുകളെ സഹായിക്കുവാനും അവർക്ക് വേണ്ടത്ര പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുവാനും അധികാരികൾ ശ്രമിക്കണം. പരിശീലനം കഴിഞ്ഞവർക്ക് ജോലികൾ ലഭിക്കുവാനും ഏർപ്പാടുകൾ ചെയ്യണം.
4. അവധിക്കാലത്ത് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കർഷകവൃ ത്തി, കുടുംബജീവിതം തുടങ്ങിയവയെപ്പറ്റി ഹ്രസ്വകാലകോഴ്സുകൾ നടത്തുകയും വയോജനവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വർദ്ധി പ്പിക്കുകയും വേണം.
5. തൊഴിലില്ലാത്ത നമ്മുടെ അഭ്യസ്തവിദ്യർക്ക് രാജ്യത്തിന്റെ ഇതരഭാ ഗങ്ങളിൽ ജോലി ലഭിക്കുന്നതിന് സഹായകരമാംവിധം 'ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കേണ്ടതാണ്. ഒരു ഐ.എ.എസ്സ്. ട്രെയിനിംഗ്

www.malankaralibrary.com

കേന്ദ്രം തുടങ്ങുന്നതും നന്നായിരിക്കും. നമ്മുടെ ദേശീയ ഭാഷകൾ വളർത്തിക്കൊണ്ടുവരുന്നതിനും അവയിൽ പാഠപുസ്തകങ്ങളും മറ്റും എഴുതുന്നതിനുംവേണ്ട പ്രോത്സാഹനം നല്കണം.

6. മതപരവും ധാർമ്മികവുമായ ശിക്ഷണത്തിന്റെ കാര്യത്തിൽ നമ്മുടെ വിദ്യാഭ്യാസാധികൃതർ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഈ വിഷയങ്ങൾ കൂടുതൽ ആകർഷകമാക്കുവാൻവേണ്ടി ദൃശ്യശ്രാവ്യോപാധികൾ ഉപയോഗിക്കേണ്ടതും സ്കോളർഷിപ്പുകൾ ലഭിക്കുവാൻ ഹാജരുകൾക്കും മാർക്കുകൾക്കും ഒരു പരിധി നിശ്ചയിക്കേണ്ടതുമാണ്. ദൈവശാസ്ത്ര കോഴ്സുകളിൽ സംബന്ധിക്കുവാൻ അദ്ധ്യാപകരെ അയയ്ക്കുകയും അവരെ സാമ്പത്തികമായി അതിന് സഹായിക്കുകയും ചെയ്യുവാൻ മാനേജ്മെന്റുകൾ ശ്രദ്ധിക്കണം.

7. നമ്മുടെ വൈദികരും കന്യാസ്ത്രികളും സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗം ലഭിക്കുവാൻ ശ്രമിക്കുന്നതുകൊള്ളാം. ക്രിസ്തുവിന്റെ മാതൃക സമൂഹത്തിൽ പൊതുവേ കാണിച്ചുകൊടുക്കുവാൻ ഇത് സഹായിക്കും.

8. സാധുവിദ്യാർത്ഥികൾക്ക് നല്കുന്ന ധനസഹായം സംബന്ധിച്ചുള്ള കണക്കുകൾ പൊതുജനങ്ങളെ അറിയിക്കണം.

9. പുതുതായി ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുവാനുദ്ദേശിക്കുകയും അതിനുള്ള സ്ഥലം, അതിന്റെ ഭരണം തുടങ്ങിയവയെപ്പറ്റി തർക്കങ്ങൾ ഉണ്ടാവുകയും ചെയ്താൽ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും വൈദികരും അത്മായരുമടങ്ങിയ ഒരു കമ്മറ്റിയെ നിയമിച്ച് ആ പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

10. നമ്മുടെ വാർഷിക കണക്കുകൾ ഓഡിറ്റുചെയ്ത് വാർഷിക റിപ്പോർട്ടുകളിലൂടെയും പത്രങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്.

11. ക്രിസ്തീയ സ്ഥാപനങ്ങളിലെ 'പകിട' സമ്പ്രദായം പൂർണ്ണമായും നിർത്തലാക്കേണ്ടതാണ്.

12. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന നമ്മുടെ അൽമേനികൾ അതേരംഗത്ത് പ്രവർത്തിക്കുന്ന വൈദികരേയും കന്യാസ്ത്രികളെയുംകാൾ അർപ്പണബുദ്ധിയും കഴിവും കുറഞ്ഞവരാണ് എന്നുള്ള ധാരണ തിരുത്തേണ്ടതാണ്. വൈദികരോ കന്യാസ്ത്രികളോ ആണെന്നുള്ള കാരണത്താൽമാത്രം നിയമനകാര്യത്തിൽ അൽമേനികളെക്കാൾ അവർക്ക് പ്രാധാന്യം നല്കരുത്.

13. വിവാഹിതകളാണ് എന്ന കാരണത്താൽ സ്ത്രീകൾക്ക് നമ്മുടെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി നിഷേധിക്കുന്ന സമ്പ്രദായം കുറേക്കൂടി മാനുഷികമായ വീക്ഷണകോടിയിലൂടെ പുനഃപരിശോധിക്കേണ്ടതാണ്.

14. അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ ഭരണഘടനയുടെ 226-ാം

www.malankaralibrary.com

വകുപ്പനുസരിച്ച് ഹൈക്കോടതിയുടെ അധികാരത്തിനും ഭരണഘടന യുടെ 32–ാം വകുപ്പനുസരിച്ച് സുപ്രീംകോടതിയുടെ അധികാരത്തിനും വിധേയമായിരിക്കണം. സർവ്വകലാശാല ബില്ലിലെ വകുപ്പുകൾ ക്കനുസൃതമായിട്ടാവണം മാനേജുമെന്റുകൾ കോളേജുകൾ സ്ഥാപിക്കു കയും നടത്തുകയും ചെയ്യുന്നത്. അഡ്മിനിസ്ട്രേറ്റീവ് ബോർഡി നേയും കൗൺസിലിനെയും സംബന്ധിക്കുന്ന വകുപ്പുകൾ ആക്ടിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

15. പ്രൈവറ്റ് കോളേജുകളുടെ മാനേജിംഗ് ബോർഡിൽ അദ്ധ്യാപക രിൽനിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധി ഉണ്ടായിരിക്കണം. ഈ പ്രതിനിധിക്ക് കുറഞ്ഞത് പത്തുകൊല്ലത്തെ അദ്ധ്യാപക പരിചയമെങ്കിലും ഉണ്ടായിരിക്കുന്നത് നന്ന്. പ്രൈവറ്റ് കോളേജുകളുടെ മാനേജിംഗ് കമ്മിറ്റിയിൽ ഗവണ്മെന്റ് പ്രതിനിധി പാടില്ല.

16. യോഗ്യത, സേവനം, അനുയോജ്യത എന്നിവയെ അടിസ്ഥാനമാക്കിയാ വണം ഉദ്യോഗക്കയറ്റങ്ങൾ നല്കേണ്ടത്.

17. പ്രൊബേഷൻ സംബന്ധിച്ച ഞങ്ങളുടെ തീരുമാനം പ്രൊ.സക്കറിയാ യുടെ വിയോജിപ്പുമൂലം ഏകകണ്ഠമല്ല. പ്രൊബേഷൻകാലം രണ്ടു കൊല്ലമായിരിക്കണമെന്നും അത് കഴിയുമ്പോൾ സേവനം തൃപ്തികര മല്ലെന്ന് കാണുന്നപക്ഷം പ്രത്യേക കാരണങ്ങൾ ചൂണ്ടിക്കാണിക്കാതെ അയാളെ പിരിച്ചുവിടുവാൻ മാനേജർക്ക് അധികാരമുണ്ടായിരി ക്കുമെന്നും സർവ്വകലാശാലയിൽ അപ്പീൽ ബോധിപ്പിക്കുവാൻ അയാൾക്ക് അവകാശമുണ്ടായിരിക്കുകയില്ലെന്നുമാണ് ഞങ്ങളുടെ അഭിപ്രായം.

(വിയോജനക്കുറിപ്പ്. പ്രൊബേഷൻകാലം രണ്ട്കൊല്ലം എന്നത് ഒരു വർഷമായിരിക്കണം. പ്രൊബേഷൻകാലം തീരുമ്പോൾ അയാളുടെ സേവനം തൃപ്തികരമല്ലെന്ന് കണ്ടാൽ പിരിച്ച് വിടുവാൻ മാനേജർക്ക് അധികാരമുണ്ട്. അയാൾക്കെതിരായി സ്വീകരിക്കുന്ന നടപടികൾക്കെതിരായി കാരണമെ ന്തെങ്കിലുമുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുവാൻ അയാൾക്ക് ന്യായമായ സൗകര്യം നല്കേണ്ടതാണ്. പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന് വൈസ് ചാൻലറുടെ പക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.)

18. കോളേജുകളിലെ കോഴ്സുകൾ തോന്ന്യാസമായ രീതിയിൽ നിർത്തിക്കളയരുത്. അങ്ങനെ നിറുത്തുന്നതിനുമുമ്പ് വിവരം സർവ്വകലാശാലയെ അറിയിക്കണം.

19. ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ സംഖ്യ സൗകര്യപ്രദമായ രീതിയിൽ പരിമിതപ്പെടുത്തുന്നതിനുവേണ്ടി എല്ലാവർഷവും യൂണിവേഴ്സിറ്റിപ്പരീ ക്ഷകൾ നടത്തുക. തൊഴിൽ അടിസ്ഥാനമാക്കി വിദ്യാഭ്യാസ സമ്പ്ര ദായം പരിഷ്ക്കരിക്കുക, അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക,

www.malankaralibrary.com

കോളേജ് കൗൺസിലുകൾ വിദ്യാർത്ഥികൾക്ക് മതിയായ പ്രാധാന്യം നല്കുക, ഇപ്പോഴത്തെ കർക്കശങ്ങളായ ചട്ടങ്ങൾ ലഘൂകരിക്കുക, എന്നിവ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കൂടുതൽ സുഖകരമാക്കാൻ ഉതകുന്നവയാണ്.

കോളേജുകളിലെ അദ്ധ്യാപകരും മാനേജ്മെന്റും തമ്മിൽ നിലവിലിരിക്കുന്ന അകൽച്ച മാറ്റുവാനും വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ അവരെ രമ്യപ്പെടുത്തുവാനുംവേണ്ടി ഡോ.എം.വി. പൈലിയും, ഡോ. ജോർജ്ജ് കളപ്പുരയ്ക്കലുമുൾപ്പെട്ട ഒരു കമ്മിറ്റിയെ നിയമിക്കണമെന്ന് പ്ലീനറി സമ്മേളനത്തിൽ ഫാ. ജെയിംസ് വെട്ടിക്കാട്ട് നിർദ്ദേശിച്ചതിനെ സമ്മേളനം അംഗീകരിച്ചു.

### വിലയിരുത്തൽ:-

വിദ്യാഭ്യാസപ്രവർത്തനങ്ങളെപ്പറ്റിയുള്ള ശുപാർശകൾ പലതും നടപ്പിലാക്കാൻ നാം ശ്രമിക്കുകയുണ്ടായി. വിദ്യാഭ്യാസ രംഗത്ത് സ്തുത്യർഹമായ സേവനമാണ് നാം അനുഷ്ഠിച്ചതും അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതും. വിദ്യാഭ്യാസരംഗത്ത് ഉന്നതമായ സ്ഥാനം നമുക്ക് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങിയവരാണ് വിശ്വഹിന്ദുപരിഷത്തിലും മറ്റും പ്രവർത്തിച്ച് സമുദായ സൗഹാർദ്ദം നശിപ്പിക്കുന്നത് എന്ന യാഥാർത്ഥ്യം നാം കണ്ടില്ലെന്ന് നടിക്കരുത്. മൂല്യങ്ങൾ പകർന്നു നല്കുന്നതിൽ പണ്ടത്തെപ്പോലെ നാം ശ്രമിക്കുന്നില്ലന്നല്ലേ ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. സാധുക്കളായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, വികലാംഗരും അവശരുമായ ആളുകളെ സഹായിക്കുവാൻ വേണ്ടത്ര പരിശീലനകേന്ദ്രങ്ങൾ മുതലായവ നാം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ പലതും തന്നെ നടപ്പിലാക്കിയിട്ടുണ്ട്. അക്കാര്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോയെന്നതാണു പ്രധാന പ്രശ്നം.

## VII സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങൾ

### ശുപാർശകൾ

ജോർജ്ജ് കളപ്പുരയ്ക്കൽ ലീഡറായിട്ടുള്ള സർവ്വീസ് ടീം തയ്യാറാക്കിയ പ്രബന്ധത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വർക്ക് ഷോപ്പ് റിപ്പോർട്ടിൽ താഴെ കാണുന്ന ശുപാർശകൾ സമർപ്പിച്ചിരിക്കുന്നു.

1. ഇടവക, രൂപത, റീജണൽ എന്നിങ്ങനെ മൂന്ന് തട്ടുകളിൽ ഞങ്ങൾ ഈ പ്രവർത്തനപരിപാടിയെ വീക്ഷിക്കുന്നു. ഇടവക തലത്തിൽ സാമൂഹികവും സാമ്പത്തികവും വികസനപരവുമായ പ്രവർത്തനങ്ങൾക്ക് പാരീഷ് കൗൺസിലിൽ നിന്ന് ഒരു കമ്മിറ്റി രൂപീകരിക്കണമെന്നാണ് ഞങ്ങളുടെ നിർ

www.malankaralibrary.com

ദ്ദേശം. രൂപതാതലത്തിലും പാരീഷ് കൗൺസിലിൽനിന്ന് ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. പ്രാദേശികതലത്തിൽ കേരളത്തിന് മൊത്തമായി സന്യാസ സംഘങ്ങളിൽനിന്നും രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഹൈരാർക്കി അംഗീകരിക്കുന്ന വിദഗ്ദ്ധരും അടങ്ങിയ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്. കേരളത്തിലെ പദ്ധതികൾ ആരംഭിക്കേണ്ടതും ആസൂത്രണം ചെയ്ത് നടത്തിക്കൊണ്ട് പോകേണ്ടതും ഈ ബോർഡിന്റെ ജോലി ആയിരിക്കും. ഈ രംഗങ്ങളിലെ രൂപതാതലത്തിലുള്ള പ്രവർത്തനങ്ങളേയും അത് സംയോജിപ്പിക്കുന്നതാണ്. രൂപതാകമ്മിറ്റി ഇടവക കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതും രൂപതാതലത്തിലുള്ള പദ്ധതികളുടെ ചുമതല ഏല്ക്കുന്നതുമായിരിക്കും.

2. നമ്മുടെ അനാഥമന്ദിരങ്ങൾ, പ്രായംചെന്നവർക്കുവേണ്ടിയുള്ള ഭവനങ്ങൾ, അഭയഭവനങ്ങൾ തുടങ്ങിയ നമ്മുടെ ജീവകാരുണ്യസ്ഥാപനങ്ങൾ നിർവ്വഹിക്കുന്ന സമർപ്പിതവും ഗണനീയവുമായ സേവനത്തെ ഞങ്ങൾ അംഗീകരിക്കുന്നു. എന്നാൽ നമ്മുടെ വിഭവങ്ങൾ ദുരുപയോഗിച്ചതും ഭരണം കാര്യക്ഷമമല്ലാതായിത്തീർന്നതും, പരിശീലനവും ആസൂത്രണം അപര്യാപ്തമായിപ്പോയതുമായ സംഭവങ്ങളും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ഞങ്ങൾക്ക് നിർദ്ദേശങ്ങളുണ്ട്. ജീവകാരുണ്യ സ്ഥാപനങ്ങൾ സാമൂഹ്യസാമ്പത്തിക പ്രവർത്തനങ്ങൾക്കുള്ള രൂപതാ കമ്മിറ്റികളുടെ ചുമതലയ്ക്കുവിടണം. പാരീഷ്കമ്മറ്റികൾ ഉപദേശസമിതികളായി വർത്തിക്കണം. ഈ സ്ഥാപനങ്ങൾക്ക് കഴിയുന്ന എല്ലാ സഹായങ്ങളും അവ ചെയ്തുകൊടുക്കണം. ജീവിതമാർഗ്ഗപരിശീലനത്തിനും ജീവിതവൃത്തിയുടെ സുസ്ഥിരതയ്ക്കും അവയിലെ സാമ്പത്തിക സുരക്ഷിതത്വത്തിനും വലിയ ഊന്നൽ നല്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് ഉദാരമായി സംഭാവന ചെയ്യുന്നവരുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിന് അനാഥമന്ദിരം എന്ന പദവും വേർതിരിച്ചു കാണിക്കുന്ന യൂണിഫോറങ്ങളും നീക്കം ചെയ്യണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. സെന്റ് വിൻസെന്റ് ഡി പോൾ സഖ്യം, ലീജിയൻ ഓഫ് മേരി മുതലായ ഭക്തസംഘടനകളുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ പാരിഷ് കമ്മറ്റിയുടെ പൊതുയത്നങ്ങളോട് സംയോജിപ്പിച്ച് നടത്തണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്.

3. സഭയിലെ സംഘടനകൾ വൈദ്യസേവനരംഗത്ത് നിർവ്വഹിക്കുന്ന സേവനത്തെ ഞങ്ങൾ ആദരിക്കുന്നു, നമ്മുടെ ഈ സേവനം യഥാർത്ഥമായും ക്രൈസ്തവമായിരിക്കുന്നതിന് ദരിദ്രർക്കും രോഗികൾക്കും ശുശ്രൂഷ നല്കുന്നതിൽ കൂടുതൽ ശ്രദ്ധ നല്കേണ്ടിയിരിക്കുന്നു. ഈ രംഗത്ത് അനാരോഗ്യകരമായ മത്സരങ്ങളും അതിവ്യാപനവും തടയേണ്ടതാണ്. പുതുതായി വൈദ്യസ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ അവികസിത പ്രദേശങ്ങൾക്ക് മുൻഗണന നല്കേണ്ടതാണ്. നിലവിലുള്ള ഓരോ ഹോസ്പിറ്റലും ചുറ്റുമുള്ള പ്രദേശങ്ങളിൽ വൈദ്യസംബന്ധവും പൊതുജനാരോ

www.malankaralibrary.com

ഗ്യപ്രദവുമായ പരിപാടികൾ വ്യാപിപ്പിക്കേണ്ടതാണ്. ആരോഗ്യസർവ്വേ നടത്താനും ആരോഗ്യവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും, ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കാനും, ആരോഗ്യസേവനപദ്ധതികൾ സംഘടിപ്പിക്കാനുമുള്ള സാധ്യതകൾ ഇടവകകൾ ആരായേണ്ടിയിരിക്കുന്നു. ഈ സ്ഥാപനങ്ങൾ പാരീഷ് കമ്മിറ്റിയുടെയോ രൂപതാ കമ്മിറ്റിയുടെയോ ഉത്തരവാദിത്വത്തിന് കീഴിലായിരിക്കണം.

4. കുടികിടപ്പുകാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും കർഷകനെ ഭൂമിയുടെ ഉടമയാക്കുന്നതുമായ ഭൂപരിഷ്കരണങ്ങൾ സംബന്ധിച്ച പുരോഗമനാത്മകമായ നിയമനിർമ്മാണത്തിനുവേണ്ടി സഭ നിലകൊള്ളണം. അതിവിപുലമായ ഭൂസ്വത്തുള്ള സ്ഥാപനങ്ങളും സന്യാസസമൂഹങ്ങളും ഇടവകകളും രൂപതകളും തങ്ങളുടെ മിതമായ ആവശ്യത്തിനു ശേഷമുള്ള ഭൂമി പുനരധിവാസ സൗകര്യത്തിന് ഉപയോഗിക്കേണ്ടതാണ്.

5. സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളിൽ ഏറ്റവും തീവ്രതരമായത് ഭക്ഷ്യകമ്മിയാകയാൽ കൃഷിയിൽ വിപ്ലവാത്മകമായ പരിവർത്തനം ഉറപ്പു നല്കുന്ന പദ്ധതികൾ നാം ആസൂത്രണം ചെയ്യണം. ഗവണ്മെന്റിന്റേയും സ്വകാര്യ ഏജൻസികളുടെയും സഹകരണത്തോടുകൂടി നാം കാർഷികവികസനപദ്ധതികൾ ആരംഭിക്കേണ്ടിയിരിക്കുന്നു. കാർഷിക പരിപാടികളിൽ താഴെ ചേർക്കുന്നവയ്ക്ക് മുൻഗണന നൽകേണ്ടതാണ്. 1) ചെറുകിട ജലസേചന പദ്ധതി 2) കൃഷിയുടെ യന്ത്രവൽക്കരണം 3) കൂടുതൽ ഫലം തരുന്ന വിത്തിന്റെയും വളത്തിന്റെയും ഉപയോഗം. കോഴിവളർത്തലിനും ക്ഷീരോല്പാദനത്തിനും ഉള്ള വികസനപദ്ധതികൾക്ക് പ്രാധാന്യം നല്കേണ്ടതാണ്. മത്സ്യബന്ധനവ്യവസായത്തിന്റെ യന്ത്രവൽക്കരണം മീൻപിടുത്തക്കാരുടെ നിലവാരം ഉയർത്തുന്നതിനും അവർക്ക് കൂടുതൽ പോഷകഗുണമുള്ള ആഹാരം നല്കുന്നതിനും സഹായിക്കും.

6. ജനസംഖ്യവർദ്ധനവ് സംബന്ധിച്ച പ്രശ്നം സഭ മനസ്സിലാക്കണം. നിലവിലുള്ള വൈദ്യ-ക്ഷേമ സംഘടനകളുടെ ഉത്തരവാദിത്വപിതൃത്വത്തെപ്പറ്റി ജനങ്ങൾക്ക് വിദ്യാഭ്യാസം നല്കാൻ ഉപയോഗിക്കണം. ഇത് സാധിക്കുന്നതിന് വിവാഹത്തിന് മുമ്പ് വിദഗ്ദ്ധോപദേശം ലഭിക്കാനും കുടുംബക്ഷേമം കൈവരുത്താനുമുള്ള ക്ലിനിക്കുകൾ ഏർപ്പെടുത്തേണ്ടതാണ്.

7. സംസ്ഥാനത്തെ ക്ലേശിപ്പിക്കുന്ന പ്രശ്നമാണ് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ. ഈ പ്രശ്നം പരിഹരിക്കാനും സഭ ചിലതെല്ലാം ചെയ്യേണ്ടതുണ്ട്. എ) ചെറുപ്പക്കാരിൽ പുതിയ സംരംഭങ്ങൾക്കുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക പരിശീലന സ്ഥാപനങ്ങളുംവഴി വേണ്ട പദ്ധതികൾ ആവിഷ്കരിക്കണം. ബി) അർഹിക്കുന്നുവെങ്കിൽ, ആവശ്യമായ മൂലധനം മുൻകൂർ നൽകിയും സാങ്കേതികവിജ്ഞാന സംബന്ധമായ സഹായം കൊടുത്തും ഇത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇന്ന് നമ്മുടെ സ്ഥാപന

www.malankaralibrary.com

ങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതും സഭയ്ക്ക് ലഭ്യവുമായ വമ്പിച്ച വിഭവങ്ങൾ ഉല്പാദനക്ഷമമായ സംരംഭങ്ങൾക്കുവേണ്ടി വിനിയോഗിക്കേണ്ടിയിരിക്കുന്നു. എല്ലാ രൂപതകളിലും സാങ്കേതികയോഗ്യത സിദ്ധിച്ചവർക്ക് ചെറുകിടവ്യവസായങ്ങൾ നടത്തുന്നതിന് സൗകര്യമുണ്ടാക്കാൻ സ്വകാര്യവ്യവസായ എസ്റ്റേറ്റുകൾ ഏർപ്പെടുത്തുന്നത് ഉപയോഗപ്രദമാണ്. ഇതോടൊപ്പം ഗവണ്മെന്റ് സഹായത്തിനുള്ള സാധ്യതകളും വിലയിരുത്തേണ്ടതാണ്. അസംസ്കൃതപദാർത്ഥങ്ങൾ ലഭിക്കാവുന്ന ഗ്രാമപ്രദേശങ്ങളിൽ കുടിൽവ്യവസായങ്ങൾ ആരംഭിക്കാൻ കഴിഞ്ഞേക്കും. നിലവിലുള്ള സഹകരണസംഘങ്ങളിൽ ചേരുന്നതിനും ആവശ്യമെങ്കിൽ മറ്റു സമുദായങ്ങളുടെ സഹകരണത്തോടെ പുതിയത് സംഘടിപ്പിക്കുന്നതിനും ജനങ്ങളെ ഉപദേശിക്കേണ്ടതാണ്. സി) ഒരു എംപ്ലോയ്മെന്റ് ബ്യൂറോ സ്ഥാപിക്കണം.

8. നേരത്തെ നിർദ്ദേശിച്ച റീജണൽബോർഡ് സംസ്ഥാനത്തിനകത്തും പുറത്തും ജനവാസം തുച്ഛമായിട്ടുള്ള പ്രദേശങ്ങളിൽ കുടിയേറ്റ പദ്ധതിക്ക് നേതൃത്വം നല്കേണ്ടതാണ്.

9. സാമൂഹ്യസാമ്പത്തിക പ്രവർത്തനങ്ങൾക്ക് നിർദ്ദിഷ്ടമായ ഘടനയും അതിന്റെ കർമ്മപരിപാടിയും അനുയോജ്യമായ തോതിലുള്ള സാമ്പത്തികവിഭവങ്ങളുടെ പ്രശ്നം ഉയർത്തുന്നുണ്ട്. വികസനപദ്ധതികൾക്കുവേണ്ടി രൂപതയുടെയും പ്രദേശത്തിന്റെയും അടിസ്ഥാനത്തിൽ കൈമാറാവുന്ന ഫണ്ട് വേണം. രൂപത, ഇടവകകൾ, സന്യാസസമൂഹങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ജനങ്ങളിൽ നിന്നും കാലാനുസൃതമായി സംഭാവനകൾ ശേഖരിച്ചുകൊണ്ടിരിക്കണം. ലഭിക്കാൻ തരമുള്ളപ്പോഴെല്ലാം ഗവണ്മെന്റിന്റെ സഹായധനവും ഉപയോഗിക്കേണ്ടതാണ്. സാമൂഹ്യസാമ്പത്തികപ്രവർത്തനങ്ങളിൽ ക്രമാനുഗതമായ സ്വാശ്രയത്വമാണ് നാം ലക്ഷ്യമാക്കിയിരിക്കുന്നത്. അതുകൊണ്ട് വിദേശസഹായം കാലക്രമേണ നമുക്ക് ഉപേക്ഷിക്കാൻ സാധിക്കും.

10. കേരളത്തിൽ എവിടെയെങ്കിലും പ്രകൃത്യാലുള്ള അത്യാഹിതങ്ങളുണ്ടാകുമ്പോൾ സഹായമെത്തിക്കുന്നതിന് കേരള റീജണൽ ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു ദുരിതാശ്വാസഫണ്ട് ഉണ്ടായിരിക്കേണ്ടതാണ്.

11. സന്നദ്ധസേന: അർഹമായ സാമൂഹ്യസാമ്പത്തിക പ്രവർത്തനകേന്ദ്രങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും നിസ്വാർത്ഥ സേവനം നല്കുന്നതിന് രൂപതാടിസ്ഥാനത്തിൽ ചെറുപ്പക്കാരുടെ ഒരു സന്നദ്ധസേന രൂപീകരിക്കേണ്ടതാണ്.

12. വ്യക്തികളുടെ പരിശീലനം: സാമൂഹ്യസാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ ആളുകൾക്ക് ഉചിതമായ പരിശീലനം

www.malankaralibrary.com

നല്കേണ്ടതാണ്. അതിന് ഒരു റീജണൽ ട്രെയ്നിംഗ് സെന്റർ സ്ഥാപി ക്കേണ്ടിയിരിക്കുന്നു.

### പ്രമേയം

സാമൂഹ്യസാമ്പത്തിക പ്രവർത്തനങ്ങൾ സംബന്ധിച്ച വർക്ക് ഷോപ്പിന്റെ ശുപാർശകൾ നടപ്പാക്കുന്നതിന് താഴെ ചേർക്കുന്ന പ്രവർത്ത നഘടനയ്ക്ക് രൂപം നല്കാൻ റീജണൽ സെമിനാർ ഹൈരാർക്കിയോട് അപേക്ഷിക്കുന്നു.

ഇടവകാതലത്തിൽ പാസ്റ്ററൽ കൗൺസിലിൽ നിന്ന് സാമൂഹ്യസാമ്പ ത്തിക വികസന പ്രവർത്തനങ്ങൾക്കായി ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു.

രൂപതാതലത്തിൽ പാരീഷ് കൗൺസിലിന്റെ സാമൂഹ്യസാമ്പത്തിക പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

രൂപതകൾ, സന്യാസസമൂഹങ്ങൾ, ഹൈരാർക്കി അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുന്ന വിദഗ്ദ്ധർ എന്നിവരിൽ നിന്ന് തെരഞ്ഞെ ടുക്കപ്പെട്ട പ്രതിനിധികളടങ്ങിയ അഖിലകേരളാടിസ്ഥാനത്തിലുള്ള ഒരു റീജണൽ ബോർഡ് സ്ഥാപിക്കുന്നത് കൊള്ളാം.

ഗവേഷണം, ആസൂത്രണം, അഖിലകേരളാടിസ്ഥാനത്തിലുള്ള പരിപാടികൾ എന്നിവ നടത്തുക റീജണൽ ബോർഡിന്റെ കർത്തവ്യമാ യിരിക്കും. രൂപതയിലെ പ്രവർത്തനങ്ങളെ അത് സംയോജിപ്പിക്കും. ഡയോസിസൻ കമ്മിറ്റി രൂപതയിലെ കർമ്മപരിപാടികൾ നടത്തുകയും പാരീഷ്കമ്മിറ്റികളുടെ പ്രവർത്തനം സംയോജിപ്പിക്കുകയും ചെയ്യും.

## വിലയിരുത്തൽ:-

സാമൂഹികവും സാമ്പത്തികവും വികസനപരവുമായ പ്രവർത്തന ങ്ങൾക്ക് ഇടവക-രൂപത-റീജയൻ അടിസ്ഥാനത്തിൽ വിദഗ്ദ്ധസമിതികൾ രൂപീകരിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. രൂപതകളും റീത്തുകളും സന്യാസഭവനങ്ങളും പ്രത്യേകം പ്രത്യേകം വിദഗ്ദ്ധ സമതികളെ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന് കേരളാ ടിസ്ഥാനത്തിൽ ഒരു ഐക്യരൂപം കൊടുക്കാൻ സാധിച്ചിട്ടില്ല. അനാഥ മന്ദിരങ്ങൾ, അഭയഭവനങ്ങൾ, ഓൾഡ് ഏജ് ഹോമുകൾ തുടങ്ങിയവയും ആതുരസേവനരംഗവും എല്ലാം ഏതാണ്ട് സെമിനാർ നിർദ്ദേശിച്ചതുപോലെ തന്നെ രൂപപ്പെടുത്തിയിട്ടുണ്ട്. കുടികിടപ്പുകാരുടെ പ്രശ്നങ്ങൾ- കാർഷികരംഗത്തെ പ്രശ്നങ്ങൾ- ജനസംഖ്യാപ്രശ്നം- തൊഴിലില്ലായ്മ പ്രശ്നം-കുടിയേറ്റ പദ്ധതി തുടങ്ങിയ പ്രശ്നങ്ങളിലെല്ലാം സെമിനാർ തീരുമാ നങ്ങൾ നടപ്പിലാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഗവേഷണം, ആസൂത്രണം, അഖിലകേരളാടിസ്ഥാനത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യു

www.malankaralibrary.com

ന്നതിന് റീജയണൽ ബോർഡ് രൂപീകരിക്കാനുള്ള നിർദ്ദേശം പ്രാവർത്തിക മാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല.

## VIII. പൗര-രാഷ്ട്രീയജീവിതം

### ശുപാർശകൾ

പൗര-രാഷ്ട്രീയ ജീവിതത്തെപ്പറ്റിയുള്ള പ്രബന്ധം തയ്യാറാക്കിയത് ശ്രീ.പി.എ. കുരുവിള ലീഡറായുള്ള സർവ്വീസ് ടീം ആണ്. അതിന്റെ അടിസ്ഥാനത്തിൽ നടന്ന ഗ്രൂപ്പുചർച്ചയിൽ ഉയർന്നുവന്ന ആശയങ്ങളുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസപരവും സാമ്പത്തികവും സാമൂഹ്യവുമായ രംഗങ്ങളിൽ ക്രൈസ്തവസമുദായം പൊതുവേയും കത്തോലിക്കാസമുദായം പ്രത്യേകിച്ചും ഗണ്യമായ സംഭാവന നല്കിയിട്ടുണ്ട്. എന്നാൽ നമ്മെത്തന്നെ കൂടുതൽ നന്നായി സംഘടിപ്പിക്കുകയും സംയോജിതമായി പ്രവർത്തിക്കുകയും ചെയ്തിരുന്നെങ്കിൽ കൂടുതൽ ഊറ്റമുണ്ടാകുമായിരുന്നു.

സ്ഥിതിവിവരണക്കണക്ക് ഇല്ലാതിരുന്നതുകൊണ്ട് ഞങ്ങളുടെ വർക്ക് ഷോപ്പിന് കേന്ദ്രത്തിലും സംസ്ഥാനത്തുമുള്ള ഗവണ്മെന്റ് സർവ്വീസിലും പ്രാദേശിക ഭരണഘടനയിലുമുള്ള പ്രാതിനിധ്യത്തിന്റെ വ്യാപ്തി നിർണ്ണയിക്കാൻ പ്രയാസമായിരുന്നു. ഇന്ന് നമുക്ക് പാർലിമെന്റിൽ ഒട്ടുംതന്നെ പ്രാതിനിധ്യമില്ല. കേരളത്തിലെ നിയമസഭയിൽ ഭേദപ്പെട്ട പ്രാതിനിധ്യം ഉണ്ടെങ്കിലും നമ്മുടെ അംഗങ്ങൾ വിഭിന്ന പാർട്ടികളെ പ്രതിനിധീകരിക്കുന്നതുകൊണ്ട് ഐക്യത്തോടുകൂടിയുള്ള പ്രവർത്തനം അസാദ്ധ്യമായിട്ടുണ്ട്.

അവസരസമത്വത്തിന് ഭരണഘടനാപരമായ ഉറപ്പുണ്ടെങ്കിലും ചില സമുദായങ്ങൾ ഇന്നും സർക്കാർ സർവ്വീസിലും മറ്റു സംഘടനകളിലും പരമ്പരാഗതമായ മുൻഗണന നിലനിർത്തുന്നുണ്ട്. രാഷ്ട്രീയ രംഗത്ത് നേതാക്കളുടെ ദൗർല്ലഭ്യമില്ല. മറ്റു രംഗങ്ങളിലെ സ്ഥിതി അത്രയും ശോഭനമല്ല. ചില രംഗങ്ങളിലും പ്രദേശങ്ങളിലും റീത്തുമത്സരം നേതൃത്വവികാസത്തിന് വിഘാതമായി നില്ക്കുന്നുണ്ടെന്നത് ഖേദകരമാണ്.

റീത്തിന്റെ ബഹുലതയും വിഭാഗീയത്വത്തിന്റെ ആഘാതവും നമ്മുടെ സമുദായത്തിന് ഉപദ്രവകരമായിട്ടുണ്ട്.

നമ്മുടെ സമുദായത്തിലെ പിതൃപുത്രദായക്രമമനുസരിച്ചുള്ള ഘടനയും അനാശാസ്യമായ പ്രവണതകൾ വളർത്തിയിട്ടുണ്ട്. നമുക്ക് ഇന്നുള്ള വാർത്താവിനിമയോപാധികളിൽ സംയോജിപ്പില്ലായ്കയും സുസ്ഥിരമായ ലക്ഷ്യമില്ലായ്കയും മൂലം നമ്മുടെ രാജ്യത്തെ പൊതുജീവിതത്തിൽ ആവശ്യമായ സ്വാധീനം ചെലുത്താൻ നമുക്ക് സാധിക്കാതെ വന്നിരിക്കുന്നു. പ്രായപൂർത്തി വോട്ടവകാശം വിവേകപൂർവ്വം നാം ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. ലഭ്യമായ എല്ലാ വാർത്താവിനിമയോപാധിക

www.malankaralibrary.com

ളിലൂടെയും ക്രൈസ്തവമായ ഉത്തരവാദിത്വത്തിന്റെ ചൈതന്യം ഉജ്ജ്വലിപ്പിക്കുന്നതിനും ജനാധിപത്യത്തിൽ ജനങ്ങളെ അഭ്യസിപ്പിക്കുന്നതിനും അതിതീവ്രമായ ഒരു യത്നം ആരംഭിക്കേണ്ടത് അടിയന്തിരാവശ്യമായിരിക്കയാണ്. ഏതായാലും രാഷ്ട്രീയപ്രചരണത്തിനുവേണ്ടി പ്രസംഗപീഠം ഉപയോഗിക്കുന്നത് ഉപേക്ഷിക്കേണ്ടിയിരിക്കുന്നു.

മതവിരുദ്ധവും ഏകാധിപത്യപരവുമല്ലാത്ത ഏത് രാഷ്ട്രീയപാർട്ടിയിലും ചേരാൻ ഓരോ കത്തോലിക്കനും സ്വാതന്ത്ര്യമുണ്ട്. പക്ഷേ, സഭ സുപ്രതിഷ്ഠിതമായ ഏത് പാർട്ടിയോടും ചേരിചേരാ നയം പുലർത്തേണ്ടതാണ്.

വോട്ടു ഭിന്നിപ്പിക്കൽ അടുത്തകാലത്തെ നമ്മുടെ രാഷ്ട്രീയജീവിതത്തിലെ ഒരു വിനാശകാരണമായിട്ടുണ്ട്. വിവിധ രാഷ്ട്രീയ പാർട്ടികളിലെ ക്രൈസ്തവനേതാക്കന്മാർ തമ്മിൽ അഭിപ്രായയൈക്യം കെട്ടിപ്പടുത്തുകൊണ്ട് ആപൽക്കരമായ ഈ പ്രവണത തടയേണ്ടതാണ്.

പൊതു താല്പര്യങ്ങളെ ബാധിക്കുന്ന അഭിപ്രായഗതികൾ പരസ്പരം സംവേദനം ചെയ്യുന്നതിന് വിവിധ പാർട്ടികളിൽപ്പെട്ട ക്രൈസ്തവനേതാക്കന്മാർ കൂടെക്കൂടെ യോഗം ചേരുന്നതുകൊള്ളാം. സെമിനാറിന്റെ അനന്തരനടപടികൾക്ക് ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആ കമ്മിറ്റി മേൽപ്പറഞ്ഞ കാര്യത്തിന് മുൻഗണന നല്കേണ്ടിയിരിക്കുന്നു.

യുവജനങ്ങളെ സംഘടിപ്പിച്ച് ഏകോപിപ്പിക്കുന്നതിനും അവരെ സമുദായത്തിലെ ഉല്പാദനക്ഷമമായ മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിടുന്നതിനും സംഘടിതമായ യത്നം ആരംഭിക്കേണ്ടിയിരിക്കുന്നു. ഗവണ്മെന്റിന്റെയും മറ്റും ഭരണസംബന്ധവും എക്സിക്യൂട്ടീവ് സർവ്വീസ് സംബന്ധവുമായ പരീക്ഷകളിൽ അഭിമാനകരമായ വിജയം നേടുന്നതിന് പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

ജനാധിപത്യസോഷ്യലിസം എന്ന ആദർശത്തെ ഞങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. സോഷ്യലിസം സംബന്ധിച്ച ലക്ഷ്യങ്ങളും പരിപാടികളും നമ്മുടെ ചുമതലയ്ക്കനുസരണം പ്രാവർത്തികമാക്കുന്നതിൽ മാതൃക സൃഷ്ടിക്കുന്നതിന് നാം മുൻകൈയെടുത്ത് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

നിരീശ്വര-ഭൗതികാത്മകമായ കമ്മ്യൂണിസം ഇന്ത്യയ്ക്ക് പൊതുവേയും കേരളത്തിന് പ്രത്യേകിച്ചും ആപത്താണെന്നതിൽ സംശയമില്ല. അതിന്റെ പിടിയിൽ നിന്ന് ജനങ്ങളെ സ്വതന്ത്രമാക്കുന്നതിന് വേണ്ടതെല്ലാം സഭ ചെയ്യേണ്ടതാണ്. എന്നാൽ കമ്മ്യൂണിസത്തോടുള്ള എതിർപ്പ്, ഒരു പരിധിവരെ സാമ്പത്തികമേധാവിത്വം പുലർത്തുന്ന ഒരു ന്യൂനപക്ഷത്തിന്റെയും നിക്ഷിപ്തതാല്പര്യങ്ങളുടെയും സ്വാധീനത മൂലമാണ്. എങ്കിലും സമുദായത്തിലെ ഗണ്യമായ ഒരു വിഭാഗം കമ്മ്യൂണിസ്റ്റ് തത്വ

www.malankaralibrary.com

ശാസ്ത്രത്തോട് ആശയപരമായി എതിർപ്പ് പ്രകടിപ്പിക്കുന്നുണ്ടെന്ന സത്യം അവശേഷിക്കുന്നു. ഈ വിഭാഗത്തെ കാര്യക്ഷമമായി ഏകോപിപ്പിച്ച് ഒരു പ്രതിരോധക്കോട്ട സ്ഥാപിക്കേണ്ട കാലമായിരിക്കുകയാണ്. എല്ലാവർക്കും പ്രത്യേകിച്ച് ചൂഷിതർക്കും അവശർക്കും നമ്മുടെ സേവനം നല്കിക്കൊണ്ട് പുരോഗമനപരമായ എല്ലാ സാമൂഹ്യ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെയും മുന്നണിയിൽ നാം ഉണ്ടായിരിക്കണം.

അക്രൈസ്തവരുമായി മെച്ചപ്പെട്ട അഭിപ്രായൈക്യം സൃഷ്ടിക്കുന്നതിന് വർദ്ധിതമായി നാം ഡയലോഗിലേർപ്പെടണം.

## കമ്മ്യൂണിസത്തോടുള്ള മനോഭാവം

ജനങ്ങൾ കമ്മ്യൂണിസത്തിന്റെ ആപത്തിനെ സംബന്ധിച്ച് ഗണ്യമായതോതിൽ ബോധവാന്മാരാണ്. എന്നാൽ പ്രത്യക്ഷത്തിൽ മാനുഷികമൂല്യമുള്ള പരിപാടികൾക്ക് പ്രചാരം നല്കുന്നതിലുള്ള കമ്മ്യൂണിസ്റ്റ് തന്ത്രങ്ങൾ സമുദായത്തിലെ വിഭിന്നവിഭാഗങ്ങളിലുള്ള ജനങ്ങളിൽ അനല്പമായ താല്പര്യം വളർത്തിയിട്ടുണ്ട്. അവരുടെ സാമൂഹ്യവും സാമ്പത്തികവും മാനുഷികവുമായ പരിപാടികളും നിസ്വാർത്ഥസേവനവും കമ്മ്യൂണിസ്റ്റുകാരുമായുള്ള സ്പഷ്ടമായ സംഭാഷണവുംമൂലം കൂടുതൽ കാര്യക്ഷമമായുള്ള ഈ വെല്ലുവിളിയെ നേരിടാവുന്നതാണ്.

കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ ബുദ്ധിപരമായ വെല്ലുവിളി നേരിടാൻ നമ്മുടെ ജനങ്ങളെ സുസജ്ജമാക്കുന്നതിന് സ്റ്റഡിക്യാമ്പുകൾ സംഘടിപ്പിക്കാനും ക്രമമമായി പരിശീലനകോഴ്സുകൾ നടത്താനും വേണ്ട നടപടികൾ പാസ്റ്റൽ ഓറിയന്റേഷൻ സെന്റർ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റുപാർട്ടി ഉൾപ്പെടെയുള്ള വിവിധ രാഷ്ട്രീയപാർട്ടികളിലെ വ്യക്തികളുമായി സംഘടിക്കുന്ന കാര്യം നിർണ്ണയിക്കേണ്ടത് ഓരോ പ്രശ്നത്തിന്റെ പ്രത്യേകമായ നിലപാടിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിലായിരിക്കണം.

ചരിത്രപരമായ അനുഭവവും കേരളത്തിലെ ഇന്നത്തെ ചുറ്റുപാടുകളും പരിഗണിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റേതരപാർട്ടികളും തമ്മിലുള്ള ഐക്യമുന്നണി കമ്മ്യൂണിസ്റ്റേതര പാർട്ടികൾക്ക് ദോഷകരമായിട്ടാണ് കാണുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റുകളും അല്ലാത്തവരും ചേർന്നുള്ള ഐക്യമുന്നണി ഗവണ്മെന്റ് രൂപീകരണം സഭയ്ക്ക് ഉൾക്കണ്ഠ ഉളവാക്കിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റേതര പാർട്ടികൾ വേണ്ടത്ര ജാഗരൂകത പുലർത്തേണ്ടിയിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങളും സൗജന്യങ്ങളും മതം മാറുന്നവർക്ക് നിഷേധിക്കപ്പെടുകയാണ്. സ്വാഭാവിക നീതിയും മൗലികസ്വാതന്ത്ര്യവും ഗൗരവമായി നിഷേധിക്കുന്ന ഒന്നാണിത്. ഈ തെറ്റ് തിരുത്താൻ ഇന്ത്യാഗവണ്മെന്റിനോടും സംസ്ഥാനഗവണ്മെന്റുകളോടും

www.malankaralibrary.com

സെമിനാർ അഭ്യർത്ഥിക്കുന്നു.

വിദേശമിഷനറിമാർക്ക് വിസയുടെ കാലാവധി നീട്ടിക്കൊടുക്കാത്ത ഇന്ത്യാഗവണ്മെന്റിന്റെ വിവേചനപരമായ നയത്തോട് ഇന്ത്യയിലെ ക്രൈസ്തവസമുദായത്തിനുള്ള ശക്തമായ ഉൽക്കണ്ഠ സെമിനാർ പരിഗണിച്ചു. ഈ തത്വത്തിൽ അയവ് വരുത്തി സമുദായത്തിലെ ആശങ്ക മാറ്റുന്നതിനും ഗവണ്മെന്റു നയം പുനർവിചിന്തനം ചെയ്യുന്നതിനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ക്രിസ്തുമതത്തിലേക്കുള്ള മാനസാന്തരം അസാധ്യമാക്കുന്ന നിയമ നിർമ്മാണം നടത്തിക്കൊണ്ടും ഇതിന് ഭരണഘടനയിൽ ഉറപ്പ് നല്കിയിട്ടുള്ള മൗലികാവകാശങ്ങൾ നിഷേധിച്ചുകൊണ്ടും ചില സംസ്ഥാനഗവണ്മെന്റുകൾ സഭയോട് ശത്രുതാമനോഭാവം പുലർത്തുന്നത് ആശങ്കയോടും ഉൽക്കണ്ഠയോടുംകൂടി സെമിനാർ വീക്ഷിക്കുന്നു. അത്തരം നിയമനടപടികൾ പിൻവലിക്കാൻ ഞങ്ങൾ ആ സംസ്ഥാന ഗവണ്മെന്റുകളോട് അഭ്യർത്ഥിക്കുന്നു.

സെമിനാറിന്റെ അനന്തരകർമ്മപരിപാടികൾക്കായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നാണ് സെമിനാറിന്റെ അഭിപ്രായം. സെമിനാർ അംഗങ്ങളിൽ നിന്നുള്ള സമിതികളിൽനിന്ന് ഈ സ്റ്റാൻഡിംഗ് കമ്മിറ്റി സ്ഥാപിച്ചാൽ കൊള്ളാം.

## വിലയിരുത്തൽ:-

പൗരരാഷ്ട്രീയ ജീവിതത്തെപ്പറ്റി സമർപ്പിച്ച റിപ്പോർട്ട് വളരെ ശ്രദ്ധാർഹമാണ്. പക്ഷെ പ്രായോഗികമായി ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഒരു സംവിധാനം ഇന്നുവരെ ഉണ്ടാക്കിയിട്ടില്ല. പൂച്ചക്കാര് മണി കെട്ടും എന്ന ചോദ്യം പോലെ ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ആര് മുൻകൈ എടുക്കും എന്ന ചോദ്യം അവശേഷിക്കുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളിലെ ക്രൈസ്തവ നേതാക്കന്മാർ തമ്മിൽ അഭിപ്രായ ഐക്യം കെട്ടിപ്പടുക്കുവാൻ ശ്രമിക്കണമെന്ന നിർദ്ദേശവും ആ ഗ്രൂപ്പ് അംഗീകരിച്ചു. പൊതുതാല്പര്യങ്ങളെ ബാധിക്കുന്ന അഭിപ്രായഗതികൾ പരസ്പരം സംവേദനം ചെയ്യുന്നതിന് വിവിധപാർട്ടികളിൽപ്പെട്ട ക്രൈസ്തവനേതാക്കന്മാർ കൂടെക്കൂടെ യോഗം ചേരുന്നതുകൊള്ളാം എന്ന നിർദ്ദേശത്തോടൊപ്പം അതിന്റെ അനന്തര നടപടികൾക്കായി ഒരു സ്റ്റാൻഡിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. പക്ഷെ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകൃതമായില്ല. അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രം (വിദ്യാഭ്യാസ പ്രശ്നം). കെ.സി.ബി.സി മുൻകൈയെടുത്ത് ചില സമ്മേളനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. എന്നാൽ സമുദായം നേരിടുന്ന സമകാലീന പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ ഒരിക്കൽപോലും ഒരു നേതൃസമ്മേളനം വിളിച്ചുകൂട്ടിയിട്ടില്ല. ഈ രംഗത്ത് എന്തെങ്കിലും

www.malankaralibrary.com

ചെയ്തിട്ടുണ്ടെങ്കിൽ അത് കത്തോലിക്കാ കോൺഗ്രസ്സ് മാത്രമാണ്. കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചുകൂട്ടിയ നേതൃസമ്മേളനങ്ങൾ സമുദായം നേരിടുന്ന എല്ലാ പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്തിട്ടുണ്ട്. സെമിനാർ നിർദ്ദേശങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുവാൻ ഒരു സ്ഥിരം സംവിധാനത്തിന് രൂപം നല്കിയിരുന്നുവെങ്കിൽ അത് സൽഫലങ്ങൾ പുറപ്പെടുവിക്കുമായിരുന്നു.

കമ്മ്യൂണിസത്തോടുള്ള മനോഭാവത്തെപ്പറ്റി വളരെ ഗൗരവമായ ചർച്ച നടന്നു. കമ്മ്യൂണിസ്റ്റിതര കക്ഷികൾ കമ്മ്യൂണിസ്റ്റ് പാർട്ടികളോട് സഹകരിച്ച് പ്രവർത്തിച്ചാൽ ജനാധിപത്യകക്ഷികൾക്കാണ് നഷ്ടം സംഭവിക്കുകയെന്ന് സമ്മേളനം അസന്നിഗ്ദ്ധമായി അഭിപ്രായപ്പെട്ടിരുന്നു. കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ ബുദ്ധിപരമായ വെല്ലുവിളി നേരിടാൻ നമ്മുടെ ജനങ്ങളെ സുസജ്ജമാക്കുന്നതിന് സ്റ്റഡിക്ലാസ്സുകളും പരിശീലനകോഴ്സുകളും നടത്തണമെന്ന നിർദ്ദേശവും നടപ്പിലാക്കിയിട്ടില്ല. സ്വാശ്രയനിയമത്തിനെതിരായി പ്രക്ഷോഭം ആഞ്ഞടിച്ചപ്പോൾ ചില രൂപതകളിൽ മാത്രം കമ്മ്യൂണിസവും നിരീശ്വരത്വവും എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ത്രിദിന, ദ്വിദിന സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. അതിന് ഒരു പിന്തുടർച്ച ഉണ്ടായില്ലായെന്നത് ഖേദകരമാണ്. ഒരു സെമിനാർകൊണ്ട് കമ്മ്യൂണിസത്തെ നേരിടുവാൻ സാധിക്കുകയില്ല. 1968-ൽ റീജയണൽ സെമിനാർ നടക്കുമ്പോൾ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ച് ഫാ. വടക്കൻ കുടിയിറക്കിനും മേൽച്ചാർത്തിനുമെതിരായി നടത്തിയ സമരം മുന്നിൽ കണ്ടായിരുന്നു ചർച്ചകൾ നീങ്ങിയത്. അന്ന് ആ സഹകരണം തെറ്റാണെന്നായിരുന്നു പല സഭാധികാരികളുടെയും അഭിപ്രായം. വെറും സാമൂഹ്യപ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് കമ്മ്യൂണിസ്റ്റുകളുമായി കൂട്ടുകൂടിയതിനെ എതിർത്ത സഭ അധികാരത്തിൽ കയറുന്നതിനുവേണ്ടി 1980-ൽ കമ്മ്യൂണിസ്റ്റുകളുമായി ചില കത്തോലിക്കർ സഹകരിച്ചതിൽ തെറ്റു കണ്ടില്ല. പിന്നീട് അധികാരത്തിൽ കയറിപ്പറ്റാൻ മാത്രം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ പല കക്ഷികളും ചേർന്നപ്പോഴും റീജയണൽ സെമിനാറിന്റെ നിർദ്ദേശങ്ങൾ സഭാനേതൃത്വം വിസ്മരിച്ചു കളഞ്ഞു.

2004-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിനുശേഷം ഇന്ത്യയിലെയും കേരളത്തിലെയും ചില മെത്രാന്മാരുടെ നിലപാട് -കമ്മ്യൂണിസ്റ്റ് പാർട്ടിയോടുള്ള നിലപാട്-റീജയണൽ സെമിനാറിന്റെ തീരുമാനങ്ങളിൽ നിന്നും വ്യതചലിച്ചുള്ളതായിരുന്നു. പ്രത്യക്ഷമായിട്ടല്ലെങ്കിലും കമ്മ്യൂണിസ്റ്റുകളുമായി സഹകരിക്കാം എന്ന ഒരു ചിന്തയ്ക്ക് ആരംഭം കുറിച്ചത് 2004-ലെ പാർലമെന്റ് തിരഞ്ഞെടുപ്പ് വേളയിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ആണ്. കുടുംബവാഴ്ചക്കെതിരെയും വർഗ്ഗീയാധിപത്യത്തിനെതിരെയും ഉറച്ച നിലപാട് സ്വീകരിക്കണമെന്ന് കർദ്ദനാൾ മാർ വർക്കി വിതയത്തിൽ

www.malankaralibrary.com

സത്യദീപത്തിലൂടെ വെളിപ്പെടുത്തി. ആ കാര്യത്തിന് മംഗളം പത്രം നല്ല പ്രചരണം നല്കി. കത്തോലിക്കാസഭയ്ക്ക് കമ്മ്യൂണിസ്റ്റ് വിരോധമില്ലെന്നും പാർട്ടിയുമായി സഹകരിക്കുന്നതിൽ തെറ്റില്ലെന്നുമാണ് സി.ബി.സി.ഐ. പ്രസിഡന്റ് ടെലിസ്ഫോർ അഭിപ്രായപ്പെട്ടത്. തെരഞ്ഞെടുപ്പിനുശേഷം കത്തോലിക്കാസഭയും ഇടതുപക്ഷവും തമ്മിൽ അകൽച്ചയില്ലെന്ന് കൊച്ചി മെത്രാൻ ഡോ. ജോൺ തട്ടുങ്കലും അഭിപ്രായപ്പെട്ടു.

അരനൂറ്റാണ്ടിനുമുമ്പുള്ള കത്തോലിക്കാസഭ-മാർക്സിസ് പാർട്ടി ബന്ധത്തിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും മറ്റു മതേതര ജനാധിപത്യ പാർട്ടികളുമായിട്ടുള്ളത്രബന്ധം കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി കത്തോലിക്കാസഭ പുലർത്തുന്നുണ്ടോയെന്ന കാര്യത്തിൽ ചോദ്യങ്ങൾ അവശേഷിക്കുന്നു എന്ന മുഖപ്രസംഗത്തോടെ പുറത്തിറങ്ങിയ സത്യദീപം ഇംഗ്ലീഷ് പതിപ്പിൽ ആണ് വൈദിക ശ്രേഷ്ഠന്മാരുടെ അഭിപ്രായം ഈ വിഷയത്തെ സംബന്ധിച്ച് ക്രോഡീകരിച്ച് പ്രസദ്ധീകരിച്ചത്. കത്തോലിക്കാസഭയോട് കമ്മ്യൂണിസ്റ്റുകാർ കൂടുതൽ അടുക്കുന്നുവെന്നത് ശരിയാണെന്നും മതമൗലീകതക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശൈലി അഭിനന്ദനാർഹമാണെന്നും ആർച്ച് ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ അഭിപ്രായപ്പെട്ടു. സാമൂഹ്യപ്രശ്നങ്ങളിൽ മാർക്സിസ്റ്റ് കത്തോലിക്കാവിഭാഗങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ സമാനങ്ങളാണെന്നും ആർച്ച് ബിഷപ്പ് സൂസൈപാക്യം അഭിപ്രായപ്പെട്ടു. വോട്ടുനേടാനുള്ള തന്ത്രപരമായ നീക്കമായി മാത്രമേ പാർട്ടിയുടെ നയസമീപനങ്ങളിൽ വന്ന മാറ്റങ്ങളെ കാണാനാവൂ എന്ന് അഭിപ്രായപ്പെട്ട സൂസൈപാക്യം കമ്മ്യൂണിസ്റ്റുകൾക്ക് നല്ല ഒരു സർട്ടിഫിക്കറ്റും കൊടുത്തിട്ടുണ്ട്. “ധാർമ്മിക മൂല്യങ്ങൾ പുലർത്തുന്നതിൽ അവർ മുൻപന്തിയിലാണ്. അണികളുടെ അക്രമത്തെ അവർ പാർട്ടിതലത്തിൽ ന്യായീകരിക്കുമെങ്കിലും വ്യക്തിപരമായി അവർ ഉന്നതമൂല്യങ്ങൾ പുലർത്തുന്നവരാണ്.”

യാതൊരു മറവും തിരിവുമില്ലാതെയാണ് ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ അഭിപ്രായം പ്രകടിപ്പിച്ചത്. തികച്ചും പ്രാദേശിക പ്രശ്നങ്ങളാണ് ലോകസഭാ ഇലക്ഷനിലെ ഇടതുവിജയത്തിനു കാരണമെന്നും മാർക്സിസ്റ്റ് നയങ്ങളിൽ കാതലായ മാറ്റം വന്നിട്ടില്ലെന്നും കൂട്ടായ ചർച്ചയിലൂടെ മാത്രമേ ഇത്തരം കാര്യങ്ങളിൽ അഭിപ്രായം പറയാനാവൂ എന്നും സഭയുടെ ഐക്യം ഇക്കാര്യത്തിൽ വ്യക്തമാക്കിയില്ലെങ്കിൽ അത് പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും ആർച്ച് ബിഷപ്പ് പവ്വത്തിൽ അസിന്നിഗ്ദ്ധമായി പറയുകയും ചെയ്തു. കമ്മ്യൂണിസ്റ്റ്കാരനായ എ.പി. വർക്കിയുടെ സ്മരണാർത്ഥം സ്ഥാപിച്ച ഫൗണ്ടേഷന്റെ ആശുപത്രിയിൽ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്യാൻ കർദ്ദനാർ വർക്കി വിതയത്തിൽ തിരുമേനിയെ ക്ഷണിക്കുകയും ചെയ്തു. ഉദ്ഘാടനം നിർവഹിച്ചുകൊണ്ട്

www.malankaralibrary.com

കമ്മ്യൂണിസ്റ്റുകളുമായി നല്ല കാര്യങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാമെന്നും ജീവകാരുണ്യരംഗത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും സഭയുടെ ലക്ഷ്യങ്ങളുമായി യോജിച്ചു പോകുന്ന ഇത്തരം പരിശ്രമങ്ങളിൽ സഹകരിക്കുന്നതിൽ തെറ്റില്ലെന്നും കർദ്ദനാൾ വിതയത്തിൽ പ്രഖ്യാപിച്ചു.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മാറ്റങ്ങളും ദരിദ്രരോടുള്ള ആഭിമുഖ്യവും മതമൗലീകവാദത്തോടുള്ള ശക്തമായ എതിർപ്പുമാണ് ക്രിസ്ത്യാനികൾ മാർക്സിസ്റ്റ് പാർട്ടിയോട് ആഭിമുഖ്യം പുലർത്തുന്നതിനുള്ള കാരണങ്ങൾ എന്നും സത്യദീപം അതിന്റെ മുഖപ്രസംഗത്തിൽ അഭിപ്രായപ്പെടുകയും ചെയ്തു.

ഭാരതത്തിലെയും കേരളത്തിലെയും ചില മെത്രാന്മാരും സത്യദീപവും കമ്മ്യൂണിസ്റ്റ് പാർട്ടിയെ പുകഴ്ത്തിയത് കമ്മ്യൂണിസ്റ്റ് പാർട്ടി കുട്ടനാടൻ വയലുകളിൽ വെട്ടിനിരത്തൽ നടത്തിയപ്പോഴും, സ്വാശ്രയനിയമം അവതരിപ്പിച്ച സമയത്ത് അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ച മെത്രാന്മാരെ നികൃഷ്ടജീവികൾ എന്ന് വിളിച്ചാക്ഷേപിച്ചപ്പോഴും ആണെന്നുള്ളത് ആണ് ഏറെ ദുഃഖകരം.

കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ യാതൊരുമാറ്റവും ഉണ്ടായിട്ടില്ല. മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത് അവരുടെ അവസരവാദനയത്തിൽ മാത്രമാണ്. കമ്മ്യൂണിസ്റ്റുകൾ അധികാരത്തിലേറിയപ്പോൾ എല്ലാ ഭരണാധികാരികളെയും പോലെ അഴിമതിയും സ്വജനപക്ഷപാതവും നടത്തി ഭരണത്തിന്റെ സുഖം അനുഭവിക്കാനുള്ള വ്യഗ്രതയിൽ കുറെ നീക്കുപോക്കുകൾ നടത്തിയിട്ടുണ്ടാകാം. അതൊക്കെ നയപരമായ മാറ്റമാണെന്ന് നാം പ്രചരണം നടത്തുന്നുവെങ്കിൽ അത് ആത്മഹത്യാപരമായിരിക്കാം.

1968-ലെ റീജയണൽ സെമിനാർ അഭിപ്രായപ്പെട്ടത് "കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ ബുദ്ധിപരമായ വെല്ലുവിളി നേരിടാൻ നമ്മുടെ ജനങ്ങളെ സുസജ്ജമാക്കുന്നതിന് സ്റ്റഡിക്യാമ്പുകൾ സംഘടിപ്പിക്കാനും ക്രമമായി പരിശീലനകോഴ്സുകൾ നടത്താനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ്" കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടെയുള്ള വിവിധ രാഷ്ട്രീയപാർട്ടികളിലെ വ്യക്തികളുമായി സഹകരിക്കുന്ന കാര്യം നിർണ്ണയിക്കേണ്ടത് ഓരോ പ്രശ്നത്തിന്റെയും പ്രത്യേകമായ നിലപാടിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിലായിരിക്കണം ചരിത്രപരമായ അനുഭവവും കേരളത്തിലെ ഇന്നത്തെ ചുറ്റുപാടുകളും പരിഗണിക്കുമ്പോൾ കമ്മ്യൂണിസ്റ്റുപാർട്ടിയും കമ്മ്യൂണിസ്റ്റിതരപാർട്ടികളും തമ്മിലുള്ള ഐക്യമുന്നണി കമ്മ്യൂണിസ്റ്റേതര പാർട്ടികൾക്ക് ദോഷകരമായിട്ടാണ് കാണുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റുകളും അല്ലാത്തവരും ചേർന്നുള്ള ഐക്യമുന്നണി ഗവണ്മെന്റ് രൂപീകരണം സഭയ്ക്ക് ഉൾക്കൊണ്ടാ

www.malankaralibrary.com

ഉളവാക്കിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റേതരപാർട്ടികൾ വേണ്ടത്ര ജാഗരൂകത പുലർത്തേണ്ടിയിരിക്കുന്നു." ഇതാണ് സെമിനാറിന്റെ അഭിപ്രായം.

ഈ സെമിനാർ നിഗമനങ്ങൾ നിലനിൽക്കുമ്പോഴാണ് വലിയ ഒരു പ്രശ്നത്തെ ലാഘവബുദ്ധിയോടെ മെത്രാന്മാരും സത്യദീപവും കൈകാര്യം ചെയ്തത്. റീജയണൽ സെമിനാർ തീരുമാനങ്ങളെ അട്ടിമറിച്ചത് സത്യ ദീപവും ഏതാനും വൈദിക മേലദ്ധ്യക്ഷന്മാരുമാണ് എന്നു പറയുമ്പോൾ എന്നെ കല്ലെറിയല്ലേയെന്ന് അഭ്യർത്ഥിക്കുന്നു.

കമ്മ്യൂണിസ്റ്റുകളുടെ നയത്തിൽ കാതലായ മാറ്റം വന്നുവെന്ന് അവകാശപ്പെടുന്ന മെത്രാന്മാരുടെ മുൻപിൽ നാലു ദശാബ്ദങ്ങൾക്കു മുമ്പ് ലാറ്റിനമേരിക്കയിൽ രൂപംകൊണ്ട വിമോചന ദൈവശാസ്ത്രത്തെപ്പറ്റി സൂചി പ്പിക്കുവാൻ ആഗ്രഹിക്കുന്നു. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനങ്ങളുടെയും പ്രേരണകളുടെയും പശ്ചാത്തലത്തിൽ വളർന്നു വന്ന വിമോചന ദൈവശാസ്ത്രം ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ കോടിക്കണക്കിന് പാവപ്പെട്ടവർക്ക് പ്രത്യാശ നല്കുകയുണ്ടായി. അറുപതു കളുടെ മദ്ധ്യത്തിൽ ആശ പകരുന്ന ഒരു നക്ഷത്രംപോലെ ആ ദൈവശാ സ്ത്രശാഖ വളർന്നുവന്നു. മൂന്നാംലോക രാഷ്ട്രങ്ങളിലെ ദരിദ്രലക്ഷങ്ങൾ പൊതുവേയും കത്തോലിക്കർ വിശേഷവിധിയായും ലാറ്റനമേരിക്ക വെളിച്ചം വീശിയ ആ പ്രകാശത്തെ പ്രത്യാശപൂർവ്വം സ്വാഗതം ചെയ്തു.

ഒരു കയ്യിൽ കൊന്തയും ബൈബിളും മറുകയ്യിൽ ചുറ്റിക അരിവാളും പിടിച്ചു സമരം ചെയ്യുന്ന ലിബറേഷൻ തിയോളജിക്കാരെ പലരും മനസ്സാ അഭിനന്ദിച്ചു. ലോകത്തിലെ കത്തോലിക്കാ ജനസംഖ്യയിൽ പകുതിയോളം ലാറ്റിൻ അമേരിക്കയിലാണ്. ബ്രസീലിലെ കാപ്പിത്തോട്ടങ്ങളും ചിലിയിലെ ചെമ്പുഖനികളും മെക്സിക്കോയിലെ എണ്ണക്കുഴികളും കൊളോണിയൽ ശക്തികളെ അങ്ങോട്ടാകർഷിച്ചു. അമേരിക്കയുടെ ആധിപത്യം അവിടെ സ്ഥാപിക്കപ്പെട്ടപ്പോൾ ലാറ്റിൻ അമേരിക്ക അക്ഷരാർത്ഥത്തിൽ അമേരിക്ക യുടെ അടിമയായി. ചൂഷണം ഉച്ചകോടിയിലെത്തിയപ്പോൾ ആ രാഷ്ട്രങ്ങൾ കണ്ണുതുറന്നു. മേസ്രേനിലെ അടിമത്ത ചങ്ങല തകർക്കാൻ ഇസ്രായേൽ അരമുറുക്കിയതുപോലെ വിമോചകനായ ക്രിസ്തുവിനെ മുന്നിൽ കണ്ടു കൊണ്ട് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ ചൂഷണം അവസാനിപ്പിക്കു വാൻ ലിബറേഷൻ തിയോളജിക്കാർ രംഗത്തെത്തി.

രണ്ടാംലോക മഹായുദ്ധത്തിൽ ഒന്നിച്ചു നിന്നു പോരാടിയ അമേരിക്കയും റഷ്യയും രണ്ടു ചേരിയായി മാറി. അവർ ജർമ്മനിയെ പങ്കിട്ടെടുത്തു. അതേസമയം റഷ്യ കിഴക്കൻ ജർമ്മനിയിലും യൂറോപ്പിലെ ഹങ്കറി, ചെക്കോസ്ലാവാക്യാ, യൂഗോസ്ലാവിയാ, ബൾഗേറിയ, ലിത്വാനിയാ, അൽബേനിയ മുതലായ രാഷ്ട്രങ്ങളിലും പിടിമുറുക്കി.

പശ്ചിമയൂറോപ്പ് അമേരിക്കൻ പ്രതാപത്തിന്റെ പാദസേവകരായി.

www.malankaralibrary.com

ഇംഗ്ലീഷ് ചാനലിൽ പോലും യു.എസ്. നാവികപ്പട ആധിപത്യം സ്ഥാപിച്ചു. ബ്രിട്ടനും ഫ്രാൻസും ജപ്പാനും കോളനികൾ നഷ്ടപ്പെട്ട് ചിറകറ്റ പക്ഷിയെപ്പോലെ തളർന്നു. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ അമേരിക്കൻ ആധിപത്യം ശക്തമായപ്പോൾ റഷ്യ, ക്യൂബയിലേക്കും, മെക്സിക്കോയിലേക്കും ഗ്വാട്ടിമാലയിലേക്കും ചാരന്മാരെ അയച്ച്, അമേരിക്കയും റഷ്യയും രണ്ടു ചേരിയിലായി നിലയുറപ്പിച്ചപ്പോൾ വിമോചന ദൈവശാസ്ത്രത്തിലെ തീവ്രവാദികൾ റഷ്യയുടെ വശീകരണവലയിലായി. ചിലിയിലെ പട്ടാളവിപ്ലവത്തിന്റെ പിന്നിൽ അമേരിക്കയായിരുന്നു. അതിനെ പ്രതിരോധിക്കാൻ റഷ്യ ക്യൂബയ്ക്ക് ആയുധങ്ങൾ നല്കി. നിക്കരാഗ്വായിൽ കമ്മ്യൂണിസ്റ്റുകളും കത്തോലിക്കരും ചേർന്ന് ഭരണം പിടിച്ചെടുത്തു. ഉടൻതന്നെ എൽസാൽവദോറിലേക്കും അമേരിക്കൻ ആയുധങ്ങൾ പാഞ്ഞെത്തി. അമേരിക്കയുടെയും റഷ്യയുടെയും മത്സരരംഗമായി ലാറ്റിൻ അമേരിക്ക മാറി.

മാർക്സിയൻ സാമൂഹിക അപഗ്രഥനരീതി സ്വാഗതം ചെയ്യുന്ന വിമോചന ദൈവശാസ്ത്രക്കാർ അഭേദ്യങ്ങളും അനശ്വരങ്ങളുമായ ആദ്ധ്യാത്മിക മൂല്യങ്ങൾ ചവുട്ടിത്തകർത്തു. ഭൗതികാതീതമായി ഒന്നുമില്ലെന്നുപോലും അവരിൽ പലരും പറഞ്ഞുതുടങ്ങി. മാർക്സിസ്റ്റ് തന്ത്രങ്ങളുടെ പ്രചാരകന്മാരായി അവർ മാറിക്കൊണ്ടിരിക്കുന്നു. ഇതാണ് ദൈവശാസ്ത്രജ്ഞന്മാർക്കുണ്ടായ അപകടം. കേരളത്തിലും ഇതു സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് കമ്മ്യൂണിസത്തെ വെള്ള പൂശുന്നവർ മനസ്സിലാക്കണം.

നിരീശ്വരപരമായ ഭൗതീകമാത്രവാദവും രക്തരൂക്ഷിതമായ വർഗ്ഗവിപ്ലവവുമാണ് കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിന്റെ മുഖ്യധാര. ദൈവത്തിന്റെ അസ്തിത്വത്തിലും ആദ്ധ്യാത്മിക മൂല്യങ്ങളുടെ ഭദ്രതയിലും അടിയുറച്ചു വിശ്വസിക്കുന്ന ആർക്കും തന്നെ മാർക്സിസത്തെ ആലിംഗനം ചെയ്യാൻ സാധിക്കുകയില്ല. മാർക്സിസത്തിന്റെ സാമൂഹ്യ വിശകലനം മാത്രം കൈമുതലാക്കി ആ തത്വസംഹിതയുടെ നിരീശ്വരപരവും രക്തവിപ്ലവപരവുമായ ശിഷ്ടഭാഗങ്ങൾ പരിത്യജിച്ച് ജനമോചനസമരം നടത്താമെന്ന മിഥ്യാബോധം ചില ലിബറേഷൻ തിയോളജിക്കാർക്കുണ്ട്. മാർക്സിയൻ സാമൂഹിക അപഗ്രഥനത്തിന്റെ അടിത്തറ തന്നെ ഭൗതികമാത്ര വാദമാണ്. അക്രമാസക്തമായ വർഗ്ഗസംഘടനത്തിലൂടെ മാത്രമേ വാഗ്ദാന ഭൂമിയിലെത്തുകയുള്ളുവെന്ന് ആ സാമൂഹിക വീക്ഷണവും വിശകലനവും സംശയരഹിതമായി പ്രഖ്യാപിക്കുന്നു.

സ്നേഹത്തിന്റെ ഉദാത്ത ചൈതന്യമാണല്ലോ മതത്തിന്റെ യഥാർത്ഥ ജീവൻ. അതിനാൽ വിദ്വേഷത്തിൽ ആവശ്യം അടിയുറച്ചു നിൽക്കുന്ന ഒരു വീക്ഷണത്തെ പിഞ്ചെല്ലുവാൻ ഒരു മതാനുയായിക്കും സാദ്ധ്യമല്ല. മതവും മാർക്സിസവും ഒരിക്കലും പൊരുത്തപ്പെട്ടു പോകുകയില്ല. ഈ വലിയ തത്വം വിസ്മരിച്ചതാണ് തീവ്രവാദികളായ വിമോചന ദൈവശാസ്ത്രജ്ഞ

www.malankaralibrary.com

ന്മാർക്ക് പറ്റിയ അബദ്ധം.

അറുപതുകളുടെ അന്ത്യത്തിലാണ് ലാറ്റിൻ അമേരിക്കൻ ലിബറേഷൻ തിയോളജി രൂപം കൊള്ളുന്നത്. കേരളത്തിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ അതിന് വലിയ പ്രാധാന്യം നല്കി പ്രശംസിച്ചു. പക്ഷെ കേരളത്തിൽ അറുപതുകളുടെ ആദ്യം നടന്ന-വിമോചന ദൈവശാസ്ത്രത്തിന്റെ വഴിത്താരകളെ ആരും പ്രശംസിച്ചില്ല. ഈ യാഥാർത്ഥ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തണമെന്നും അതിനുവേണ്ടി പ്രചരണ തന്ത്രങ്ങൾ ആവിഷ്കരിക്കണമെന്നുമാണ് റീജയണൽ സെമിനാർ ആവശ്യപ്പെട്ടത്.

കേരളത്തിൽ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചത് കുടിയിറക്കിനും മേൽച്ചാർത്തിനും എതിരെ സമരം നടന്നപ്പോഴാണ്. ഫാ. വടക്കൻ ആയിരുന്നു അതിന് നേതൃത്വം നല്കിയത്. ഫാ. വടക്കൻ കമ്മ്യൂണിസ്റ്റുകളുമായി സഹകരിച്ചപ്പോഴും തീവ്രവാദികളായ ലിബറേഷൻ തിയോളജിക്കാരെ വിമർശിച്ചിരുന്നു. നിരീശ്വരസിദ്ധാന്തങ്ങളിലും അക്രമസമരങ്ങളിലും അവർ ഏർപ്പെട്ടതിനെയാണ് വടക്കനച്ചൻ എതിർത്തത്.

പൗര രാഷ്ട്രീയ ജീവിതം എന്ന വിഷയത്തെപ്പറ്റി സെമിനാർ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ കേരളസഭ അമ്പേ പരാജയപ്പെട്ടു. വ്യത്യസ്തമായ വിധത്തിൽ തീരുമാനങ്ങൾ ഒരോരുത്തരും എടുക്കാതെ മെത്രാന്മാർ തമ്മിൽ ഒരു കൂട്ടായ ചർച്ച നടത്തി പ്രസ്താവനകൾക്കു രൂപം കൊടുക്കുകയായിരുന്നു വേണ്ടിയിരുന്നത്.

## IX വാർത്താവിനിമയോപാധികൾ

ഫാ. ആന്റണി സി.എം.ഐ.യുടെ നേതൃത്വത്തിൽ രൂപംകൊണ്ട സർവ്വീസ് ടീം തയ്യാറാക്കിയ പ്രബന്ധത്തെപ്പറ്റി നടന്ന ഗ്രൂപ്പുചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. എല്ലാ ജനങ്ങൾക്കും രക്ഷ പ്രദാനം ചെയ്യുന്നതിന് കത്തോലിക്കാ സഭയെ നമ്മുടെ കർത്താവ് ചുമതലപ്പെടുത്തിയിട്ടുള്ളതും തന്മൂലം സുവിശേഷം പ്രചരിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നതുകൊണ്ടും പത്രങ്ങൾ, സിനിമ, തിയേറ്റർ, റേഡിയോ, ടെലിവിഷൻ മുതലായ സാമൂഹ്യ സമ്പർക്കമാധ്യമങ്ങളെ ഉപയോഗിക്കേണ്ടത് സഭയുടെ കർത്തവ്യമായിട്ടാണ് കണക്കാക്കുന്നത്.

വത്തിക്കാൻ കല്പന ഇങ്ങനെ പറയുന്നു : "ഈ ഉപാധികളിലൂടെ മാനവ വംശത്തിന്റേയും തങ്ങളുടെതന്നേയും ആത്മരക്ഷയ്ക്കുവേണ്ടി സഹായിക്കുന്നതിന് വിശ്വാസികൾക്ക് വഴികാട്ടുകയും പരിശീലനം നല്കുകയും ചെയ്യേണ്ട ജോലി മതസംബന്ധമായ ഇടയരിൽ നിക്ഷിപ്തമാണ്." അതുകൊണ്ട് ഈ ഉപാധികളെ പരിപൂർണ്ണമായും കാര്യക്ഷമമായും ഉപയോഗിക്കേണ്ട ബാധ്യത കേരളസഭയ്ക്കുണ്ട്.

www.malankaralibrary.com

## 2. ദിനപത്രം

വാർത്താ വിതരണത്തിലും പൊതുജനാഭിപ്രായരൂപികരണത്തിലും ഒരു ദിനപത്രത്തിനുള്ള പങ്ക് അനന്യസാധാരണമാകയാൽ, ക്രൈസ്തവരുടെ ക്ഷേമം മാത്രമല്ല, സമുദായത്തിന്റെ പുരോഗതിയും ഊട്ടിവളർത്തുന്ന സുശക്തവും കത്തോലിക്കാ ചൈതന്യപ്രേരിതവും മതേതരവുമായ ഒരു ദിനപത്രം അത്യാവശ്യമാണെന്ന് ഞങ്ങൾക്ക് തോന്നുന്നു.

കത്തോലിക്കാപത്രങ്ങൾ ക്രിസ്തുവിന് സുശക്തമായി സാക്ഷ്യം വഹിക്കണമെങ്കിൽ മറ്റേത് പത്രവും ആയിരിക്കേണ്ടതുപോലെ അത് കാര്യക്ഷമവും സുസജ്ജവും സ്വതന്ത്രവും വേണ്ടത്ര ആളുകളുള്ളതും ലക്ഷ്യത്തിന് പര്യാപ്തവുമായിരിക്കണം.

കത്തോലിക്കാ പത്രങ്ങൾക്കുണ്ടായിരിക്കേണ്ടത് പത്രപ്രവർത്തനേതര സമ്മർദ്ദത്തിൽനിന്നുള്ള പ്രഫഷനൽ സ്വാതന്ത്ര്യമാണ്. ഇന്നത്തെ വ്യവസ്ഥിതിയിൽ കേരളത്തിലെ കത്തോലിക്കാപത്രങ്ങൾ മുഖ്യമായും വൈദികരുടെ നിയന്ത്രണത്തിലും മാനേജ്മെന്റിലും ആയതുകൊണ്ട്, മാനേജ്മെന്റിലും പത്രാധിപവിഭാഗത്തിലും അൽമായർക്ക് കൂടുതൽ പങ്കാളിത്തം നൽകേണ്ടത് വളരെ അത്യാവശ്യമാണ്.

പുതിയ ഒരു പത്രം ആരംഭിച്ചോ, നിലവിലുള്ള പത്രങ്ങളെ ഏകോപിപ്പിച്ചോ, നിലവിലുള്ളവയെ ഉയർത്തിയോ കേരളകത്തോലിക്കാ സമുദായത്തിന് ഒന്നാംകിട നിലയിലുള്ളതും കത്തോലിക്കാ ചൈതന്യപ്രേരിതവും മതേതരസ്വഭാവമുള്ളതുമായ ഒരു പത്രം ഉണ്ടാക്കുന്നതിന് ഹൈരാർക്കിയിലെ അഭിവന്ദ്യരായ അംഗങ്ങളും, സന്യാസ സമൂഹങ്ങളുടെ തലവരും ഇന്നുള്ള പത്രങ്ങളുടെ ഉടമസ്ഥരും അത്മായ നേതാക്കളും വേണ്ട ഉപാധികളും മാർഗ്ഗങ്ങളും ആസൂത്രണം ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## 3. വാരിക

സമുദായത്തിന് യഥാർത്ഥവും സമഗ്രവുമായ ക്രൈസ്തവപരിശീലനം ലഭിക്കുന്നതിനും സമുദായത്തിൽത്തന്നെ ഡയലോഗിന് ഒരുപൊതുവേദി ഏർപ്പെടുത്തുന്നതിനും വിശാലവീക്ഷണാധിഷ്ഠിതമായ മതപരമായ വാരിക വളരെ അത്യാവശ്യമാണ്. മേല്പറഞ്ഞ സൗകര്യങ്ങൾ ക്രമീകരിക്കാമെങ്കിൽ ഈ ലക്ഷ്യം സാധിക്കുന്നതിന് 'സത്യദീപം' മതിയാകുന്നതാണ്.

സമൂഹത്തിൽ ക്രൈസ്താവദർശങ്ങൾ വ്യാപിപ്പിക്കുന്നതിന് വിജ്ഞാനപ്രദവും വിദ്യാഭ്യാസപരവും വിനോദപ്രദവും മതേതരസ്വഭാവമുള്ളതുമായ മറ്റൊരു വാരികയും നമുക്ക് ആവശ്യമാണ്.

നാം ഉദ്ദേശിക്കുന്ന ഈ സാംസ്കാരിക വാരിക ആരംഭിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങളും ഉപാധികളും ആരായാൻ ഹൈരാർക്കിയിലെ അഭിവന്ദ്യ അംഗങ്ങളോടും സന്യാസസമൂഹങ്ങളിലെ തലവന്മാരോടും വാരികക

www.malankaralibrary.com

ളുടെയും മാസികകളുടെയും പ്രസാധകരായി ഇന്ന് രംഗത്തുള്ളവരോടും അൽമായനേതാക്കളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## 4. മാസിക

സിനിമാ, സ്പോർട്സ്, എക്യുമനിസം മുതലായ പുതിയ രംഗങ്ങളിൽ പ്രവേശിച്ചുകൊണ്ടോ, ഏകോപിപ്പിച്ചോ, വിശേഷവൽക്കരണം നടത്തിയോ കൂടുതൽ ധനമുണ്ടാക്കിയോ തങ്ങളുടെ പ്രസിദ്ധീകരണങ്ങൾ പുരോഗമിപ്പിക്കാമോ എന്ന് വിവിധ മാസികകളുടെ പ്രസാധകർ പരിഗണിക്കേണ്ടതാണെന്ന് വർക്ക് ഷോപ്പ് ശുപാർശ ചെയ്തു.

## 5. പ്രസസ് കൗൺസിൽ

കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ താല്പര്യങ്ങൾ പുലർത്തുന്നതിനുവേണ്ടി ഹൈരാർക്കിയുടെ ആഭിമുഖ്യത്തിൽ ഒരു കത്തോലിക്കാ പ്രസ്സ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്. കഴിവുറ്റ പ്രവർത്തകരെ അടിയന്തിരമായി ആവശ്യമുള്ളതുകൊണ്ട് സ്കോളർഷിപ്പ് നല്കി പത്രപ്രവർത്തനവിദ്യാലയങ്ങളിൽ പത്രപ്രവർത്തകരെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. പത്രപ്രവർത്തനാർത്ഥികളെ വേണ്ടപോലെ തെരഞ്ഞെടുക്കുന്നതിന് കത്തോലിക്ക പ്രസിദ്ധീകരണങ്ങളുടെ മാനേജുമെന്റിനോടും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലവന്മാരോടും ആലോചിക്കേണ്ടതാണ്.

## 6. പബ്ലിഷിംഗ് ഹൗസ്

കത്തോലിക്കാ സമുദായവും പ്രത്യേകിച്ച് പ്രസാധകർ, എഴുത്തുകാർ, പുസ്തകവില്പനക്കാർ, ധനവാന്മാർ എന്നിവരും പ്രമുഖമായ ഒരു പബ്ലിഷിംഗ് ഹൗസ് സ്ഥാപിച്ചു നടത്താൻ മുന്നോട്ടുവരണമെന്ന് സെമിനാർ അഭ്യർത്ഥിക്കുന്നു.

## 7. ലൈബ്രറി

നല്ല സാഹിത്യം വിതരണം ചെയ്യുന്നതിന് ഉചിതമായ ഒരു സ്ഥലത്ത് കേന്ദ്രലൈബ്രറിയും ഇടവകലൈബ്രറികളും ചേർന്നുള്ള ഒരു പദ്ധതി ഉണ്ടാക്കണമെന്ന് സെമിനാർ താല്പര്യപ്പെടുന്നു.

## 8. നാടകം

കലയും കലാകാരന്മാരും വളരുന്നതിന് അനുചിതമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ ബോധപൂർവ്വമായ പരിശ്രമം നടത്തേണ്ടതാണ്. (എ) ഇടവകയിലും രൂപതയിലും അതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, യുവജനങ്ങളേയും കുട്ടികളെയും കലോത്സവങ്ങൾ നടത്താൻ പ്രോത്സാഹിപ്പിക്കണം. (ബി) സാംസ്കാരികോന്നതിക്കും പ്രഫഷനൽ കാര്യക്ഷമതയ്ക്കുംവേണ്ടി കുട്ടികൾക്കും യുവജനങ്ങൾക്കും

www.malankaralibrary.com

നാടകരംഗത്തുവേണ്ട പരിശീലനം നല്കണം. (സി) പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് ഔചിത്യപൂർവ്വമായ കലാപരിപാടികൾപ്രോത്സാഹിപ്പിക്കണം. ഇതിന് അസ്സീസ്സി ആർട്സ് ക്ലബ്ബ്, ബീഡ്സിന്റെ ക്ഷേമകേന്ദ്രം, ഷെ.പി.ജെ. ചെറിയാന്റെ ശ്രീകലാവേദി മുതലായ കലാസംഘടനകളുടെ സേവനം ലഭ്യമാണ്. (ഡി) മറ്റുതരത്തിൽ സൗകര്യമില്ലാത്ത ഓരോ രൂപതയിലും ഒരു കേന്ദ്ര ആഡിറ്റോറിയം സ്ഥാപിക്കേണ്ടതാണ് (ഇ) ഉൾനാടുകളിലും ഗ്രാമപ്രദേശങ്ങളിലും നാടകക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കണം.

## 9. സിനിമ

ഇന്നത്തെ ജീവിതത്തിൽ സിനിമയ്ക്കു വലിയ പ്രാധാന്യമുള്ളതുകൊണ്ട് താഴെ ചേർക്കുന്ന കാര്യങ്ങൾ ഞങ്ങൾ നിർദ്ദേശിക്കുന്നു. (എ) ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്രൈസ്തവരെ സഭാദൗത്യത്തിൽ പങ്കുചേരുന്നതിന് സമീപിക്കുക (ബി) കത്തോലിക്കാ ചൈതന്യപ്രേരിതമായ ഫിലിംയൂണിറ്റ് ഏർപ്പെടുത്തുക (സി) ഡോക്യുമെന്ററി ഫിലിമുകൾ നിർമ്മിക്കുക (ഡി) ഫിലിംപ്രദർശനത്തിന് മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുക (ഇ) ഗ്രാമഫോൺ റിക്കാർഡുകൾ നിർമ്മിക്കുക. (എഫ്) ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സിനിമാഫോറം സംഘടിപ്പിക്കുക (ജി) ഫിലിംവ്യവസായത്തിന് ആവശ്യമായ എല്ലാതരം ആളുകളെയും പരിശീലിപ്പിച്ചെടുക്കുക (എച്ച്) കത്തോലിക്കാപത്രങ്ങളിലും പ്രത്യേകിച്ച് വാരികകളിലും സിനിമാനിരൂപണ പംക്തികൾ ആരംഭിക്കുക.

## 10. റേഡിയോ

ക്രൈസ്തവ സന്ദേശം പ്രചരിപ്പിക്കുന്നതിന് റേഡിയോയ്ക്കുള്ള സൗകര്യങ്ങൾ നാം ഉപയോഗിക്കുന്നതിന് താഴെ ചേർക്കുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു. (എ) ഈസ്റ്റർ, ക്രിസ്തുമസ് മുതലായ സന്ദർഭങ്ങൾക്കു അനുയോജ്യമായ പരിപാടികളും ലേഖനങ്ങളും തയ്യാറാക്കുന്നതിന് കലാകാരന്മാരെ പ്രോത്സാഹിപ്പിക്കണം (ബി) സ്വാധീനം ചെലുത്തുന്നതിനുവേണ്ടി റേഡിയോ ക്ലബ്ബുകൾ സ്ഥാപിക്കണം (സി) പത്രങ്ങളിൽ റേഡിയോ നിരൂപണപംക്തികൾ ആരംഭിക്കണം (ഡി) റേഡിയോ സ്റ്റേഷനിൽ ജോലിചെയ്യാൻ യോഗ്യതയുള്ള യുവജനങ്ങളെ പരിശീലിപ്പിച്ചെടുക്കണം. (ഇ) സഭയെ സംബന്ധിച്ച റേഡിയോ പരിപാടികൾക്ക് കത്തോലിക്കാപത്രങ്ങൾ പ്രത്യേക പ്രചാരണം നല്കണം (എഫ്) നമ്മുടെതന്നെ പരിപാടികൾ റേഡിയോയിൽ വരുന്നതിന് പണം മുടക്കിയാലും തരക്കേടില്ല (ജി) വിദേശപ്രക്ഷേപണ കേന്ദ്രങ്ങൾവഴി ക്രമമായി ക്രൈസ്തവ പരിപാടികൾ ഏർപ്പാടുചെയ്യണം. (എച്ച്) നമ്മുടെ പരീക്ഷണങ്ങളും ആവശ്യങ്ങളും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിന് “എഴുത്തുപെട്ടി” യുടെ സൗകര്യം പരമാവധി ഉപയോഗിക്കുക.

www.malankaralibrary.com

## 11. ടെലിവിഷൻ

അടുത്തഭാവിയിൽ ഇന്ത്യയിൽ ടെലിവിഷൻ വലിയ തോതിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ട്, ഇതിൽ കത്തോലിക്കാ പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതിന് സ്ക്രിപ്റ്റ് ലേഖകരെയും സാങ്കേതികവിദഗ്ദ്ധരേയും മറ്റ് ആളുകളേയും പരിശീലിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിന് ഇന്ത്യൻ കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ഞങ്ങൾ കേരള കാത്തലിക്ക് ബിഷപ്സ് കോൺഫ്രൻസിനോട് അഭ്യർത്ഥിക്കുന്നു.

## 12. ഫണ്ട്

വർഷത്തിലൊരിക്കൽ ഓരോ ഇടവകയിലും വാർത്താവിനിമയോപാധികൾക്കുള്ള വാരം കൊണ്ടാടേണ്ടതാണ്. ആ സന്ദർഭത്തിൽ ആ ഉപാധികളുടെ അഭ്യുദയത്തിനുവേണ്ടി പള്ളിപിരിവ്, പ്രത്യേക സ്റ്റാമ്പ് വില്പന, പ്രദർശനം, പ്രച്ഛന്നവേഷമത്സരം മുതലായവ വഴി ഫണ്ടുശേഖരണം നടത്തുന്നതിന് അതിതീവ്രമായ യത്നം നടത്തേണ്ടിയിരിക്കുന്നു.

## 13. കേന്ദ്രകാര്യാലയം

ഈ കാര്യാലയങ്ങൾ വാർത്താവിനിമയോപാധികളുടെ രംഗത്തു സംയോജിപ്പിച്ച് നടത്തുന്നതിനുവേണ്ടി കേരള കത്തോലിക്കാ ബിഷപ്സ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ അതതു രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അർഹമായ പ്രാതിനിധ്യം നൽകിക്കൊണ്ട് ഒരു കേന്ദ്രകാര്യാലയം സ്ഥാപിക്കാൻ വർക്കുഷോപ്പ് അഭ്യർത്ഥിക്കുന്നു.

## 14. സുവനീർ

കേരളസഭയുടെ പുനരുജ്ജീവനം അനായാസമാക്കുന്നതിനുവേണ്ടി പൊതുജനാഭിപ്രായം രൂപവൽക്കരിക്കാൻ സെമിനാറിനോട് ബന്ധപ്പെട്ട നിഗമനങ്ങളും റിപ്പോർട്ടുകളും പ്രസംഗങ്ങളും പ്രബന്ധങ്ങളും മറ്റും ഉൾക്കൊള്ളിച്ച് ഒരു സുവനീർ പ്രസിദ്ധപ്പെടുത്താൻ ഈ സെമിനാറിന്റെ സംഘാടകരോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## വിലയിരുത്തൽ

വാർത്താവിനിമയോപാധികളെപ്പറ്റിയുള്ള ഗ്രൂപ്പിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഏറെ സ്വാഗതാർഹമായിരുന്നു. നടപ്പാക്കാൻ സാധിക്കാതെ വന്ന നിർദ്ദേശങ്ങളാണ് അവയിൽ പലതും. അതിന് ആരെയാണ് കുറ്റപ്പെടുത്തേണ്ടത്. സുശക്തമായ ഒരു ദിനപത്രം, ഒരുവാരിക, മാസിക, പ്രസ് കൗൺസിൽ, പബ്ലിഷിംഗ് ഹൗസ്, ലൈബ്രറി, നാടകം, സിനിമ, റേഡിയോ, ടെലിവിഷൻ തുടങ്ങിയ കാര്യങ്ങളെപ്പറ്റിയാണ് സെമിനാർ നിർദ്ദേശങ്ങൾ വച്ചത്. അവർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഒന്നുപോലും

www.malankaralibrary.com

വിജയപ്രദമായി നടപ്പാക്കാൻ സഭയ്ക്കായില്ല. തീരുമാനങ്ങളിൽ പ്രധാനമായ ഒന്ന് " പുതിയ ഒരു പത്രം ആരംഭിച്ചോ, നിലവിലുള്ള പത്രങ്ങളെ ഏകോപിപ്പിച്ചോ, നിലവിലുള്ളവയെ ഉയർത്തിയോ കേരള കത്തോലിക്കാ സമുദായത്തിന് ഒന്നാംകിടയിലുള്ളതും കത്തോലിക്കാ ചൈതന്യപ്രേരിതവും മതേതര സ്വഭാവമുള്ളതുമായ ഒരു പത്രം ഉണ്ടാക്കുന്നതിന് ഹൈരാർക്കിയിലെ അഭിവന്ദ്യരായ അംഗങ്ങളും, സന്യാസസമൂഹങ്ങളുടെ തലവരും ഇന്നുള്ള പത്രങ്ങളുടെ ഉടമസ്ഥരും അൽമായ നേതാക്കളും വേണ്ട ഉപാധികളും മാർഗ്ഗങ്ങളും ആസൂത്രണം ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു" എന്നതായിരുന്നു.

ഈ രീതിയിലുള്ള ആലോചനകൾ ഒന്നും കാര്യമായി നടന്നിരുന്നില്ലെന്നതാണ് സത്യം. സെമിനാർ നടക്കുമ്പോൾ രണ്ട് കത്തോലിക്കാ പത്രങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നു. ഒന്ന് ദീപിക. രണ്ട് കേരള ടൈംസ്. പല തവണ തുടങ്ങുകയും മുടങ്ങുകയും ചെയ്ത കേരളാ ടൈംസ് ഇന്നില്ല. വരാപ്പുഴ അതിരൂപതയുടെ വകയായിരുന്നു കേരളാ ടൈംസ്. എറണാകുളം അതിരൂപതയുടെ വകയായി മലബാർ മെയിൽ എന്ന പത്രവും ഉണ്ടായിരുന്നു. അത് പ്രഭാതപത്രമായും സായാഹ്നപത്രമായും കുറേക്കാലം നിലനിന്നു. തിരുവിതാംകൂറിൽ നടന്ന ജനകീയപ്രക്ഷോഭണങ്ങൾക്കെല്ലാം മലബാർ മെയിൽ ശക്തമായ പിന്തുണ നല്കിയിരുന്നു. ആ പത്രവും നിലംപതിച്ചു. ഇതിനിടയിൽ അമിട്ട് പൊട്ടുംപോലെ കാണികളെ അമ്പരിപ്പിച്ചുകൊണ്ട് അന്തർദ്ധാനം ചെയ്ത സദ് വാർത്തയും റീജയണൽ സെമിനാറിന് ശേഷം ആരംഭിച്ചതാണ്.

ദീപികയാണ് കേരളത്തിൽ ആദ്യമായി ആരംഭിച്ച മലയാളപത്രം. അത് ആരംഭിച്ചിട്ട് 125 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. നാല്പത്തിയഞ്ചുവർഷം മുൻപ് സെമിനാർ നടന്നപ്പോൾ ദീപികയുടെ നില എന്തായിരുന്നു? ഇന്ന് അതിന്റെ നിലയെന്താണ്? 1957-ൽ വിമോചന സമരം നടക്കുമ്പോൾ ഏറ്റം പ്രചാരമുള്ള കേരളത്തിലെ പത്രം ദീപികയായിരുന്നു. വിമോചന സമരത്തിനുശേഷം ഐക്യമുന്നണിസർക്കാർ അധികാരമേറ്റെടുത്തപ്പോഴും ദീപികയായിരുന്നു പ്രധാനപത്രം: കിഴക്കൻ മലയോരങ്ങളിലെ കുടിയിറക്കിനെയും മലബാറിലെ കൊട്ടിയൂരിലെ മേൽച്ചാർത്തിനെയും ശക്തമായി എതിർത്ത ദീപിക പ്രചാരത്തിൽ മുൻപന്തിയിലേക്ക് കുതിച്ചു കൊണ്ടിരുന്നു. അക്കാലത്ത് കിഴക്കൻ മലയോരങ്ങളിൽ ദീപികയല്ലാതെ മറ്റൊരുപത്രം കാണാനില്ലായിരുന്നു. ഈ സന്ദർഭങ്ങളിലെല്ലാം ദീപികയെക്കാൾ മറ്റുപത്രങ്ങൾക്ക് വരിക്കാർ കുറവായിരുന്നു.

1968-ൽ ആണല്ലോ കേരളസഭാ സെമിനാർ നടന്നത്. 1966-ൽ ദീപികയിൽ ഒരു തൊഴിൽ സമരം ഉണ്ടായി. അതേ തുടർന്നുണ്ടായ സംഭവവികാസങ്ങൾ വിലയിരുത്തുവാനായി ദീപിക സുഹൃത് സമ്മേളനം ഈ

www.malankaralibrary.com

ലേഖകൻ പാലായിൽ വിളിച്ചുകൂട്ടി. ആ സമ്മേളനം ദീപിക പ്രചാരത്തിനായി ഒരു സമതിയെ തിരഞ്ഞെടുത്തു. ആ സമതിയുടെ കൺവീനറും ഈ ലേഖകൻ തന്നെയായിരുന്നു. ഫൊറോനാ-രൂപതാ തലത്തിൽ വൈദികരുടെയും അൽമായ പ്രതിനിധികളുടെയും സമ്മേളനങ്ങൾ വിളിച്ചുകൂട്ടി. ആ സമ്മേളനം ദീപിക പ്രചരണത്തിനായി ഒരു സമതിയെ തിരഞ്ഞെടുത്തു. ഫൊറോനാ-രൂപതാ തലത്തിൽ വൈദികരുടെയും അൽമായ പ്രതിനിധികളുടെയും സമ്മേളനങ്ങൾ വിളിച്ചുകൂട്ടി. ഓരോ ഇടവകയിലെയും ഭവനങ്ങൾ സന്ദർശിച്ച് ദീപികയുടെ വരിക്കാരെ ചേർത്തു. നാലുവർഷത്തെ വരിസംഖ്യ മുൻകൂർ പിരിച്ചുകൊടുത്തു. അന്ന് ദീപികയ്ക്ക് റോട്ടറി പ്രസ്സ് ഇല്ലായിരുന്നു. പ്രചരണസമിതിയുടെ മൂന്നുമാസത്തെ പ്രവർത്തനഫലമായി നിലവിലുള്ള പ്രസിൽ അടിച്ച് വിതരണം ചെയ്യാൻ സാധിക്കാത്തവിധം കോപ്പികളുടെ എണ്ണം വർദ്ധിച്ചു. പ്രചരണപരിപാടികൾ നിർത്തിവയ്ക്കുവാൻ മാനേജ്മെന്റ് ആവശ്യപ്പെട്ടു. റോട്ടറിപ്രസ് വന്നു. ദീപിക വളർന്നു. അമേരിക്കയിലോ ലണ്ടനിലോ ജർമ്മനിയിലോ പോയി പത്രപ്രവർത്തനം പഠിക്കാത്ത ഫാ. കൊളംബിയോർ സി.എം.ഐ. ആയിരുന്നു ദീപികയുടെ സാരഥി. ദീപികയുടെ നല്ലകാലമായിരുന്നു അത്. കേരളത്തിലെ കിഴക്കൻമലയോരങ്ങളിൽ കൂടിയും മദ്ധ്യതിരുവിതാംകൂറിലൂടെയും ദീപിക പ്രചരണവുമായി ബന്ധപ്പെട്ട് ഓടിനടന്നപ്പോൾ എനിക്ക് ഉണ്ടായ അനുഭവങ്ങൾ എത്രയോ ആഹ്ലാദകരമായിരുന്നു.

ഇതിനിടയിൽ ദീപികയിൽ ഉണ്ടായ അഭ്യന്തര കലാപങ്ങളും രാഷ്ട്രീയ ചിന്തകളും ദീപികയുടെ അടിത്തറയിളക്കുന്നതിനിടയാക്കി. ദീപികക്കുശേഷം ആരംഭിച്ച പല പത്രങ്ങളും ലക്ഷങ്ങളിൽ നിന്നും കോടികളിലേക്ക് ഉയരുമ്പോൾ ദീപിക പതിനായിരങ്ങളിലേക്ക് താഴുന്നതിന്റെ രഹസ്യമെന്താണെന്ന് ഗവേഷണവുംതുടങ്ങി. 1968-നുശേഷം നടന്ന ആ ഗവേഷണങ്ങൾ ദീപികയുടെ കോപ്പികൾ താഴുന്നതിനിട നല്കി. നസ്രാണി ദീപിക എന്ന പേരാണ് കുഴപ്പമുണ്ടാക്കിയതെന്നായിരുന്നു ആദ്യത്തെ കണ്ടുപിടിത്തം. നസ്രാണി എന്ന വാൽ വെട്ടിക്കളഞ്ഞാൽ പ്രശ്നം തീരുമെന്ന് ആദ്യം തോന്നി. പള്ളിയുടെ വാർത്തകളും മെത്രാന്മാരുടെ പടവും ഒഴിവാക്കിയാൽ പത്രത്തിനൊരു പൊതുസ്വഭാവം കൈവരുമെന്ന് മാനേജ്മെന്റ് രണ്ടാമത് കണ്ടുപിടിച്ചു. ഒരു ഹിന്ദുസ്പർശമുണ്ടായാൽ രക്ഷപെടുമെന്ന് തോന്നി. പ്രശസ്തനായ പി. ഭാസ്കരനുൾപ്പെടെ പലരെയും പത്രാധിപസ്ഥാനത്ത് പ്രതിഷ്ടിച്ചുനോക്കി. ദീപിക ആഴ്ചപതിപ്പ് മംഗളം സ്റ്റൈലിലാക്കിയാൽ ലക്ഷങ്ങളിലേക്ക് കുതിക്കുമെന്ന് സ്വപ്നം കണ്ടു. എല്ലാ പരാജയപ്പെട്ട് കഴിഞ്ഞു വൈദിക മാനേജ്മെന്റ് മാറിനിന്ന് കമ്പനിയാക്കി. രാഷ്ട്രദീപിക എന്ന ഒരു പുതിയ വാൽവച്ചു പിടിപ്പിച്ചു. അർധനഗ്നരായ സൗന്ദര്യധാമങ്ങളുടെ അരപ്പേജ് ചിത്രങ്ങളോടെ സായാഹ്നദിനപത്രവും

www.malankaralibrary.com

മുഴുപ്പേജ് ചിത്രങ്ങൾ ചേർത്ത് സിനിമാ മാസികയും ഇറക്കി നോക്കി.

പുതുവഴികൾ വെട്ടിത്തുറന്ന ഒരു മുൻ എം.ഡി. മാതാ അമൃതാനന്ദമയിയുടെ പാദത്തിൽ നമസ്കരിക്കുന്ന ചിത്രവും ക്ഷേത്രക്കൊടിയേറ്റുകളും മുൻപേജിൽ കൊടുത്ത് മതേതരത്വം വിളംബരം ചെയ്തു. ദിവസത്തിലൊന്നെങ്കിലും ബലാത്സംഗകഥകൾ കണ്ടുപിടിച്ച് റിപ്പോർട്ടുചെയ്യാൻ ഒരു ക്രൈംബ്രാഞ്ചിനെത്തന്നെ നിയമിച്ചുനോക്കി. പ്രാദേശിക പതിപ്പുകളുടെ എണ്ണം വർധിപ്പിച്ചാൽ കോപ്പികളുടെ എണ്ണവും വർധിപ്പിക്കാമെന്ന് മറ്റൊരു മേധാവിക്ക് വെളിപാടുണ്ടായി. കമ്പനിക്കു ഓഹരി വിൽക്കാനും സംഭാവന പിരിക്കാനും അരമനകളിലും മഠങ്ങളിലും വിദേശരാജ്യങ്ങളിലും ചുറ്റിക്കറങ്ങി.

കറക്കുകമ്പനികളുടെ കുത്തക പൊളിച്ചുകൊണ്ട് മണിചെയിൻ പ്രസ്ഥാനം പോലെ ദീപിക ന്യൂസ് വേ ആരംഭിച്ചുനോക്കി. ഒടുവിൽ 2003 ഏപ്രിൽ ലക്കം കുടുംബജ്യോതിസ്സിൽ ബഹു. പൈകടയച്ചൻ കണ്ടെത്തിയത് മെത്രാന്മാർ കയ്യയച്ച് സഹായിക്കാത്തതുകൊണ്ടാണ് ദീപിക പരാജയപ്പെട്ടതെന്നാണ്. കത്തോലിക്കരുടെയിടയിൽ ജേർണലിസം വശമാക്കിയവരില്ലെന്നു കണ്ടിട്ടോ കാലോചിതമായ മതേതരത്വവും ഹിന്ദുത്വനേതൃത്വവും ഗുണം ചെയ്യുമെന്ന് കണ്ടിട്ടോ പ്രശസ്തനായ ഒരു ഹിന്ദുവിനെ എക്സിക്യൂട്ടീവ് എഡിറ്ററായി നിയമിച്ചുകൊണ്ട് ദീപിക ഒരു കുതിച്ചുചാട്ടത്തിനൊരുങ്ങുകയും ചെയ്തു.

നമ്മുടെ പത്രമുത്തശ്ശിക്ക് നവയൗവനം വീണ്ടെടുക്കുവാനുള്ള എളുപ്പവഴി കണ്ടുപിടിച്ചുവെന്ന വാർത്ത എല്ലാവരെയും സന്തോഷിപ്പിച്ചു. പണ്ടുപലരും കണ്ടുപിടിച്ച ഔഷധം തന്നെ ഡോസുകൂട്ടി കൊടുക്കാനാണ് അദ്ദേഹം കല്പിച്ചത്.

2003 മാർച്ച് 11-ാം തീയതി പുതിയ എഡിറ്റർ പത്രത്തെ രക്ഷിക്കാനുള്ള വഴി നിർദ്ദേശിച്ചുകൊണ്ട് ബന്ധപ്പെട്ടവർക്കെല്ലാം അയച്ച ഒരു ഇംഗ്ലീഷ് സർക്കുലറിൽ പറയുന്നത് ആറ് എഡിഷനിലുംകൂടി ഒരു എഡീഷന്റെ എണ്ണംപോലും പത്രത്തിനില്ലെന്നാണ്. ഇതിൽനിന്നും രക്ഷപെടണമെങ്കിൽ ഒന്നാമതായി ദീപികയുടെ ക്രിസ്ത്യൻ പ്രതിച്ഛായ പാടേ ഉപേക്ഷിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിർദ്ദേശം. ദീപിക ക്രിസ്ത്യാനികളുടെ പത്രമാകാതെ എല്ലാവരുടെയും പത്രമാകണം. ഒരു ഖണ്ഡിക ഉദ്ധരിക്കട്ടെ. “Today, one of the highest hurdles we must jump over is our Christian image. Actually to be Christian is to offer selfless service and be honest. Instead what we are now doing is promote, not Christianity or the Christian way of life, but anything and everything Christian-from Parties and their leaders, to the religious heads and everything associated with them.”

പച്ചയായിപ്പറഞ്ഞാൽ കേരളാ കോൺഗ്രസുകളെ, അവയുടെ നേതാ

www.malankaralibrary.com

ക്കന്മാരെ, മെത്രാന്മാരെ, അവയുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളെ ഒക്കെ ഉപേക്ഷിക്കണം. പൈകടയച്ചൻ കുടുംബദീപത്തിലെഴുതിയ കാര്യങ്ങളും-ന്യൂനപക്ഷാവകാശവാദങ്ങളും-ഒക്കെ ഉപേക്ഷിക്കണം. നിസ്വാർത്ഥസേവനവും സത്യസന്ധതയുമുണ്ടെങ്കിൽ അതിനപ്പുറം എന്തു ക്രിസ്തീയത? വിശ്വാസത്തിലും സമുദായതാല്പര്യങ്ങൾക്കും എന്തു പ്രസക്തി? അഥവാ വല്ല പക്ഷപാതവും ആവശ്യമുണ്ടെങ്കിൽ അതു പാവങ്ങളോടുള്ള പക്ഷം ചേരൽ മാത്രമായിരിക്കണമെന്നും സർക്കുലറിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടായിരുന്നു. എന്നുവച്ച് പത്രാധിപരച്ചനോ ജോലിക്കാരോ ക്രിസ്തുമതത്തിൽ വിശ്വസിക്കരുതെന്നൊന്നും അദ്ദേഹം പറഞ്ഞില്ല. പള്ളിയിൽ പോകാനും അദ്ദേഹം അനുവദിക്കുന്നുണ്ട്. നോക്കുക: "of course, it is alright to believe in and practice a religion-but selling a paper, that is seen to be biased, especially religiously is not at all easy."

വാസ്തവത്തിൽ അന്നത്തെ ദീപിക എക്സിക്യൂട്ടീവ് എഡിറ്ററുടെ പത്രസങ്കല്പം എത്രയോ ഉന്നതമാണ്. പക്ഷെ, അദ്ദേഹത്തിനു കേരളത്തെപ്പറ്റി മാത്രം അല്പം അറിവു കുറവായിരിക്കും. അല്ലെങ്കിൽ ഈ സർക്കുലർ വായിക്കുന്നവരുടെ ബുദ്ധിയെപ്പറ്റി മതിപ്പു കുറവായിരിക്കണം. കേരളത്തിലെ പത്രങ്ങൾക്കെല്ലാം ജാതിയും മതവും രാഷ്ട്രീയവുമുണ്ടെന്ന കാര്യം അദ്ദേഹം മനസ്സിലാക്കിയിട്ടില്ല. അല്ലെങ്കിൽ അത് മനപൂർവ്വം മറച്ചുവയ്ക്കുവാൻ ശ്രമിച്ചതായിരിക്കാം. കേരളത്തിൽ നാലുപത്രങ്ങൾ മുസ്ലീങ്ങളുടെ വകയായിട്ടുണ്ട്. ചന്ദ്രിക സുന്നിവിഭാഗക്കാരുടെ - മുസ്ലീംലീഗിന്റെ പത്രമാണ്. മാധ്യമം ജമാ അത്തെ ഇസ്ലാമികളുടേതാണ്. മുജാഹിദ് വിഭാഗത്തിന്റേതാണ് 'വർത്തമാനം'. സിറാജ് പത്രവും മുസ്ലിംകളുടേതാണ്. വിശ്വഹിന്ദു പരിഷത്തിന്റേതാണ് ജന്മഭൂമി. ഈഴവരുടേതാണ് കേരളാകൗമുദി. ദേശാഭിമാനി മാർക്സിസ്റ്റ് പാർട്ടിയുടേതാണ്. ദേശീയദിന പത്രമെന്ന് കീർത്തിപ്പെട്ട 'മാതൃഭൂമി' നിഷ്പക്ഷപത്രമെന്ന് പ്രശംസിക്കപ്പെടുന്നുണ്ട്. എന്നാൽ മാതൃഭൂമി അവരുടെ മതബന്ധം മറച്ചുവയ്ക്കുന്നില്ല. മാതൃഭൂമിയിൽ മഹാഭാഗവത കഥാവിവരണമുണ്ട്. ആദ്ധ്യാത്മരാമായണം പാഠവും വ്യാഖ്യാനവും മാതൃഭൂമിയിൽ കാണാം. യാഗങ്ങളുടെ മാഹാത്മ്യത്തെപ്പറ്റി പ്രതിപാദിക്കുന്ന ലേഖനങ്ങളും ചേർക്കും. ഹിന്ദുമതമഹത്വം പ്രകീർത്തിക്കുന്ന പല ഐറ്റങ്ങളും മാതൃഭൂമി പത്രത്തിൽ കാണാം.

എന്നിട്ടും മാതൃഭൂമി മതേതര സ്വഭാവവും നിഷ്പക്ഷതയും നിലനിർത്തുന്നു. പള്ളിപ്പെരുനാളുകളുടെയും ക്രൈസ്തവമതമേലധ്യക്ഷന്മാരുടെയും വർണചിത്രങ്ങൾ യഥാവസരം മുൻപേജിൽത്തന്നെ കൊടുക്കുന്നു. ദീപീകയിലും ശബരിമല ഉത്സവത്തിന്റെയോ തൃശൂർപൂരത്തിന്റെയോ കാമകോടി ശങ്കരാചാര്യരുടെയോ ഒക്കെ വർണചിത്രങ്ങൾ കൊടുക്കുന്നു. ആർക്കും അതിലൊരു പരാതിയുമില്ല. എന്നാൽ, മാർപാപ്പാ

www.malankaralibrary.com

യുടെയോ മെത്രാപ്പോലീത്തയുടെയോ പെരുന്നാളാഘോഷത്തിന്റെയോ പടമിട്ടു പോയാൽ ദീപിക ചെലവാകുകയില്ല-മാതൃഭൂമി ചെലവാകും! ഇതെന്തൊരു മറിമായം!!!

ദീപികയുടെ വരിക്കാരിൽ 1000-ന് ഒന്നുപോലും ഹിന്ദുക്കളുണ്ടാവുകയില്ല. ശബരിമല ക്ഷേത്രോത്സവത്തിന്റെ വർണചിത്രങ്ങൾ കൊടുക്കുന്ന ദിവസവും അമൃതാനന്ദമയിയെ ദീപിക മാനേജിംഗ് എഡിറ്റർ പ്രണമിക്കുന്ന പടം ചേർക്കുന്ന ദിവസവും ഹൈന്ദവകേന്ദ്രങ്ങളിൽ ദീപികയുടെ ഒറ്റപ്രതിയെങ്കിലും കൂടുതൽ വിറ്റഴിയുന്നുണ്ടോ? കത്തോലിക്കർ വിവാഹപരസ്യത്തിനും ചരമവാർത്തകൾക്കും ദീപികയെ ആയിരുന്നു ഒരുകാലത്ത് ആശ്രയിച്ചിരുന്നത്. ഇന്ന് അതുംപോയി.

ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയുടെയോ സമുദായത്തിന്റെയോ പിന്തുണയില്ലാതെ കേരളത്തിൽ ഒരു പത്രവും നിലനിൽക്കുകയില്ല. വലിയ പുരോഗമനം നടപ്പിലാക്കാൻ ശ്രമിച്ചാൽ, ദീപികക്ക് ഇന്നുള്ള അടിത്തറകൂടി തകരും. ബാക്കി എന്തുണ്ടാകുമെന്ന് കണ്ടറിയണം. കത്തോലിക്കരുടെയിടയിൽ ദീപികക്കു വേണ്ടുവോളം പ്രചാരമുണ്ടാകാതിരിക്കുന്നതിനും അടിക്കടി സാമ്പത്തിക പരാധീനതയിലേക്കു കൂപ്പുകുത്തുന്നതിനും കാരണം സമുദായത്തിന്റെ വികാരവിചാരങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാൻ ദീപികക്ക് സാധിക്കാതിരിക്കുന്നതുകൊണ്ടാണ്. ആ സത്യം അന്വേഷിച്ചു കണ്ടെത്താനോ അതിനെ നേരിടാനോ ഉള്ള വിനയവും ആർജ്ജവവും ഈയടുത്തകാലത്ത് ദീപിക മാനേജുമെന്റുകൾ കാണിച്ചില്ലായെന്നു പറഞ്ഞാൽ എന്നെ തെറ്റിദ്ധരിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കത്തോലിക്കാ മാനേജുമെന്റുകളുടെ നിത്യദൗർബല്യമാണിത്.

പുതിയ കമ്പോളം കണ്ടുപിടിക്കുവാൻ നിരന്തരം ശ്രമിക്കുന്ന ദീപിക സമുദായത്തെ ഉപേക്ഷിച്ചാൽ കത്തോലിക്കാസമുദായം ദീപികയെയും കൈവിടും. പിന്നെ എവിടെയാണവൾ കമ്പോളം കണ്ടുപിടിക്കുന്നത്.

ദീപികയെ ശക്തിപ്പെടുത്തുവാനുള്ള ശ്രമത്തിനിടയിൽ നടന്ന ചില നടപടികളെപ്പറ്റിയാണ് മേൽ വിവരിച്ചത്. ആ ശ്രമങ്ങൾ ഒന്നും വിജയിച്ചില്ലെന്നതാണ് പരമാർത്ഥം. ഈ സാഹചര്യത്തിൽ ഇനി എന്തു ചെയ്യണമെന്ന് മുൻവിധിയില്ലാതെ ചർച്ച ചെയ്യണം.

റീജയണൽ സെമിനാറിൽ പങ്കെടുത്തവരിൽ മിക്കവരുടെയും അഭിലാഷം ദീപികയെ ശക്തിപ്പെടുത്തുക എന്നതു തന്നെയായിരുന്നു. അതോടൊത്ത് സഹകരിക്കുവാൻ ദീപികാധികൃതർ തയ്യാറായില്ലായെന്നതാണ് സത്യം. പല രൂപതകളും സഹായിക്കാവുന്നതിലധികം രൂപാ ദീപികക്കു നല്കി. കടലിൽ കൊണ്ടുപോയി കല്ലിട്ടപോലെയായി അനുഭവം.

കേരളത്തിലെ മെത്രാന്മാർ പണം കൊടുത്തത് പോരാഞ്ഞിട്ടാണെന്ന് ആർക്കും പറയാം. കോടിക്കണക്കിന് രൂപാ മാസം തോറും കൊടുത്താലും

www.malankaralibrary.com

ഈ സ്വാധീനം ചെലുത്താൻ സാധിക്കുന്നില്ലെങ്കിൽ പത്രം വിജയിക്കുകയില്ല. ആരുടെയിടയിലാണ് ഇന്ന് ദീപികക്ക് സ്വാധീനം.

സ്വസമുദായത്തെ തഴഞ്ഞുകൊണ്ട് മറ്റിതരസമുദായത്തെ സന്തോഷിപ്പിച്ച് ദീപികയെ വളർത്താമെന്ന നിലപാട് ദീപികാധികൃതർ മാറ്റുമ്പോൾ മാത്രമേ ദീപിക രക്ഷപെടുകയുള്ളൂ. കത്തോലിക്കാ സമുദായത്തിനുവേണ്ടി-രാഷ്ട്രത്തിനുവേണ്ടി ജീവൻ അർപ്പിച്ച മഹാത്മാക്കൾ നിരവധിയുണ്ട്. പൊതുസമൂഹത്തിന് മാതൃകയായി പ്രവർത്തിച്ചവരാണവർ. അവരുടെ മരണത്തിന്റെയോ ജനനത്തിന്റെയോ ജൂബിലിയവസരത്തിൽ അവരെ അനുസ്മരിച്ചുകൊണ്ട് ഒരു ലേഖനം- ഒരു അനുസ്മരണം ദീപികയിൽ ഉണ്ടാവുകയില്ല. ഷെവ. തര്യതുകുഞ്ഞിത്തൊമ്മന്റെ 120-ാം ജന്മദിനത്തിൽ അദ്ദേഹത്തെപ്പറ്റി ഒരു ജീവചരിത്രഗ്രന്ഥം പ്രസിദ്ധീകരിച്ചു. അന്ന് കുഞ്ഞിത്തൊമ്മനെപ്പറ്റിയല്ല, ഏതോ ഒരു കുട്ടപ്പനെപ്പറ്റിയാണ് ലേഖനം വന്നത്. കേരളസഭയുടെ ചരിത്രത്തിന് മഹത്തായ സംഭാവന ചെയ്ത ആളാണ് എം.ഒ. ജോസഫ് നെടുങ്കുന്നം. അദ്ദേഹത്തിന്റെ ജന്മശതാബ്ധി വിപുലമായി ആഘോഷിച്ചപ്പോൾ അദ്ദേഹത്തെപ്പറ്റി ഒരു അനുസ്മരണം എഴുതാൻ ദീപിക തയ്യാറായില്ല. പ്രാദേശിക പേജിൽ ഒരു വാർത്തമാത്രം കൊടുത്തു. കേരള ക്രൈസ്തവ സമുദായത്തിന് വേണ്ടി രക്തസാക്ഷിത്വം വരിച്ച സി. അന്തപ്പായിയെപ്പറ്റി രാഷ്ട്രീയരംഗത്ത് തിളക്കമാർന്ന പ്രവർത്തനം കാഴ്ചവച്ച സി.എ. ഔസേഫിനെപ്പറ്റിയോ, സി.ആർ. ഇയ്യുണ്ണിയെപ്പറ്റി ഒരു അനുസ്മരണം ദീപികയിൽ വരികയില്ല. തിരുവിതാംകൂറിലെ ഉത്തരവാദ ഭരണപ്രക്ഷോഭണത്തിന്റെ മുഖ്യനേതൃത്വം വഹിച്ച എം.എം.വർക്കിയെപ്പറ്റിയോ ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാ മന്ത്രിയായിരുന്ന ഷെവ. സി.ജെ.വർക്കിയെപ്പറ്റിയോ ഒന്നും ദീപികയിൽ കാണുകയില്ല. പിന്നെ ആരെപ്പറ്റിയാണ് കാണുക? 2013 മാർച്ച് 10-ാം തീയതിയിലെ ദീപിക വാരാന്ത്യ പതിപ്പ് ശ്രദ്ധിക്കുക. കഥാകൃത്ത് ടി.പി. വേണുഗോപാലനെപ്പറ്റി മുക്കാൽ പേജാണ് ദീപികയിൽ ലേഖനം വന്നത്. 25 വർഷത്തിനിടയിൽ 65 കഥകൾ എഴുതിയ ആളാണ് ടി.പി. വേണുഗോപാൽ. എന്നുവച്ചാൽ ഒരുവർഷം രണ്ടര കഥവച്ചെഴുതിയ ആളാണ് ഗോപാലൻ. കൃത്യമായി പറഞ്ഞാൽ ഒരു വർഷം 2.6 കഥവച്ചെഴുതി. ദശകണക്കിന് കഥകളും നോവലുകളും രചിച്ച മുട്ടത്തുവർക്കിയേക്കാൾ പ്രമുഖനാണ് വേണുഗോപാൽ. ഒരു വർഷം 2.6 കഥകൾ വീതം എഴുതി. അദ്ദേഹത്തെപ്പറ്റി ഈ സാഹിത്യലോകത്ത് അറിയുന്നവർ എത്രപേരുണ്ട്. ഞാൻ അന്വേഷിച്ചിട്ട് ആരെയും കണ്ടില്ല. അറിയാതെ കിടക്കുന്നവരെ ലോകസമക്ഷം അറിയിക്കുക എന്നതാണ് ദീപികയുടെ ലക്ഷ്യം. അദ്ദേഹം ഒരു നോൺ ക്രിസ്റ്റ്യൻ ആയിരിക്കണമെന്നു മാത്രം. ക്രിസ്ത്യാനികളെപ്പറ്റി എഴുതിയാൽ നമ്മുടെ സ്റ്റാൻഡാർഡ് പോകും.

സെമിനാർ തീരുമാനമനുസരിച്ച് ഒരു പത്രം കെട്ടിപ്പടുക്കുവാൻ സാധി

www.malankaralibrary.com

ച്ചില്ല. സഭയും സമുദായവും അക്കാര്യത്തിനുവേണ്ടി ചെയ്യാനുള്ളതൊക്കെ ചെയ്തു. അതിനനുസരണമായി വിവേകത്തോടെയുള്ള പ്രവർത്തനം ദീപികയുടെ ഭാഗത്തുനിന്നും ഉണ്ടായില്ല.

വാരികയും മാസികയുമെല്ലാം ദിനപത്രത്തോടു ബന്ധപ്പെട്ടിട്ടുള്ളതാണ്. നല്ല ഒരു വാരികയോ മാസികയോ ഉണ്ടാക്കിയെടുക്കുക എന്ന ചിന്ത സഭയുടെ ഔദ്യോഗിക ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തങ്ങളുടെ കൈയിൽ ഒരു പ്രസിദ്ധീകരണം വേണം. തന്റെ ആഗ്രഹമനുസരിച്ചാണ് അത് കൊണ്ടുപോകേണ്ടത്, ആ ചിന്താഗതിയോടെ പ്രവർത്തിച്ചാൽ ഒന്നും നന്നാകുകയില്ല.

കത്തോലിക്കാ ഹൈരാർക്കിയുടെ നേതൃത്വത്തിൽ ഒരു പ്രസ്കൗൺസിൽ രൂപീകരിക്കണമെന്ന നിർദ്ദേശവും പ്രാവർത്തികമാക്കിയിട്ടില്ല. കത്തോലിക്കരുടേതായി നിരവധി പബ്ലിഷിംഗ് ഹൗസുകൾ ഉണ്ട്. സന്യാസസഭകളുടെയും മറ്റും നേതൃത്വത്തിൽ. അവയെ ഒന്ന് ഏകോപിപ്പിക്കുവാൻ ഇന്നുവരെ സാധിച്ചിട്ടില്ല. ഓരോരുത്തരും തങ്ങളുടേതായ സാമ്രാജ്യം കെട്ടിപ്പടുക്കുവാനുള്ള ശ്രമത്തിലാണ്.

നല്ല ഒരു ലൈബ്രറി സ്ഥാപിക്കണമെന്ന നിർദ്ദേശവും പ്രാവർത്തികമാക്കിയിട്ടില്ല. ഒരു കേന്ദ്രലൈബ്രറിയും ഇടവക ലൈബ്രറികളും ചേർന്നുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കണമെന്ന നിർദ്ദേശവും പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. നിരവധി കലാകാരന്മാരും അഭിനയവിദഗ്ദ്ധരും സഭയിൽ ഉണ്ട്. അവർക്ക് വേണ്ട പ്രോത്സാഹനം ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. അസ്സീസി ആർട്സ് ക്ലബ്, ബീഡ്സിന്റെ ക്ഷേമകേന്ദ്രം, ഷെവ. പി.ജെ. ചെറിയാന്റെ ശ്രീകലാവേദി, സെയ്ത്താൻ ജോസഫിന്റെ നാടകഗ്രൂപ്പ്, എസ്. തൈക്കാട്ടുശ്ശേരിയുടെ നാടകഗ്രൂപ്പ് എല്ലാം സ്തുത്യർഹങ്ങളായ സേവനമാണ് അനുഷ്ഠിച്ചിട്ടുള്ളത്. എന്നാൽ അവയെ എല്ലാം ഒന്ന് ഏകീകരിക്കുന്നതിന് നമുക്ക് സാധിച്ചിട്ടില്ല.

സിനിമക്കുള്ള പ്രാധാന്യം മനസ്സിലാക്കിയാണ് സെമിനാർ സിനിമകളെപ്പറ്റിയുള്ള ചർച്ച ക്രോഡീകരിച്ചത്. ഇന്ന് സഭയുടെ പ്രോത്സാഹനമില്ലെങ്കിലും ഫിലിം പ്രദർശനത്തിന് പല നടപടികളും പലരും ഒറ്റക്ക് സ്വീകരിക്കുന്നുണ്ട്.

## ടെലവിഷൻ

വളരെയധികം പ്രതീക്ഷകളോടെയാണ് ടെലവിഷൻ രംഗത്ത് നാം പ്രവേശിച്ചത്. ജീവൻ ടിവിക്കും ദീപികപത്രത്തിനും ഷെയർ വിൽക്കുവാൻ സമുദായം വളരെയധികം യത്നിച്ചിട്ടുണ്ട്.

നസ്രാണി ദീപിക പിന്നീട് ദീപികയാവുകയും അനന്തരം രാഷ്ട്രദീപികയാവുകയും ചെയ്തതുപോലെ എംബ്ലവും നയവും മാറിക്കൊണ്ടിരിക്കുന്ന ജീവൻ ടി.വി.ക്ക് എന്താണ് സംഭവിക്കുന്നത്? ജീവൻ ടി.വി. രാവിലെ ഓൺ ചെയ്താൽ ഹരിനാമകീർത്തനവും ശിവസ്തുതിയും ആണ് കേൾക്കു

www.malankaralibrary.com

മാറാകുന്നതെന്ന് തൃശൂർകാരനായ കെ.സി. ഫ്രാൻസിസ് എന്ന പ്രേക്ഷകൻ സൺഡേ ശാലോമിൽ (2003 മെയ് 11) എഴുതിയിരിക്കുന്നു. നിതംബചലന നൃത്തങ്ങളും അറുവളിപ്പൻ മിമിക്രികളും ബലാൽസംഗ സീരിയലുകളും വർദ്ധിപ്പിച്ച് കാലോചിതമായ രീതിയിൽ സുവിശേഷഘോഷണം നടത്തുകയല്ലാതെ ഗത്യന്തരമില്ലായെന്ന് അവരും സമ്മതിച്ചിരിക്കുന്നു! കേരളത്തിലെ മെത്രാന്മാർ പണം കൊടുത്തത് പോരാഞ്ഞിട്ടാണെന്ന് ആർക്കും പറഞ്ഞൊഴിയാം. കേരളത്തിലെ ഇതരപത്രങ്ങൾക്കും ടി.വി. ചാനലുകൾക്കും ഏത് മതാധ്യക്ഷൻ പണം നല്കിയാണ് നടത്തുന്നത്? ഏതു സമുദായസംഘടനയുണ്ട് അവരെ സഹായിക്കുവാൻ?

ഇന്ന് ജീവൻ ടിവിയുടെ സ്ഥിതി എന്താണ്? അതിന്റെ പ്രവർത്തനങ്ങൾ നമുക്ക് ആക്ഷേപാർഹമായി തീർന്നിട്ടുണ്ടോ?

## X നേതൃത്വം

കെ.റ്റി സെബാസ്റ്റ്യൻ, ഫാ. ഇസിദോർ വടക്കൻ എന്നിവരുടെ നേതൃത്വത്തിൽ രൂപംകൊണ്ട സർവ്വീസ് ടീം തയ്യാറാക്കിയ പ്രബന്ധത്തിന്റെയടിസ്ഥാനത്തിൽ നടന്ന ഗ്രൂപ്പ് ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിദ്യാർത്ഥികളിൽ നിന്നും കാര്യക്ഷമമായ നേതാക്കൾ ഉയർന്നു വരേണ്ടതുകൊണ്ട് സ്കൂളുകളിൽ കെ.സി. എസ്.എൽ.ഉം കോളേജുകളിൽ സി.എസ്.യും വേണ്ട ധനവും ആളുകളും നല്കി പ്രോത്സാഹിപ്പിക്കണം.

2. എല്ലാ ജീവിത തുറകളിലുമുള്ള അൽമായർക്ക് നേതൃത്വപരിശീലനം നല്കുന്നതിന് ഒരു അഖിലകേരള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം.

3. വിദ്യാർത്ഥികളിൽ ക്രൈസ്തവനേതൃത്വം ഇല്ലാത്തതിന്റെ മൂലകാരണം മതപരമായ വിജ്ഞാനവും ബോദ്ധ്യവും കുറവായതാണ്. ആകയാൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായാൽ തന്നെയും യഥാർത്ഥ മതവിദ്യാഭ്യാസം നല്കുന്നതിന് എല്ലാ കത്തോലിക്കാ കോളേജുകളിലും സ്റ്റാഫ്, ലൈബ്രറി മുതലായ സൗകര്യങ്ങളോടുകൂടി ഒരു ദൈവശാസ്ത്ര ഡിപ്പാർട്ട്മെന്റ് ഉണ്ടായിരിക്കേണ്ടതാണ്. വൈദികരും കന്യാസ്ത്രികളും അൽമായരെ പരിശീലിപ്പിക്കേണ്ടവരാകയാൽ, നേതൃത്വപരിശീലനത്തിലും അജപാലനത്തിലും പരിചയമുള്ള പ്രൊഫസർമാർ മിതമായ പാഠപദ്ധതിയോടുകൂടി സെമിനാരികളിലും സന്യാസഭവനങ്ങളിലും അവരെ വേണ്ടവിധം പരിശീലിപ്പിക്കണം. കോളേജിൽ കാണുന്ന അഴിമതിയും അനാരോഗ്യകരമായ സമ്പ്രദായങ്ങളും ക്രൈസ്തവരെത്തന്നെ അകറ്റുവാനും എതിരാളികളാക്കാനും ഇടവരുത്തുന്നതുകൊണ്ട് വേണ്ട അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഉന്നതാധികാര കമ്മീഷനെ നിയമിക്കുക.

4. എല്ലാ രൂപതകളിലും കൂടുതൽ പ്രാതിനിധ്യസ്വഭാവമുള്ള പാസ്റ്ററൽ കൗൺസിൽ സ്ഥാപിക്കണം.

www.malankaralibrary.com

5. സഭയിലെ എല്ലാ തീരുമാനസമിതികളിലും അർഹമായ പങ്കാളിത്തമുള്ള പ്രാതിനിധ്യം നല്കിയും എല്ലാ രൂപതകളിലും ഇടവകകളിലും ശാഖകൾ സ്ഥാപിച്ചും എ.കെ.സി.സി.യെ ശക്തിപ്പെടുത്തണം.

## വിലയിരുത്തൽ:-

നേതൃത്വം എന്ന വിഷയം ചർച്ച ചെയ്ത ഗ്രൂപ്പ് അവതരിപ്പിച്ച നിർദ്ദേശങ്ങൾ ഹ്രസ്വമായിരുന്നു. അതേസമയം വ്യക്തവുമായിരുന്നു. വിദ്യാർത്ഥികളിൽ കാര്യക്ഷമമായ നേതാക്കൾ ഉയർന്നു വരുന്നതിന് കെ.സി.എസ്.എൽ, സി.എസ്.യു. തുടങ്ങിയ സംഘടനകളെ ധനവും ആളും നല്കി പ്രോത്സാഹിപ്പിക്കണം. ഇതിൽ കെ.സി.എസ്.എൽ.നെ സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതേസമയം കാത്തലിക് സ്റ്റുഡന്റ്സ് യൂണിയന്റെ കാര്യത്തിൽ അതല്ല സംഭവിച്ചത്. ചില രൂപതകളിൽ എങ്കിലും പുതിയ സംഘടന രൂപീകരിച്ച് സി.എസ്.യു.വിനെ ഭിന്നിപ്പിക്കുകയാണ് ചെയ്തത്. വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറഞ്ഞതുപോലെ ആ ഭിന്നിപ്പിക്കൽ യുവശക്തിയെ ഒരു പരിധിവരെ തകർക്കുകയാണ് ചെയ്തത്. വിദ്യാർത്ഥികളിൽ അസ്വസ്ഥത പടരുന്നതിനും അത് ഇട നല്കി.

എല്ലാ കത്തോലിക്കാ കോളേജുകളിലും സ്റ്റാഫ് ലൈബ്രറി മുതലായ സൗകര്യങ്ങളോടുകൂടി ഒരു ദൈവശാസ്ത്രഡിപ്പാർട്ട്മെന്റ് ഉണ്ടായിരിക്കേണ്ടതാണെന്ന് തീരുമാനം എടുത്തെങ്കിലും അത് നടപ്പിലാക്കിയതായി അറിയില്ല. സെമിനാരികളിലും സന്യാസഭവനങ്ങളിലും ഉള്ളവർ അൽമായരെ പരിശീലിപ്പിക്കേണ്ടവരാകയാൽ അവർക്ക് വേണ്ടത്ര പരിശീലനം നല്കാൻ ശ്രമിക്കണമെന്ന് സെമിനാർ ശുപാർശ ചെയ്തെങ്കിലും നടപ്പിലായിട്ടില്ല. ഗ്രൂപ്പിന്റെ 4-ാമത്തെ തീരുമാനം എല്ലാ രൂപതകളിലും കൂടുതൽ പ്രാതിനിധ്യസ്വഭാവമുള്ള പാസ്റ്ററൽ കൗൺസിൽ സ്ഥാപിക്കണമെന്നുള്ളതായിരുന്നു ആ തീരുമാനം എല്ലാ രൂപതകളിലും നടപ്പിലാക്കി. പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഒരു ഏകീകൃത രൂപം ഉണ്ടായിട്ടുണ്ടോയെന്ന് തോന്നുന്നില്ല.

നേതൃത്വത്തെ സംബന്ധിച്ചുള്ള എല്ലാതീരുമാനങ്ങളും ഏകകണ്ഠമായി എടുത്തതായിരുന്നു. യാതൊരു അഭിപ്രായ വ്യത്യാസവുമില്ലാതെ സീറോമലബാറുകാരും, സീറോ-മലങ്കരക്കാരും ലത്തീൻകാരും കൂടി എടുത്ത തീരുമാനങ്ങളിൽ അതിപ്രധാനമായ ഒന്നായിരുന്നു "സഭയിലെ എല്ലാ തീരുമാന സമതികളിലും അർഹമായ പങ്കാളിത്തമുള്ള പ്രാതിനിദ്ധ്യം നൽകിയും എല്ലാ രൂപതകളിലും ഇടവകകളിലും ശാഖകൾ സ്ഥാപിച്ചും എ.കെ.സി.സി.യെ ശക്തിപ്പെടുത്തണം" എന്നത്. ഒരഭിപ്രായവ്യത്യാസവുമില്ലാതെ പാസ്സാക്കിയ ഈ നടപടിയെ അട്ടിമറിക്കാൻ വലിയ ഗൂഡാലോചന

www.malankaralibrary.com

നടത്തിയെന്ന് പറയേണ്ടിയിരിക്കുന്നു. സെമിനാറിൽ പങ്കെടുത്ത ചില വൈദികർ, ന്യൂമാൻ അസോസിയേഷനെക്കൊണ്ട് എ.കെ.സി.സി.ക്കു പകരം പുതിയ ഒരു സംഘടന എന്ന നിർദ്ദേശം വച്ചു. എ.കെ.സി.സി. എന്ന സംഘടന സിറിയൻ കത്തോലിക്കരുടേതായി മാറ്റണമെന്നും ലത്തീൻ കത്തോലിക്കരുടെ സംഘടന ലാറ്റിൻ കത്തോലിക് അസോസിയേഷനായി നില കൊള്ളണമെന്നും മലങ്കരക്കാർക്ക് പുതിയ ഒരു സംഘടന രൂപീകരിച്ച് ഈ മൂന്ന് സംഘടനകളുംകൂടി യോജിച്ച് ഒരു പുതിയ സംഘടനയ്ക്ക് രൂപം നല്കണമെന്നും നിർദ്ദേശം വച്ചു. അഖിലകേരളാ കത്തോലിക്കാ കോൺ ഗ്രസ്സിനെ സംബന്ധിച്ച് റീജയണൽ സെമിനാർ എടുത്ത തീരുമാനങ്ങൾ അട്ടിമറിക്കാനാണവർ ശ്രമിച്ചത്. കുറെ കൊച്ചച്ചന്മാരുടെ പിന്തുണ കിട്ടിയപ്പോൾ കത്തോലിക്കാ കോൺഗ്രസ്സ് പിരിച്ചുവിടണമെന്ന് വാദിക്കാനും ആളുകളുണ്ടായി. ഇതുസംബന്ധിച്ച് നടന്ന കെ.സി.ബി.സി. വിളിച്ചുകൂട്ടിയ ചർച്ചകളിൽ ഈ ലേഖകനും പലപ്രാവശ്യം സംബന്ധിച്ചിരുന്നു. ഒരു പ്രാവശ്യം റീത്തുകളുടെയടിസ്ഥാനത്തിലുള്ള സംഘടനകളുടെ ഫെഡറേഷനായി അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് നിലനിൽക്കട്ടെയെന്ന് അഭിപ്രായം ഉണ്ടായി. അപ്പോൾ സീറോ-മലബാർ രൂപതയിലെ ഒരു പ്രതിനിധി കത്തോലിക്കാ കോൺഗ്രസ്സ് എന്ന പേരുപോലും ഞങ്ങൾ അംഗീകരിക്കുകയില്ലെന്ന് പറഞ്ഞപ്പോൾ യഥാർത്ഥത്തിൽ ഞെട്ടിപ്പോയി. ഈ ചർച്ച നടക്കുമ്പോൾ കത്തോലിക്കാ കോൺഗ്രസ്സ് രൂപീകരിച്ചിട്ട് 55 വർഷം കഴിഞ്ഞിരുന്നു. എ.കെ.സി.സി.യുടെ 55 വർഷത്തെ ചരിത്രത്തിനിടയിൽ 6 വർഷം മെത്രാന്മാരുമായിരുന്നു സംഘടനയുടെ പ്രസിഡന്റ് ബാക്കി 49 വർഷത്തിൽ 34 വർഷവും പ്രസിഡന്റായിരുന്നത് ഒരു രൂപതയിൽ നിന്നുള്ള ആളുകളായിരുന്നു. ആ രൂപതയിൽനിന്നും വന്ന പ്രതിനിധിയാണ് എ.കെ.സി.സി. എന്നപേരുപോലും ഞങ്ങൾ സ്വീകരിക്കുകയില്ലെന്ന് പ്രസ്താവിച്ചത്. ആ സന്ദർഭത്തിൽ ആലപ്പുഴ ബിഷപ് ഡോ. മൈക്കിൾ ആറാട്ടുകുളം പറഞ്ഞു "തിരുവിതാംകൂറിന്റെ ചരിത്രം തിരുത്തിക്കുറിച്ചത് കത്തോലിക്കാ കോൺഗ്രസ്സാണ്. ആ പേരുപോലും ഉൾക്കൊള്ളാൻ തയ്യാറില്ലെങ്കിൽ അത് എത്ര നിർഭാഗ്യകരമാണ്"

1968-ലെ റീജയണൽ സെമിനാറിൽ പങ്കെടുത്ത കൊച്ചച്ചന്മാർ മെത്രാന്മാരായി തീർന്നപ്പോൾ എ.കെ.സി.സി.യെ ഇല്ലാതാക്കാൻ ശ്രമിച്ചു. ചില അൽമായ നേതാക്കളെ കൂട്ടുപിടിച്ചു. അവരുടെ വ്യാപകമായ പ്രചരണം സംഘടനക്കെതിരായിരുന്നു. റീജയണൽ സെമിനാറിന്റെ തീരുമാനങ്ങൾ എ.കെ.സി.സി.യുടെ ശാഖകൾ എല്ലാ ഇടവകകളിലും രൂപതകളിലും സ്ഥാപിക്കണമെന്നും സഭയുടെ തീരുമാനസമിതികളിൽ എ.കെ.സി.സി.ക്ക് പ്രാതിനിദ്ധ്യം നല്കണമെന്നുമായിരുന്നു. അത് നടപ്പാക്കാൻ ശ്രമിച്ചില്ലെന്നുമാത്രമല്ല, കാത്തലിക് കോൺഗ്രസ്സിനെതന്നെ ഇല്ലാതാക്കാൻ

www.malankaralibrary.com

ശ്രമിക്കുകയും ചെയ്തു. എ.കെ.സി.സി.യെപ്പറ്റിയുള്ള അഭിപ്രായങ്ങൾ തുറന്നു പറയുവാൻ തന്നെ അവസരം ലഭിച്ചിട്ടില്ല. എ.കെ.സി.സി. പ്രതിനിധികൾ എന്തെങ്കിലും സംസാരിക്കുമ്പോൾ ഞങ്ങൾ പറയുന്നത് കേട്ടില്ലെങ്കിൽ സംഘടനയുടെ അംഗീകാരം പിൻവലിക്കുമെന്ന് പറയുക സാധാരണമായിരുന്നു. കഴിഞ്ഞ 45 വർഷത്തിനിടയിൽ ഒരു രംഗത്തും യാതൊരു പ്രാതിനിദ്ധ്യവും എ.കെ.സി.സി.ക്ക് നല്കിയിട്ടില്ലയെന്നതാണ് വസ്തുത. മാർപാപ്പാ കേരളം സന്ദർശിച്ചു. ഉണ്ണിമേരിക്കും എ.കെ. ആന്റണിക്കും സുകുമാർ അഴിക്കോടിനും മാർപ്പാപ്പായെ സന്ദർശിക്കുവാനുള്ള അവസരം നല്കി. പല മന്ത്രിമാർക്കും രാഷ്ട്രീയനേതാക്കൾക്കും മാർപാപ്പായിൽ നിന്നും വിശുദ്ധകുർബ്ബാന സ്വീകരിക്കുവാനുള്ള അവസരം നല്കി. പക്ഷെ കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡന്റ് എം.ഡി. ജോസഫിന് പോലും മാർപാപ്പായെ നേരിട്ടുകാണുവാൻ സൗകര്യം ഒരുക്കിയില്ല. രാഷ്ട്രീയക്കാർക്ക് നല്കിയ പരിഗണന എ.കെ.സി.സി. പ്രസിഡന്റിനുപോലും നല്കിയില്ല. ഈ സംഭവം കത്തോലിക്കാ കോൺഗ്രസ്സിനെയും കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരെയും സമൂഹത്തിന്റെ മുൻപിൽ അപഹാസ്യരാക്കി തീർക്കുകയാണ് ചെയ്തത്. ഇതൊക്കെ സംഘടനാ പ്രവർത്തനങ്ങളെ ക്ഷയിപ്പിക്കുന്നതിനാണ് ഇടനല്കിയത്. ഇന്നും കാത്തലിക് കോൺഗ്രസ്സിന്റെ സ്ഥിതി കഷ്ടതരമാണ്. കാത്തലിക് കോൺഗ്രസ്സിനെ മിഷൻലീഗും ലീജയൻ ഓഫ് മേരിയുംപോലുള്ള ഒരു സംഘടനയായിട്ടാണ് പലരും കണക്കാക്കുന്നത് സമുദായസംഘടനയ്ക്ക് റീജയണൽ സെമിനാർ നൽകിയ അംഗീകാരവും ആദരവും പോലും തകർക്കുന്ന സ്ഥിതി വിശേഷമാണ് ഇന്ന് സംജാതമാക്കിയിരിക്കുന്നത്.

കത്തോലിക്കാ കോൺഗ്രസ്സ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു സമുദായസംഘടനയാണ് അതിനെ ഒരു ഭക്തസംഘടനയായി കണക്കാക്കുവാൻ പാടില്ല. രണ്ടാംവത്തിക്കാൻ കൗൺസിലിന് 44 വർഷം മുമ്പാണ് എ.കെ.സി.സി.യുടെ ഭരണഘടന ബിഷപ്പുമാർ അംഗീകരിച്ചത്. അന്ന് എ.കെ.സി.സിക്ക് ഒരു ബിഷപ്പ് ഡലഗേറ്റിനെ നിയമിച്ചു തന്നിരുന്നു. അദ്ദേഹത്തിന് എ.കെ.സി.സി.യോഗങ്ങളിൽ പങ്കെടുക്കാം. അവരുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പാളിച്ചയുണ്ടായാൽ അത് മെത്രാൻ സമിതിക്ക് റിപ്പോർട്ട് ചെയ്യാനുള്ള അവകാശം മാത്രമാണ് ഭരണഘടനയിൽ നല്കിയിരുന്നത്. എങ്കിലും കത്തോലിക്കാ കോൺഗ്രസ്സ് ബിഷപ്സ് ഡലഗേറ്റിന് എല്ലാവിധ ബഹുമതിയും നല്കിയിരുന്നു. എ.കെ.സി.സി.യുടെ പ്രവർത്തനങ്ങളിൽ ഇത് വരെയുള്ള ഒരു ഡലഗേറ്റിനും അഭിപ്രായവ്യത്യസമുണ്ടായിട്ടില്ലയെന്നതാണ് യഥാർത്ഥ്യം.

എന്നാൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭരണഘടന ഇപ്പോൾ മറ്റൊരുവിധത്തിൽ ഭേദഗതി വരുത്തിയിരിക്കുന്നു. എ.കെ.സി.സി.ക്ക്

www.malankaralibrary.com

സ്പിരിച്ചൻ ഡയറക്ടർക്കുപകരം ഡയറക്ടർ ആയിരിക്കണമെന്ന ഭേദഗതി കഴിഞ്ഞ പ്രതിനിധിസമ്മേളനത്തിൽ അവതരിപ്പിച്ചു. ആ ഭേദഗതിയെ എതിർത്തപ്പോൾ യോഗത്തിൽ സന്നിഹിതരായിരുന്നവർ ഒന്നടങ്കം കയ്യടിച്ച് ആ എതിർപ്പിനെ പ്രോത്സാഹിപ്പിച്ചു. പക്ഷെ യോഗത്തിൽ ചർച്ചയിൽ പോലും പങ്കെടുക്കാൻ അവകാശമില്ലാത്ത സ്പിരിച്ചൽ ഡയറക്ടർ കൈയ്യടിച്ചവരുടെ നേർക്ക് ആക്രോശം നടത്തി. കൈയ്യടിച്ചതുകൊണ്ട് പ്രയോജനമില്ലെന്ന് മൂന്നുപ്രാവശ്യം അവർത്തിച്ചു പറഞ്ഞ് പ്രതിനിധികളെ നീർവീര്യമാക്കി. ഈ നടപടി പിശകിനെപ്പറ്റി സീറോ-മലബാർ ലെയിറ്റി കമ്മീഷന്റെ മുൻപിൽ ചൂണ്ടിക്കാണിച്ചിട്ട് യാതൊരു നടപടിയും സ്വീകരിച്ചില്ല. ഈ ഭരണഘടനാ ഭേദഗതിയിലൂടെ കത്തോലിക്കാ കോൺഗ്രസ്സിനെ 100 വർഷം പിന്നിലോട്ട് തള്ളിയിരിക്കുന്നു. റീജയണൽ സെമിനാറിന് ശേഷം ഇതുപോലുള്ള പലസംഭവങ്ങളും ചൂണ്ടിക്കാണിക്കാൻ സാധിക്കും. റീജയണൽ സെമിനാറിന്റെ തീരുമാനങ്ങൾ സമുദായസംഘടനയെ സംബന്ധിച്ചിടത്തോളം ഒന്നും നടപ്പിലാക്കിയിട്ടില്ലെന്ന് പറയേണ്ടിയിരിക്കുന്നു.

മൂന്നുവ്യക്തിസഭകളിലെയും അൽമായ സംഘടനകൾ ചേർന്ന് കേരളാ കാത്തലിക് ഫെഡറേഷൻ രൂപീകരിച്ചു. ആ സംഘടന രൂപീകരിച്ചത് കെ.സി.ബി.സി.യുടെ സമ്മർദ്ദഫലമായിരുന്നു. ഇന്ന് ആ സംഘടനയുടെ പ്രവർത്തനം എങ്ങനെയെന്ന് പഠനം നടത്തണം. കത്തോലിക്കാ കോൺഗ്രസ്സിനെ സംബന്ധിച്ച് റീജയണൽ സെമിനാർ എടുത്ത തീരുമാനങ്ങൾ അട്ടിമറിച്ചവർ ചരിത്രത്തിന് മുൻപിൽ സമാധാനം പറയേണ്ടി വരും, എന്നെങ്കിലും.

നേതൃത്വത്തെപ്പറ്റിയുള്ള പ്ലീനറി സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് ഈ ലേഖകൻ പുറപ്പെടുവിച്ച് അഭിപ്രായം സെമിനാർ ഡൈജസ്റ്റിൽ ചേർത്തിരിക്കുന്നത് ഉദ്ധരിക്കട്ടെ. “അൽമായ നേതൃത്വത്തിന് ഏറ്റവും ഉചിതം. കത്തോലിക്കാ കോൺഗ്രസ്സ് ശക്തിപ്പെടുത്തുകയാണ്. പക്ഷെ അതിന് പ്രവർത്തന സ്വാതന്ത്ര്യമുണ്ടോ? 1946-ൽ വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നല്കിയത് കത്തോലിക്കാ കോൺഗ്രസ്സ് നിയമിച്ച കമ്മറ്റിയാണ്. ആ കമ്മറ്റിയോടും കത്തോലിക്കാ കോൺഗ്രസ്സിനോടും ആലോചിക്കാതെയാണ് ബിഷപ്പുമാർ തിരുവനന്തുപുരത്തുചെന്ന് സർ സി.പി. രാമസ്വാമി അയ്യരെക്കണ്ട് സമരം പിൻവലിച്ചത്. അടുത്ത കാലത്ത് കോട്ടയത്ത് സർവ്വകലാശാല ബില്ലിനോട് പ്രതിഷേധിക്കാൻ മെത്രാന്മാരുടെ യോഗം നടന്നു. തിരുവനന്തപുരത്ത് മറ്റൊരുയോഗവും നടന്നു. രണ്ടുയോഗത്തിലും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റിനെയോ സെക്രട്ടറിയേയോ ക്ഷണിച്ചിട്ടില്ല. പിന്നെ എങ്ങനെ ആ സംഘടന വളരും. വിദ്യാഭ്യാസരംഗത്ത് പൊരുതി അവകാശം സംരക്ഷിച്ചുപോന്ന പാരമ്പര്യം കത്തോലിക്കാ കോൺഗ്രസ്സിനുണ്ട്. അതുകൊണ്ട് സമുദായത്തിന്റെ നിർണ്ണായക പ്രശ്നങ്ങൾ

www.malankaralibrary.com

ആലോചിക്കാൻ ചിലരെ വിളിച്ച് അരമനയിൽ ഡിന്നർ നല്കുന്നതിന് മുൻപ് കത്തോലിക്കാ കോൺഗ്രസ്സ് നേതാക്കളോട് മെത്രാന്മാർ ആലോചിക്കണ മെന്നാണ് എനിക്കു പറയാനുള്ളത്."

എന്റെ അഭിപ്രായത്തെ തുടർന്ന് ഫാ. തോട്ടിൽ ഇപ്രകാരം പറഞ്ഞു. സമുദായം പരിശീലനം നല്കി നേതാക്കളെ വാർത്തെടുക്കുന്നില്ലെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. നമുക്ക് കുറേ നേതാക്കന്മാരുണ്ട്. പക്ഷെ അവർക്കു ഭയമാണ് പുതിയ ആശയങ്ങൾ പറയുവാൻ. വീറുറ്റ നേതൃത്വത്തിനു മുന്നോട്ടു വന്നാൽ അത് അവരുടെ അസ്തിത്വത്തെ ബാധിക്കും. അതുകൊണ്ട് കണ്ണടച്ചുവിടുകയാണ്. കച്ചിറമറ്റം പറഞ്ഞതുപോലെ ചില നേതാക്കന്മാർ അധികാര സ്ഥാനങ്ങൾക്ക് ചുറ്റും നടക്കുന്നുണ്ട്. അവർക്ക് പുതിയ തലമുറയുടെയോ സമുദായത്തിന്റെയോ വികാരങ്ങൾ അറിഞ്ഞുകൂടാ. സഭാധികാരികൾക്കും ജനങ്ങൾക്കും ഇടയിലുള്ള ഒരു ലോകമാണ് അവരുടേത്. അവരെ മറികടന്ന് ജനങ്ങൾക്ക് സഭാധികാരികളെ സമീപിക്കാൻ പോലും പ്രയാസമായിരിക്കുകയാണ്. വളരുന്ന തലമുറയിൽ നിന്ന് പുതിയ നേതാക്കൾ ഉയർന്നുവരുമ്പോൾ അവരെ വിമർശിച്ചും ശപിച്ചും നിരുത്സാഹപ്പെടുത്തുന്നത് ശരിയല്ല, സംഭാഷണം നടത്തി അവരെ അടുപ്പിക്കണം." യഥാർത്ഥത്തിൽ നേതൃത്വത്തെപ്പറ്റി എടുത്ത തീരുമാനങ്ങൾ നടപ്പാക്കിയില്ല. ആ തീരുമാനത്തെ അട്ടിമറിക്കുകയാണ് ചെയ്തത്.

## XI കുടുംബം

ഡോ. ജേക്കബ് മെർളി, മിസ്സിസ് തങ്കമ്മ ജേക്കബ് എന്നിവർ ലീഡർമാരായുള്ള സർവ്വീസ് ടീം തയ്യാറാക്കിയ പ്രബന്ധത്തെ ആസ്പദമാക്കി നടന്ന ഗ്രൂപ്പ് സമർപ്പിച്ച ശുപാർശകൾ താഴെ ചേർക്കുന്നു.

### ശുപാർശകൾ

1. മതവും വിശ്വാസവും സംബന്ധിച്ച് അൽമായരെ ബോധവാന്മാരാക്കാൻ ഇടവകയിൽ അവസരങ്ങൾ നല്കണം. പ്രഭാഷണങ്ങൾ, സ്റ്റഡിക്ലാസ്സുകൾ, സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ സഹായത്തോടെ ഈ ലക്ഷ്യം നേടാവുന്നതാണ്. 2. കുട്ടികൾക്കുള്ള മതബോധനക്ലാസ്സുകൾ കൂടുതൽ കാര്യക്ഷമവും ആകർഷകവുമാക്കേണ്ടിയിരിക്കുന്നു. 3. പുരുഷനോടൊപ്പം ആനുകൂല്യവും അന്തസ്സും അർഹിക്കുന്ന സ്ത്രീഗണത്തെ പ്രബുദ്ധരാക്കേണ്ടതാണ്. എല്ലാ വിജ്ഞാന മേഖലകളെയും സ്വായത്തമാക്കി തങ്ങളെത്തന്നെ പ്രബുദ്ധരാക്കുക, വൈദികരുടെ പ്രബോധത്തിനപ്പുറവും വിജ്ഞാനത്തിന്റെ ഉറവിടം കണ്ടെത്തുക എന്നിവവഴി സ്ത്രീജനങ്ങൾ പ്രബുദ്ധമതികളാകേണ്ടിയിരിക്കുന്നു. 4. സുകൃതങ്ങളുടെ അഭ്യാസം, കൂദാശകളുടെ കൂടെക്കൂടെയുള്ള സ്വീകരണം, സമൂഹപ്രാർത്ഥന എന്നിവ കുടുംബത്തിലേക്ക് ദൈവാനുഗ്രഹം

www.malankaralibrary.com

പ്രവഹിക്കുന്ന അരുവികളാണ്. സ്വാത്മപ്രചോദിതവും വാചികവുമായ പ്രാർത്ഥനകൾ ജപമാലയോടൊന്നിച്ച് കുടുംബത്തിൽ നടപ്പാക്കാം. ബൈബിളും ഇതര ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും വായിക്കയും ധ്യാനിക്കയും ചെയ്യാം. ഓരോ പ്രധാന ചടങ്ങിനുമുമ്പ് പതിവായി പ്രാർത്ഥന നടത്തണം. 5. വർക്ക് ഷോപ്പിലെ ഒരു വിഭാഗം, കുമ്പസാരത്തിൽ വൈദികർ കൂടുതൽ സഹാനുഭൂതിയും മഹാമനസ്ക്കതയും കാണിക്കണമെന്ന് ശുപാർശ ചെയ്തു. പാപികൾക്ക് ആശ്വാസമായിരിക്കണം ലഭിക്കേണ്ടത്. അവരുടെ ഭയവും അമ്പരപ്പും നീക്കാൻ കുമ്പസാരത്തിന് കഴിയണം 6. ജീവിതമാതൃകയും പ്രബോധനവും വഴി കുട്ടികളെ യഥാർത്ഥ മനുഷ്യരും ക്രൈസ്തവരുമായി പരിശീലിപ്പിക്കാൻ മാതാപിതാക്കന്മാരെ ബോധവാന്മാരാക്കേണ്ടതാണ്. മാതാപിതാക്കന്മാരുടെ ശിക്ഷണത്തിൽ പൗരോഹിത്യത്തിനും സന്യാസജീവിതത്തിനും പ്രോത്സാഹനം നൽകുന്ന കാര്യത്തിൽ പ്രാധാന്യം നല്കേണ്ടിയിരിക്കുന്നു.

1. കേരളത്തിൽ കുടുംബസർവ്വെ നടത്തുന്നതിന് പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ പോലുള്ള ഒരു കേന്ദ്രസംഘടനയെ ഉത്തരവാദിത്വ മേല്പിക്കണം. സംസ്ഥാന വ്യാപകമായി ഒരു കുടുംബക്ഷേമ പദ്ധതി ആരംഭിക്കുന്നതിന് സഹായകമായി നമ്മുടെ കുടുംബങ്ങളിലെ പ്രശ്നങ്ങളും ആവശ്യങ്ങളും പഠിച്ച് വിലയിരുത്തുവാൻ ഇതുമൂലം സാധിക്കും. ഈ പദ്ധതിയുടെ ആസൂത്രണത്തിന് ഇടവക വൈദികരുടെയും കന്യാസ്ത്രീകളുടെയും ഇടവക സംഘടനകളുടെയും സഹായം തേടാവുന്നതാണ്. 2. നമ്മുടെ കുടുംബങ്ങൾക്ക് വേണ്ട പ്രബോധനം നൽകുന്നതിനുവേണ്ടി ശിശുസംരക്ഷണം, ബാലമനശാസ്ത്രം, പോഷകാഹാരം, ബജറ്റ്, ഭവനസംവിധാനം മുതലായ വിഷയങ്ങൾ സംബന്ധിച്ചുള്ള പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നതിന് പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ പോലുള്ള ഒരു കേന്ദ്രസ്ഥാപനം ഉണ്ടായിരിക്കണം. ഈ പ്രസിദ്ധീകരണങ്ങൾ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ ഇടവകവഴി ജനങ്ങൾക്ക് ലഭ്യമാക്കാം.

കുടുംബക്ഷേമ സംഘടന ഏർപ്പെടുത്തുന്നതിന് വ്യക്തമായ ഒരു പദ്ധതി ആസൂത്രണം ചെയ്യാൻ നിലവിലുള്ള സി.എഫ്.എം.ന്റെ സഹകരണം തേടാൻ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**ശുപാർശകൾ** 1. നമ്മുടെ സ്കൂളിലെ പാഠ്യക്രമത്തിൽ ലൈംഗിക മനഃശാസ്ത്രം ഉൾപ്പെടുത്തണം. 2. കുടുംബക്ഷേമസർവ്വീസിനോടനുബന്ധിച്ച് ഇടവകാടിസ്ഥാനത്തിൽ ജനങ്ങൾക്ക് ലൈംഗിക വിദ്യാഭ്യാസം നൽകണം. 3. ജനങ്ങളെ നയിക്കേണ്ട നമ്മുടെ വൈദികർക്കും കന്യാസ്ത്രീകൾക്കും ലൈംഗീകശിക്ഷണം വളരെ അത്യാവശ്യമാണ്.

**ശുപാർശകൾ** 1. ജനസംഖ്യയോടുള്ള നമ്മുടെ സമീപനം അസന്നി

www.malankaralibrary.com

ഗദ്ധമായിരിക്കണം. ജനസംഖ്യ നിയന്ത്രിക്കുന്നതിന് സാന്മാർഗ്ഗികമായി അംഗീകൃതമായ ഉപാധികളെ ഉപയോഗിക്കാവൂ എന്നു നാം ഊന്നിപ്പറയുന്നുണ്ട്. പക്ഷേ, അത്രയും ഊന്നൽ ജനസംഖ്യാ വർദ്ധനവ് തടയണമെന്നതിന് നൽകുന്നില്ല. അതാണ് സഭ ജനസംഖ്യാ പെരുപ്പത്തെ അനുകൂലിക്കുന്നുവെന്ന ധാരണ ജനങ്ങളിൽ രൂഢമൂലമാക്കിയിട്ടുള്ളത്. 2. ജനങ്ങളെ ദൈവശാസ്ത്ര ചിന്തയുടെ പുരോഗതിയെപ്പറ്റി ബോധവാന്മരാക്കിക്കൊണ്ടിരിക്കുവാൻ കേരളത്തിലെ പ്രസിദ്ധീകരണങ്ങൾക്ക് ചുമതലയുണ്ടെന്ന് ഒരു വിഭാഗം അഭിപ്രായപ്പെട്ടു. അതുപോലെ, 'ഹ്യുമാനെവീത്തെ' എന്ന ചാക്രിക ലേഖനത്തെ സംബന്ധിച്ചുള്ള വിവിധ പ്രതികരണങ്ങൾ ജനങ്ങളെ അറിയിക്കണം. എന്നാൽ ഇങ്ങനെ ചെയ്യുന്നതുമൂലം ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാകുമെന്നും സാന്മാർഗ്ഗിക ജീവിതം താറുമാറാകുമെന്നുമാണ് മറ്റൊരു വിഭാഗം അഭിപ്രായപ്പെട്ടത്.

സാന്മാർഗ്ഗിക കാര്യങ്ങളിൽ പക്വതയും പ്രബുദ്ധതയുമുള്ള മനസാക്ഷിയാണ് മാനദണ്ഡമെന്നുള്ള സഭയുടെ തത്വം, കുടുംബാസൂത്രണത്തിന്റെ കാര്യത്തിലും അംഗീകരിക്കണമെന്ന് വർക്ക്ഷോപ്പിലെ രണ്ടുപേർ അഭിപ്രായപ്പെട്ടു.

**ശുപാർശകൾ:** യുവതീയുവാക്കൾക്ക് പരസ്പരം കണ്ടുമുട്ടുന്നതിനും അറിയുന്നതിനുമുള്ള സ്വാതന്ത്ര്യം നൽകണം. ആവശ്യമായ മാർഗ്ഗദർശനവും അവർക്ക് ഇക്കാര്യത്തിൽ നൽകേണ്ടതാണ്. നമ്മുടെ സ്ഥാപനങ്ങളിൽ സഹവിദ്യാഭ്യാസം നൽകേണ്ടിയിരിക്കുന്നു. ഇത് ആദ്യം കോളേജിൽ ആരംഭിച്ചാലും മതി 2. ഇരുവിഭാഗത്തിൽപ്പെട്ടവരുടെ യുവജനോത്സവങ്ങൾ, സാമൂഹ്യസമ്മേളനങ്ങൾ, മറ്റുപ്രവർത്തനങ്ങൾ എന്നിവമൂലം ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ ആരോഗ്യകരമായ ബന്ധം വളർത്തിയെടുക്കാം. ചെറുപ്പക്കാരനായ ഒരു പ്രസിഡന്റും യുവജനവിഭാഗമുള്ള എ.കെ. സി.സി.ക്ക് ഇതിന് നേതൃത്വം നൽകാവുന്നതാണ്. 3. സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിച്ച് അവിടെ സ്ത്രീകളെയും പഠിപ്പിക്കാൻ വിടണം. കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ട് തീരാൻ ഇത് ഭാവിയിൽ സഹായകമായിരിക്കും. സാമ്പത്തികമായി സ്വയംപര്യാപ്തതയുള്ള ഒരു യുവതിക്ക് അനുയോജ്യമായ ഒരു പങ്കാളിയെ കണ്ടുപിടിക്കാനുള്ള അവസരം ഉണ്ടായിരിക്കും. അതിനുള്ള സ്വാതന്ത്ര്യം അവൾക്ക് നൽകിയാൽ മതി. 4. ഭാര്യയും ഭർത്താവും തമ്മിലും, മാതാപിതാക്കളും കുട്ടികളും തമ്മിലും, മേധാവിത്വപൂർവ്വകമായ ബന്ധത്തിന് പകരം ജനാധിപത്യപരമായ സമ്പർക്കമുണ്ടായിരിക്കാൻവേണ്ട ശിക്ഷണം നൽകണം. ഈ കാര്യങ്ങൾ യുവജനങ്ങളെ അറിയിക്കുന്നതിന് പ്രസംഗവേദി ഉപയോഗപ്പെടുത്താവുന്നതാണ്. 5. കുടുംബത്തിൽ കുട്ടികൾക്ക് പരിശീലനം നൽകുമ്പോൾ ഭയത്തിനും അച്ചടക്കത്തിനും പകരം സ്നേഹത്തിനും പരസ്പരവിശ്വാസത്തിനും മുൻഗണന നൽകണം. ഇക്കാര്യത്തിൽ മാതാപിതാക്കളെ പ്രത്യേകം പരിശീലിപ്പിക്കേ

www.malankaralibrary.com

ണ്ടതാണ്. 6.പല രംഗങ്ങളിലും ഇന്ന് മാറ്റങ്ങളും ആരോഗ്യകരമായ പുരോഗതിയും കാണുന്നതുകൊണ്ട് അവ സഹിഷ്ണുതയോടുകൂടി സ്വീകരിക്കാനും അവയോട് അനുരൂപപ്പെടാനും മാതാപിതാക്കളെ ഉപദേശിക്കുകയും ഉൽബോധിപ്പിക്കുകയും ചെയ്യേണ്ടതാണ്. 7. കുടുംബത്തിന്റെ പവിത്രതയും അവകാശങ്ങളും സ്റ്റേറ്റ് അംഗീകരിക്കണം. ആ കാര്യങ്ങളിൽ ഒരു തരത്തിലും സ്റ്റേറ്റ് ഇടപെടരുത്. ഈ അവകാശങ്ങളെപ്പറ്റി മാതാപിതാക്കൾ ബോധവാന്മാരാകണം. അതോടൊപ്പം സമൂഹത്തിന് ചേർന്നവിധം മക്കളെ ഉത്തരവാദിത്വബോധത്തോടെ വളർത്തുകയും വേണം.

ശുപാർശ ഇതരക്രൈസ്തവസഭകളോട് സഹകരിച്ചുകൊണ്ട്, ഹതഭാഗ്യർക്കും വികലാംഗർക്കുംവേണ്ടി ദേശീയതലത്തിൽ നാം പ്രത്യേക സ്ഥാപനങ്ങൾ ഏർപ്പെടുത്തണം.

## വിലയിരുത്തൽ:-

ഗ്രൂപ്പ് നടത്തിയ ചർച്ചകൾകാലോചിതമായിരുന്നു. വ്യക്തികളുടെയും കുടുംബങ്ങളുടെയും സമഗ്ര പുരോഗതി ലക്ഷ്യമാക്കി നിരവധി ശുപാർശകൾ സെമിനാറിൽ അവതരിപ്പിച്ചിരുന്നു. കുട്ടികളുടെ വിദ്യഭ്യാസം, സ്ത്രീസ്വാതന്ത്ര്യം, സ്ത്രീയുടെ പദവി,കുടുംബപ്രാർത്ഥന തുടങ്ങിയവയെപ്പറ്റി സെമിനാർ സമർപ്പിച്ച നിർദ്ദേശങ്ങൾ മിക്കതും പ്രാവർത്തികമാക്കാൻ സാധിച്ചുവെന്നത് അഭിമാനകരമാണ്. പി.ഒ.സിയുടെ നേതൃത്വത്തിലും റീത്തുകളുടെയടിസ്ഥാനത്തിലും രൂപതാതലത്തിലും പ്രവർത്തിക്കുന്ന ഫാമിലികമ്മീഷനുകൾ ഈ രംഗത്ത് വലിയ സംഭാവന നൽകുന്നുണ്ട്. മാതൃജ്യോതി, പിതൃജ്യോതി തുടങ്ങിയ പ്രസ്ഥാനങ്ങളും സെമിനാർ തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ സഹായിച്ചു. ഫാമിലി കമ്മീഷൻ നടത്തിയ സെമിനാറുകളും ശില്പശാലകളും പ്രോ-ലൈഫ് മൂവ്മെന്റിന്റെ പ്രവർത്തനങ്ങളും എല്ലാം സെമിനാറിന്റെ ശുപാർശകൾ പൂർണ്ണതയിൽ എത്തിക്കാൻ സഹായിച്ചിട്ടുണ്ട്. ഈ രംഗത്ത് പി.ഒ.സി.യും ഫാമിലി കമ്മീഷനും, വിശിഷ്യ ഫാ.ജോസ് കോട്ടയിലും നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനം അർഹിക്കുന്നതാണ്.

# XII തൊഴിൽ

എ.സി. ജോർജ്ജ് ലീഡറായുള്ള സർവ്വീസ് ടീം തയ്യാറാക്കിയ തൊഴിൽ എന്ന വിഷയത്തെപ്പറ്റിയുള്ള പ്രബന്ധം വർക്ക് ഷോപ്പ് ചർച്ച ചെയ്യുകയും താഴെ കാണുന്ന ശുപാർശകൾ സമർപ്പിക്കുകയും ചെയ്തു.

**ശുപാർശകൾ:** കർത്തവ്യത്തെപ്പറ്റിയുള്ള ബോധം മതിയായ രീതിയിൽ ഇല്ലാത്തതുകൊണ്ട് തൊഴിൽ കാര്യങ്ങളിൽ സഭ വേണ്ടപോലെ ഇടപെടുന്നില്ല. ഈ ന്യൂനത പരിഹരിക്കുന്നതിന് വർക്ക് ഷോപ്പ് ഉന്നയിച്ച ശുപാർശകൾ ഇവിടെ വിവരിക്കാം.

www.malankaralibrary.com

1. നമ്മുടെ സെമിനാരികളിലെ പാഠ്യക്രമത്തിൽ തൊഴിലും അതിനോടുബന്ധപ്പെട്ട മറ്റു വിഷയങ്ങളും ഉൾപ്പെടുത്തണം. തൊഴിൽ, വ്യവസായം സാമ്പത്തികോന്നമനപ്രവർത്തനങ്ങൾ മുതലായവയിൽ താൽപ്പര്യമുള്ളവർക്ക് ആ കാര്യങ്ങളിൽ പ്രത്യേകപരിശീലനം നൽകുന്നതുകൊള്ളാം. തൊഴിൽ രംഗത്തും മറ്റും അവർക്ക് നല്ല ചാപ്ലെയിന്മാരായും ഉപദേഷ്ടാക്കളായും പ്രവർത്തിക്കാൻ ആ പരിശീലനം സഹായിക്കാതിരിക്കുകയില്ല.

2. ഇടവകകളിലും സ്ഥാപനങ്ങളിലുമുള്ള വൈദികർ, തെരഞ്ഞെടുക്കപ്പെട്ട സന്യാസിനീ സന്യാസികൾ, അത്മായർ എന്നിവർ കാലോചിതമായി തൊഴിൽ രംഗത്തെപ്പറ്റി അറിഞ്ഞുകൊണ്ടിരിക്കുന്നതിനും കടമകളെപ്പറ്റി ബോധമുണ്ടായിരിക്കുന്നതിനും ഇടക്കാല പരിശീലന കോഴ്സുകൾ ഏർപ്പെടുത്തുന്നതുകൊള്ളാം.

3. നമ്മുടെ മതബോധനത്തിൽ തൊഴിൽ, തൊഴിൽ സംഘടനകൾ തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടുത്തണം.

4. തൊഴിലും തൊഴിൽ സംഘടനകളും ഹൈസ്കൂൾ ക്ലാസുകളിലെ പാഠ്യക്രമത്തിൽ ഉൾപ്പെടുത്തുന്നതിന് ഗവൺമെന്റിനോടും വിദ്യാഭ്യാസാധികാരികളോടും അഭ്യർത്ഥിക്കണം.

5. വർഷത്തിലൊരിക്കൽ കേരളത്തിലെ എല്ലാ ഇടവകകളിലും തൊഴിലാളി ദിനമായ മെയ് 1-ാം തീയതി മുതൽ തൊഴിൽവാരം ആചരിക്കുന്നത് കൊള്ളാം. അതോടനുബന്ധിച്ച് പൊതുയോഗങ്ങളും ജാഥകളും സ്റ്റഡിക്ലാസുകളും സംഘടിപ്പിച്ചാൽ തൊഴിൽ കാര്യങ്ങളെപ്പറ്റി സഭയ്ക്കുള്ള വീക്ഷണവും അഭിപ്രായവും വിശദീകരിക്കാൻ സന്ദർഭം ലഭിക്കും. മെയ്ദിനത്തിൽ തൊഴിലാളികൾക്കുവേണ്ടി ദിവ്യപൂജ അർപ്പിക്കാവുന്നതാണ്. അതോടൊപ്പം തൊഴിലായുധങ്ങൾ ആശീർവ്വദിക്കുന്നത് നന്നായിരിക്കും. വ്യവസായ സ്ഥാപനത്തിൽ മെത്രാൻ കുർബ്ബാന ചൊല്ലുന്നത് പ്രോത്സാഹനജനകമാണ്. സഭയുടെ തൊഴിൽ സംബന്ധമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ശേഖരിക്കുന്നതിന് ഈ വാരം ഉപയോഗിക്കാവുന്നതാണ്.

6. നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ തൊഴിൽ കാര്യങ്ങൾ പ്രതിപാദിക്കുന്നതിന് കുറച്ചുസ്ഥലം അനുവദിക്കാൻ അഭ്യർത്ഥിക്കേണ്ടതാണ്. രൂപത വക ഔദ്യോഗികപത്രങ്ങളിലും ഇത് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

7. ഇടവകയിലോ രൂപതയിലോ കത്തോലിക്കാ തൊഴിലാളികളുടെ കോൺഫ്രൻസുകൾ നടത്തുന്നതുകൊള്ളാം. അതോടനുബന്ധിച്ച് സാമൂഹ്യനീതിയും തൊഴിൽപ്രശ്നങ്ങളും ചർച്ചചെയ്യാവുന്നതാണ്.

## വേതനവും തൊഴിൽ വ്യവസ്ഥകളും

1. കത്തോലിക്കാ സ്ഥാപനങ്ങൾ തൊഴിൽസംഘടനകൾ രൂപീകരിക്കാനുള്ള അവകാശം അംഗീകരിച്ചാൽമാത്രം പോരാ, അവ വേണ്ടവിധം സംഘടിപ്പിക്കുന്നതിന് സഹായിക്കയും പ്രോത്സാഹിപ്പിക്കയും വേണം.

www.malankaralibrary.com

2. തൊഴിലാളികളെ നിയമിക്കുന്ന കത്തോലിക്കാ സ്ഥാപനങ്ങൾ വ്യവസായരംഗത്തെ തൊഴിൽവ്യവസ്ഥകൾ നടപ്പിലാക്കിക്കൊണ്ട് മറ്റു ഉടമകൾക്ക് മാതൃക കാണിക്കേണ്ടതാണ്.

3. കേരളത്തിൽ ക്രൈസ്തവ തൊഴിലാളി പ്രസ്ഥാനം സംഘടിപ്പിച്ച് അതിനെ ലോക ക്രൈസ്തവ തൊഴിലാളി പ്രസ്ഥാനത്തോട് സംയോജിപ്പിക്കാൻ ഞങ്ങൾ ശക്തിപൂർവ്വം ശുപാർശ ചെയ്യുന്നു. കെ.സി. ഡബ്ളിയു.എമ്മിൽ ലയിപ്പിക്കാവുന്നതാണ്. ഇതിന്റെ ലക്ഷ്യം ആദ്ധ്യാത്മികവും നേതൃത്വപരവുമായ പരിശീലനമായിരിക്കണം. തൊഴിൽക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ഈ പരിശീലനം സഹായിക്കും. ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുന്നതുകൊള്ളാം.

4. ഹോസ്പിറ്റലുകൾ, കോളേജുകൾ, സ്കൂളുകൾ, പ്രസിദ്ധീകരണാലയങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, അനാഥമന്ദിരങ്ങൾ, ആശ്രമങ്ങൾ, സെമിനാരികൾ, മുതലായ കത്തോലിക്കാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നീതി ലഭിക്കുന്നില്ലെന്നു പരാതിയുണ്ട്. ഇതിന് പരിഹാരം കാണാൻ അധികാരികൾ ശ്രമിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഓരോ രൂപതയിലും തൊഴിലാളികളുടെ പ്രശ്നം പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കെ.സി.ഡബ്ളിയു.എമ്മിന്റെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

5. കത്തോലിക്കാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ജീവനക്കൂലി ലഭിക്കുന്നില്ലെന്നാണ് വർക്ക്ഷോപ്പ് അഭിപ്രായപ്പെട്ടത്. കത്തോലിക്ക സ്ഥാപനങ്ങൾ മെച്ചമായ വേതനം കൊടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

6. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ തൊഴിലുടമകളും തൊഴിലാളികളും തമ്മിൽ പങ്കാളിത്വ മനോഭാവം വളർത്തുന്നതിന് എല്ലാ കത്തോലിക്കാ സ്ഥാപനങ്ങളിലും തൊഴിലാളികൾക്ക് പ്രതിനിധ്യം നൽകിക്കൊണ്ടുള്ള ജോയിന്റ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്. ഇത് ക്രൈസ്തവേതര തൊഴിലുടമകൾക്ക് ഒരു മാതൃകയായിരിക്കും.

7. വ്യവസായ രംഗത്തുണ്ടാകുന്ന തർക്കങ്ങളെപ്പറ്റി വസ്തുനിഷ്ഠമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ ഓരോ രൂപതയിലും കമ്മീഷൻ രൂപീകരിക്കേണ്ടതാണ്. ഈ കമ്മീഷൻ അനുരഞ്ജന സമിതിയായി വർത്തിക്കാം.

8. ഓരോ രൂപതയിലും തൊഴിലുപദേഷ്ടാക്കളായി മുഴുവൻ സമയവും പ്രവർത്തിക്കാൻ സാധിക്കുന്ന ചാപ്ലെയിന്മാരെ നിയമിക്കണമെന്ന് വർക്ക്ഷോപ്പ് ശുപാർശ ചെയ്യുന്നു. അതിനുതക്ക യോഗ്യതയുള്ള വൈദികരില്ലെങ്കിൽ ഉടനെത്തന്നെ ഒരു വൈദികന് പരിശീലന സൗകര്യം നൽകേണ്ടതാണ്. ഓരോ രൂപതയിലും വേതനം നൽകിക്കൊണ്ട് മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു അൽമായ നേതാവിനെയും നിയമിക്കണം.

www.malankaralibrary.com

9. തൊഴിൽരംഗത്ത് നേതൃത്വവും മാർഗ്ഗദർശനവും നൽകാൻ അൽമായരിലും വൈദികരിലും പരിശീലനം സിദ്ധിച്ചവർ കുറവായത്കൊണ്ട് അത്തരം പരിശീലനം നൽകാൻ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ മുൻകൈയെടുക്കണമെന്ന് വർക്ക് ഷോപ്പ് നിർദ്ദേശിക്കുന്നു. ആധുനിക തൊഴിൽ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു ഗവേഷണസ്ഥാപനം ആരംഭിക്കാൻ ഞങ്ങൾ പി.ഒ.സി. യോട് അഭ്യർത്ഥിക്കുന്നു.

തൊഴിലാളിക്ഷേമം 1. കോഴിക്കോട്, തൃശൂർ, ആലുവാ, കൊല്ലം തുടങ്ങിയ പ്രധാനവ്യവസായ മേഖലകളിൽ എല്ലാ തൊഴിലാളികൾക്കും അവരുടെ കുടുംബത്തിലുള്ളവർക്കും പങ്കെടുക്കാൻ കഴിയുന്ന റിക്രിയേഷൻ സെന്ററുകൾ സ്ഥാപിക്കണമെന്ന് വർക്ക്ഷോപ്പ് ശുപാർശ ചെയ്യുന്നു.

2. അടുക്കളജോലി ചെയ്യുന്നവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് പ്രത്യേക സാഹചര്യങ്ങളാണുള്ളത്. സ്ത്രീകൾ ഉൾപ്പെടെയുള്ള അത്തരം തൊഴിലാളികൾക്കുവേണ്ടി സന്യാസ സമൂഹങ്ങളുടെ നേതൃത്വത്തിൽ റിക്രിയേഷൻ സെന്ററുകൾ സ്ഥാപിക്കണമെന്ന് വർക്ക് ഷോപ്പ് നിർദ്ദേശിക്കുന്നു.

നഗരത്തിൽ വന്ന് ജോലി ചെയ്യുന്നവർക്ക് അന്തസ്സോടെ ജീവിക്കാൻ പറ്റിയ പാർപ്പിടം ലഭിക്കുന്നതിന് ഓരോ രൂപതയിലും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമായ ഹോസ്റ്റലുകൾ ഏർപ്പെടുത്തേണ്ടതാണ്.

3. നഗരത്തിലുള്ള ഇടവകകൾ സഹകരണാടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കാൻ സൗകര്യം നൽകേണ്ടിയിരിക്കുന്നു. അതിന് തൊഴിലാളികളിൽനിന്ന് ഒരു തുക ആരംഭത്തിൽത്തന്നെ ഈടാക്കാം. ആവശ്യമെങ്കിൽ ഇടവകയിൽനിന്നും ഒരു തുക ചെലവഴിക്കണം. തൊഴിലാളികളിൽ നിന്നുള്ള ബാക്കി സംഖ്യ പിന്നീട് മാസംതോറുമുള്ള ശമ്പളത്തിൽ നിന്ന് ഈടാക്കാവുന്നതാണ്.

4. സഭാ സ്ഥാപനങ്ങളിലെ ജോലിക്കാരുടെ പ്രശ്നങ്ങളെപ്പറ്റി ഈ വർക്ക് ഷോപ്പ് വ്യാപകമായി പഠനം നടത്തി. വയസ്സുകാലത്ത് അവരെ നേരിടുന്ന പ്രശ്നങ്ങളും ചർച്ച ചെയ്തു. അവർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും സാമൂഹ്യസുരക്ഷിതത്വവും ഉറപ്പു നൽകുന്ന സമഗ്രമായ ഒരു പദ്ധതി ആസൂത്രണംചെയ്ത് നടപ്പിലാക്കണമെന്ന് ശുപാർശ ചെയ്യാൻ ഞങ്ങൾ ഐകകണ്ഠ്യേന തീരുമാനിച്ചു.

## വിലയിരുത്തൽ

ഈ വിഷയത്തെപ്പറ്റി നടന്ന ചർച്ചയിൽ രൂപം കൊണ്ട നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന കാര്യം സംശയമാണ്. കെ.സി.ബി.സി. ക്ക് ഇന്ന് ഒരു തൊഴിൽ കമ്മീഷൻ ഉണ്ട്. ആ കമ്മീഷന്റെ പ്രവർത്തനങ്ങൾ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും അവരെ ഉത്തരവാദിത്വ ബോധമുള്ളവരാക്കി തീർക്കുന്നതിനും ശ്രമിക്കുന്നുണ്ട്. എന്നാൽ ഗ്രൂപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നതുപോലെ സേവന വേതന വ്യവ

www.malankaralibrary.com

സ്ഥകൾ സംബന്ധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ യെന്ന് സംശയമാണ്. ഇന്ന് തൊഴിലാളികൾ ഒരു സംഘടിതസമൂഹമാണ്. അവകാശങ്ങൾ നേടിയെടുക്കുന്നതിന് സംഘടിതശക്തിക്ക് സാധിക്കുന്നുമുണ്ട്. സർക്കാർ തലത്തിലുള്ള തൊഴിലാളി സംഘടനകൾ ആണ് ഇപ്രകാരം നേട്ടങ്ങൾ കൊയ്യുന്നത്. അതേസമയം അസംഘടിതരായ തൊഴിലാളികൾ നമ്മുടെ നാട്ടിൻ പ്രദേശങ്ങളിലുണ്ട്. അവർക്ക് ശരിയായ നേതൃത്വം കൊടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

കേരളത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾ - കൃഷി തൊഴിലാളികൾ വിരളമാണ്. ബംഗാൾ, ഒറീസ്സ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഇവിടെയെത്തുന്നുവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയെത്തുന്ന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ പോലും നമുക്ക് സാധിക്കുന്നില്ല.

മേയ്-1 ന് തൊഴിലാളിദിനം പതാക ഉയർത്തിയും സമ്മേളനങ്ങൾ നടത്തിയും ആഘോഷിക്കുന്നുണ്ടെങ്കിലും തൊഴിൽ മേഖലയെ സ്വാധീനിക്കുന്ന വിധത്തിലുള്ള ശക്തമായ പരിപാടികൾ ഒന്നും തന്നെ ലേബർ കമ്മീഷൻ നടത്തുന്നുണ്ടെന്ന് തോന്നുന്നില്ല. സഭ നടത്തുന്ന സാമൂഹ്യപ്രവർത്തനങ്ങളിൽ തൊഴിലാളികൾക്ക് പ്രാധാന്യം നൽകുന്നുണ്ടെങ്കിലും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് അത് പൂർണ്ണമായും ഫലപ്രദമാകുന്നുണ്ടോയെന്ന കാര്യം സംശയമാണ്. സർക്കാർ തൊഴിലാളികൾക്ക് നൽകുന്ന ക്ഷേമ പ്രവർത്തനങ്ങൾ തൊഴിലാളികളെ ബോദ്ധ്യപ്പെടുത്തുന്നകാര്യത്തിലും നമുക്ക് വിജയം കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

# XIII എക്യുമെനിസം

ഫാ. സിറിൽ ഒ.ഐ.സിയുടെ നേതൃത്വത്തിൽ സർവ്വീസ് ടീം തയ്യാറാക്കിയ പ്രബന്ധം വർക്ക് ഷോപ്പ് ചർച്ച ചെയ്ത് അംഗീകരിച്ചു. ആ വർക്ക് ഷോപ്പിന്റെ ശുപാർശകൾ താഴെ ചേർക്കുന്നു.

എക്യുമെനിസത്തിന്റെ ലക്ഷ്യത്തെപ്പറ്റിയാണ് ആദ്യം ചർച്ച തുടരുന്നത്. കാണപ്പെടുന്ന ഒരു തലവന്റെ കീഴിലും പരിശുദ്ധ ദിവ്യകാരുണ്യത്തിനും ക്രൈസ്തവരുടെ ഇടയിൽ ഐക്യമുണ്ടാകുകയാണ് ലക്ഷ്യമെന്ന് എല്ലാവരും സമ്മതിച്ചു. കേരളസഭയിൽ ഭിന്നതകൾ ഉണ്ടായ സാഹചര്യങ്ങൾ വർക്ക് ഷോപ്പ് വിശകലനം ചെയ്തു. വർക്ക് ഷോപ്പിന്റെ അഭിപ്രായത്തിൽ ഭിന്നതയ്ക്കുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. പോർച്ചുഗീസ് ഭരണം അടിച്ചേൽപ്പിക്കുന്നതിനുള്ള എതിർപ്പും നിലവിലുള്ള ആരാധനക്രമത്തിലും പാരമ്പര്യത്തിലും അനാവശ്യമായി ഇടപെട്ടതും.
2. നമ്മിൽനിന്നും പിരിഞ്ഞുപോയവരിലെ രണ്ട് പ്രാദേശിക മെത്രാന്മാർ തമ്മിലുള്ള അഭിപ്രായവ്യത്യാസം. അത് 1772-ൽ ഭിന്നതയ്ക്ക് ഇടയാക്കി.

www.malankaralibrary.com

3. 1836-ൽ സി.എം.സ്. മിഷനറിമാരുടെ പ്രവർത്തനമൂലം ഉണ്ടായ മറ്റൊരു ഭിന്നത.
4. നമ്മിൽ നിന്ന് പിരിഞ്ഞുപോയവരിലെ രണ്ട് മെത്രാന്മാർ തമ്മിൽ 1866-ൽ ഉണ്ടായ വിഭാഗീയത.
5. തദ്ദേശീയ റീത്തിൽ മെത്രാനെ ലഭിക്കുന്നതിനുവേണ്ടി കേരള സുറിയാനി കത്തോലിക്കാസഭയിൽ 1874 ലും പിന്നീട് 1908-ലും ഉണ്ടായ ഭിന്നത.
ഈ ഭിന്നതകൾ ഇപ്പോഴും തുടരുന്നതിനുള്ള കാരണങ്ങൾ താഴെ ചേർക്കുന്നു. 1. തത്വപരമായ അഭിപ്രായ വ്യത്യാസങ്ങൾ 2.വിവിധ സഭകളിലെ സ്വയംഭരണാഭിനിവേശം 3.ആരാധനക്രമവും പാരമ്പര്യവും പരിഷ്ക്കരിക്കുന്നതിനുള്ള അഭിലാഷം. 4. വിവിധ സഭകളെ സംബന്ധിച്ച് വേണ്ടത്ര അവബോധമില്ലായ്ക. 5. ഐക്യത്തിന്റെ ആവശ്യകതയെക്കുറിച്ച് വേണ്ട ബോധമില്ലായ്ക.

കൂനൻകുരിശു സത്യത്തെ തുടർന്നുള്ള ഭിന്നതയ്ക്കുശേഷം പരിശുദ്ധ സിംഹാസനവും പിരിഞ്ഞുപോയ സഹോദരങ്ങളും തമ്മിൽ പുനരൈക്യത്തിനുവേണ്ടി നൂറ്റാണ്ടുകളായി അനുരഞ്ജനസംഭാഷണങ്ങൾ നടന്നു വരികയാണ്. പിരിഞ്ഞുപോയവരുടേതായ സഭയുടെ സ്ഥാനം വക വയ്ക്കുകയും അംഗീകരിക്കുകയും ചെയ്യാനുള്ള അഭ്യർത്ഥന പരിശുദ്ധ സിംഹാസനം സ്വീകരിക്കാൻ തയ്യാറാകാതിരുന്നതുകൊണ്ടാണ് ഈ അനുരഞ്ജന സംഭാഷണങ്ങൾ ഫലമണിയാതെ പോയത്. എന്നാൽ 1888-ൽ ഈ അഭ്യർത്ഥന അംഗീകരിച്ചു കൊടുക്കാൻ പരിശുദ്ധ സിംഹാസനം തയ്യാറായിരുന്നു. ഔദ്യോഗികമായ പ്രഖ്യാപനം ഉണ്ടായില്ലെന്നേയുള്ളൂ. കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടുന്നതിനെപ്പറ്റിയുള്ള കാര്യങ്ങൾ അറിയാൻ മാർ ഇവാനിയോസ് 1927 ജനുവരി 22-ാം തീയതി പരിശുദ്ധ സിംഹാസനത്തിനു എഴുതി, ഈ അനുരഞ്ജന ശ്രമങ്ങളിലെല്ലാംതന്നെ തങ്ങളുടെ പുരാതന റീത്തും പരിശുദ്ധ സിനഡും ആരാധനാക്രമവും നിലനിർത്തുക, മെത്രാന്മാരേയും അവർക്കു ജനങ്ങളുടെ മേലുള്ള ഭരണാധികാരത്തെയും അംഗീകരിക്കുക എന്നിങ്ങനെയുള്ള ആവശ്യങ്ങൾ അവർ ഉന്നയിച്ചിരുന്നു. അതനുസരിച്ച് 1930-ൽ കത്തോലിക്കാ സഭയിലെ ഒരു വിഭാഗമായി മലങ്കരസഭയെ പരിശുദ്ധ സിംഹാസനം അംഗീകരിച്ചു. ഇപ്പോൾ ലോകസഭാ കൗൺസിലിന്റെയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും ശ്രമഫലമായി എപ്പിസ്കോപ്പൽ സഭകളെല്ലാം എക്യുമെനിക്കൽ ഡയലോഗിൽ കാര്യക്ഷമമായി പങ്കെടുത്തുവരുന്നുണ്ട്. ഈ ഡയലോഗ് എല്ലാ ക്രൈസ്തവ വിഭാഗങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുവരേണ്ടിയിരിക്കുന്നു. മറ്റു സഭകളുമായി ഡയലോഗ് നടത്തുന്നതിനുമുമ്പ് സ്വന്തം സഭയിലെ ആളുകൾ തമ്മിൽ പരസ്പരം ആലോചിക്കുന്നത് നല്ല കാര്യമാണ്.

ഒരു സഭാവിഭാഗത്തിൽ നിന്ന് മറ്റൊന്നിലേക്ക് പോകണമെന്ന് ഒരാൾക്ക്

www.malankaralibrary.com

മനസ്സാക്ഷിയനുസരിച്ച് ബോധ്യപ്പെട്ടാൽ അത് എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് ഹാനികരമായിരിക്കുകയില്ല എന്നാണ് വർക്ക്ഷോപ്പ് അഭിപ്രായപ്പെട്ടത്. എക്യുമെനിസത്തിന്റെ ലക്ഷ്യം സഭകളുടെ ഐക്യമാണ്. അതുകൊണ്ട് വ്യക്തികളുടെ മാനസാന്തരം എക്യുമെനിക്കൽ പ്രസ്ഥാനത്തെ തകിടം മറിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

എക്യുമെനിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആണ്ടിൽ ഒരിക്കലെങ്കിലും കേരളത്തിലെ എല്ലാ മെത്രാന്മാരും സമ്മേളിക്കണമെന്ന് വർക്ക്ഷോപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. എക്യുമെനിക്കൽ ഡയലോഗ് നടത്താൻ മെത്രാന്മാരുടെ ഒരു സ്ഥിരം കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എല്ലാ സഭകളെയുംപറ്റി അറിവ് അത്യാവശ്യമായതുകൊണ്ട്, എല്ലാ ക്രൈസ്തവ വിഭാഗങ്ങളിലെയും അൽമായരും വൈദികരും ഉൾപ്പെടെയുള്ള ഒരു കമ്മിറ്റി വേണ്ട മാർഗ്ഗനിർദ്ദേശവും പ്രധാനപ്പെട്ട സാമൂഹ്യ കാര്യങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കാനുള്ള നേതൃത്വവും നൽകേണ്ടിയിരിക്കുന്നു. എക്യുമെനിക്കൽ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും സംയോജിപ്പിക്കാനുംവേണ്ടി ഒരു എക്യുമെനിക്കൽ സെന്റർ വേണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഒരു പ്രദേശത്തുള്ള വിവിധ ക്രൈസ്തവ വിഭാഗങ്ങളിലെ കുടുംബങ്ങൾ കൂടെക്കൂടെ ഒന്നിച്ച് ചേരണമെന്നും മതപരവും സാമൂഹ്യവും മറ്റുമായ പൊതുപരിപാടി ആസൂത്രണം ചെയ്യണമെന്നും ഞങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്. വിവിധ ക്രൈസ്തവ വിഭാഗങ്ങളിലെ അംഗങ്ങൾ സാധിക്കാവുന്നിടത്തോളം രംഗങ്ങളിൽ ഒന്നിച്ചു പ്രവർത്തിക്കേണ്ടതും സഹകരിക്കേണ്ടതുമാണ്. ഉദാഹരണമായി ക്രിസ്തുമസ് കരോൾ, പൊതു പ്രാർത്ഥനായോഗം (പ്രത്യേകിച്ച് സഭൈക്യവാരത്തിൽ) എന്നിവ പൊതുവായി നടത്താം. ഇങ്ങനെയുള്ള പൊതുകാര്യങ്ങളിൽ എല്ലാ ക്രൈസ്തവ സഭകളും സഹകരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി സ്കൂളുകളും കോളേജുകളും ഹോസ്പിറ്റലുകളും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളും മുന്നോട്ടു വരേണ്ടിയിരിക്കുന്നു. മലയാളത്തിൽ പൊതു ബൈബിൾ വളരെവേഗം ഉണ്ടാകേണ്ടതാണ്.

വിവിധ ക്രൈസ്തവ സഭകൾ തമ്മിലുള്ള സഹകരണം വ്യക്തികൾ തമ്മിൽ മാത്രമായിരിക്കരുത്. ഇടവക തലത്തിലും അത് വേണം. പ്രത്യേകിച്ച് ക്രിസ്തുമസ്, സെന്റ് തോമസ് ദിനം മുതലായ അവസരങ്ങളിൽ.

പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും വിവിധ ക്രൈസ്തവ വിഭാഗങ്ങൾ ഒരേ കെട്ടിടവും പള്ളിയും ഉപയോഗിക്കുന്ന രീതി പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് ഞങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്. ഒരു പള്ളിയുള്ള പ്രദേശത്ത്, ആ പള്ളിയുമായി സഹകരിക്കാമെന്നിരിക്കെ, മറ്റൊരു ക്രൈസ്തവ വിഭാഗം വേറൊരുപള്ളി പണിയുന്ന സമ്പ്രദായം നിരുത്സാഹപ്പെടുത്തേണ്ടതാണ്. കേരളത്തിൽ ഇന്നുള്ള സാഹചര്യത്തിൽ സഭകൾ തമ്മിൽ പൊതുവായ സഹകരണം സാധ്യമായ കാര്യങ്ങളിൽ, രണ്ടാം വത്തിക്കാൻ കൗൺസിലി

www.malankaralibrary.com

ന്റെയും ക്രൈസ്തവൈക്യം പരിപോഷിപ്പിക്കാൻവേണ്ടി 1967 മെയ് 14-ാം തീയതി വത്തിക്കാൻ സെക്രട്ടറിയേറ്റ് നൽകിയ ഡയറക്ടറിയുടെയും നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് ഞങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്.

കേരളത്തിൽ നിലവിലുള്ള റീത്തുകളുടെ സവിശേഷതയ്ക്കും വ്യക്തിത്വത്തിനും ഭീഷണി ആയിരിക്കുന്നിടത്തോളം, കേരള കത്തോലിക്കാ സഭയിൽ ഇന്ന് ഏക റീത്തുകൊണ്ടുവരാനുള്ള ചില നടപടികൾ തീർച്ചയായും എക്യുമെനിസത്തിന് ഹാനികരമായിരിക്കുമെന്നാണ് വർക്ക് ഷോപ്പിന്റെ അഭിപ്രായം. ആ നടപടി നമ്മിൽനിന്ന് പിരിഞ്ഞു പോയിട്ടുള്ള സഹോദരങ്ങളോട് ഡയലോഗ് നടത്തുന്നതിന് തടസ്സം സൃഷ്ടിക്കും. വർക്ക്ഷോപ്പിന്റെ ഈ അഭിപ്രായത്തോട് ഒരു മെമ്പർ യോജിച്ചില്ല.

**പ്രമേയം-** മുൻപറഞ്ഞ കാര്യങ്ങൾക്കുവേണ്ടി കേരളത്തിലെ എല്ലാ മെത്രാന്മാരും ആണ്ടിലൊരിക്കൽ സമ്മേളിക്കണമെന്നും എക്യുമെനിക്കൽ ഡയലോഗ് പ്രാവർത്തികമാക്കാൻ മെത്രാന്മാരുടെ ഒരു സ്ഥിരം കമ്മിറ്റി ഏർപ്പെടുത്തണമെന്നും എക്യുമെനിക്കൽ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും ഒരു എക്യുമെനിക്കൽ സെന്റർ സ്ഥാപിക്കണമെന്നും ഞങ്ങൾ തീരുമാനിക്കുന്നു.

## വിലയിരുത്തൽ

എക്യുമെനിക്കൽ ഡയലോഗ് പ്രാവർത്തികമാക്കാൻ സഭാ തലത്തിൽ ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും സാധാരണ ജനങ്ങളിലേക്ക് ആ സന്ദേശം എത്തിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. കേരളത്തിൽ ഇന്നുള്ള സഭകൾ തമ്മിൽ ചർച്ചകൾ നടത്തുന്നുണ്ടെങ്കിലും സെമിനാർ നിർദ്ദേശിച്ചതുപോലെ എക്യമെനിക്കൽ സംരംഭങ്ങൾ നടന്നതായി തോന്നുന്നില്ല. ക്രിസ്തുമസ്, സെന്റ് തോമസ് ദിനം മുതലായ അവസരങ്ങളിൽ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും വിവിധ ക്രൈസ്തവവിഭാഗങ്ങൾ ഒരേ കെട്ടിടവും പള്ളിയും ഉപയോഗിക്കണമെന്ന നിർദ്ദേശവും ഒരു പള്ളിയുടെ പ്രദേശത്ത്, ആ പള്ളിയുമായി സഹകരിക്കാമെന്നിരിക്കെ, മറ്റൊരു ക്രൈസ്തവ വിഭാഗം വേറൊരു പള്ളി പണിയുന്ന സമ്പ്രദായം നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും സെമിനാർ അഭിപ്രായപ്പെട്ടെങ്കിലും ഇതുവരെ പ്രാവർത്തികമായിട്ടില്ല ചില പട്ടണ പ്രദേശങ്ങളിൽ സംയുക്ത ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തുന്നുണ്ടെന്നകാര്യം വിസ്മരിക്കുന്നില്ല.

www.malankaralibrary.com

# 5. ഉപസംഹാരം

കേരളസഭാചരിത്രത്തിലെ ഒരു നിർണ്ണായക സമ്മേളനമെന്ന് സർവ്വരാലും അംഗീകരിച്ച റീജണൽ സെമിനാറിന്റെ ശുപാർശകളാണ് മേലുദ്ധരിച്ചത്. അതിൽ എന്തുമാത്രം പ്രാവർത്തികമാക്കി. എന്തുമാത്രം പ്രാവർത്തികമാക്കാൻ ശ്രമിച്ചു. ശുപാർശകൾ പ്രാവർത്തികമാക്കുന്നതിൽ കാണിച്ച താൽപര്യം എന്തുമാത്രം എന്നെല്ലാം - ചർച്ച ചെയ്ത് വിലയിരുത്തുവാൻ ഒരു ശ്രമം നടത്തേണ്ടതാണ്.

വത്തിക്കാൻ കൗൺസിൽ സമാപിച്ച് രണ്ട് ദശാബ്ദങ്ങൾ പൂർത്തിയായ സന്ദർഭത്തിൽ വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ എന്തുമാത്രം പ്രാവർത്തികമാക്കിയെന്നതിനെപ്പറ്റി വിലയിരുത്തുവാൻ മെത്രാന്മാരുടെ അസാധാരണ സിനഡ് 1985-ൽ ചേരുവാൻ നിശ്ചയിക്കുകയുണ്ടായി. അതേപ്പറ്റി ഇടവക - രൂപതാ റീജണൽ - നാഷണൽ ലവലിൽ ചർച്ചകൾ നടത്തി മെത്രാന്മാരുടെ സിനഡിന് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. അതനുസരിച്ച് ഇടവക രൂപത പ്രാദേശികതലത്തിൽ ഒരിടത്തും സമ്മേളനം നടന്നതായി അറിവില്ല. കേരളത്തിൽ ആളൂർബറ്റർലൈഫ് സെന്ററിൽ മാത്രമാണ് ഒരു ചർച്ച നടന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങൾ എന്തുമാത്രം പ്രാവർത്തികമാക്കിയെന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ 1968 ലെ കേരള റീജണൽ സെമിനാറിന്റെ തീരുമാനങ്ങൾ എന്തുമാത്രം പ്രാവർത്തികമാക്കിയെന്നതിനെപ്പറ്റി വിലയിരുത്തിയാൽ മതിയാകും.

കേരള കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ ഒരു നാഴികക്കല്ലെന്ന്, സന്യായമായും സ്വാർത്ഥകമായും വിശേഷിപ്പിക്കാവുന്ന സഹകരണത്തിന്റെയും സംഘടിത പ്രവർത്തനത്തിന്റേയും അരൂപിയുടെ തണലിലും നിഴലിലും 45 വർഷങ്ങൾക്കുമുമ്പ് ആലുവാ മംഗലപ്പുഴ സെമിനാരിയിൽവച്ച്, "ഇന്നത്തെ ഇന്ത്യയിലെ സഭ" എന്ന വിഷയത്തെ ആധാരമാക്കി നടത്തപ്പെട്ട റീജണൽ സെമിനാറിൽ പങ്കെടുത്തവർ മഹത്തരമായ ഒരു കർത്തവ്യം നിറവേറ്റിയെന്നത് അനിഷേധ്യമായ ഒരു വസ്തുതയാണ്.

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ നിന്ന് ഉരുത്തിരിഞ്ഞ ചിന്തകളിലും സമീപന രീതികളിലും നിന്ന് കാലോചിതവും, ആരോഗ്യപൂർണ്ണവും, ചൈതന്യനിർഭരവുമായ ഒരു മുഖച്ഛായ സഭയ്ക്ക് നൽകുകയെന്നതായിരുന്നു സെമിനാർ ലക്ഷ്യീകരിച്ചിരുന്നത്. ആദ്ധ്യാത്മിക ജീവിതം - ആരാധനക്രമവും, മതബോധനവും - ഇതരമതങ്ങളോടുള്ള സംഭാഷണം - സംസ്കാരം

www.malankaralibrary.com

- വിദ്യാഭ്യാസ പ്രവർത്തനങ്ങൾ - സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങൾ - വാർത്താവിനിമയോപാധികൾ - നേതൃത്വം - കുടുംബം - എക്യുമനിസം - തൊഴിൽ തുടങ്ങിയ വിഷയങ്ങളെ പുരസ്കരിച്ച്, തുറന്നതും കൂലങ്കഷവുമായ ചർച്ചകളും, നിഗമനങ്ങളും അവയിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും വെളിച്ചംകണ്ടു. അവയെല്ലാംതന്നെ, യഥാസമയം, സഭാധികാരികളുടെ ശ്രദ്ധയ്ക്കും പരിഗണനയ്ക്കും, സമർഹമായ രീതിയിൽ അവതരിപ്പിക്കുകയുമുണ്ടായി. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, 1968-ലെ കേരള റീജണൽ സെമിനാർ വിഭാവനം ചെയ്തിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന പരിപാടികളും ചർച്ചകളിലും, നിർദ്ദേശങ്ങളിലും മാത്രമായി ഒതുക്കി നിർത്തിയിരിക്കുകയാണ്, സഭാനേതൃത്വം. ഏതാനും ഒറ്റപ്പെട്ട നീക്കങ്ങളൊഴിച്ച് എറണാകുളത്തിനടുത്ത് രൂപംകൊണ്ടിട്ടുള്ള "പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററും, ആരാധന ക്രമത്തിലും, മതബോധന വിഷയത്തിലുമായി തുറന്നുവിട്ട ഏതാനും പരീക്ഷണങ്ങളും, വ്യതിയാനങ്ങളും മറ്റുമല്ലാതെ, കൂടുതൽ ഭാവനാത്മകവും, ചലനാത്മകവുമായ നീക്കങ്ങളൊന്നും നടത്തിയിട്ടില്ലെന്ന ദുഃഖസത്യം തുറന്നുകാട്ടാതെ തരമില്ല.

## കെ.സി.ബി.സി.യോട് ഒരഭ്യർത്ഥന

കേരള റീജയണൽ സെമിനാർ ഒരു ചരിത്രസംഭവമായിരുന്നു. അതിന്റെ തീരുമാനങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കാൻ നമുക്ക് സാധിച്ചു എന്നതിനെപ്പറ്റി ഗൗരവപൂർവ്വമായ ഒരു ചർച്ച നടത്തണം. ഈ ജൂബിലിവർഷത്തിൽ അതിനുള്ള ശ്രമങ്ങൾ നടത്തുക തന്നെ വേണം. 45 വർഷം മുൻപു നടന്ന സെമിനാറിൽ പങ്കെടുത്തവരുടെ ഒരു സമ്മേളനം ഈ വിഷയത്തെപ്പറ്റി വിലയിരുത്തുവാൻ വിളിച്ചുകൂട്ടുന്നത് ഉചിതമായിരിക്കും. ആ സെമിനാറിൽ പങ്കെടുത്തവരിൽ പലരും മരണപ്പെട്ടു കഴിഞ്ഞു. നല്ല ഒരു ശതമാനം ആളുകൾ യാത്രചെയ്യുവാൻ പറ്റാത്തവരായിരിക്കും.

സെമിനാർ തീരുമാനങ്ങൾ അവർക്ക് അയച്ചുകൊടുത്തതിനുശേഷം അവരുമായി ഒരു അഭിമുഖം നടത്തി റിപ്പോർട്ട് തയ്യാറാക്കി വിലയിരുത്തുക ആയിരിക്കും എളുപ്പം.

13 വിഷയങ്ങളെപ്പറ്റിയാണല്ലോ സെമിനാർ ചർച്ച ചെയ്തത്. അതിൽ പല വിഷയങ്ങളെപ്പറ്റിയും സമർപ്പിച്ച ശുപാർശകൾ പ്രയോഗത്തിൽ വരുത്തിയിട്ടുണ്ട്.

പൗരരാഷ്ട്രീയ ജീവിതം, വാർത്താവിനിമയോപാധികൾ, നേതൃത്വം എന്നീ വിഷയങ്ങളെപ്പറ്റി എടുത്ത തീരുമാനങ്ങളിൽ 10 ശതമാനം പോലും പ്രാവർത്തികമാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. അതിന്റെ കാരണം കണ്ടുപിടിക്കാൻ കെ.സി.ബി.സി.യും പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

www.malankaralibrary.com

**അനുബന്ധം 1**

# കേരള റീജനൽ സെമിനാറിലെ കമ്മറ്റികളും ഡലിഗേറ്റുകളും

## എക്സിക്യൂട്ടീവ് കമ്മിറ്റി

**പ്രസിഡണ്ട്** : മോസ്റ്റ് റവ. ഡോ. കുര്യാക്കോസ് കുന്നശ്ശേരി.
**വൈസ് പ്രസിഡണ്ട്** : ............. റൈറ്റ് റവ. മോൺ വർഗ്ഗീസ് കവലക്കാട്ട്
**ചെയർമാൻ** : ............. വെരി. റവ. ഫാ. ഡൊമിനിക്ക് ഒ.സി.ഡി.
**സെക്രട്ടറി** : .................................... ഫാ. ജോസഫ് കണ്ണത്ത്
**അസി.സെക്രട്ടറി** : .................................... ഫാ. ജോൺ അറയ്ക്കൽ
**അംഗങ്ങൾ:**

വെരി. റവ. മോൺ കുര്യൻ വഞ്ചിപ്പുരയ്ക്കൽ
വെരി. റവ. മോൺ ഇ. ലോപ്പസ്
വെരി. റവ. ഫാ. മെലേസിസ് സി.എം.ഐ.

ഫാ. പീറ്റർ ഉരാളിൽ
മിസ് പി.എൽ. ഏലിക്കുട്ടി
എബ്രഹാം ചാത്തപറമ്പിൽ
ഷെവ. ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം
മിസ്. എച്ച്. ഡിലിമ
മൈക്കിൾ തരകൻ
ഈ.പി. ആന്റണി
വർഗ്ഗീസ് വള്ളവന്തറ

## ഓർഗനൈസിംഗ് കമ്മറ്റി

**ആലപ്പുഴ:**
ഫാ. ജോസഫ് കോയിൽപറമ്പിൽ
സിസ്റ്റർ ഒലിവ് റോഡ്റിഗസ്
സി.എക്സ്. സെബാസ്റ്റ്യൻ

**കോഴിക്കോട് :**
സിസ്റ്റർ (ഡോക്ടർ) മരിയ,
ജീയോവാനി അൽബെരോനി
മിസ്. പിന്റോ
ഫാ. പോൾ വടക്കേൽ, എസ്. ജെ.

**ചങ്ങനാശ്ശേരി:**
സിസ്റ്റർ മഗ്ദലേന
ഫാ. ജോസഫ് പവ്വത്തിൽ
കെ.റ്റി. സെബാസ്റ്റ്യൻ

**കൊച്ചി:**
സിസ്റ്റർ മേരി ക്ലമന്റയിൻ
പ്രഫ. റ്റി.ജെ. ജോൺ
ഫാ. ജോസഫ്, കരിത്തറ

www.malankaralibrary.com

**എറണാകുളം:**
മിസ്. പി. എൽ. ഏലിക്കുട്ടി
പി.എ. ഫ്രാൻസിസ്
ഫാ. തോമ്മസ് കൊടിയൻ

**കോതമംഗലം:**
തോമസ് പീച്ചാട്ട്
സിസ്റ്റർ സെർവിയ സി.എം.സി.
ഫാ. ജോൺ വള്ളമറ്റം

**കോട്ടയം**
സിസ്റ്റർ മേരി ഗൊരേത്തി
പി.എം. ജോൺ
ഫാ. ജോസഫ്, കരോട്ടുകുന്നേൽ

**പാലാ:**
ഫാ. മാത്യു മടത്തിക്കുന്നേൽ
സിസ്റ്റർ സിൽവിയ
കെ.ജെ. തോമസ്

**കൊല്ലം:**
ക്ലമന്റ് ഡിക്രൂസ്
സിസ്റ്റർ മൈക്കലീത്ത മേരി
ഫാ. എ.ജെ. റൊസാരിയോ

**തലശ്ശേരി:**
സിസ്റ്റർ മാർട്ടിൻ മേരി
കെ.ജെ. തോമ്മസ്
ഫാ. ജോർജ്ജ് വലിയമറ്റം

**തിരുവല്ല:**
മിസ്സിസ് സാറാമ്മ എബ്രഹാം
സിസ്റ്റർ ക്ലാര എസ്.ഐ.സി.
ഫാ. എബ്രഹാം കളക്കുടി

**തൃശൂർ:**
ഫാ. ആന്റണി അന്തിക്കാട്ട്
എൻ.എ. ജോസ്
സിസ്റ്റർ സെറ്റെല്ലാ മരിയ

**തിരുവനന്തപുരം (അതിരൂപത):**
സിസ്റ്റർ ജോനാ
ഷെവ. ജോർജ്ജ് വർഗ്ഗീസ്, കണ്ണന്താനം
ഫാ. ഡൊമിനിക്ക് സക്കറിയ

**തിരുവനന്തപുരം (രൂപത):**
ജി.എം. ആന്റണി
സിസ്റ്റർ മേരി ജസ്റ്റിന
മോൺ. മാർക്ക്നെറ്റോ

**വരാപ്പുഴ:**
ഈ.പി. ആന്റണി
സിസ്റ്റർ മേരി ഡിഗ്ന
മോൺ ഇ. ലോപ്പസ്

**വിജയപുരം:**
സിസ്റ്റർ മേരി അലക്കാന്തറ
മാത്യു മട്ടത്താഴത്ത്
കെ.സി. തോമസ്

## സ്റ്റീയറിംഗ് കമ്മറ്റി

ഫിലിപ്പ് തയ്യിൽ
വർഗ്ഗീസ് വള്ളവന്തറ
പി.റ്റി. ചാക്കോ
കെ.എം. ജോസഫ്
എ.എം. മാത്യു
കെ.സി. ഈപ്പൻ
ഷെവ. ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം
മിസ്സിസ് സാറാമ്മ എബ്രഹാം
റ്റി.ഒ. മാത്യു
പി.എ. ഫ്രാൻസിസ്
ഫാ. ജേക്കബ്
ഫാ. ജോസഫ് ചേന്നാട്ട്
ഫാ. ആൽബർട്ട് നമ്പ്യാപറമ്പിൽ
സിസ്റ്റർ ബൊറോമിയ
ഫാ. ഡോമിനിക്, ഒ.സി.ഡി. (ചെയർമാൻ)
ഫാ. ജോസഫ് കണ്ണത്ത് (സെക്രട്ടറി)
ഫാ. ജോൺ അറയ്ക്കൽ
(അസി. സെക്രട്ടറി)

www.malankaralibrary.com

## സ്വീകരണ കമ്മറ്റി

ഫാ. നെമേസിസ് ഒ.സി.ഡി.
ഫാ. വർഗ്ഗീസ് പഴേമഠം
വർഗ്ഗീസ് വള്ളവന്തറ
റ്റി.ബി. തോമസ്
ഷെവ. ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം
ഈ.പി. ആന്റണി
മൈക്കിൾ തരകൻ
ഫാ. ജോസഫ് കേളന്തറ
ഫാ. ജെയിംസ് ചാവേലി
ഫാ. കെ. പറമ്പത്ത്
സിസ്റ്റർ റെജിസ്
സിസ്റ്റർ അഗസ്റ്റാ

## പബ്ലിസിറ്റി കമ്മറ്റി

ടോം ജോസ്
കെ.എം. ജോസഫ്
ജോൺ പെല്ലിശ്ശേരി
ഫാ. ജോർജ്ജ് വെളിപറമ്പിൽ
ഇ.പി. ആന്റണി
ഫാ. ജോൺ അറയ്ക്കൽ

## ഡെലഗേറ്റുകൾ

**മെത്രാപ്പോലീത്താമാരും മെത്രാന്മാരും**

1. മോസ്റ്റ് റവ. ഡോ. ജോസഫ് അട്ടിപ്പേറ്റി
   വരാപ്പുഴ ആർച്ച് ബിഷപ്പ്
   എറണാകുളം, കൊച്ചി – 11
2. മോസ്റ്റ് റവ. ഡോ. ബനഡിക്ട് മാർ ഗ്രിഗോറിയോസ്
   തിരുവനന്തപുരം ആർച്ചുബിഷപ്പ്
   പട്ടം, തിരുവനന്തപുരം – 4
3. മോസ്റ്റ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ
   എറണാകുളം ആർച്ച് ബിഷപ്പ്
   എറണാകുളം, കൊച്ചി – 11
4. മോസ്റ്റ് റവ. ഡോ. മാത്യു കാവുകാട്ട്
   ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ്
   ചങ്ങനാശ്ശേരി
5. മോസ്റ്റ് റവ. മാർ അപ്രേം
   മെത്രാപ്പോലീറ്റൻ ഓഫ് ദി ചർച്ച് ഓഫ് ദി ഈസ്റ്റ്,
   തൃശൂർ – 1
6. റൈറ്റ് റവ. ഡോ. ജെറോം എം. ഫെർണാണ്ടസ്
   കൊല്ലം ബിഷപ്പ്, കൊല്ലം
7. റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട്
   തൃശൂർ ബിഷപ്പ്, തൃശൂർ
8. റൈറ്റ് റവ. ഡോ. തോമസ് തറയിൽ, കോട്ടയം ബിഷപ്പ്,
   കോട്ടയം
9. റൈറ്റ് റവ. ഡോ. അൽഡോ മരിയ പത്രോണി
   കോഴിക്കോട് ബിഷപ്പ്
   കോഴിക്കോട് – 9
10. റൈറ്റ് റവ. ഡോ. അംബ്രോസ് അബസോള
    വിജയപുരം ബിഷപ്പ്, കോട്ടയം
11. റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വയലിൽ, പാലാ ബിഷപ്പ്, പാലാ
12. റൈറ്റ് റവ. ഡോ. അലക്സാണ്ടർ എടേഴത്ത്-കൊച്ചി ബിഷപ്പ്, കൊച്ചി

www.malankaralibrary.com

13. റൈറ്റ് റവ. ഡോ. മൈക്കിൾ ആറാട്ടുകുളം
ആലപ്പുഴ ബിഷപ്പ്, ആലപ്പുഴ
14. റൈറ്റ് റവ. സഖറിയാസ് മാർ അത്തനേഷ്യസ്
തിരുവല്ലാ ബിഷപ്പ്, തിരുവല്ല
15. റൈറ്റ് റവ. ഡോ. പീറ്റർ ബി. പെരേര
തിരുവനന്തപുരം ബിഷപ്പ്
വെള്ളയമ്പലം
തിരുവനന്തപുരം - 3
16. റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി
തലശ്ശേരി ബിഷപ്പ്, തലശ്ശേരി
17. റൈറ്റ് റവ. ഡോ. മാത്യു പോത്തനാംമൂഴി
കോതമംഗലം ബിഷപ്പ്
കോതമംഗലം
18. റൈറ്റ് റവ. ഡോ. കുര്യാക്കോസ് കുന്നശ്ശേരി, കോട്ടയം

## വൈദികരും അൽമായരും

1. ഫാ. സി.എ. എബ്രഹാം
മാർ ഇവാനിയോസ് കോളജ്
തിരുവനന്തപുരം
2. കെ.വി. എബ്രഹാം
പഞ്ചായത്ത്
വാഴക്കുളം പി.ഒ., മൂവാറ്റുപുഴ
3. പി.സി. എബ്രഹാം
പല്ലാട്ടുകുന്നേൽ
ചെമ്മലമറ്റം, കാളകെട്ടി പി.ഒ.
4. റവ. പി. എസ്. എബ്രഹാം
കോർ എപ്പിസ്ക്കോപ്പാ
തെങ്ങുംതോട്ടത്തിൽ
അയിരൂർ, തിരുവല്ല
5. മിസ്സിസ് സാറാമ്മ എബ്രഹാം
ജ്യോതി, കടപ്പാറ
കുമ്പനാട്, തിരുവല്ല
6. ഫാ. ഫ്രാൻസിസ് ആചാര്യ
കുരിശുമല ആശ്രമം
വാഗമൺ പി.ഒ.
7. ഫാ. അഡപ്പൂർ എസ്.ജെ.
ലുമെൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി - 16
8. സിസ്റ്റർ അലക്കാന്തറ
മൗണ്ട് കാർമ്മൽ ട്രെയിനിംഗ് കോളേജ്, കോട്ടയം - 1
9. ഫാ. അലോഷ്യസ് സി.എസ്.റ്റി.
ലിറ്റിൽ ഫ്ളവർ സ്റ്റഡിഹൗസ്
ആലുവാ - 1
10. ജോസഫ് അഞ്ചനാട്ട്
എസ്.ബി. കോളജ്
ചങ്ങനാശ്ശേരി
11. എം.സി. ഏഞ്ചൽ
ഷോപ്പ് നമ്പർ - 33
മെയിൻ ബസ്സാർ, മൂന്നാർ
12. സി.എൽ. ആന്റണി
വിമലാ കോളജ്, ചേറൂർ,
തൃശൂർ
13. ഇ.പി. ആന്റണി
നടാട്ടി, കൊച്ചി - 18
14. ഫാ. ആന്റണി സി.എം.ഐ.
കർമ്മലീത്താ ആശ്രമം
മാന്നാനം പി.ഒ., കോട്ടയം
15. ജി.എം. ആന്റണി
കാവുവില്ല ഹൗസ്
കരുവാലിക്കുന്ന്
തിരുവനന്തപുരം - 1
16. ആന്റണി ജോസ്
റ്റി.സി. 22/230, വഞ്ചിയൂർ
തിരുവനന്തപുരം - 1

www.malankaralibrary.com

17. പി.ആർ. ആന്റണി
മൂലക്കുഴി
നാസെറെത്ത്, കൊച്ചി - 2

18. ഫാ. ജോൺ അറയ്ക്കൽ
പി.ഒ.സി., ആലുവാ - 3

19. ഫാ. സേവ്യർ അരശ്ശേരിൽ
സെന്റ് ആന്റണീസ് ഓർഫനേജ്,
ആലപ്പുഴ

20. ജോസഫ് ജോസ്
അരയക്കുന്നേൽ
ഏഴുമുറ്റം പി.ഒ., തൊടുപുഴ

21. ഫാ. ആന്റണി അന്തിക്കാട്ട്
പെറ്റി സെമിനാരി, തോപ്പ്
തൃശ്ശൂർ - 5

22. എം.വി. അഗസ്റ്റിൻ
സേവാഭവൻ, ഓച്ചംതുരുത്ത്
കൊച്ചി-1

23. ഹെന്റി ഓസ്റ്റിൻ
ഹൈക്കോർട്ട് റോഡ്
എറണാകുളം, കൊച്ചി - 11

24. സുകുമാർ അഴീക്കോട്
പ്രിൻസിപ്പൽ,
എസ്.എൻ.ട്രെയിനിംഗ് കോളേജ്,
മൂത്തുകുന്നം

25. ഫാ. എം.എം. ബലാഗ്വർ
സെന്റ് സേവ്യേഴ്സ് കോളേജ്
ബോംബെ - 1

26. സി.റ്റി. ബഞ്ചമിൻ
പ്രിൻസിപ്പൽ
യു.സി. കോളേജ്, ആലുവാ - 2

27. ഫാ. ബെർനാർഡ് ഒ.എഫ്.എം.
കാൽവരി ഫ്രയറി
പുത്തോൾ, തൃശൂർ - 4

28. സിസ്റ്റർ ബിയാൻകാ
സെന്റ് ജോസഫ്സ് കോളജ്
ഇരിങ്ങാലക്കുട

29. സിസ്റ്റർ ബൊറോമിയ
കർമലീത്താ ആശ്രമം
തൈക്കാട്ടുകര, ആലുവാ

30. ഫാ. കനീഷ്യസ് സി.എം.ഐ.
പ്രയർ ജനറൽസ് ഹൗസ്
കൊച്ചി

31. സിസ്റ്റർ സെലിൻ
കർമ്മലീത്താ ആശ്രമം
തൈക്കാട്ടുകര, ആലുവാ

32. കെ.സി. ചാക്കോ
പ്രോ വൈസ് ചാൻസലർ
കോഴിക്കോട് യൂണിവേഴ്സിറ്റി
കോഴിക്കോട്

33. പി.റ്റി. ചാക്കോ
കല്ലറയ്ക്കൽ, മൂവാറ്റുപുഴ

34. മിസ്. വി.എൽ. ചർലോട്ടി
വല്ലിവില്ല ഹൗസ്, കൊല്ലം

35. എബ്രഹാം ചാത്തപറമ്പിൽ
പട്ടണക്കാട്, ചേർത്തല

36. ഫാ. ജെയിംസ് ചാവേലി
പൊന്തിഫിക്കൽ സെമിനാരി
ആലുവാ - 3

37. ഫാ. ജോസഫ് ചേന്നാട്ട്
സെന്റ് ആൽബർട്ട്സ്
ഹൈസ്കൂൾ, കൊച്ചി - 18

38. പി.ജെ. ചെറിയാൻ
റോയൽ സ്റ്റുഡിയോ
കൊച്ചി - 11

39. അഡ്വ. സി.വി. ജേക്കബ്
ചെറുവള്ളിക്കാട്ട്, ചേർത്തല

40. മിസ് കെ.എം. ചിന്നമ്മ
കളത്തിൽ ഹൗസ്
ഒളശ്ശ പി.ഒ., കോട്ടയം

41. ഫാ. ക്രിസ്റ്റി ദാനിയേൽ
സെന്റ് സെബാസ്റ്റ്യൻസ്
ചർച്ച്, മാവേലിക്കര

www.malankaralibrary.com

42. സിസ്റ്റർ മേരി ക്ലമന്റയിൻ
ഒ.എൽ. കോൺവെന്റ്, കൊച്ചി- 5
43. സിസ്റ്റർ മേരി കൊലെറ്റ്
കാർമ്മെൽ ഹോസ്റ്റൽ
പട്ടത്താനം, കൊല്ലം - 1
44. മിസ് മേരി കോൺസ്റ്റാൻസ്
ടോപ്, തിരുവനന്തപുരം - 6
45. ഫാ. കോൺസ്റ്റന്റയിൻ സി.എം.ഐ.
കർമ്മലീത്താ ആശ്രമം
പുളിങ്കുന്ന്, കൊല്ലം
46. സിസ്റ്റർ ക്രിസ്പിൻ
സിസ്റ്റേഴ്സ് ഓഫ് ദി ഡെസ്റ്റിറ്റ്യൂട്ട്
ചുണങ്ങംവേലി, ആലുവാ
47. ഫാ. സിറിൽ ഒ.ഐ.സി.
സെന്റ് തോമ്മസ്
അപ്പ: സെമിനാരി, വടവാതൂർ
48. ക്ലെമന്റ് ഡിക്രൂസ്
ഫാത്തിമാ കോളജ്, കൊല്ലം
49. സിസ്റ്റർ ഡിഗ്ന
സെന്റ് തെരേസാസ് കോളജ്
കൊച്ചി - 11
50 സിസ്റ്റർ എച്ച്.ഡിലിമാ
വിമലാലയം, കൊച്ചി
51 ഫാ.ഡൊമിനിക് ഒ.സി.ഡി.
റെക്ടർ
പൊന്തിഫിക്കൽ സെമിനാരി
ആലുവ
52 ഡോ.കെ.എം.ഡൊമിനിക്ക്
പുഷ്പഗിരി ഹോസ്പിറ്റൽ
തിരുവല്ല
53 സിസ്റ്റർ ഡൊറോത്തി
ഒ.എൽ.കോൺവെന്റ്
ചത്തിയാത്ത്, കൊച്ചി-18
54 ഫാ.പാട്രിക്ക് ഡിസൂസ
സി.ബി.സി.ഐ.സെന്റർ
ന്യൂ ഡൽഹി-1
55 ഈപ്പൻ ആന്റണി
മേടയിൽ -വെണ്ണിക്കുളം,തിരുവല്ല
56 കെ.സി.ഈപ്പൻ
മസ്ദൂർ പ്രിന്റേഴ്സ്, ആലപ്പുഴ
57 പി.വി. എഡ്വേർഡ്
തിരുവനന്തപുരം
58 സിസ്റ്റർ മേരി എസ്പിരിത്ത്
സിനക്കിൾ,ആലുവാ-2
59 സിസ്റ്റർ ഫാത്തിമാ
മെഴ്സി ഹോം, അതിരമ്പുഴ
60 മിസ്.ഫെറിന ലോറെട്ട
മേരിനാട് കോളനി
പുതുക്കുറിച്ചി പി.ഒ.
തിരുവനന്തപുരം
61 മിസ്. ഫെർണാണ്ടസ്
ബർത്താനൊറീൻ
ഫാത്തിമ കോളേജ്,കൊല്ലം
62 മിസ്. ഫിഗാർഡൊ റേച്ചൽ
വില്ലാഗ്രീൻസ്, കൊച്ചി-5
63 സിസ്റ്റർ ഫീനിയ
പ്രൊവിൻഷ്യൽ ഹൗസ്
കൊച്ചി-11
64 പി.എ. ഫ്രാൻസീസ്
പുല്ലേപ്പാടി,കൊച്ചി-18
65 ഫാ.പി.എൽ.ഫ്രാൻസിസ്
മാർ യോഹന്നാൻമാംദാന
ചർച്ച്, തൃശൂർ-5 ഈസ്റ്റ്
66 ഏ.സി. ജോർജ്ജ്
ബി.29 ഫാക്ട് ക്വാർട്ടേഴ്സ്
ഉദ്യോഗമണ്ഡൽ
67 സി.എ.ജോർജ്ജ്
ഫാത്തിമ കോളേജ്,കൊല്ലം
68 ജോർജ്ജ് ഡബ്ളിയു.ഒ.
വൈ.എം.സി.എ.
ഏരിയാ സെക്രട്ടറി
തോട്ടുമ്മുഖം, ആലുവ

www.malankaralibrary.com

69 കെ.എം.ജോർജ്ജ്
മൂവാറ്റുപുഴ
70 ഫാ.ഗ്രാഷ്യൻ ഒ.എഫ്.എം.
ലൊറേറ്റോ ഫ്രയറി
മൂവാറ്റുപുഴ
71 ഫാ.ഗ്രിഗറി ഫ്രാൻസിസ് ഒ.സി.ഡി.
കർമ്മലീത്താ ആശ്രമം
മഞ്ഞുമ്മേൽ
72 സിസ്റ്റർ ഹബീഹ
ബഥനിമഠം
തിരുവനന്തപുരം-15
73 ഹെർഷൽ
എക്സ്. മുൻസിപ്പൽ
ചെയർമാൻ, ഫോർട്ടു കൊച്ചി
74 സിസ്റ്റർ മേരി ഇമെൽഡാ
ഹോളിഫാമിലി കോൺവെന്റ്
കാട്ടൂർ. ആലപ്പുഴ
75 ഫാ.ആന്റണി ഇരിമ്പൻ
ആർ. സി.ചർച്ച്
അരിമ്പൂർ, വേലത്തൂർ പി.ഒ.
76 കെ.യു.ഇട്ടിഐപ്പ്
കിഴക്കേക്കര
മണ്ണാർകാട്
77 സാധു ഇട്ടിയവിരാ
കടനാട്
പാലാ.
78 ഫാ.ജേക്കബ് ഒ.എഫ്.എം.
അസ്സീസി ഫ്രയറി, കൊല്ലം
79 മിസിസ് തങ്കമ്മ ജേക്കബ്
മീറ്റാ ഹൗസ്, കൊച്ചി-2
80 റ്റി.ജെ .ജോബ്
തൈക്കൂട്ടത്തിൽ
കുമ്പളങ്ങി, കൊച്ചി
81 കെ.എക്സ്.ജോൺ
29/363 കുന്നലക്കാട്ട്
പെരുമാനൂർ, കൊച്ചി

82 കെ.പി.ജോണി
മുൻ മുനിസിപ്പൽ ചെയർമാൻ
ഇരിങ്ങാലക്കുട
83 പി.എം.ജോൺ
പുല്ലാപ്പള്ളി ഹൗസ്, കോട്ടയം
84 ഫാ.ജോനാസ് സി.എം.ഐ.
ധർമ്മാരാം കോളേജ്
ബാംഗ്ലൂർ -29
85 എൻ.കെ.ജോസ്
നമശിവായം
കുടവെച്ചൂർ, വൈക്കം
86 എൻ.എ.ജോസ്
സെന്റ് തോമസ് കോളേജ്
തൃശൂർ
87 പി.ഡി.ജോസ്, അഡ്വക്കേറ്റ്
ഈസ്റ്റ് ഫോർട്ട് ഗെയിറ്റ്
തൃശൂർ - 5
88 ടോം ജോസ്, അങ്കമാലി
89 ബാബു ജോസഫ്
യു.സി.കോളേജ്, ആലുവാ-2
90 ഇ.എം.ജോസഫ്
അഡ്വക്കേറ്റ്, പാലാ
91 കെ.എം.ജോസഫ്
ദീപിക, കോട്ടയം
92 മിസിസ് കുസുമം ജോസഫ്
എക്സ് .എം.എൽ.എ.
തൊടുപുഴ
93 എം.കെ.ജോസഫ്
മുത്തിപ്പീടികയിൽ
പൊൻകുന്നം, തിരുവനന്തപുരം
94 മിസിസ് മേരി ജോസഫ്
ജെംഫീൽഡ്
പുല്ലപ്പാടി, കൊച്ചി-18
95 ഒ.പി.ജോസഫ്
പി.ആർ.ഒ., എഫ്.എ.സി.റ്റി.
ഉദ്യോഗമണ്ഡൽ

www.malankaralibrary.com

96 പി.റ്റി.ജോസഫ്
സെന്റ് അലോഷ്യസ് കോളേജ്
എടത്വാ
97 ജെസ്സി
റീജിയണൽ എൻജിനീയറിംഗ്
കോളേജ്, കോഴിക്കോട്
98 ജോൺ കച്ചിറമറ്റം
രാമപുരം, കോട്ടയം
99 ബ്രദർ ജെയിംസ്
കൈപ്പൻപ്ലാക്കൽ
സെന്റ് തോമസ്
അപ്പസ്തോലിക്ക് സെമിനാരി
വടവാതൂർ, കോട്ടയം -10
100 മോൺ.കാളാശ്ശേരി
എസ്.ബി.കോളേജ്
ചങ്ങനാശ്ശേരി
101 ജോർജ്ജ് കളപ്പുരയ്ക്കൽ
റൂബിനഗർ, ചങ്ങനാശ്ശേരി
102 ഫാ.ജോസഫ് കളരിക്കൽ
പാറമ്പുഴ ചർച്ച്
പെരുമ്പായിക്കാട് പി.ഒ.
കോട്ടയം
103 ഫാ. എബ്രഹാം കളക്കുടി
സെന്റ് മേരീസ് ചർച്ച്
അയിരൂർ
104 ബ്രദർ തോമസ് കളം
ധർമ്മാരാം കോളേജ്
ബാംഗ്ലൂർ -29
105 ജി.വി. കണ്ണന്താനം
എറണാകുളം, കൊച്ചി-16
106 മിസ് തങ്കമ്മ കണ്ടങ്കേരി
നിർമ്മലാ ഹോസ്റ്റൽ
ചങ്ങനാശ്ശേരി
107 മാത്യു കണ്ടം
കാരിക്കോട്ടകരി
കൂമന്തോട് പി.ഒ., കണ്ണൂർ
108 സിസ്റ്റർ ഇഗ്നേഷ്യ കണ്ടത്തിൽ
ഹോളിക്രോസ് കോൺവെന്റ്
കൊട്ടിയം, കൊല്ലം
109 ഫാ.ജോസഫ് കണ്ണത്ത്
പി.ഒ.സി., ആലുവ
110 ഫാ. സെബാസ്റ്റ്യൻ കാപ്പൻ
എസ്.ജെ, ലിയോ XIII ആലപ്പുഴ
111 ഫാ. മാത്യു കാട്ടടി
ലൂർദസ് ചർച്ച്
തിരുവനന്തപുരം-4
112 ഫാ.പോൾ കട്ടിശ്ശേരി
ആർ.സി.ചർച്ച്
മട്ടാഞ്ചേരി, കൊച്ചി-2
113 മോൺ. വർഗ്ഗീസ് കവലക്കാട്ട്
ആർച്ച് ബിഷപ്പ്സ് ഹൗസ്
എറണാകുളം, കൊച്ചി-11
114 ഫാ. ജോസഫ് കിഴക്കുന്തല
സെന്റ് തോമസ് ഫൊറൈൻ
ചർച്ച്
അമ്പഴക്കാട്, പാളയപ്പറമ്പ്
115 ഫാ. തോമസ് കൊടിയൻ
ഭാരതമാതാ കോളേജ്
തൃക്കാക്കര, ഇടപ്പള്ളി
116 ഫാ. ജോസഫ്
കോയിൽപറമ്പിൽ
ഹോളിഫാമിലി ഹൈസ്കൂൾ
കാട്ടൂർ, കലവൂർ,പി.ഒ.
ആലപ്പുഴ
117 ഫാ. സേവ്യർ കൂടപ്പുഴ
സെന്റ് തോമസ് അപ്പസ്തോ
ലിക്ക് സെമിനാരി
വടവാതൂർ, കോട്ടയം-10
118 ഫാ. ജോസഫ്
കരോട്ടുകുന്നേൽ
കാത്തലിക് ബിഷപ്സ് ഹൗസ്
കോട്ടയം

www.malankaralibrary.com

119 എബ്രഹാം കൊങ്ങമ്പുഴ
തരിയോട് പി.ഒ.
തെക്കെവയനാട്

120 മിസ്. മോളി. കുഞ്ചാക്കോ
ആലപ്പുഴ

121 ഫാ.ജോസഫ് കുരീത്തറ
മൗണ്ട് കാർമ്മൽ പെറ്റി
സെമിനാരി,കൊച്ചി–1

122 വർഗ്ഗീസ് കുര്യൻ
കരിപ്പായിൽ
വെങ്ങൽ, തിരുവല്ല–2

123 പി.എ. കുരുവിള
ചൂളയ്ക്കൽ, കൊച്ചി–11

124 മാത്തച്ചൻ കുരുവിനാക്കുന്നേൽ
പൈക, പൂവരണി പി.ഒ.

125 ബ്രദർ തോമസ് കഴിഞ്ഞാലയിൽ
സെന്റ് തോമസ് അപ്പസ്തോ
ലിക്ക് സെമിനാരി
വടവാതൂർ, കോട്ടയം–10

126 എം. മാത്യു കുഴിവേലി
ബാലൻ പബ്ലിക്കേഷൻസ്
നന്തൻകോട്, തിരുവനന്തപുരം

127 സിസ്റ്റർ ലിഡ്‌വിനാ
ബിഷപ്സ് ഹൗസ്
തിരുവനന്തപുരം

128 മോൺ. എമ്മാനുവേൽ ലോപ്പസ്
സെന്റ് ജോസഫ്സ് മൈനർ
സെമിനാരി, കൊച്ചി–11

129 സിസ്റ്റർ ലയോള
ഹോം സയൻസ് കോളേജ്
അങ്കമാലി

130 ഫാ. മാത്യു മടത്തിക്കുന്നേൽ
ബിഷപ്സ് ഹൗസ്, പാലാ

131 സിസ്റ്റർ മഗ്ദലെന
സെന്റ് തോമസ് ഹോസ്പിറ്റൽ
ചെത്തിപ്പുഴ, ചങ്ങനാശ്ശേരി

132 ഫാ. മത്തായി മലഞ്ചെരുവിൽ
ആർച്ച് ബിഷപ്സ് ഹൗസ്
തിരുവനന്തപുരം–4

133 മണവാളൻ ജോസ്
അഡ്വക്കേറ്റ്, ആലുവാ

134 ഫാ. ജോസഫ് മണവാളൻ
വിയാനി പ്രസ്, കൊച്ചി–18

135 ഫാ. സെബാസ്റ്റ്യൻ മങ്കുഴിക്കരി
പൊന്തിഫിക്കൽ സെമിനാരി
ആലുവാ–2

136 സിസ്റ്റർ മരിയ ഗോരേത്തി
സെന്റ് സ്റ്റീഫൻസ് കോളേജ്
ഉഴവൂർ, കോട്ടയം

137 സിസ്റ്റർ മരിയ സ്റ്റെല്ലാ
വിമല കോളേജ്
ചേറൂർ, തൃശൂർ–9

138 സിസ്റ്റർ മേരി മാർട്ടിൻ
നിർമ്മല ഭവൻ
തിരുവനന്തപുരം–3

139 മിസിസ് എലിസബത്ത്
മത്തായി
മുൻസിഫ്, കൊട്ടാരക്കര

140 എം. എം. മത്തായി
അഡ്വക്കേറ്റ്
തിരുവനന്തപുരം–4

141 ഡോ. സി. പി. മാത്യു
റിട്ടയേർഡ് പ്രിൻസിപ്പൽ
യു. സി. കോളേജ്
ആലുവാ–2

142. ജസ്റ്റിസ് കെ.കെ. മാത്യു
ഹൈക്കോർട്ട് എറണാകുളം

143 കെ. ജെ. മാത്യു, കാവാലം
ചങ്ങനാശ്ശേരി

144 കെ. എം. മാത്യു പാലാ
മലയാള മനോരമ, കോട്ടയം

www.malankaralibrary.com

145 എം. സി. മാത്യു, മേൽവട്ടം
മരങ്ങാട്ടുപിള്ളി, കോട്ടയം
146 റ്റി. മാത്യു നേശൻ
സെന്റ് സേവ്യേഴ്സ് കോളേജ്
കഴക്കൂട്ടം
147 റ്റി. ഒ. മാത്യു
സെന്റ് തോമസ് കോളേജ്
തൃശൂർ
148 എം.കെ. മാത്തുണ്ണി
മീനത്തേതിൽ ഹൗസ്
കറ്റാനം, പള്ളിക്കൽ
149 സിസ്റ്റർ മാവൂരൂസ്
എഫ്. സി. സി.
ക്ലാരിസ് കോൺവെന്റ്
ചങ്ങനാശ്ശേരി
150 ഫാ.കുര്യാക്കോസ് മ്യാലിൽ
എസ്. എച്ച്. മൗണ്ട് പി. ഒ.
കോട്ടയം-6
151 റവ. മാക്ക്ലാവ് ആൽഫ്രെഡ്
ബിഷപ്പ്സ് ഹൗസ്
വെള്ളയമ്പലം
തിരുവനന്തപുരം-3
152 വർഗ്ഗീസ് മേളാപറമ്പിൽ
പൊടിയാടി പി. ഒ., തിരുവല്ല
153 ഫാ. മെലേസിസ് സി. എം. ഐ.
രാജഗിരി, കളമശ്ശേരി
154 ജോർജ്ജ് മേനാച്ചേരി
അഞ്ചേരി, തൃശൂർ-6
155 കെ. എ. ദാമോദര മേനോൻ
അസോസിയേറ്റ് എഡിറ്റർ
മാതൃഭൂമി, കൊച്ചി-15
156 സിസ്റ്റർ മേരി, മൈക്കലിറ്റ
ഗൊരേത്തി ഹോസ്റ്റൽ, കൊല്ലം
157 ഫാ. മൂഴിയിൽ എസ്. ജെ
ക്രൈസ്റ്റ് ദി കിങ്ങ്
കാഞ്ഞിരപ്പള്ളി
158 ജോസഫ് മുണ്ടശ്ശേരി
ഈസ്റ്റ് ഫോർട്ട്, തൃശൂർ-5
159 ഫാ. ജോസഫ് മൂന്നാനപ്പള്ളി
എം. സി. ബി. എസ് സ്റ്റഡി
ഹൗസ്, ആലുവാ-2
160 ഫാ. മുരിക്കൻ എസ്. ജെ.
ലയോള കോളേജ്
ശ്രീകാര്യം,
തിരുവനന്തപുരം-17
161 എം. എസ്. മുതുകാടൻ
സെന്റ് തോമസ് കോളേജ്
പാലാ
162 ഫാ. മാത്യു മുട്ടത്താഴത്ത്
ഹോളി ഫാമിലി അപ്പസ്തോ
ലിക്ക് സ്കൂൾ
കോട്ടയം-4
163 മുത്തയ്യാ ദേവസഹായം
വാണിയങ്കോട്
പാറശ്ശാല, തിരുവനന്തപുരം
164 ഫാ. മാത്യു നടയ്ക്കൽ
ആർച്ചു ബിഷപ്പ്സ് ഹൗസ്
ചങ്ങനാശ്ശേരി
165 ഫാ. സഖറിയാസ് നടയ്ക്കൽ
ദീപിക, കോട്ടയം
166 ഫാ. ജേക്കബ്ബ് നല്ലൂർ എസ്. വി. ഡി.
വിശ്വദീപ്തി
കടുത്തുരുത്തി, കോട്ടയം
167 ഫാ. ആൽബർട്ട് നമ്പ്യാപറ
മ്പിൽ
ധർമ്മാരാം കോളേജ്
ബാംഗ്ലൂർ-29
168 പീയൂസ് നെടിയത്തറ
പാലാരിവട്ടം, എറണാകുളം
169 എം.ഒ. ജോസഫ് നെടുങ്കുന്നം
തൊഴിലാളി
തൃശൂർ -1

www.malankaralibrary.com

170. ജോർജ്ജ് ഓണക്കൂർ
മാർ ഇവാനിയോസ് കോളേജ്
തിരുവനന്തപുരം

171. ഫാ. എമ്മാനുവേൽ
പള്ളിക്കുന്നേൽ
വിൻസെൻഷ്യൽ വിദ്യാഭവൻ
ആലുവാ-2

172. അലക്സാണ്ടർ പറമ്പിത്തറ
എം.എൽ.എ., എറണാകുളം

173. പി.സി.പോൾ
എച്ച്.സി.എം.എസ്. ഓഫീസ്
നാഗമ്പടം, കോട്ടയം

174. മിസ്. ഷേർലിപോൾ
13/590 ബാനർജി റോഡ്
കൊച്ചി-11

175. ഫാ. അലക്സ് പയ്യമ്പള്ളിൽ
പുഷ്പഗിരി, തിരുവല്ല

176. ഫാ. പോൾ പഴേമ്പള്ളി
സെന്റ് ആന്റണീസ് ചർച്ച്
വലിയകുളം, കോട്ടയം

177. തോമസ് പീച്ചാട്ട്
കറ്റുകുഴി പി.ഒ.
കോതമംഗലം

178. ജോൺ പെല്ലിശ്ശേരി
മലയാളമനോരമ, കോട്ടയം

179. ഫാ. ഫിലിപ്പ് ഒ.സി.ഡി.
സെന്റ് ത്രേസ്യാസ്
മോണാസ്റ്ററി, എറണാകുളം

180. പി.റ്റി. ഫിലിപ്പ്
ചരിവുപുരയിടത്തിൽ
പൂഴിക്കുന്ന്
ചെല്ലക്കാട്ടു പി.ഒ., റാന്നി

181. സിസ്റ്റർ ഫിലോമിന
ബഥനി കോൺവെന്റ്
തിരുവല്ല - 1

182. ഫാ. അഗസ്റ്റിൻ പിൻഹീറോ
മൗണ്ട് കാർമ്മൽ ചർച്ച്
മൂന്നാർ

183. ഫാ. എബ്രാഹം പൂനോലി
എസ്.ഡി.ബി.
ഡോൺബോസ്കോ
ഇരിങ്ങാലക്കുട

184. ഫാ. ജോസഫ് പവ്വത്തിൽ
എസ്.ബി. കോളേജ്
ചങ്ങനാശ്ശേരി

185. ഫാ. ജോർജ്ജ് പുഞ്ചക്കുന്നേൽ
ബിഷപ്സ് ഹൗസ്
കോതമംഗലം

186. ഫാ. തോമസ് പുരയിടം
ബിഷപ്സ് ഹൗസ്, പാലാ

187. എൽ.എം. പൈലി
വൈറ്റില, എറണാകുളം

188. എം.വി.പൈലി
യൂണിവേഴ്സിറ്റി സെന്റർ
കളമശ്ശേരി

189. ഫാ. സാമുവൽ രായൻ എസ്.ജെ.
ലൂമെൻ ഇൻസ്റ്റിറ്റ്യൂട്ട്
കൊച്ചി-16

190. മിസ് ആഞ്ചെല റെബീറോ
13/278 പൗവ്വർ ഹൗസ് റോഡ്,
കൊച്ചി-18

191. സിസ്റ്റർ റെജിസ്
സെന്റ് തെരേസാസ്
കോളേജ് കൊച്ചി-11

192. സിസ്റ്റർ റോഡ്രിഗസ്ഒലിവ്
സെന്റ് ജോസഫ്സ്
കോളേജ് ആലപ്പുഴ

193. സിസ്റ്റർ റോസ് എസ്.ഐ.സി.
സെന്റ് തെരേസാസ് ബി.സി.
എച്ച്.സ്കൂൾ, ചെങ്ങരൂർ,
കല്ലൂപ്പാറ, തിരുവല്ല

www.malankaralibrary.com

194. സി.ഇസഡ്. സ്കറിയ
റൂബിനഗർ, ചങ്ങനാശ്ശേരി
195. സ്കറിയാ സ്കറിയാ
എസ്.ബി. കോളേജ്
ചങ്ങനാശ്ശേരി
196. മിസ്സിസ് സെബാസ്റ്റ്യൻ
വിൽഫ്രെഡ് സെലീൻ
ചെറിയതുറ,
തിരുവനന്തപുരം-8
197. സിസ്റ്റർ സെറാഫിയ
എസ്.എച്ച്. കാർമ്മലൈറ്റ്
കോൺവെന്റ്, തിരുവാമ്പാടി
കോഴിക്കോട്
198. സിസ്റ്റർ സെർവിയ സി.എം.സി.
സെന്റ് ജോസഫ്സ്
കോൺവെന്റ് വാഴക്കുളം
മൂവാറ്റുപുഴ
199. സിസ്റ്റർ സിൽവിയ സി.എം.സി.
കാർമ്മലൈറ്റ് ജനറൽ
തൈക്കാട്ടുകര, ആലുവാ
200. ഫാ. ജോസ് തച്ചിൽ
വിയാനി പ്രസ്സ്, കൊച്ചി-18
201. ഫാ. ജി. തളിയൻ
ആർ.സി.ചർച്ച്
ഉദ്യാനപുരം, വൈക്കം
202. കെ.എം. തരകൻ
മാർ അത്തനേഷ്യസ്
കോളേജ്, കോതമംഗലം
203. മൈക്കിൾ തരകൻ
തെക്കനാത്ത് പാറയിൽ
പൂച്ചാക്കൽ, ചേർത്തല
204. ഫാ. പോൾ തരനിയിൽ
ന്യൂമാൻ കോളേജ്
തൊടുപുഴ
205. മിസിസ് ആനി തയ്യിൽ
അഡ്വക്കേറ്റ്, കൊച്ചി-11
206. ഫിലിപ്പ് തയ്യിൽ
പ്രിൻസിപ്പൽ
ലോ കോളേജ് എറണാകുളം
207. മോൺ. പീറ്റർ തെക്കേവിളയിൽ
ബിഷപ്സ് ഹൗസ് , കൊല്ലം
208. ഫാ. ജി.റ്റി. തെക്കേക്കര
ഫാത്തിമാനഗർ, തൃശൂർ-5
209. കെ.സി. തോമസ്
പതിച്ചിറയിൽ, വേളൂർ
കോട്ടയം-3
210. കെ.ജെ. തോമസ് (ബേബി)
കമ്മ്യൂണിറ്റി സർവ്വീസ്
സെന്റർ, പാലാ
211. കെ.റ്റി. തോമസ്
സെന്റ് തോമസ്ഹൈസ്കൂൾ
പാലാ
212. എം.റ്റി. തോമസ്
എസ്.എച്ച്. ഹൈസ്കൂൾ
തിരുവാമ്പാടി
കോഴിക്കോട്
213. റവ.പി.റ്റി. തോമസ്
ക്രൈസ്തവാശ്രമം
മാങ്ങാനം, കോട്ടയം-18
214. റ്റി.തോമസ് റാഫേൽ
19/203 സീവ്യൂ വാർഡ്
ആലപ്പുഴ
215. റെക്സ് തോമസ്
ഹോസ്റ്റൽ നമ്പർ 1
മെഡിക്കൽ കോളേജ്
തിരുവനന്തപുരം - 11
216. റ്റി.ബി. തോമസ്
യു.സി.കോളേജ്, ആലുവാ-2
217. ഫാ. ജോസഫ് തോട്ടിൽ
സി.എം.ഐ.
കാർമ്മലൈറ്റ് മൊണാസ്റ്ററി
ബീച്ച്, ആലപ്പുഴ

www.malankaralibrary.com

218. മിസ് കെ.ജെ. ത്രേസ്യക്കുട്ടി
കുന്നത്തുവീട്
തോട്ടയ്ക്കാടു പി.ഒ.,
കോട്ടയം

219. സിസ്റ്റർ എം.ത്രേസ്യാ
പ്രോവിഡന്റ് കോൺവെന്റ്
കോഴിക്കോട്-11

220. മിസ്.ഒ.ജെ. ത്രേസ്യാക്കുട്ടി
ഒഴയ്ക്കൽ വീട്
കളത്തൂക്കടവ്, ഈരാറ്റുപേട്ട

221. ഫാ. അൽഫോൻസിസ്
തുണ്ടിൽ
ഫാത്തിമാകോളേജ്, കൊല്ലം

222. മാത്യു ഉലകംതറ
എസ്.എച്ച്. കോളേജ് തേവര
കൊച്ചി-13

223. ഫാ. പീറ്റർ ഊരാളിൽ
മോനിപ്പള്ളി, കോട്ടയം

224. ഫാ. ഇസിദോർ വടക്കൻ
ട്രെയിനിംഗ് കോളേജ്
മാന്നാനം കോട്ടയം

225. ഫാ. ജോസഫ് വടക്കൻ
കരിയച്ചിറ, തൃശ്ശൂർ

226. ഫാ. അലക്സാണ്ടർ
വടക്കുംതല
സെന്റ് ജോർജ്ജ്സ് ചർച്ച്
കൊച്ചി-16.

227. ഫാ. ജോൺ വള്ളമറ്റം
ബിഷപ്സ് ഹൗസ്
കോതമംഗലം

228. ജോർജ്ജ് വല്ലാട്ട്
10/443 കുന്നുകുഴി
തിരുവനന്തപുരം - 1

229. ഫാ. ജോർജ്ജ് വലിയമറ്റം
ബിഷപ്സ് ഹൗസ്
തലശ്ശേരി-1

230. വർഗ്ഗീസ് വളവന്തറ
കുന്നുകുഴി, തിരുവനന്തപുരം- 1

231. മോൺ.കുര്യൻ വഞ്ചിപ്പുര
സെന്റ് തോമസ് അപ്പസ്തോ
ലിക് സെമിനാരി
വടവാതൂർ, കോട്ടയം

232. ഇ.പി. വർഗ്ഗീസ്
മാർക്കറ്റ് റോഡ്, കൊച്ചി-11

233. എം.വി.വർക്കി
നിർമ്മലഗിരി കോളേജ്
കൂത്തുപറമ്പ്

234. ബ്രദർ ജോസഫ് വട്ടക്കളം
പൊന്തിഫിക്കൽ സെമിനാരി
ആലുവാ-3

235. മിസ് വാസ് എസ്റ്റല്ല
മൗണ്ട് കാർമ്മൽ ട്രെയ്നിംഗ്
കോളേജ്, കോട്ടയം-4

236. ഫാ. മാത്യു വാഴപ്പിള്ളേത്ത്
ആർ.സി. ചർച്ച്
ക്രിസ്തുരാജപുരം
മാർത്താണ്ഡം

237. മോൺ. സക്കറിയാസ്
വാഴപ്പിള്ളി
ബിഷപ്സ് ഹൗസ്, തൃശൂർ-5

238. ഫാ. ജോർജ്ജ് വെളിപ്പറമ്പിൽ
കേരളാ ടൈംസ്, കൊച്ചി-18

239. ഫാ. ജോസഫ് വെളിയത്തിൽ
പൊന്തിഫിക്കൽ സെമിനാരി
ആലുവാ-3

240. മോൺ മാത്യു വെള്ളാങ്കൽ
ബിഷപ്സ് ഹൗസ്
കോതമംഗലം

241. ഫാ. ജേക്കബ്ബ് വെള്ളിയാൻ
സെന്റ് തോമസ്
അപ്പസ്തോലിക് സെമിനാരി
കോട്ടയം-10

www.malankaralibrary.com

242. ഫാ. ജയിംസ് വെട്ടിക്കാട്
അസംപ്ഷൻ ചർച്ച്
എരുമേലി, കോട്ടയം

243. ജോസഫ് വിതയത്തിൽ
തേവര റോഡ്, കൊച്ചി-16.

244. മന്ത്രി ബി. വെല്ലിംഗ്ടൺ
കൽപ്പന ജഗതി
തിരുവനന്തപുരം

245. മിസ് വില്യം റോസ്
സെന്റ് ജോസഫ്സ്
കോളേജ്, ഇരിങ്ങാലക്കുട

246. ഫാ. സേവ്യർ അഗസ്റ്റിൻ
ബിഷപ്സ് ഹൗസ്
വെള്ളയമ്പലം
തിരുവനന്തപുരം-3

247. ഫാ. സക്കറിയാ ഡൊമിനിക്ക്
അടൂർ പി.ഒ., കൊല്ലം

248. മിസ്സിസ്സ് സക്കറിയാ മാത്യു
സിൽക്ക് സ്ട്രീറ്റ്
കോഴിക്കോട് -1

## സെക്രട്ടേറിയറ്റ്

1. സിസ്റ്റർ അഗസ്റ്റാ
കാർമ്മലൈറ്റ് കോൺവെന്റ്
പാലാ

2. ബ്രദർ കോമ്പനിച്ചിറ
സെന്റ് ജോസഫ്സ്
പൊന്തി.സെമിനാരി
ആലുവാ-3

3. പി.ജെ. ജോർജ്ജ്
പി.ഒ.സി.
മഞ്ഞുമ്മേൽ, ആലുവാ

4. സിസ്റ്റർ ഹെലിയോഡോറാ
സെന്റ് തെരേസാസ്
കോളേജ്, എറണാകുളം

5. സിസ്റ്റർ ഇമ്മിക്കുലാറ്റാ
സെന്റ് തെരേസാസ്
കോളേജ്, എറണാകുളം

6. സിസ്റ്റർ മേരി റോസ്
സെന്റ് തെരേസാസ്
കോളേജ്, എറണാകുളം

7. തോമസ് പുതുവാ
സെന്റ് ജോസഫ്സ്
പൊന്തി. സെമിനാരി,
ആലുവാ-3

8. സിസ്റ്റർ വിൻസെന്റ് മേരി
കാർമ്മലൈറ്റ് കോൺവെന്റ്
ചൊവ്വര, അങ്കമാലി.

www.malankaralibrary.com

## അനുബന്ധം 2

# സെമിനാറിലെ അനുഭവങ്ങൾ

## ഷെവ. ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം

സെമിനാർ അവസാനിച്ചു. പരിശുദ്ധാരൂപി സെമിനാറിൽ പങ്കെടുത്ത ദൈവജനത്തിന്റെ ഇടയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവെന്നാണ് എനിക്കു തോന്നുന്നത്. ഇന്നത്തെ കേരളസഭയെ നേരിടുന്ന പ്രധാനപ്രശ്നങ്ങൾ പഠിക്കാനും ചർച്ച ചെയ്യാനും ഇവിടെ സമ്മേളിച്ചവർ കാണിച്ച ആവേശം സഭാസ്നേഹികളായ എല്ലാവരെയും സന്തോഷിപ്പിക്കുന്നതായിരുന്നു ഞാനുൾപ്പെടെ ചിലർ തമ്മിൽ ചൂടുപിടിച്ച വാഗ്വാദങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങേ അറ്റത്തെ ആത്മാർത്ഥതയും സഭാസ്നേഹവുമാണു അതിനു കാരണം. ചർച്ച ഒരു കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അത് അൽമായരുടെ സ്ഥാനമാണ്. അവരിൽ കൂടുതൽ വിശ്വാസം അർപ്പിക്കയും അവർക്കു ഉത്തരവാദിത്വമുള്ള ഒരു പങ്ക് നല്കുകയും ചെയ്തില്ലെങ്കിൽ സഭ ഒരു പ്രതിസന്ധിയെ നേരിടേണ്ടതായിവരും. അതു അൽമായരും വൈദികരും തമ്മിൽ പിളർപ്പിനു ഇടയാക്കും. അൽമായർക്കു ആത്മപരിശോധനയും അന്തർമുഖതയും കുറവാണ്. സെമിനാറിൽ പല വർക്ക് ഷോപ്പുകളും വിലപ്പെട്ട ശുപാർശകളാണു അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ ശുപാർശകളുടെ സ്ഥിതി എന്തായിരിക്കുമെന്നും അവ നടപ്പിലാക്കുമോ എന്നും സെമിനാറിൽ പങ്കെടുത്തവർ ചോദിക്കുന്നുണ്ട്. അവ നടപ്പാക്കാതിരിക്കുകയാണെങ്കിൽ അൽമായർക്കു ഭീകരമായ നിരാശയുണ്ടാകും. ഇവിടെ സമ്മേളിച്ച അൽമായരുടെയും സന്യാസിനീ സന്യാസികളുടെയും വൈദികരുടെയും മെത്രാന്മാരുടെയും കണ്ണു തുറപ്പിക്കുന്നതായിരുന്നു സെമിനാർ. നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ പ്രതിരൂപം നമുക്കു ചുറ്റുമുള്ള ജനങ്ങളിൽ കൂടുതലായി പ്രതിഫലിപ്പിക്കാൻ ഈ സെമിനാർ വഴി നമുക്കു കഴിയട്ടെ എന്നു പ്രാർത്ഥിക്കുകയും ശരണപ്പെടുകയും ചെയ്യാം.

## ഫാ. വടക്കൻ

കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ ഇവിടെ ചൂടുപിടിച്ച വാഗ്വാദമുണ്ടായി. അടിവീഴുമെന്ന ഘട്ടംവരെയെത്തി. ഇപ്പോൾ ആ കൊടുങ്കാറ്റ് ശമിച്ചിരിക്കയാണ്. കേരളസഭയിൽ ജോൺ മാർപാപ്പായുടെ വീക്ഷണത്തിന്റെ ഉദയം കണ്ടുതുടങ്ങിയിരിക്കുന്നു. ഞാനും എന്നോടൊത്തു ഇവിടെ സമ്മേളിച്ചവരും ചില നല്ല കാര്യങ്ങൾ ഈ സെമിനാറിൽനിന്നു പഠിച്ചിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് അൽമായരുടെ ഇന്നത്തെ നിലപാടിനെ സംബന്ധിച്ച വസ്തുതകളാണ്. സഭയുടെ പുരോഗതിക്കുവേണ്ടി അവർ തീവ്രമായി ജാഗരൂകരായിരിക്കുന്നു. ജിജ്ഞാസയോടെ അവർ സഭൈക്യം കാത്തിരിക്കയാണ്. അവരിൽനിന്നു ഉഗ്രവിമർശനങ്ങളും ഉയരുന്നുണ്ട്. സഭാകാര്യങ്ങളിൽ പൂർവ്വാ

www.malankaralibrary.com

ധികം അൽമായരെ പങ്കെടുപ്പിക്കാനും വൈദികരെയും അൽമായരേയും ഇണക്കിക്കൊണ്ടുപോകാനും നമ്മുടെ വന്ദ്യമെത്രാന്മാർക്കു സെമിനാർ പ്രേരണ നല്കിയിട്ടുണ്ട്. സഭാശത്രുക്കളോടുള്ള നമ്മുടെ നിലപാടിലും പരിപൂർണ്ണമായ ഒരു വിപ്ലവം നാം വരുത്തിയിട്ടുണ്ട്. നമ്മുടെ അകത്തോലിക്ക സഹോദരങ്ങൾ മഹാമനസ്കതയോടെ ഇവിടെ സംസാരിച്ചു. അവർ സംസാരിക്കുമ്പോഴെല്ലാം നമ്മുടെ ഹൃദയം സ്നേഹംമൂലം ത്രസിക്കുകയായിരുന്നു. എക്യുമെനിസത്തിനു എന്തു നേടാമെന്നു ഈ സെമിനാറിൽത്തന്നെ ചുരുങ്ങിയ അളവിൽ നാം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. കൂടുതൽ എക്യുമെനിക്കൽ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നാം തീരുമാനിച്ചിരിക്കയുമാണ്. ഈ കാര്യങ്ങളുടെ പേരിൽ എന്റെ സന്തോഷവും കൃതജ്ഞതയും പ്രകാശിപ്പിച്ചുകൊള്ളട്ടെ.

## മിസ് ഷെർലി പോൾ - കൊച്ചി

എക്സിക്യൂട്ടീവ് കമ്മറ്റിയിലും ഉദ്ഘാടന സമ്മേളനത്തിലും ചർച്ച യിലും സമാപനസമ്മേളനത്തിലും മറ്റും വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയതിനു കേരള വിദ്യാർത്ഥികളുടെ പേരിൽ ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചു കൊള്ളട്ടെ. അടുത്ത തവണ എണ്ണത്തിലും ഗുണത്തിലും വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കൂടുതലുണ്ടാകുമെന്നു എനിക്കുറപ്പുണ്ട്. മുതിർന്നവരോട് ഞാൻ ആത്മാർത്ഥമായി കൃതജ്ഞത പറഞ്ഞുകൊള്ളുന്നു. നിങ്ങളോടൊപ്പം പക്വതയും കഴിവും ഇല്ലെങ്കിലും ഞങ്ങളോട് തുല്യാദരവോടെയാണു പെരുമാറിയിട്ടുള്ളത്. സെമിനാർ വലിയ സംഭവവും വിജയവും ആയിരുന്നു. ആത്മാർത്ഥമായും സ്വതന്ത്രമായും ചർച്ചചെയ്യാൻ അവസരം കിട്ടി എന്ന താണു അതിന്റെ നേട്ടം. അഭിപ്രായപ്രകടനത്തിനുള്ള ഈ സ്വാതന്ത്ര്യമാണു സഭയെ കഴിഞ്ഞ കാലത്തിൽ നിന്നു ഈ നൂറ്റാണ്ടിലേക്കു ആനയിച്ചിട്ടുള്ളത്. സഭയിൽ ഒരു ആധ്യാത്മിക പ്രസ്ഥാനം തന്നെ അതു സൃഷ്ടിച്ചിരിക്കുന്നു. സെക്രട്ടേറിയറ്റിന്റെ ജോലി പ്രശംസാർഹമാണ്. ക്രമീകരണങ്ങളെല്ലാം നന്നായിരുന്നു. വർക്ക് ഷോപ്പുകൾ ഒന്നാമത്തെ ദിവസംതന്നെ നമുക്കു ആരംഭിക്കാമായിരുന്നു. ആകെ പതിമൂന്നു വർക്ക് ഷോപ്പുകളാണുള്ളത്. അഞ്ചുദിവസമേ അവയ്ക്കെല്ലാത്തിനുംകൂടി ഉണ്ടായിരുന്നുള്ളു വർക്ക്ഷോപ്പു കളിലെ പ്രാതിനിധ്യം വേണ്ടപോലെ ആയിരുന്നില്ല. വിദ്യാഭ്യാസം സംബ ന്ധിച്ച വർക്ക് ഷോപ്പിൽ പ്രിൻസിപ്പൽമാരും വിദ്യാഭ്യാസവിദഗ്ദ്ധരുമായിരുന്നു ഭൂരിഭാഗവും എല്ലാ മെത്രാന്മാരും സെമിനാറിൽ നമ്മോടൊപ്പം ഉണ്ടായിരു ന്നെങ്കിൽ കൊള്ളാമായിരുന്നു. വിദ്യാർത്ഥികളായ ഞങ്ങൾ ചില നിർദ്ദേശ ങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കാലത്തിനു അതീതമായി ഞങ്ങൾ ചിന്തിക്കുന്നു എന്നു നിങ്ങൾ വിചാരിച്ചേക്കും. പക്ഷേ, അവയെല്ലാം ഞങ്ങളുടെ വീക്ഷ ണങ്ങളാണ്. ആ അരൂപിയിൽ അവ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. സെമി നാർ വലിയൊരു വിജയമായിരുന്നു. അധികൃതർ കൂടുതൽ കൂടുതൽ സെമിനാ റുകൾ സംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# സാർവത്രിക സൂനഹദോസുകൾ



**ജോൺ കച്ചിറമറ്റം**

രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടുവച്ച നവീനങ്ങളായ ആശയങ്ങൾ എത്രമാത്രം നടപ്പിലാക്കാൻ കേരളസഭയ്ക്കു സാധിച്ചുവെന്നതിനെക്കുറിച്ചുള്ള വിമർശനാത്മകമായ അവതരണം ശ്രീ കച്ചിറമറ്റത്തിന്റെ ഈ പുസ്തകത്തെ ഏറെ ശ്രദ്ധേയമാക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു ചേർത്തതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ കൗൺസിൽ മുന്നോട്ടു വച്ച ആശയങ്ങളും റീജയണൽ സെമിനാറിന്റെ നിർദ്ദേശങ്ങളും കേരള സഭയ്ക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിമർശനത്തിന് പ്രസക്തിയുണ്ട്. ഈ വിമർശനത്തെക്കുറിച്ച് കേരളസഭയിലെ ആദ്ധ്യാത്മിക നേതൃത്വത്തിന് അവബോധം ഉള്ളതുകൊണ്ടാണ് 2012 ജൂൺ മാസത്തിൽ പി.ഒ.സിയിൽ കൂടിയ കെ.സി.ബി.സിയുടെ വർഷകാലസമ്മേളനത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ എത്രമാത്രം കേരളസഭ നടപ്പിലാക്കി എന്നതിനെക്കുറിച്ച് ശാസ്ത്രീയമായ സർവ്വേ നടത്താനും അതിലേയ്ക്കായി മൂന്നംഗമെത്രാൻ സമതിയെ നിയോഗിക്കാനും തയ്യാറയത്. അതീവ പ്രാധാന്യത്തോടെയാണ് മെത്രാൻ സമിതി ഈ വിഷയത്തെ പരിഗണിച്ചു എന്നതിന് ഉത്തമ ഉദാഹരണമാണ് ബിഷപ്സ് കൗൺസിലിന്റെ ഈ തീരുമാനം.

സാർവത്രിക സൂനഹദോസുകൾ ജോൺ കച്ചിറമറ്റത്തിന്റെ മുപ്പത്തിയഞ്ചാമത്തെ പുസ്തകമാണ്. സഭയോട് ചേർന്നു നിന്നുകൊണ്ട് സഭയ്ക്കുവേണ്ടി ജീവിതം അർപ്പിച്ചിട്ടുള്ള ജോൺ കച്ചിറമറ്റത്തിന്റെ എല്ലാ പുസ്തകങ്ങളും തീഷ്ണമായ സഭാസ്നേഹത്തിൽ നിന്നും ഉരുത്തിരിഞ്ഞിട്ടുള്ളവയാണ്. കേരളത്തിലെ കത്തോലിക്കാസഭയ്ക്ക് ചോരയും നീരും നൽകി ജീവിതം തന്നെ ഹോമിച്ച മൺമറഞ്ഞ അൽമായനേതാക്കളെക്കുറിച്ച് പുസ്തകങ്ങളുടെ നീണ്ടനിര ശ്രീ ജോൺ കച്ചിറമറ്റം രചിച്ചിട്ടുണ്ട്. ശക്തമായ വിമർശനങ്ങൾ "സാർവ്വത്രിക സൂനഹദോസുകളിൽ" കാണാൻ സാധിക്കുമെങ്കിലും സഭാസ്നേഹത്തിന്റെ ചൈതന്യത്തിൽ വായിക്കാനും മനസ്സിലാക്കാനും സാധിച്ചാൽ ഗ്രന്ഥകാരന്റെ ലക്ഷ്യം പൂർണ്ണമായും ഉൾക്കൊള്ളാൻ സാധിക്കും. സഭയോടുള്ള സ്നേഹവും വിശ്വസ്തതയും വർദ്ധിപ്പിച്ച് കേരളസഭയെ ആത്മാർത്ഥമായി ശുശ്രൂഷിക്കാൻ അനേകരെ ഈ പുസ്തകം സഹായിക്കുമെന്ന് വിശ്വസിക്കുന്നു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.,
ഡയറക്ടർ പി.ഒ.സി.

Design : Joseph Francis Pala 9447137342

**ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ പിഴക് പോസ്റ്റ്, 686 651 കോട്ടയം**

www.malankaralibrary.com